എക്സാലോജിക്: യുക്തിയും യുക്തിയില്ലായ്മയും | അഞ്ജലി: നാനാ പടേക്കർ | സ്വപ്ന അനു ബി ജോർജിന്റെ തുടർക്കഥ: സ്വപ്നങ്ങളുടെ മണൽ കൊട്ടാരങ്ങൾ | മാങ്ങാട് രത്നാകരന്റെ സക്കറിയ പുസ്തകം

NOVEMBER | VOL.05 | ISSUE 11

മലയാളി.com magazine 2026



ദൽഹി പിടിക്കുന്ന
യുവ പോരാളികൾ

രമേശ് ചെന്നിത്തല
തൂഫാൻ!



നവംബറിലെ വായന
പോൾ യൂണിന്റെ എറ്റ്ന



MALABAR
GOLD & DIAMONDS
THE SEASON OF
JEWELLERY
THE SEASON OF
OFFERS
FREE
GOLD COINS
WITH DIAMOND
AND PRECIOUS GEM
JEWELLERY PURCHASE
Offer valid
until 8th November 2026
*T&C Apply

മലയാളി.com Magazine
DIGITAL MAGAZINE
2026 NOVEMBER
VOL/05
ISSUE/11
Contact: mag@emalayalee.com | www.emalayalee.com

ചോദ്യം ചോദ്യം ചെയ്യപ്പെടുന്നു...

ഒരു ജനാധിപത്യ രാഷ്ട്രത്തിൽ തങ്ങളെ ഭരിക്കാൻ ഒരു നിശ്ചിത ഇടവേളയിൽ അധികാരികളെ തെരഞ്ഞെടുക്കാനുള്ള പരിമിതമായ അധികാരം മാത്രമേ ഒരു പൌരനുള്ളൂ .ആ വോട്ടവകാശം തന്നെ സംശയത്തിൻറെ നിഴലിൽ ആയിരിക്കുന്ന ഈ കാലത്ത് തങ്ങളെ ഭരിക്കുന്നവരുടെ ആര്ജ്ജവത്തിൽ സ്വന്തം ഭാവി അടിയറവു വെയ്ക്കാനെ അവർക്കു കഴിയൂ.ഭരണാധികാരികളിൽ പലരും അഴിമതിക്ക് വഴങ്ങുമ്പോഴും ചില വ്യക്തികളിലും സ്ഥാപനങ്ങളിലും അവർ വിശ്വാസം അർപ്പിക്കുന്നു .തെരഞ്ഞെടുപ്പു കമ്മീഷനും പി എസ് സി യുമെല്ലാം ഒരിക്കലും പക്ഷപാതപരമായി പെരുമാറില്ലെന്ന് അവർ കണക്കു കൂട്ടുന്നു .എന്നാൽ അവരുടെ പ്രതീക്ഷക്കു തുരങ്കം വെയ്ക്കുന്ന വിവരങ്ങൾ ആണ് പുറത്തു വരുന്നത് .അടുത്തയിടെ സ്ഥാനമൊഴിഞ്ഞ സംസ്ഥാന ഗവർണ്ണർ ആര്ലെക്കർ പി എസ് സി ചെയർമാനെയും അംഗങ്ങളെയും പുറത്താക്കാൻ രാഷ്ട്രപതിക്ക് ശുപാർശ നൽകിഎന്ന വാർത്ത വലിയ രാഷ്ട്രീയ കോളിളക്കം ഉണ്ടാക്കേണ്ടതായിരുന്നു .സംസ്ഥാന സർക്കാരിനെ അറിയിക്കാതെ സ്വന്തം നിലക്ക് കൈക്കൊണ്ട ഈ തീരുമാനം ഭരണഘടന തത്വങ്ങൾക്ക് വിരുദ്ധമാണെങ്കിലും അതിനെതിരെ വലിയ ജനരോഷം ഉണ്ടായില്ല .കാരണം പി എസ് സിയിൽ നിന്ന് വരുന്ന വാർത്തകൾ സാധാരണക്കാരെ ഒട്ടും ആശ്വസിപ്പിക്കുന്നതല്ല.യോഗ്യതയും മിടുക്കുമുള്ള സാധാരണക്കാർക്ക് സർക്കാർ സർവ്വീസിൽ യാതൊരു സ്വാധീനമോ പണമോ ഇല്ലാതെ പ്രവേശിക്കാൻ സഹായിക്കുന്ന ഈ സ്ഥാപനം അനർഹരെ തിരുകി കേറ്റുകയായിരുന്നു എന്ന് വാർത്തകൾ സൂചിപ്പിക്കുന്നു . തങ്ങൾക്കു നിയമപരിരക്ഷ ഉണ്ട് എന്ന് പറഞ്ഞു പോലീസിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ മറുത്തിരുന്ന കമ്മീഷൻ അംഗങ്ങളും ചെയർമാനും ഇപ്പോൾ പോലീസിനു മുന്നിൽ ചോദ്യം ചെയ്യലിന് ഹാജരാകുകയാണ്. അവർക്കെതിരെ എന്ത് നടപടിയെടുക്കും എന്ന് വ്യക്തമല്ല .വളയമില്ലാതെ ചാടുന്നതിൽ വിദഗ്ദരായ അവർ നാളെ പുതിയ കക്ഷികളിൽ അഭയം തേടി അധികാരത്തിൽ തിരികെ വരാം അല്ലെങ്കിൽ അവർ ആ ലാവണത്തിൽ ഒന്നും അറിയാത്ത പോലെ തുടരാം .

സ്വതന്ത്രവും നീതിയുക്തവുമായ പരീക്ഷകൾ നടത്തി ഉദ്യോഗസ്ഥരെ നിയമിക്കേണ്ട പി എസ് സി തങ്ങളുടെ രാഷ്ട്രീയ യജമാനന്മാർക്ക് വേണ്ടി പരീക്ഷയിൽ അട്ടി മറി നടത്തുന്നു എന്നതാണ് ആസൂത്രണ ബോർഡ് പരീക്ഷയും പോലിസ് സെലെക്ഷൻ പരീക്ഷയും എല്ലാം ചൂണ്ടിക്കാട്ടുന്നത് .ചോദ്യങ്ങൾ ഒഴിവാക്കിയും ഇന്റർവ്യൂവിൽ വാരിക്കോരി മാർക്ക് നൽകിയും ഇഷ്ടക്കാരെ വിജയിപ്പിക്കുന്ന ഗൂഢ സംഘമായി ഒരു സ്ഥാപനം മാറുന്നു .അതിനു ഇത് വരെ ഭരണത്തിൽ ഇരുന്ന ഇതത് പക്ഷ സർക്കാരിനും ബാധ്യത ഉണ്ട്.ഒരു സർക്കാർ ജോലി എന്ന സ്വപ്നത്തെ തല്ലിക്കെടുത്തുന്ന സ്ഥാപനമായി പി എസ് സി മാറുന്നു .പുറത്തു വന്നതിലും അപ്പുറം ക്രമക്കേടുകൾ വെളിയിൽ വരരുതെ എന്ന് പ്രാർഥിക്കാനെ ഇപ്പോൾ നമുക്ക് നിവർത്തി ഉള്ളൂ .

ഒരു ഭരണത്തെ വിലയിരുത്തുക അതിലെ സ്ഥാപനങ്ങളുടെ സ്വതന്ത്രവും നീതിയുക്തവുമായ പ്രവർത്തനങ്ങളിൽ കൂടിയാണ്. സാധാരണക്കാരിൽ സാധാരണക്കാരന് പോലും ഏറ്റവും ഉന്നതമായ പദവിയിൽ എത്താമെന്നതാണ് നമ്മുടെ ജനാധിപത്യത്തിൻറെ പ്രത്യേകത. അത് സാധിക്കുന്ന വിധം നമ്മുടെ സ്ഥാപങ്ങളെ ഉടച്ചു വാർക്കണം. ആർജ്ജവം ഉള്ളവരെ അവിടെ അധികാരികൾ ആക്കണം അങ്ങനെ ജനങ്ങളുടെ വിശ്വാസം തിരിച്ചു പിടിച്ചാലേ നമ്മുടെ ജനാധിപത്യം രക്ഷപെടുകയുള്ളൂ.

സ്നേഹത്തോടെ,

ഇ-മലയാളി പത്രാധിപസമിതി

EDITORIAL BOARD

George Joseph Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

CONTENTS



05 കാഴ്ചപ്പാടുകൾ: ദേശീയ രാഷ്ട്രീയം
ദൽഹി പിടിക്കുന്ന യുവ പോരാളികൾ
എം കെ നാരായണ മൂർത്തി

11 എം എ ബേബി
എഴുപത്തിരണ്ടിന്റെ യുവത്വം
എം കെ നാരായണ മൂർത്തി

15 കേരളം
രമേശ് ചെന്നിത്തല തൂഫാൻ !
പി എസ് ജോസഫ്

17 എക്സാലോജിക്
യുക്തിയും യുക്തിയില്ലായ്മയും
എൻ പി ചെക്കുട്ടി

21 അച്യുതം 13
ആരോമലുണ്ണിയുടെ അച്യുതമേനോൻ
മാങ്ങാട് രത്നാകരൻ

24 പുസ്തകം
നവംബറിലെ വായന: എറ്റ്ന
അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ
എസ് സുന്ദർദാസ്

27 ചെറുകഥ
മലമുകളിലെ വേശ്യ
ഷജിബുദ്ദീൻ ബി

35 തുടർക്കഥ
സ്വപ്നങ്ങളുടെ മണൽക്കൊട്ടാരങ്ങൾ
സ്വപ്ന അനു ബി ജോർജ്

41 സക്കറിയ /മാങ്ങാട് രത്നാകരൻ
ലൈഫ് അല്ലേ ജീവിതം !
എം കെ നാരായണ മൂർത്തി

45 ചെറുകഥ
പിതൃപർവ്വം
ശ്രീകുമാർ ഭാസ്കരൻ

55 എന്റെ സംഗീത വഴികൾ 19
സംഗീതത്തിന്റെ അവകാശികൾ
എസ് രാജേന്ദ്ര ബാബു

61 സിനിമ/ അഞ്ജലി
നാനാ പടേക്കർ
പരകായപ്രവേശങ്ങൾ
മാത്യു സണ്ണി കെ

65 സിക്കിം യാത്ര – 12
ഉപ്പിട്ട ചായയുടെ മധുരം !
സുഭാഷ് വലവൂർ

69 ഭാഗവത് ഗീത വ്യാഖ്യാനം – 13
ക്ഷേത്ര ക്ഷേത്രജ്ഞ വിഭാഗയോഗം
സുധീർ പണിക്കവീട്ടിൽ

72 ക്ഷണ പ്രഭകഥകൾ
ചിതറിയ ചിത്രങ്ങൾ
വിജയകുമാർ കളരിക്കൽ

75 ചെറുകഥ
എല്ലാം നല്ലതിന് !
പ്രതാപൻ അഴീക്കോട്

78 കവിത
ഉന്മാദത്തിന്റെ ഭാഷകൾ
മീര ബെൻ

79 കറുത്ത ജാലകവിരി
ഓമന എൻ സി

81 ദേശകാലങ്ങൾ – 11
സൺഡേ സ്കൂൾ കാലങ്ങൾ
കുര്യൻ കെ തോമസ്

89 പുസ്തകലോകം
ഉരഗം /സുരേന്ദ്രൻ മങ്ങാട്ട്
ഉൾമനസ്സിന്റെ ഉപഭോഗ തൃഷ്ണകൾ
ജബീന ബീഗം കെ എച്ച്

91 സാഹിത്യം നമണിമലയും മണിമലയാറും
ആന്റണി കണയംപ്ലാക്കൽ

95 നോവൽ
നിഗൂഢതകളുടെ തടവറ
പി എസ് ജോസഫ്

104 കാർട്ടൂൺ
ചുവരെഴുത്തുകൾ
ജോഷി ജോർജ്





● കാഴ്ചപ്പാടുകൾ

രാഹുൽ, പ്രിയങ്ക, നേഹ
സുപ്രീം കോടതിയിലേക്ക്

ദേശീയ രാഷ്ട്രീയം

ദൽഹി പിടിക്കുന്ന യുവ പോരാളികൾ

◉ എം.കെ നാരായണമൂർത്തി

സ്മരണ വേണം,
ഗാന്ധി സ്മരണ...

ഇന്ത്യ ഒരു സ്വതന്ത്ര ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ളാക്കാണെന്ന് ഭരണഘടനയുടെ ആമുഖത്തിൽ ഭരണഘടനാ സൃഷ്ടാക്കൾ എഴുതി വച്ചത് ഭരണഘടന മുഴുവൻ വായിച്ചില്ലെങ്കിലും ആദ്യ പേജെങ്കിലും വരും കാലത്തെ ഭരണകർത്താക്കൾ വായിക്കട്ടെ എന്നു കരുതിയാകണം.ഇപ്പോൾ രാജ്യ തലസ്ഥാനത്ത് കാണുന്ന കാഴ്ചകൾ ആ സംശയത്തെ ബലപ്പെടുത്തുന്നുമുണ്ട്.ഗ്യാനേഷ് കുമാർ ചെയ്യാൻ പാടില്ലാത്തതൊക്കെ ചെയ്തു കൂട്ടിയാണ് സംഘപരിവാരത്തിന്റെ കൂട്ടു മുന്നണിയെ അധികാരത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതെന്നത് പകൽ പോലെ വ്യക്തം.പക്ഷേ ചെയ്തു കൂട്ടിയ തെറ്റുകൾ തിരുത്താൻ പറ്റിയ മാനസികാവസ്ഥയിലല്ല മോദിയും കൂട്ടരും.കാരണം ആ തെറ്റുകൾ അറിയാതെ സംഭവിച്ചതല്ല.സഖ്യ കക്ഷികളേയും ബി.ജെ.പിയിലെ തന്നെ ഉന്നത നേതാക്കളേയും ഇരുട്ടത്ത് നിറുത്തി മോഡി–ഷാ ദ്വയം ആസൂത്രണം ചെയ്ത രാഷ്ട്രീയ

ഗൂഢാലോചനയുടെ ഉൽപ്പന്നമാണ് ഇത് . ഗ്യാനേഷ് കുമാറിന്

ഒരു ഏറാന്മൂളിയുടെ റോളാണി വിടെയുള്ളത്.തെരഞ്ഞെടുപ്പ് കമ്മീഷനിലെ മറ്റു രണ്ടു പേർ കലഹിച്ചപ്പോൾ മാത്രമാണ് ഇതി ന്റെ തെളിവുകൾ പുറത്ത് വന്ന ത്.പക്ഷേ അതിനും എത്രയോ മുമ്പ് ഈ വിഷയം ഈ രാജ്യത്തു യർത്തിയത് ലോക്സഭാ പ്രതി പക്ഷ നേതാവ് രാഹുൽ ഗാന്ധി യാണ്.അന്ന് കോൺഗ്രസ്സിന്റെ ഭാഗത്ത് നിന്നു പോലും രാഹുലിന് വേണ്ടത്ര പിന്തുണ ലഭിച്ചിരുന്നില്ല.

ഇപ്പോൾ കാര്യങ്ങൾ കൂടു തൽ വ്യക്തമായി.പ്രതിപക്ഷവും സി.ജെ.പിയും മറ്റ് പൗരസംഘട നകളും തെരുവിലിറങ്ങി.ഇന്ത്യ ഒരു ലിബറൽ ജനാധിപത്യമാണെ ന്നാണ് പേരിനെങ്കിലും നമ്മൾ അവകാശപ്പെടുന്നത്.അത്തരം ഒരു ലിബറൽ ജനാധിപത്യത്തിൽ സർക്കാരിനെതിരെ പ്രതിഷേധി ക്കാനുള്ള അവകാശം ജനങ്ങൾ ക്കുണ്ട്.നമ്മുടെ പരിപാവനമായ ഭരണഘടന അത് ഉറപ്പ് നൽകു ന്നുമുണ്ട്.പക്ഷെ നമ്മൾ ഡൽഹി തെരുവുകളിൽ കണ്ടതോ?ലോക ത്തിലെ തന്നെ ഏറ്റവും മോശമായ പോലീസ് സേനയായ ഡൽഹി പോലീസിനേയും എഴുപതിനായി രത്തോളം അർദ്ധസൈനികരേയും അണിനിരത്തിയാണ് ആബാല വൃദ്ധം സമരക്കാരേയും സർക്കാർ അടിച്ചമർത്താൻ ശ്രമിച്ചത്.അരു ണാചൽ പ്രദേശ് അതിർത്തിയിൽ ചൈനീസ് കടന്നു കയറ്റം തുടരുക യാണെന്ന ഇന്തോ-ടിബറ്റൻ ബോ ാർഡർ പോലീസിന്റെ ഡയറക്ടർ ജനറൽ ശത്രുജീത് സിംഗ് ക പൂറിന്റെ പ്രസ്താവന വന്നത് ഈ യിടെയാണ്.ഭാഗ്യത്തിന് അദ്ദേഹം രാജ്യദ്രോഹിയാണെന്ന് സംഘപ രിവാരം ഇതു വരെ പറഞ്ഞിട്ടില്ല. ഈ അവസരത്തിൽ അതിർത്തി കാക്കേണ്ട അർദ്ധസൈനികരെ ഡൽഹിയിൽ സ്വന്തം നാട്ടുകാരെ തല്ലിച്ചതയ്ക്കാൻ ഉപയോഗിക്കുക യാണ് സർക്കാർ .

നേഹ ബോറ,ഐസ നേതാവ്

വാസ്തവത്തിൽ മൂന്ന് ധാരക ളുടെ ഏകോപനമാണ് ഡൽഹി യിലെ പ്രതിഷേധമുഖത്ത് നാം കാണുന്നത്. നീറ്റ് ക്രമക്കേടുകൾ ക്ക് എതിരെ സി.ജെ.പി ജന്തർമ ന്ദറിൽ നടത്തിയ ഐതിഹാസിക സമരം,ഇടതു പാർട്ടികൾ വിവിധ ങ്ങളായ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് രാജ്യമാകെ നടത്തി വന്നി രുന്ന സമരങ്ങൾ,വോട്ടു മോഷ ണത്തിനെതിരെ രാഹുൽ ഗാന്ധി രാജ്യ വ്യാപകമായി നടത്തി വന്ന പ്രചരണ പ്രവർത്തനങ്ങൾ എന്നി വയാണവ. രാജ്യത്തെ ജനാധിപത്യ സംവിധാനം അപകടത്തിലായ പ്പോൾ ഈ ധാരകൾ ഒന്നിക്കുക യാണുണ്ടായത്

ഡൽഹിയിൽ സമാധാനപൂർവ്വം പ്രതിഷേധിക്കാനെത്തിയവരെ ഇന്ത്യൻ ഭരണകൂടം നേരിട്ട രീതി ഒരു ജനാധിപത്യ രാജ്യത്തിലും സംഭവിക്കാൻ പാടില്ലാത്തതാണ്. (മോദിയ്ക്കും കൂട്ടർക്കും ജനാധിപ ത്യത്തിന്റെ വാച്യാർത്ഥം പോലും മനസ്സിലായിട്ടില്ലെന്നത് വേറൊരു കാര്യം.) ഭരണഘടനയിലെ ആർട്ടി ക്കിൾ 19(ഒന്ന്) (എ) പ്രകാരം സം സാര സ്വതന്ത്ര്യവും ആശയങ്ങൾ സ്വതന്ത്രമായി പങ്കുവയ്ക്കാനുള്ള അവകാശവും ഈ രാജ്യത്തെ ഓരോ പൗരനുമുണ്ട്.ആർട്ടിക്കിൾ 19(ഒന്ന്) (ബി) പ്രകാരം സമാധാന പരമായ സമരങ്ങൾക്കുള്ള അവ കാശവും അവർക്ക് സ്വന്തം.ഭരണ ഘടനയെ തൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ശേഷം,ഭര ണഘടനാ വിരുദ്ധമായി പ്രവർത്തി ക്കാൻ യഥാർത്ഥത്തിൽ അധികാര ദുര മൂത്ത ഫാസിസ്റ്റുകൾക്കേ സാധിക്കൂ.ഇത്തരത്തിൽ പ്രവർ ത്തിക്കാനാണ് 2023ൽ ബി.ജെ.പി ഇന്ത്യൻ പീനൽ കോഡിന് പക രം ഭാരതീയ നാഗരിക് സുരക്ഷ സംഹിത കൊണ്ടു വന്നത്. അതി ലെ സെക്ഷൻ 163 ഉപയോഗിച്ചാ ണ് സമരം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡൽഹി നഗരത്തെ കേന്ദ്ര സർക്കാർ ബന്ദിയാക്കിയത്.സമ രം ചെയ്യുന്നവരെ ഇഷ്ടം പോലെ ലോക്കപ്പിലടക്കാനും അവർക്ക് നിയമസഹായം നിഷേധിക്കാനും അവർ എവിടെയാണെന്ന് വെളി പ്പെടുത്താതിരിക്കാനും ഡൽഹി പോലീസിന് സാധിച്ചത് ഈ വകു പ്പ് പ്രകാരമാണ്.ധ്രുവ് റാഠിയേയും നടൻ ഇമ്രാൻഖാനേയും രാജ്യത്തു

നിന്നും ഡിപ്പോർട്ട് ചെയ്യാൻ ശ്രമിച്ചതും ഇതേ വകുപ്പിന്റെ തണൽ പറ്റിയാണ്.

വാസ്തവത്തിൽ മൂന്ന് ധാരകളുടെ ഏകോപനമാണ് ഡൽഹിയിലെ പ്രതിഷേധമുഖത്ത് നാം കാണുന്നത്.നീറ്റ് ക്രമക്കേടുകൾക്ക് എതിരെ സി.ജെ.പി ജന്തർമന്ദറിൽ നടത്തിയ ഐതിഹാസിക സമരം,ഇടതു പാർട്ടികൾ വിവിധങ്ങളായ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് രാജ്യമാകെ നടത്തി വന്നിരുന്ന സമരങ്ങൾ,വോട്ടു മോഷണത്തിനെതിരെ രാഹുൽ ഗാന്ധി രാജ്യ വ്യാപകമായി നടത്തി വന്ന പ്രചരണ പ്രവർത്തനങ്ങൾ എന്നിവയാണവ.രാജ്യത്തെ ജനാധിപത്യ സംവിധാനം അപകടത്തിലായപ്പോൾ ഈ ധാരകൾ ഒന്നിക്കുകയാണുണ്ടായത്.ഇതൊരു സ്വാഭാവിക രൂപാന്തരീകരണമാണ്.ചരിത്രത്തിൽ ഇത്തരം സ്വാഭാവിക പ്രക്രിയകൾ മുമ്പും നടന്നതു കൊണ്ടാണല്ലോ ബ്രിട്ടീഷുകാർക്ക് ഇന്ത്യ വിടേണ്ടി വന്നത്.അന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ സമരമുഖത്തേക്ക് ഒഴുകിയെത്തിയവരിൽ കമ്മ്യൂണിസ്റ്റുകൾ ഉണ്ടായിരുന്നു,സോഷ്യലിസ്റ്റുകൾ ഉണ്ടായിരുന്നു,നേതാജിയുടെ നേതൃത്വത്തിലെ സായുധ ചിന്തകൾ കൊണ്ടു നടന്നവർ ഉണ്ടായിരുന്നു,ദളിത് സംഘടനകളും മതസംഘടനകളും ഉണ്ടായിരുന്നു.ഇവർ ആ ഒറ്റമുണ്ടുടുത്ത് ഊന്നുവടിയുമായി മുന്നിൽ നിന്ന് നയിച്ച മനുഷ്യനെ ആരാധിച്ചതും അനുസരിച്ചതും അദ്ദേഹത്തിന്റെ ജനാധിപത്യ ബോധത്തെ തിരിച്ചറിഞ്ഞതു കൊണ്ടാണ്.ഇതേ തിരിച്ചറിവാണ് ഇപ്പോൾ ഡൽഹിയിൽ സമരം ചെയ്യുന്നവർക്കുമുള്ളത്.അവർ രാഹുൽ ഗാന്ധിയേയും നേഹാ ബോറയേയും ഐഷീ ഘോഷിനേയും ദീപ്കെയേയും സൗരവ് ദാസിനേയും എം.എ ബേബിയേയും വിശ്വസിക്കുന്നു.ഈ വിശ്വാസ്യതയെയാണ് ഭരണകൂടം പേടിക്കുന്നത്.

കോൺഗ്രസ്സിനേയും രാഹുൽ ഗാന്ധിയേയും എല്ലാത്തരത്തിലും താഴ്ത്തി കെട്ടുന്ന പ്രസ്താവനകളിറക്കുന്നത് ബി.ജെ.പിയുടെ മൂന്നാം കിട നേതാക്കൾ പോലുമാണ്. ഇന്നു വരെ ആരും കേട്ടിട്ടില്ലാത്ത പല ബി.ജെ.പി നേതാക്കളും വായിൽ വരുന്നത് വിളിച്ചു പറയുന്നു.പക്ഷേ തികഞ്ഞ പ്രത്യയശാസ്ത്ര ബോധ്യവും വീക്ഷണവുമുള്ള രാഹുൽ അതിനൊന്നും മറുപടി പറയാൻ പോകാത്തത് സംഘപരിവാരത്തിനെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു.സ്വാതന്ത്ര്യ സമരത്തെ യാതൊരു മനസാക്ഷിക്കുത്തും ഇല്ലാതെ വഞ്ചിക്കുകയും ബ്രിട്ടീഷ് രാജ്ഞിയോട് മാപ്പിരക്കുകയും ചെയ്ത സംഘപരിവാര പാരമ്പര്യത്തിന് നെഹ്റുവിന്റെ പിൻഗാമിയെ മനസ്സിലാക്കാൻ സാധിക്കില്ല.രാഹുൽ ഗാന്ധിയ്ക്ക് പിന്നിൽ ദേശദ്രോഹികളാണെന്നും അദ്ദഹത്തിന് പണം നൽകുന്നത് വിദേശ ശക്തികളാണെന്നും പറയാൻ സ്വാഭിമാനം ഉള്ളവർക്ക് കഴിയില്ല.എന്തിലും ഏതിലും പണം മാത്രം കാണുന്ന ബി.ജെ.പിയിലെ പുത്തൻ ബാബമാർക്ക് അത്തരത്തിൽ മാത്രമേ ചിന്തിക്കാൻ കഴിയുകയുള്ളൂ.അതു കൊണ്ടാണല്ലോ അയോദ്ധ്യയിലെ രാമക്ഷേത്ര ഭണ്ഡാരത്തിൽ നിന്നു വരെ അവർ കൈയ്യിട്ടു വാരിയത്.1991 മേയ് ഇരുപത്തൊന്നിന് സ്വന്തം പിതാവിന്റെ ചിന്നിചിതറിയ മൃതദേഹത്തിന് മുന്നിൽ നിൽക്കുമ്പോൾ രാഹുൽ ഗാന്ധി

അഭിജിത്ത് ദിപ്കെ
സി ജെ പി നേതാവ്

അവർ ആ ഒറ്റമുണ്ടുടുത്ത് ഊന്നുവടിയുമായി മുന്നിൽ നിന്ന് നയിച്ച മനുഷ്യനെ ആരാധിച്ചതും അനുസരിച്ചതും അദ്ദേഹത്തിന്റെ ജനാധിപത്യ ബോധത്തെ തിരിച്ചറിഞ്ഞതു കൊണ്ടാണ്. ഇതേ തിരിച്ചറിവാണ് ഇപ്പോൾ ഡൽഹിയിൽ സമരം ചെയ്യുന്നവർക്കുമുള്ളത്. അവർ രാഹുൽ ഗാന്ധിയേയും നേഹാ ബോറയേയും ഐഷീ ഘോഷിനേയും ദീപ്കെയേയും സൗരവ് ദാസിനേയും എം.എ ബേബിയേയും വിശ്വസിക്കുന്നു. ഈ വിശ്വാസ്യതയെയാണ് ഭരണകൂടം പേടിക്കുന്നത്

കേവലമൊരു ഇരുപതുകാരനായിരുന്നു.ഇതൊന്നും ചരിത്രത്തിൽ നിന്നും തുടച്ചു നീക്കാൻ വികലമായ ഹിന്ദുത്വ രാഷ്ട്രീയത്തെ കച്ചവടം ചെയ്തു ജീവിക്കുന്ന സംഘപരിവാരത്തിന് സാധിക്കില്ല. രാഹുൽ ഗാന്ധി വിദേശത്തേക്ക് പോകുന്നത് ദേശവിരുദ്ധരുമായി ചർച്ച നടത്താനാണെന്നാണ് ഒരു കേന്ദ്ര മന്ത്രി പറഞ്ഞത്.ഇന്റർപോളും വിവിധങ്ങളായ അന്വേഷണ ഏജൻസികളും കൈയ്യിലുള്ളത് ഇപ്പോൾ നിർഭാഗ്യവശാൽ മോദിക്കാണല്ലോ.തെളിവുണ്ടെങ്കിൽ അവർ രാഹുലിനെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യണം.അല്ലാതെ ഉത്തരേന്ത്യയിലെ നിരക്ഷരരെ പറ്റിക്കാനായി എന്തും വിളിച്ചു പറഞ്ഞ് വഷളൻ ചിരിയുമായി നടക്കരുത്. കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രി ഹർദീപ് സിംഗ് പുരി അമേരിക്കയിലെ ലൈംഗിക കുറ്റവാളിയായിരുന്ന എപ്സ്റ്റീനുമായി ചിരിച്ചു കൊണ്ടിരിക്കുന്ന ചിത്രങ്ങൾ ഇന്ത്യയിലെ ദേശീയ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഈ ചിത്രങ്ങൾ പുറത്തു വിട്ടത് അമേരിക്കയിലെ ഉത്തരവാദിത്വമുള്ള ഏജൻസികളാണ്.ഇവിടെയും നിലവാരമില്ലാത്ത കമന്റുകളുമായി രാഹുൽ ഗാന്ധിയോ പ്രിയങ്ക ഗാന്ധിയോ രംഗത്ത് വന്നിട്ടില്ല.അവർ വരികയുമില്ല.

ഇതുപോലെ ഡൽഹിയിലെ വിദ്യാർത്ഥികൾക്കിടയിൽ മാത്രം പ്രിയങ്കരിയായിരുന്നയാളാണ് നേഹാ ബോറെയെന്ന ഇരുപത്തിയൊമ്പതുകാരി.തന്റെ രാഷ്ട്രീയ നിലപാടുകളിലെ കണിശത കൊണ്ടു മാത്രമാണ് ഇന്ന് നേഹ ഇന്ത്യയാകെ അറിയപ്പെടുന്നത്.സി.പി.ഐ-എം.എല്ലിന്റെ വിദ്യാർത്ഥി വിഭാഗമായ ഐസയുടെ ദേശീയ അധ്യക്ഷയാണ് അവർ.ഉത്തരാഖണ്ഡിലെ ഖാത്തിമിൽ ഒരു ആർമി ഓഫീസറുടെ മകളായി പിറന്ന ഈ പെൺകുട്ടി ഡൽഹി സർവ്വകലാശാലയിൽ നിന്നും ബിരുദവും അംബേദ്കർ സർവ്വകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദവും പൂർത്തിയാക്കിയ ശേഷം ജെ.എൻ.യുവിലെ സ്കൂൾ ഓഫ് ആർട്സ് ആന്റ് ഏസ്തറ്റിക്സിൽ ഗവേഷണ വിദ്യാർത്ഥിനിയാണിപ്പോൾ. ധർമ്മേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെട്ട് ജന്തർമന്ദറിൽ സി.ജെ.പി സമരത്തോടൊപ്പം ഇരുപത്തിമൂന്ന് ദിവസം നിരാഹാരം കിടന്നപ്പോഴാണ് ഇന്ത്യയിലെ ഉന്നത രാഷ്ട്രീയ നേതൃത്വങ്ങൾ നേഹയെ ശ്രദ്ധിക്കാൻ തുടങ്ങിയത്.പോലീസ് ഭീഷണികൾക്ക് വഴങ്ങാതെ സമരമുഖത്ത് നിൽക്കാനും നയിക്കാനുമുള്ള കഴിവ് നേഹയ്ക്ക് വിദ്യാർത്ഥികൾക്കിടയിൽ വലിയ അംഗീകാരം നേടിക്കൊടുത്തു.സമാധാന ബോണ്ട് ഒപ്പിടണമെന്ന മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവിനെ നേഹ സമാധാനപൂർവ്വം നിരാകരിച്ചു.ഇവിടെ അവർ ഉയർത്തിയ ചോദ്യങ്ങൾ ഏതൊരു ജനാധിപത്യവാദിയേയും ചിന്തിപ്പിക്കുന്നതാണ്.സമരം നടത്താൻ അധികാരികളുടെ അനുവാദം വേണമെന്ന വ്യവസ്ഥ തന്നെ ചിരിപ്പിക്കുന്നതാണ്.അതിനു വേണ്ടി ബോണ്ട് ഒപ്പിടണമെന്ന് പറയണമെന്ന മനോഭാവം ഫാസിസ്റ്റുകൾക്ക് മാത്രമേ മനസ്സിലാകുകയുള്ളൂ. ബ്രിട്ടീഷ് സർക്കാരിന്റെ അനുവാദം വാങ്ങിയല്ല ഗാന്ധിജി ദണ്ഡിയാത്ര നടത്തിയതെന്ന സാമാന്യ വിവരമെങ്കിലും മജിസ്ട്രേറ്റിന്റെ കസേരയിലിരിക്കുന്ന നിയമത്തിന്റെ കാവലാളിന് വേണം.സമരക്കാരെ പേടിച്ച് ജന്തർമന്ദർ അടച്ചു പൂട്ടാൻ തീരുമാനിച്ചത് എല്ലാ സാമാന്യ മര്യാദകളേയും പോലീസ് രാജിൽ മുക്കിക്കൊന്നു കൊണ്ടാണ്.രാജ്യത്തിന്റെ പൊതു സ്വത്തിൽ രാജ്യത്തെ പൗരന്മാർക്ക് പ്രവേശനം നിഷേധിച്ചാൽ പ്രതിഷേധത്തിന്റെ മുനയൊടിക്കാമെന്ന മൗഢ്യത്തെ മാധ്യമങ്ങൾക്ക് തുറന്നു കാട്ടിയത് നേഹയാണ്.മോഡിയുടെ വിശ്വസ്തരായ ഗോഡി മീഡിയ നേഹയുടെ പത്രസമ്മേളനത്തെ അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നത് നാം ലൈവായി കണ്ടു.ഗോഡി മീഡിയ പലതരത്തിൽ വ്യക്തിഹത്യ നടത്താൻ നോക്കിയപ്പോഴും നേഹാ ബോറയെന്ന യുവനേതാവ് വളർച്ചയിലേക്ക് കുതിക്കുകയായിരുന്നു.അതു കൊണ്ടാണ് രാഹുൽ ഗാന്ധിയടക്കമുള്ള ദേശീയ നേതാക്കൾ സുപ്രീം കോടതിയിലേക്ക് മാർച്ച് നടത്തിയപ്പോൾ നേഹയേയും ഐഷിഘോഷിനേയും മുന്നിൽ നിറുത്തിയത്.കേവലമായ രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് ഈ അപകടഘട്ടത്തിൽ യാതൊരു പ്രസക്തിയുമില്ലെന്ന് മനസ്സിലാക്കിയ ഈ യുവരക്തങ്ങൾ അവസരത്തിനൊത്ത് ഉയരുകയും ചെയ്തു.ഏതു സംഘടനയിൽ പെട്ടവർ പ്രതിഷേധിക്കാനെത്തിയാലും അവർക്ക് പിന്തുണയുമായി പോലീസ് മർദ്ദനമേറ്റു വാങ്ങാൻ ഇവർ രണ്ടു പേരും പോർമുഖത്തുണ്ട്.പശ്ചിമബംഗാളിൽ നിന്നുള്ള ഐഷിഘോഷ് എസ്.എഫ്.ഐയുടെ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയും ജെ.എൻ.യു വിദ്യാർത്ഥി യൂണിയൻ പ്രസിഡണ്ടുമായിരുന്നു.2020 ൽ ബി.ജെ.പിയുടെ വിദ്യാർത്ഥി വിഭാഗമായ എ.ബി.വി.പിയുടെ വധശ്രമത്തിൽ നിന്നും

> **സമരക്കാരെ പേടിച്ച് ജന്തർമന്ദർ അടച്ചു പൂട്ടാൻ തീരുമാനിച്ചത് എല്ലാ സാമാന്യ മര്യാദകളേയും ന പോലീസ് രാജിൽ മുക്കിക്കൊന്നു കൊണ്ടാണ്. രാജ്യത്തിന്റെ പൊതു സ്വത്തിൽ രാജ്യത്തെ പൗരന്മാർക്ക് പ്രവേശനം നിഷേധിച്ചാൽ പ്രതിഷേധത്തിന്റെ മുനയൊടിക്കാമെന്ന മൗഢ്യത്തെ മാധ്യമങ്ങൾക്ക് തുറന്നു കാട്ടിയത് നേഹയാണ്.**

കഷ്ടിച്ച് രക്ഷപ്പെട്ട് ഡൽഹി എയിംസിലെ ചികിൽസയിൽ ജീവൻ നിലനിറുത്തിയ ആളുമാണ്.

ഇന്ത്യയിലെ കോടതികളെ നോക്കുക്കുത്തികളാക്കാനുള്ള ശ്രമങ്ങൾ സംഘപരിവാരം ആരംഭിച്ചിട്ട് കുറച്ച് കാലങ്ങളായി.ഡൽഹിയിൽ മെട്രോ സ്റ്റേഷനുകൾ അടച്ചിടരുതെന്നും ഇന്റർനെറ്റ് നിരോധിക്കരുതെന്നും ഉത്തരവിട്ടത് സുപ്രീം കോടതിയാണ്.ഈ ഉത്തരവിന് ഡൽഹി പോലീസ് പുല്ലുവില കൽപ്പിച്ചില്ല.പകരം അവരുടെ തൊടുന്യായങ്ങൾ ആവർത്തിക്കുകയായിരുന്നു.മാപ്പിരക്കാൻ യാതൊരു മടിയുമില്ലാത്ത സംഘപരിവാരത്തിന്റെ ഏജന്റായ കേന്ദ്ര കാബിനറ്റ് സെക്രട്ടറി സുപ്രീം കോടതിയിലെത്തി മാപ്പ് പറഞ്ഞു.തങ്ങളുടെ ആവശ്യങ്ങൾ നിയമവിരുദ്ധമായി നടപ്പിലാക്കിയ ശേഷം മാപ്പ് പറയുന്ന തന്ത്രം ബി.ജെ.പി പലയി

രാഹുൽ ഗാന്ധിയടക്കമുള്ള ദേശീയ നേതാക്കൾ സുപ്രീം കോടതിയിലേക്ക് മാർച്ച് നടത്തിയപ്പോൾ നേഹയേയും ഐഷിഘോഷിനേയും മുന്നിൽ നിറുത്തിയത്.കേവലമായ രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് ഈ അപകടഘട്ടത്തിൽ യാതൊരു പ്രസക്തിയുമില്ലെന്ന് മനസ്സിലാക്കിയ ഈ യുവരക്തങ്ങൾ അവസരത്തിനൊത്ത് ഉയരുകയും ചെയ്തു.ഏതു സംഘടനയിൽ പെട്ടവർ പ്രതിഷേധിക്കാനെത്തിയാലും അവർക്ക് പിന്തുണയുമായി പോലീസ് മർദനമേറ്റു വാങ്ങാൻ ഇവർ രണ്ടു പേരും പോർമുഖത്തുണ്ട്.പശ്ചിമബംഗാളിൽ നിന്നുള്ള ഐഷി ഘോഷ് എസ്.എഫ്.ഐയുടെ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയും ജെ.എൻ.യു വിദ്യാർത്ഥി യൂണിയൻ പ്രസിഡണ്ടുമായിരുന്നു.

നേഹയും എസ് എഫ് ഐ നേതാവ് ഐസി ഘോഷും

ടത്തും ഇതിനു മുമ്പും പ്രയോഗിച്ചിട്ടുണ്ട്.അതിനവർ തങ്ങളുടെ അടിമകളായ ഉദ്യോഗസ്ഥരെ ഉപയോഗിക്കുകയും അവരെ ബലിയാടുകളാക്കുകയും ചെയ്യും.നീതിയും ന്യായവും നടപ്പാക്കാതിരിക്കാനാണല്ലോ തെരഞ്ഞെടുപ്പ് കമ്മീഷനെ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ നിന്നും സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ അവർ ഒഴിവാക്കിയത്.ജസ്റ്റിസ് ചന്ദ്രചൂഢിനെ പോലുള്ള ഏറാൻമൂളികളായ ജഡ്ജിമാർ ഇതിനെല്ലാം കൂട്ടു നിൽക്കുകയും ചെയ്തു.റിട്ടയേർഡ് ജസ്റ്റിസ് സഞ്ജയ് കിഷൻ കൗളിന്റെ പുറത്ത് വരാൻ പോകുന്ന പുസ്തകത്തിൽ ഇതെല്ലാം വിശദമായി തന്നെ പ്രതിപാദിക്കുന്നുണ്ട്.നിയമവാഴ്ചയോട് ഇത്രയധികം മമതയില്ലാത്ത ഒരു ഭരണകൂടം ഇതിന് മുമ്പ് ഇന്ത്യയിൽ ഉണ്ടായിട്ടില്ല.ഇന്ത്യയിൽ സ്ത്രീകൾക്കെതിരായ ലൈംഗികാക്രമണ കേസുകൾ നിലവിലുള്ള ജനപ്രതിനിധികളിൽ മുൻപന്തിയിൽ നിൽക്കുന്നത് ബി.ജെ.പി യിൽ നിന്നുള്ള എം.പിമാരും എം.എൽ.എമാരുമാണെന്ന് അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് എന്ന സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു.

രാഹുൽഗാന്ധിയും കോൺഗ്രസ്സും അടുത്ത മുപ്പത് വർഷത്തേക്ക് അധികാരത്തിൽ വരില്ലെന്നാണ് അമിത് ഷാ ഡൽഹിയിൽ പറഞ്ഞ

ത്.അധികാരം ലഭിച്ചിട്ട് മൂന്ന് വെള്ളിയാഴ്ച മാത്രമേ ബി.ജെ.പിയ്ക്ക് ആയിട്ടുള്ളൂ.കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ നാനൂറ് സീറ്റെന്നും പറഞ്ഞിറങ്ങിയതാണ്.അവസരവാദ രാഷ്ട്രീയത്തിന്റെ അപ്പോസ്തലന്മാരായ ചന്ദ്രബാബു നായിഡുവിന്റേയും നിതീഷ് കുമാറിന്റേയും തോളിലേറിയാണ് ഇപ്പോൾ ഭരിക്കുന്നത്.അവരുടെ വോട്ടുകൾ മോഷ്ടിക്കുന്നത് അവരുടെ അണികൾക്കിടയിൽ വലിയ രോഷമുണ്ടാക്കിയിട്ടുണ്ട്.ആന്ധ്രപ്രദേശിന്റെ തലസ്ഥാനമായ അമരാവതിയിൽ ചന്ദ്രബാബു നായിഡു സംഘടിപ്പിച്ച പരിപാടിയിൽ പ്രസംഗിക്കാനെത്തിയ കേന്ദ്ര ധനമനമന്ത്രി നിർമ്മല സീതാരാമനെ കൂകിവിളിച്ച് പറഞ്ഞു വിട്ടത് നായിഡുവിന്റെ പാർട്ടിയായ തെലുങ്ക്ദേശംകാർ തന്നെയായിരുന്നു. വർത്തമാനം പിന്നെയാകാം ആദ്യം തൊഴിലും ഞങ്ങളുടെ വെട്ടിയ മാറ്റിയ വോട്ടും തരൂ എന്നാണവർ ആക്രോശിച്ചത്.ബീഹാറിൽ പാളയത്തിൽ പട തുടങ്ങിക്കഴിഞ്ഞു. സ്വന്തം നിലനിൽപ്പ് അവതാളത്തിലാകുമെന്ന് കണ്ടാൽ മുൻപിൻ നോക്കാതെ മറുകണ്ടം ചാടുന്നവരാണിവർ.ഇ.ഡിയെ കാണിച്ച് പേടിപ്പിക്കാൻ പറ്റിയ ആരും ഇവരുടെ കൂട്ടത്തിലില്ല.പ്രഖ്യാപിത ഗുണ്ടാ നേതാക്കളും താനിത്ര പേരെ കൊന്നു എന്ന് പരസ്യമായി പറയുകയും ചെയ്യുന്നവരാണ് ജെ.ഡി(യു)ലേയും തെലുങ്ക്ദേശം പാർട്ടിയിലേയും പല നേതാക്കളും , അവരെ കണ്ടു കൊണ്ടാണ് അമിത്ഷാ മുപ്പത് വർഷത്തെ കിനാവു കാണുന്നതെങ്കിൽ അത് ഈ രാജ്യത്തെ ജെൻസീയേയും ജെൻ ആൽഫയേയും വിലകുറച്ച് കാണലാകും.മണിപ്പൂരിൽ ബി.ജെ.പി മുഖ്യമന്ത്രിയുടെ വീടിന് തീയിട്ടത് ഇക്കഴിഞ്ഞ മാസം 24-ാം തീയതിയായിരുന്നു.മറ്റ് മൂന്ന് ബി.ജെ.പി എം.എൽ.എമാരുടെ വാഹനങ്ങൾ തകർക്കുകയും ചെയ്തു.നാട്ടുകാർക്ക് അത്രമേൽ സഹിക്കാൻ കഴിയാത്ത രീതിയിലേക്ക് മണിപ്പൂരിൽ കാര്യങ്ങളെത്തിച്ചതിന് ലഭിച്ച സമ്മാനങ്ങളാണിവ.സ്വന്തം നാട്ടിലിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കാൻ ബി.ജെ.പിക്കാർക്കും അവരോടൊപ്പം പോകുന്നവർക്കും മാത്രമേ കഴിയൂ.

> **ഒരു ജനാധിപത്യ വ്യവസ്ഥയിൽ വോട്ടവകാശമെന്നത് പ്രാണൻ പോലെ പ്രധാനമാണ്. ഇത് മനസ്സിലാക്കുന്നവരാണ് സാധാരണക്കാർ. അവരുടെ മൗലികാവകാശമാണ് വോട്ട്. ജന്മസിദ്ധമായ ആ അവകാശത്തെ മോഷ്ടിച്ച് കടത്താൻ ശ്രമിക്കുന്നത് എത്ര വലിയ മൗഢ്യമാണ്?ജെൻസീയും ജെൻ ആൽഫയും അവരുടെ അഭിപ്രായത്തിന് വലിയ വില കൽപ്പിക്കുന്നവരാണെന്ന് അറിഞ്ഞു കൊണ്ട് തന്നെയാണ് അധികാരം നിലനിറുത്താൻ വേണ്ടി സംഘപരിവാരം ഈ വിലകുറഞ്ഞ കളി കളിച്ചത്.**

ബംഗാളിൽ മമതയുടെ കൂടെ നിന്ന് ജയിച്ച ശേഷം മറുകണ്ടം ചാടിയ ഒരു എം.പിയ്ക്ക് സ്വന്തം മണ്ഡലത്തിലും വീട്ടിലും പോകാൻ വയ്യാത്ത അവസ്ഥയാണ്.പശ്ചിമബംഗാളിന്റെ വടക്കൻ മേഖലയിലെ കുച്ച് ബീഹാർ ലോക്സഭാ മണ്ഡലത്തിൽ നിന്നും ജയിച്ച ജഗദീഷ്ചന്ദ്ര വർമ്മ ബസുനിയക്കാണ് ഈ ഗതികേട്.

ഒരു ജനാധിപത്യ വ്യവസ്ഥയിൽ വോട്ടവകാശമെന്നത് പ്രാണൻ പോലെ പ്രധാനമാണ്.ഇത് മനസ്സിലാക്കുന്നവരാണ് സാധാരണക്കാർ.അവരുടെ മൗലികാവകാശമാണ് വോട്ട്.ജന്മസിദ്ധമായ ആ അവകാശത്തെ മോഷ്ടിച്ച് കടത്താൻ ശ്രമിക്കുന്നത് എത്ര വലിയ മൗഢ്യമാണ്?ജെൻസീയും ജെൻ ആൽഫയും അവരുടെ അഭിപ്രായത്തിന് വലിയ വില കൽപ്പിക്കുന്നവരാണെന്ന് അറിഞ്ഞു കൊണ്ട് തന്നെയാണ് അധികാരം നിലനിറുത്താൻ വേണ്ടി സംഘപരിവാരം ഈ വിലകുറഞ്ഞ കളി കളിച്ചത്. വോട്ടവകാശം നിഷേധിക്കുകയെന്ന് പറഞ്ഞാൽ നിങ്ങളുടെ അഭിപ്രായത്തെ അടിച്ചമർത്തലാണ്.അത്തരം അടിച്ചമർത്തലിലൂടെ മുന്നോട്ട് പോകാൻ പറ്റിയ മണ്ണല്ല ഇന്ത്യ.എന്നു മാത്രമല്ല ഇപ്പോൾ ഉത്തരേന്ത്യ ജീവിച്ചു പോകുന്നത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ കൊണ്ടു മാത്രമാണ്.ദക്ഷിണേന്ത്യയിൽ നിന്നും പിരിച്ചെടുക്കുന്ന ജി.എസ്.ടി വിഹിതത്തിന്റെ വലിയൊരു പങ്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് വീതം വയ്ക്കുന്നതിനെതിരെയുള്ള ശബ്ദങ്ങൾ ആദ്യം ഉയർന്നത് ബി.ജെ.പിയ്ക്ക് വേരോട്ടമുള്ള കർണ്ണാടകയിൽ നിന്നു തന്നെയാണ്.പശ്ചിമബംഗാളിൽ സുവേന്ദു അധികാരിയെ പോലുള്ള ഒരു മോശം മുഖ്യമന്ത്രിയ്ക്ക് വോട്ടു ചെയ്യാൻ പോകുന്ന ഒരു ബംഗാളിയുടെ വീട്ടിൽ അടുപ്പെരിയുന്നത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ അവന്റെ തൊഴിൽ ദാതാക്കൾ ആയതു കൊണ്ടുമാത്രമാണ്.അവിടവിടെയായി ഇത്തരം മുറുമുറുപ്പുകൾ ഉയർന്നു തുടങ്ങിയിട്ടുണ്ട്.ഉത്തരേന്ത്യയിൽ നിന്നുള്ള കാലഹരണപ്പെട്ട സംഘികളെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും വടക്കു കിഴക്കേ ഇന്ത്യയിലും ഗവർണ്ണമാരായും ലഫ്റ്റനന്റ് ഗവർണ്ണമാരായും നിയമിച്ച് തദ്ദേശീയ സർക്കാരുകളെ,അതേതു പാർട്ടിയുമായി കൊള്ളട്ടെ,നിയന്ത്രിക്കാൻ ശ്രമിക്കുന്നതിന് നൽകാൻ പോകുന്ന വില ഭാവനകൾക്കും അപ്പുറമായിരിക്കും. ജനാധിപത്യത്തെ കശാപ്പ് ചെയ്യാൻ ഇറങ്ങിപ്പുറപ്പെടുന്നവർ ഓർക്കേണ്ട ഒരു പേരേയുള്ളൂ.മഹാത്മാഗാന്ധി.സ്മരണ വേണം.ഗാന്ധി സ്മരണ.

എഴുപത്തിരണ്ടിന്റെ യൗവ്വനവുമായി ഒരു നേതാവ്

എം.എ ബേബി

എം കെ നാരായണ മൂർത്തി

സമര വീര്യം വീണ്ടെടുക്കുന്ന മുൻ വിദ്യാർഥി നേതാവ്. ശീതീകരിച്ച മുറികളിലിരുന്ന് വിപ്ളവം പറയുന്ന ലോക്കൽ കമ്മറ്റി സെക്രട്ടറിമാരുള്ള കാലത്താണ് സി. പി. എമ്മിന്റെ ദേശീയ ജനറൽ സെക്രട്ടറി തെരുവിൽ ഇറങ്ങി തല്ലു കൊണ്ടതും സമരങ്ങൾക്ക് നേതൃത്വം വഹിച്ചതുമെന്നത് ചെറിയ കാര്യമല്ല,ഇത്തരത്തിൽ അദ്ദേഹം തെരുവിൽ നിറഞ്ഞത് ഒരു ദിവസം മാത്രമായിരുന്നില്ല.

ജനകീയ പ്രശ്നങ്ങളിൽ ഇടപെടാനും രാജ്യതാൽപര്യം മുൻനിറുത്തിയുള്ള സമരപരിപാടികളിൽ നേതൃത്വം വഹിക്കാനും നിയമസഭയിലും പാർലമെന്റിലും നിശ്ചിത എണ്ണം സീറ്റ് വേണമെന്ന് കരുതുന്നവർക്കുള്ള മറുപടിയാണ് ഡൽഹിയിൽ നാം കാണുന്നത്.നേഹാബോറയായാലും ഐഷീഘോഷ് ആയാലുമൊക്കെ അവരുടെ പാർട്ടികളുടെ സീറ്റെണ്ണത്തിന്റെ ബലത്തിലല്ല ദേശീയ രാഷ്ട്രീയത്തിൽ കളം നിറഞ്ഞ് നിൽക്കുന്നത്.ഇവിടെ എടുത്ത് പറയേണ്ട പ്രധാന പേരാണ് എം.എ ബേബിയുടേത്. എഴുപത്തിരണ്ടാം വയസ്സിൽ ചുറുചുറുക്കോടെ



യുവാവായ ബേബി പ്രമുഖർക്കൊപ്പം *ഫോട്ടോ:* പുനലൂർ രാജൻ

നിരത്തിൽ പോലീസിനോട് ഏറ്റുമുട്ടി അണികൾക്കും മറ്റ് രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾക്കും ആവേശം പകരാൻ അദ്ദേഹത്തിന് സാധിച്ചു. മാത്രമല്ല പ്രതിപക്ഷം എന്നത് വെറുമൊരു ആൾക്കൂട്ടമല്ലെന്നും കൃത്യമായ ദിശാബോധത്തോടെയാണ് തങ്ങൾ മുന്നോട്ട് പോകുന്നതെന്നും രാജ്യത്തെ സാധാരണക്കാരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞത് ബേബി നടത്തിയ പലതലത്തിലുള്ള ഇടപെടലുകൾ കാരണമാണ്.അതിൽ ഏറ്റവും പ്രധാനവും ശ്ളാഘനീയവുമായ കാര്യം ബംഗാളിൽ സി.പി.എമ്മിനെ കഴിയുന്നിടത്തോളം ദ്രോഹിച്ച മമത ബാനർജിയെ സമരമുഖത്തേക്ക് കൊണ്ടു വരാൻ അദ്ദേഹം നടത്തിയ ശ്രമങ്ങളാണ്.

രാജ്യത്തേയും ജനാധിപത്യത്തേയും സംരക്ഷിക്കാൻ പ്രതിപക്ഷ പാർട്ടികൾ ചെറിയ ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റി വച്ച് ഒരുമിക്കേണ്ട സമയമാണിതെന്ന ഉന്നതമായ രാഷ്ട്രീയ ബോധമാണ് എം.എ ബേബിയെന്ന കമ്മ്യൂണിസ്റ്റ് നേതാവ് കാണിച്ചത്.മുമ്പ് ഹർകിഷൻ സിംഗ് സുർജിത് പലപ്പോഴും ഇത്തരത്തിലുള്ള ഇടപെടലുകൾ നടത്തിയിരുന്നു.

വോട്ടുവെട്ടിമാറ്റൽ പ്രക്രിയയെ കുറിച്ച് രാഹുൽ ഗാന്ധി പത്രസമ്മേളനം നടത്തി കഴിഞ്ഞപ്പോൾ തന്നെ എം.എ ബേബി പ്രതിപക്ഷത്തെ കൂട്ടിയോജിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നു.എല്ലാ പ്രതിപക്ഷ

പ്രതിപക്ഷം എന്നത് വെറുമൊരു ആൾക്കൂട്ടമല്ലെന്നും കൃത്യമായ ദിശാബോധത്തോടെയാണ് തങ്ങൾ മുന്നോട്ട് പോകുന്നതെന്നും രാജ്യത്തെ സാധാരണക്കാരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞത് ബേബി നടത്തിയ പലതലത്തിലുള്ള ഇടപെടലുകൾ കാരണമാണ്. അതിൽ ഏറ്റവും പ്രധാനവും ശ്ളാഘനീയവുമായ കാര്യം ബംഗാളിൽ സി.പി.എമ്മിനെ കഴിയുന്നിടത്തോളം ദ്രോഹിച്ച മമത ബാനർജിയെ സമരമുഖത്തേക്ക് കൊണ്ടു വരാൻ അദ്ദേഹം നടത്തിയ ശ്രമങ്ങളാണ്.

കക്ഷി നേതാക്കൾക്കും അദ്ദേഹം കത്തെഴുതി.എ.എ.പി നേതാവ് അരവിന്ദ് കെജ്രിവാളിനെ അദ്ദേഹത്തിന്റെ വീട്ടിലെത്തി നേരിട്ടു കണ്ട് കാര്യങ്ങളുടെ തീക്ഷ്ണത ബോധ്യപ്പെടുത്തി.എ.എ.പി വ്യത്യസ്തമായെങ്കിലും സമരമുഖത്തുള്ളത് ഈ ഇടപെടലിനെ തുടർന്നാണ്.കോൺഗ്രസ്സുമായുള്ള അഭിപ്രായവ്യത്യാസം തുടരുമ്പോഴും സമരമുഖത്ത് എ.എ.പി ഉണ്ടാകേണ്ടതിന്റെ രാഷ്ട്രീയ കാരണങ്ങൾ എം.എ ബേബി അരവിന്ദ് കെജ്രിവാളിന്റെ മുന്നിൽ അക്കമിട്ടു നിരത്തി.അതുൾക്കൊള്ളാതിരിക്കാൻ കെജ്രിവാളിനും കഴിയുമായിരുന്നില്ല.സമരത്തിന് ഒരു രൂപം വരുന്നതിന് മുമ്പ് തന്നെ സി.പി.എമ്മിന്റെ അവയ്‌ലബിൾ പോളിറ്റ്ബ്യൂറോ ചേർന്ന് ഇന്ത്യാ സഖ്യത്തിന് പുറത്ത് നിൽക്കുന്ന കക്ഷികളുമായി സംസാരിക്കാൻ തീരുമാനിക്കുകയും അതിനായി ബേബിയെ ചുമതലപ്പെടുത്തുകയും ചെയ്തു.പഞ്ചാബിലെ ശിരോമണി അകാലിദൾ,ഒറീസ്സയിലെ ബിജു ജനതാദൾ,തമിഴ്നാട്ടിൽ മക്കൾ നീതി മെയ്യം തുടങ്ങിയ കക്ഷികളു

മായി ഉടൻ തന്നെ എം.എ ബേബി ബന്ധപ്പെടുകയും അവരെയെല്ലാം സമരമുഖത്തേയ്ക്ക് കൊണ്ടു വരാൻ സാധിക്കുകയും ചെയ്തു.ഇതിനെ തുടർന്നാണ് സെപ്റ്റംബർ മാസം മുപ്പതാം തീയതി ഇന്ത്യാ സഖ്യത്തിന്റെ കോർഡിനേഷൻ കമ്മിറ്റി ഡൽഹിയിൽ യോഗം ചേർന്ന് വോട്ടർ പട്ടിക ക്രമക്കേടിനെതിരെയും തെരഞ്ഞെടുപ്പ് കമ്മീഷനെതിരെയുമുള്ള സമരപരിപാടികൾക്ക് രൂപം നൽകിയതും.

എം.എ ബേബിയുടെ നേതൃഗുണം കൊണ്ടു മാത്രമാണ് തൊഴിലാളികളേയും കർഷകരേയും വിദ്യാർത്ഥികളേയും കലാകാരന്മാരേയും ബുദ്ധിജീവികളേയും ഒക്കെ സജീവമായി സമരമുഖത്തേക്ക് എത്തിക്കാൻ സാധിച്ചത്.ഭരണത്തിന്റെ ഭാഗമല്ലെങ്കിലും സി.പി.എമ്മിന്റെ സംഘടനാ സംവിധാനം ഇതിനായി കൃത്യമായി ചലിച്ചു.ഈ സമയത്തൊക്കെ വടക്കു കിഴക്കൻ ഇന്ത്യയിൽ സഞ്ചരിക്കുകയായിരുന്ന ഞാൻ ഇതിന് ദൃക്സാക്ഷിയാണ്. ത്രിപുരയിൽ നിന്നും ഒരു സാധാരണക്കാരന് ട്രെയിൻ മാർഗ്ഗം ഡൽഹിയിൽ എത്തണമെങ്കിൽ അഞ്ചുദിവസം വേണം.ധാരാളം പണവും.ഇതൊക്കെ തരണം ചെയ്ത് ആവേശത്തോടെ ത്രിപുരയിൽ നിന്നുള്ള സർവകലാശാല വിദ്യാർത്ഥികൾ ഡൽഹിയിലേക്ക് വണ്ടി കയറി.ത്രിപുരയിലെ സി.പി.എം സെക്രട്ടറിയും പ്രതിപക്ഷ നേതാവുമായ ജിതേന്ദ്ര ചൗധരിയോട് ഞാനിതേപ്പറ്റി ചോദിച്ചപ്പോൾ ഞങ്ങളുടെ ദേശീയ സെക്രട്ടറിയെ ഡൽഹി പോലീസ് കൈകാര്യം ചെയ്ത രീതി നിങ്ങളും കണ്ടതല്ലേ എന്നായിരുന്നു ചോദ്യം.

ശീതീകരിച്ച മുറികളിലിരുന്ന് വിപ്ലവം പറയുന്ന ലോക്കൽ കമ്മറ്റി സെക്രട്ടറിമാരുള്ള കാലത്താണ് സി.പി.എമ്മിന്റെ ദേശീയ ജനറൽ സെക്രട്ടറി തെരുവിൽ ഇറങ്ങി തല്ലു കൊണ്ടതും സമരങ്ങൾക്ക് നേതൃത്വം വഹിച്ചതുമെന്നത് ചെറിയ കാര്യമല്ല,ഇത്തരത്തിൽ അദ്ദേഹം തെരുവിൽ നിറഞ്ഞത് ഒരു ദിവസം മാത്രമായിരുന്നില്ല.അദ്ദേഹത്തിന്റേത് ഒരു ടോക്കൺ പ്രതിഷേധവുമായിരുന്നില്ല. വാർത്താമാധ്യമങ്ങൾക്ക് മുന്നിൽ വന്ന് നിന്ന് അവകാശവാദങ്ങൾ ഉന്നയിക്കാനും എം.എ ബേബിയെന്ന ഉത്തമ കമ്മ്യൂണിസ്റ്റ് തയ്യാറായിരുന്നില്ല.രാഹുൽ ഗാന്ധിയുൾപ്പടെയുള്ള കോൺഗ്രസ്സ് നേതൃത്വത്തോട് രാഷ്ട്രീയമായി വിയോജിക്കുമ്പോൾ തന്നെ ജനാധിപത്യ സംരക്ഷണാർത്ഥം സ്നേഹമസൃണമായ ബന്ധം സൂക്ഷിക്കാനും എം.എ ബേബിക്ക് കഴിയുന്നുണ്ട്.മുമ്പ് ഹർകിഷൻ സിംഗ് സുർജിതിനും സീതാറാം യച്ചൂരിയ്ക്കും മാത്രം സാധിച്ചിരുന്ന കാര്യമാണിത്.എം.എ ബേബിയുടെ ഇത്തരത്തിലുള്ള ഇടപെടൽ നോയിഡയിലെ തൊഴിലാളി സമരത്തിലും ജന്തർമന്ദറിലെ സി.ജെ.പി സമരകാലത്തും രാജ്യം കണ്ടതാണ്.

> **എം.എ ബേബിയുടെ നേതൃഗുണം കൊണ്ടു മാത്രമാണ് തൊഴിലാളികളേയും കർഷകരേയും വിദ്യാർത്ഥികളേയും കലാകാരന്മാരേയും ബുദ്ധിജീവികളേയും ഒക്കെ സജീവമായി സമരമുഖത്തേക്ക് എത്തിക്കാൻ സാധിച്ചത്. ഭരണത്തിന്റെ ഭാഗമല്ലെങ്കിലും സി.പി. എമ്മിന്റെ സംഘടനാ സംവിധാനം ഇതിനായി കൃത്യമായി ചലിച്ചു.**

എം എ ബേബിയുംമുൽക്ക് രാജ് ആനന്ദും *ഫോട്ടോ:* **പുനലൂർ രാജൻ**

സമരദിവസങ്ങളിലൊന്നിൽ ഞാൻ എം.എ ബേബിയെ ഫോണിൽ വിളിച്ചിരുന്നു.പോലീസ് ബലപ്രയോഗത്തിനിടയിൽ ആരോഗ്യം ശ്രദ്ധിക്കണമെന്ന എന്റെ നിർദ്ദേശത്തോട് അദ്ദേഹം പ്രതികരിച്ചത് ഇങ്ങനെയായിരുന്നു.'ജനങ്ങൾക്കും രാജ്യത്തിനും വേണ്ടി ധാരാളം പേർ മരിച്ചു വീണ പാർട്ടിയാണ് എന്റേത്. തൽക്കാലം ആരോഗ്യമൊക്കെ അവിടെ നിൽക്കട്ടെ.രണ്ടിലൊന്ന് അറിഞ്ഞിട്ട് അതൊക്കെ ശ്രദ്ധിക്കാം.

'ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ സെക്രട്ടറിയായി ഡൽഹിയിൽ വന്ന കാലം മുതലേ എനിക്ക് എം.എ ബേബിയെ അറിയാമെന്നത് കൊണ്ട് ഞാൻ മൗനം കൊണ്ട് മറുപടി പറഞ്ഞ് ഫോൺ കട്ടു ചെയ്തു.

പ്രായത്തിൽ ചെറുതായ നേഹ ബോറയ്ക്കും ഐഷിഘോഷിനും വഴികാട്ടിയും തുണയുമായി അവരെക്കാൾ ചെറുപ്പക്കാരനായി ഈ എഴുപത്തിരണ്ടുകാരൻ മുന്നിലുണ്ട്.അത് രാഹുൽ ഗാന്ധിയുൾപ്പടെയുള്ള നേതൃനിരയ്ക്ക് നൽകുന്ന ആവേശം ചെറുതല്ല.

NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

അധികാരത്തിൽ പുതുമുഖം അല്ലെങ്കിലും ആദ്യത്തെ നാല് മാസങ്ങൾക്കുള്ളിൽ അഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല വി ഡി സതീശൻ മന്ത്രിസഭയിലെ ഏറ്റവും തിളങ്ങുന്ന മുഖമായി മാറിയിരിക്കുന്നു .

രമേശ് ചെന്നിത്തല തൂഫാൻ !

പി എസ് ജോസഫ്

പതിനാറാമത്തെ നിയമസഭയിൽ മുഖ്യമന്ത്രി പദം സ്വപ്നം കണ്ടായിരുന്നു രമേഷ് ചെന്നിത്തല ഹരിപ്പാട് നിന്ന് ഏഴാം തവണയും വിജയിച്ചത് .പക്ഷെ കോൺഗ്രസ് നിയമസഭാകക്ഷിയിൽ കെ സി വേണുഗോപാലും യു ഡി എഫിൽ വി ഡി സതീശനും മേൽക്കൈ നേടിയപ്പോൾ നാല് ദശകം നീണ്ട ആ രാഷ്ട്രീയ മോഹം പൂവണിഞ്ഞില്ല. സുപ്രധാനം എങ്കിലും എല്ലാത്തവണയും അധികാരത്തിനും അപ്പുറം വിമർശനം നേരിടുന്ന ആഭ്യന്തര വകുപ്പാണ് അദ്ദേഹത്തിനു കിട്ടിയത് .

പൊതുവേ മുഖ്യമന്ത്രി കൈവശം വെയ്ക്കുന്ന ഈ വകുപ്പ് തലമുതിർന്ന ഒരു നേതാവിന് കിട്ടിയപ്പോൾ അധികാര പ്രമത്തതയും അതേപോലെ നേതൃത്വത്തിനെതിരെയുള്ള അസ്വാരസ്യങ്ങളും ആണ് പ്രതീക്ഷിക്കപ്പെട്ടത് .ഏറെ വെല്ലുവിളി നിറഞ്ഞ ഈ മേഖലയിൽ മറ്റു മന്ത്രിമാരുടെ നിഴലിൽ നിന്ന് രക്ഷപെടാൻ ഒരു സാധാരണ രാഷ്ട്രീയ നേതാവിന് കഴിയില്ല .ആഭ്യന്തര മന്ത്രിയായ വയലാർ രവിയും മുഖ്യമന്ത്രിയായ കരുണാകരനും തമ്മിൽ ഉള്ള ബന്ധം ഉലഞ്ഞെങ്കിൽ പിണറായി മന്ത്രിസഭയിൽ സ്വന്തം വകുപ്പിൽ തിളങ്ങാൻ കോടിയേരിക്ക് അത്ര കഴിഞ്ഞില്ല.കഴിഞ്ഞ മന്ത്രിസഭയിൽ ആഭ്യന്തരം കൈവശം വെച്ച മുഖ്യമന്ത്രി പിണറായി വിജയനെതിരെ ഉയർന്ന വിമർശനങ്ങൾക്ക് പിന്നിൽ ആഭ്യന്തര വകുപ്പിലെ പാളിച്ചകളായിരുന്നു പ്രധാനം ..

ദേശവ്യാപകമായി മയക്കു മരുന്ന് വേട്ടക്കു പ്രേരണയായി അദ്ദേഹത്തിൻറെ ഓപ്പറേഷൻ തൂഫാൻ ദൌത്യം . ആരംഭ ശൂരത്വം അല്ല സ്ഥിരമായ അന്വേഷണവും നടപടികളുമാണ് ഈ ദൗത്യത്തെ ശ്രദ്ധേയമാക്കുന്നത് . ഇതിന്റെ ഒറ്റപ്പേരിൽ ഒരു പക്ഷെ കേരളത്തിലെ ഭാവി തലമുറ അദ്ദേഹത്തെ നന്ദിയോടെ ഓർക്കും .

പക്ഷെ അധികാരത്തിൽ പുതുമുഖം അല്ലെങ്കിലും ആദ്യത്തെ നാല് മാസങ്ങൾക്കുള്ളിൽ അഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല വി ഡി സതീശൻ മന്ത്രിസഭയിലെ ഏറ്റവും തിളങ്ങുന്ന മുഖമായി മാറിയിരിക്കുന്നു .

ഭരണത്തിലുള്ള മുൻപരിചയം പലപ്പോഴും ബാധ്യത ആകാറുള്ള ഒരിടത്ത് നിശ്ചയിച്ചു ഉറപ്പിച്ച പോലെ രമേശ് ചെന്നിത്തല കൈക്കൊണ്ട നടപടികൾ ആണ് അദ്ദേഹത്തെ ഈ മന്ത്രിസഭയിൽ വേറിട്ട് നിർത്തുന്നത് .അതിൽ ഏറ്റവും പ്രധാനം മയക്കു മരുന്നിനു എതിരെ അദ്ദേഹം നടത്തിയ ഓപ്പറേഷൻ തൂഫാൻ തന്നെ.സംസ്ഥാനം ലഹരിയുടെ പിടിയിൽ ആണെന്ന് അറിയാൻ അദ്ദേഹം നേതൃത്വം നൽകിയ ഈ പദ്ധതിയാണ് സഹായകമായത് .അതിഥി തൊഴിലാളികൾ മാത്രമല്ല സാധാരണ സ്കൂൾ വിദ്യാർഥികളും വരെ ആ ദൂഷിത വലയത്തിലെ കണ്ണികൾ ആണെന്നു കേരളം തിരിച്ചറിഞ്ഞു .സ്കൂൾ അധ്യാപികമാർ വരെ മയക്കു മരുന്ന് വ്യാപാരത്തിൽ പങ്കാളികളാണ് എന്നത് കേരളം ശ്രവിച്ചത് വല്ലാത്ത ഞെട്ടലോടെയാണ് .ദേശവ്യാപകമായി മയക്കു മരുന്ന് വേട്ടക്കു പ്രേരണയായി അദ്ദേഹത്തിൻറെ ഈ ദൌത്യം .ആരംഭ ശൂരത്വം അല്ല സ്ഥിരമായ അന്വേഷണവും നടപടികളുമാണ് ഈ ദൗത്യത്തെ ശ്രദ്ധേയമാക്കുന്നത് .ഒരു പക്ഷെ കേരളത്തിലെ ഭാവി തലമുറ അദ്ദേഹത്തെ നന്ദിയോടെ ഇതിന്റെ ഒറ്റപ്പേരിൽ ഓർക്കും .

പക്ഷെ അദ്ദേഹം ഞെട്ടിച്ചത് നിയമസഭയിൽ തൻറെ വകുപ്പിന്റെ കീഴിൽ ഉള്ള പോലീസിനു നേരെ കർക്കശമായ പരാമർശം നടത്തി കൊണ്ടാണ് .ചേരാനല്ലൂർ വാഹനാപകടത്തിൽ ഒരു ജഡ്ജിയുടെ പ്രായപൂർത്തിയാകാത്ത മകനെ ലാഘവത്തോടെ ചെറിയ വകുപ്പുകൾ ചുമത്തി പോലിസ് അറസ്റ്റ് ചെയ്ത നടപടിയെ അദ്ദേഹം ന്യായീകരിച്ചില്ല എന്ന് മാത്രമല്ല പോലിസ് ആരുടെ മകനാണ് പ്രതി എന്ന് നോക്കാതെ കർക്കശമായ നടപടി എടുക്കണം എന്ന് തുറന്നു പറയുകയും ചെയ്തു .

അവസാനം പോലിസ് കുട്ടിക്കെതിരെ കുറ്റകരമല്ലാത്ത നരഹത്യ വകുപ്പു ചുമത്തി .കാറിൻറെ ലൈസൻസിന്റെ ഉടമയായ ജഡ്ജിക്കെതിരെ കേസ് എടുത്തു അർദ്ധ രാത്രിയിൽ ബെൻസ് കാർ നൂറു കിലോ മീറ്റർ സ്പീഡിൽ ഓടിച്ചു ഒരാളെ കൊലപ്പെടുത്തിയ പതിനേഴുകാരൻ ശക്തമായ പൊതുജന രോഷത്തിനു ഇരയായതാണ് ആ

ചെന്നിത്തല ഞെട്ടിച്ചത് നിയമസഭയിൽ തൻറെ വകുപ്പിന്റെ കീഴിൽ ഉള്ള പോലീസിനു നേരെ കർക്കശമായ പരാമർശം നടത്തി കൊണ്ടാണ് .ചേരാനല്ലൂർ വാഹനാപകടത്തിൽ ഒരു ജഡ്ജിയുടെ പ്രായപൂർത്തിയാകാത്ത മകനെ ലാഘവത്തോടെ ചെറിയ വകുപ്പുകൾ ചുമത്തി പോലിസ് അറസ്റ്റ് ചെയ്ത നടപടിയെ അദ്ദേഹം ന്യായീകരിച്ചില്ല എന്ന് മാത്രമല്ല പോലിസ് ആരുടെ മകനാണ് പ്രതി എന്ന് നോക്കാതെ കർക്കശമായ നടപടി എടുക്കണം എന്ന് തുറന്നു പറയുകയും ചെയ്തു

കുട്ടിയെ രക്ഷപെടുത്താൻ സഹായിച്ച പൊലിസിനെതിരേ കുടുംബവും പൊതു സമൂഹവും ശക്തമായി രംഗത്തിറങ്ങി .നെടുമ്പാശേരിയിൽ ഒരു പത്തൊമ്പതുകാരൻ മദ്യ ലഹരിയിൽ മൂന്ന് പേരെ വണ്ടി ഇടിച്ചു കൊല ചെയ്തതിനു പിന്നലെയായിരുന്നു ഈ കൊല .

എല്ലാക്കാലത്തും പോലീസിന്റെ മുന്നിൽ നല്ല പിള്ള ചമയാനും, അവരുടെ മനോ വീര്യം ചോരാതിരിക്കാൻ എന്ന പേരിൽ അവരുടെ ക്രൂരതകളെ ന്യായീകരിക്കുകയും ചെയ്തിരുന്ന മന്ത്രിമാരിൽ നിന്ന് വ്യത്യസ്തമായി അദ്ദേഹം അവർക്കെതിരെ നടപടി കൈക്കൊള്ളുമെന്നു നിയമസഭയിൽ പ്രഖ്യാപിച്ചു .

നടപടി എടുക്കുകയും ചെയ്തു. മേലധികാരികളുടെ നിയമവിരുദ്ധമായ ഉത്തരവുകൾ മാനിക്കേണ്ട എന്ന് പറഞ്ഞ മുൻ പോലിസ് ഉദ്യോഗസ്ഥൻ ഹേമചന്ദ്രൻ ആണ് അദ്ദേഹത്തിൻറെ ഉപദേശകൻ എന്നത് ഇവിടെ ശ്രദ്ധേയം .ഒരു പക്ഷെ കേരളത്തിലെ ശക്തമായ സിവിൽ റൈറ്റ്സ് പ്രസ്ഥാനം കാത്തിരുന്ന പോലിസ് മന്ത്രി ആവുകയാകാം അദ്ദേഹം

വ്യക്തിപരമായും ചെന്നിത്തലയിൽ സാമൂഹിക ബോധവും സഹാനുഭൂതിയും പ്രകടമാണ് .ഒരു എഴുത്തുകാരൻ കൂടിയായ അദ്ദേഹം പദവിയുടെ ചട്ടക്കൂടിനും അപ്പുറം ജനപക്ഷത്തു നില്ക്കാൻ ശ്രമിക്കുന്നു .തൻറെ സർക്കാരിന്റെ കാലത്ത് നക്സലുകളെ കൊല്ലുകയല്ല പിടികൂടി നിയമത്തിനു വിധേരാക്കുകയാണ് ഉണ്ടായത് എന്ന് അദേഹം ഓർമ്മിപ്പിക്കുന്നു .

മുൻ നക്സൽ ആയ മനുഷ്യാവകാശ പ്രവർത്തക കെ അജിതക്ക് അവാർഡ് സമ്മാനിക്കുമ്പോഴാണ് അദേഹം ഇത് പറയുന്നത് .നക്സൽ നേതാവ് രൂപേഷിനെ ഒരു കാരണവശാലും വധിക്കരുതെന്നു താൻ ഉത്തരവിട്ടതായി അദേഹം പറയുന്നു .

ഇടതു പക്ഷത്തിൻറെ കാലത്ത് അഞ്ചു പേരെയാണ് പോലിസ് ഏറ്റുമുട്ടലിൽ കൊലപ്പെടുത്തിയതു എന്നത് ഇവിടെ കൂട്ടി വായിക്കണം. ഗാർഹിക പീഡനങ്ങൾക്ക് നേരെ പോലിസിനെ സന്നദ്ധമാക്കാനും അദ്ദേഹം ശ്രമിക്കുന്നു. .

ആല്മാർത്ഥമായി കൈകാര്യം ചെയ്യുന്നവർക്ക് അഭ്യന്തര വകുപ്പ് ഒരു മുൾക്കിരീടം ആണ്.ഒരു തെറ്റായ തീരുമാനം മതി ജനരോഷത്തിന് മന്ത്രി ഇരയാകാൻ .

പക്ഷെ ഒരു ശരിയായ തീരുമാനം സംസ്ഥാനത്തിന് മൊത്തം ആശ്വാസം ആകും .അതറിയുന്ന ആളാണ് രമേശ് ചെന്നിത്തല. തൻറേതായ വ്യക്തി മുദ്ര അദേഹം ഈ രംഗത്ത് പതിപ്പിക്കുമെന്ന് വേണം കരുതാൻ .

● കേരളം/സി പി എം

കേരളത്തിലെ വ്യാവസായിക മണ്ഡലത്തിൽ കൊള്ളിയാൻ പോലെ ഉദിച്ചുയർന്ന് അതിവേഗത്തിൽ മറഞ്ഞുപോയ ഒരു കമ്പനി സംസ്ഥാന രാഷ്ട്രീയത്തിൽ സൃഷ്ടിക്കുന്ന പ്രകമ്പനങ്ങൾ

എക്സാലോജിക് യുക്തിയും യുക്തിയില്ലായ്മയും

◉ എൻ പി ചെക്കുട്ടി

എക്സാലോജിക് എന്ന കമ്പനി കേരളത്തിലെ വ്യാവസായിക മണ്ഡലത്തിൽ കൊള്ളിയാൻ പോലെ ഉദിച്ചുയർന്ന് അതിവേഗത്തിൽ മറഞ്ഞുപോയ ഒരു കമ്പനിയാണ്. ആധുനിക മുതലാളിത്ത സംവിധാനത്തിൽ കമ്പനികൾ ഉദയം കൊള്ളുന്നതും പൊലിഞ്ഞുപോകുന്നതും ഒട്ടും അതിശയമുള്ള വിഷയമല്ല. കരുത്തുള്ളവർ അതിജീവിക്കും, അല്ലാത്തവർ മണ്ണടിയും എന്നതാണ് മുതലാളിത്തത്തിന്റെ യുക്തി. ആദംസ്മിത്ത് മുതലുള്ള സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പണ്ടേ ചൂണ്ടിക്കാട്ടിയ കാര്യമാണത്. കമ്പനികൾ പൊളിഞ്ഞു പോകുന്നതിൽ ആർക്കും വിഷമം തോന്നേണ്ട ആവശ്യവുമില്ല. കാരണം

കമ്പനികൾ ആരംഭിക്കുന്നത് ലാഭം മോഹിച്ചു കൊണ്ടാണ്. അതിനായി പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കും. അതിൽ ചിലർ നേട്ടം കൊയ്യും. ചിലർക്ക് കണക്കുകൂട്ടലുകൾ പിഴയ്ക്കും. അവർ കുത്തുപാളയെടുക്കും.

എന്നാൽ എക്സാലോജിക് അങ്ങനെ പൊളിഞ്ഞുപോയ കമ്പനിയല്ല. മുടിഞ്ഞ ലാഭം കിട്ടിയിട്ടും ചില അജ്ഞാത കാരണങ്ങളാൽ പ്രവർത്തനം അവസാനിപ്പിച്ച കമ്പനിയാണത്. അതിന്റെ ഉദയം 2016ൽ പിണറായി വിജയൻ മുഖ്യമന്ത്രിയായി കേരളത്തിൽ അധികാരമേൽക്കുന്നതിനു തൊട്ടുപിന്നാലെയാണ്. അതിന്റെ ഉടമയും ചീഫ് എക്സിക്യൂട്ടീവും ഒരേയൊരു സ്റ്റാഫും അദ്ദേഹത്തിന്റെ മകൾ തന്നെയായിരുന്നു.

വീണാ തായ്ക്കണ്ടി തന്റെ മകളാണെങ്കിലും മറ്റൊരു ബിൽ ഗേറ്റ്സ് ആവാൻ ശേഷിയുള്ള ഒരു ഐ.ടി വിദഗ്ധയാണെന്നു അദ്ദേഹം ഒരവസരത്തിൽ പറഞ്ഞിട്ടുമുണ്ട്. സ്വന്തം മക്കളുടെ കാര്യമാവുമ്പോൾ ഏതു പിതാവും അല്പം കടത്തിപ്പറയും എന്നതു നാട്ടുനടപ്പ്. അതിനാൽ ബിൽ ഗേറ്റ്സ് താരതമ്യം നമുക്ക് വിട്ടുകളയുക. എന്നി

രുന്നാലും സ്വന്തമായി ഒരു കമ്പനി തുടങ്ങാനും അതു വിജയകരമായി നടത്തിക്കൊണ്ടു പോകാനും കെല്പുള്ള വ്യക്തി തന്നെയാണ് വീണാ തായ്ക്കണ്ടി എന്നാണ് സങ്കല്പിക്കേണ്ടത്.

എന്നിട്ടും പ്രതിവർഷം ഒരുകോടിയോളം രൂപയുടെ വിറ്റുവരവും കരുത്തരായ ഇടപാടുകാരുമുള്ള കമ്പനി എന്തുകൊണ്ട് മൂന്നുവർഷം കഴിഞ്ഞപ്പോൾ ഒരു മുന്നറിയിപ്പുമില്ലാതെ പൂട്ടിക്കെട്ടി? നമ്മുടെ നാട്ടിൽ യുവജനങ്ങൾ പുതുപുത്തൻ സംരംഭങ്ങളുമായി മുന്നേറുന്ന കാലമാണിത്.

മലയാളി യുവജനങ്ങൾ കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും വിദേശങ്ങളിലും ധാരാളം സ്ഥാപനങ്ങൾ ആരംഭിച്ചിരിക്കുന്നു. അവരുടെ വിജയഗാഥകൾ നാട്ടുകാർക്കാകെ പുളകം നൽകേണ്ട കാര്യവുമാണ്. സത്യത്തിൽ എഴുപതുകളിലും എമ്പതുകളിലും തൊഴിൽ വിപണിയിലിറങ്ങിയ തലമുറയുടെ ഏറ്റവും വലിയ പരാജയം അക്കാലത്തെ സാമ്പത്തിക മുന്നേറ്റങ്ങളുടെ മുൻനിരയിൽ പോകട്ടെ, പിന്നണിയിൽ പോലും ഒരിടം കണ്ടെത്താൻ അവർ ഒരു ശ്രമവും നടത്തിയില്ല എന്നതാണ്.

എമ്പതുകളിൽ ബിൽ ഗേറ്റ്സ് അമേരിക്കയിൽ ഒരു ഗാരേജിൽ ഒന്നുരണ്ടു കംപ്യൂട്ടറുകളും വെച്ച് ഒരു സോഫ്റ്റ്‌വെയർ കമ്പനി തുടങ്ങിയ കാലത്തു ഈ നാട്ടിൽ യുവജനങ്ങളൊക്കെ കംപ്യൂറിനെതിരെ തെരുവിൽ മുഷ്ടി ചുരുട്ടി മുദ്രാവാക്യം മുഴക്കുകയായിരുന്നു. ''മുതലാളിത്തം തുലയട്ടെ; സോഷ്യലിസം വളരട്ടെ'' എന്നതായിരുന്നു അന്നത്തെ മുദ്രാവാക്യം. എന്നിട്ട് എന്തുണ്ടായി? മുതലാളിത്തം തകർന്നതുമില്ല; സോഷ്യലിസം വളർന്നതുമില്ല. നേരെ മറിച്ചാണ് സംഭവിച്ചത്. സോഷ്യലിസ്റ്റ് ലോകം പൊളിഞ്ഞുപോയി. മുതലാളിത്തം ശക്തിയിൽ നിന്നും അമിത ശക്തിയിലേക്കു കുതിച്ചുകേറി. സാധാരണ മുതലാളി കുത്തകമുതലാളിയായി. ലക്ഷപ്രഭുവും കോടീശ്വരനും പഴയ സങ്കല്പമായി. ഇന്ന് ദശലക്ഷം കോടി ഡോളറുകളുടെ കണക്കിലാണ് വ്യക്തികളുടെ മൂല്യം കണക്കാക്കുന്നത്. അതിൽ ചില മലയാളികളുമുണ്ട്.

എക്സാലോജിക് പൊളിഞ്ഞു പോയ കമ്പനിയല്ല. മുടിഞ്ഞ ലാഭം കിട്ടിയിട്ടും ചില അജ്ഞാത കാരണങ്ങളാൽ പ്രവർത്തനം അവസാനിപ്പിച്ച കമ്പനിയാണത്. അതിന്റെ ഉദയം 2016ൽ പിണറായി വിജയൻ മുഖ്യമന്ത്രിയായി കേരളത്തിൽ അധികാരമേൽക്കുന്നതിനു തൊട്ടുപിന്നാലെയാണ്. അതിന്റെ ഉടമയും ചീഫ് എക്സിക്യൂട്ടീവും ഒരേയൊരു സ്റ്റാഫും അദ്ദേഹത്തിന്റെ മകൾ തന്നെയായിരുന്നു. വീണാ തായ്ക്കണ്ടി തന്റെ മകളാണെങ്കിലും മറ്റൊരു ബിൽ ഗേറ്റ്സ് ആവാൻ ശേഷിയുള്ള ഒരു ഐ.ടി വിദഗ്ധയാണെന്നു അദ്ദേഹം ഒരവസരത്തിൽ പറഞ്ഞിട്ടുമുണ്ട്.

ഇങ്ങനെയുള്ള കാലത്താണ് എക്സാലോജിക് കമ്പനി കേരളത്തിൽ പൊട്ടിമുളക്കുന്നത്. അതിൽ താൻ മുഖ്യമന്ത്രി എന്ന നിലയിൽ ഒരു ഇടപെടലും നടത്തിയിട്ടില്ല എന്നാണ് പിണറായി വിജയൻ ആണയിടുന്നത്. അതു സത്യവുമായിരിക്കാം. കുടുംബത്തു നടക്കുന്ന കാര്യങ്ങളൊന്നും അറിയാത്ത എത്രയോ പിതാക്കന്മാർ നമ്മുടെ ചുറ്റുമുണ്ട്.

തന്റെ കൈകൾ ശുദ്ധമാണെന്നു അദ്ദേഹം ഇടയ്ക്കിടെ ആവർത്തിക്കുന്നുമുണ്ട്. മടിയിൽ കനമില്ലാത്തവനു വഴിയിൽ പേടി വേണ്ട എന്നൊരു പ്രയോഗവും ആദ്യകാലങ്ങളിൽ ആവർത്തിച്ചു കേട്ടിരുന്നു. എന്നാൽ അതിപ്പോൾ അങ്ങനെ കേൾക്കാറില്ല. വഴിയിൽ പേടി ഉള്ളതുകൊണ്ടാണല്ലോ അദ്ദേഹം മുഖ്യമന്ത്രിയായി വടക്കുനിന്നും തെക്കോട്ടു ബസ്സിലൊരു ജൈത്രയാത്ര നടത്തിയപ്പോൾ പ്രതിഷേധിച്ച യുവാക്കളെ പോലീസിനെയും സ്വന്തം അംഗരക്ഷകരെയും മാത്രമല്ല, ചില ക്വട്ടേഷൻ ഗാങ്ങുകളെപ്പോലും ഉപയോഗിച്ചു തല്ലിച്ചതച്ചത്. അതിനാൽ മടിയിൽ കനമുണ്ടെങ്കിലും ഇല്ലെങ്കിലും തനിക്കു വഴിയിൽ പേടിയുണ്ട് എന്നദ്ദേഹം തെളിയിച്ചിട്ടുണ്ട്.

അതൊക്കെ പോകട്ടെ. എന്താണ് എക്സാലോജിക് എന്ന കമ്പനി അതിന്റെ പ്രവർത്തനം പെട്ടെന്നൊരു നാൾ നിർത്തിവെക്കാൻ കാരണമായത്? നാട്ടിലെ ഒരു കമ്പനി പൂട്ടിപ്പോയാൽ അതിന്റെ നഷ്ടം നാടിനു മുഴുവനുമല്ലേ? നാളെ ലക്ഷങ്ങൾക്കു തൊഴിൽ കൊടുക്കാൻ ശേഷിയുള്ള കമ്പനികൾ പൂട്ടുമ്പോൾ അതെന്തുകൊണ്ട് എന്ന് സർക്കാരും അതിന്റെ അധികാരികളും അന്വേഷിക്കേണ്ടതല്ലേ? മുഖ്യമന്ത്രിയുടെ മകൾ, പൊതുമരാമത്ത്-ടൂറിസം മന്ത്രിയുടെ കളത്രം. എന്നിട്ടും അവരുടെ കമ്പനി പൂട്ടിപ്പോയെങ്കിൽ ഈ നാട്ടിൽ ആരാണ് മുതലിറക്കാൻ വരിക? കേരളം രക്ഷപ്പെടണമെങ്കിൽ നാട്ടിൽ തൊഴിൽ സാദ്ധ്യതകൾ വളരണം. അതിനു മാതൃകയായി പ്രവർത്തിക്കേണ്ടവർ തന്നെ ഒളിച്ചോടിയാൽ നമ്മുടെ യുവാക്കൾ എന്തുചെയ്യും?

സത്യത്തിൽ ഇത്തരത്തിൽ ഒരുപാട് ധാർമിക പ്രശ്നങ്ങൾ എക്സാലോജിക് കമ്പനിയുടെ ദുരവസ്ഥയിൽ കാണാനുണ്ട്. അതൊന്നും മുൻ മുഖ്യമന്ത്രിയോ അദ്ദേഹത്തിന്റെ പാർട്ടിയോ പരിഗണിക്കുന്നില്ല എന്നതു സങ്കടകരമാണ്. അതേപ്പറ്റിയാണ് പാർട്ടിയും നേതാക്കളും വേവലാതിപ്പെടേണ്ടത്. സ്വയം തൊഴിൽ കണ്ടെത്താ

നുള്ള യുവജനങ്ങളുടെ-- പ്രത്യേകിച്ച് സ്ത്രീകളുടെ-- ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും പാടിപ്പുകഴ്ത്തുകയും ചെയ്യേണ്ട നേരത്തു ഉള്ള കമ്പനിയും പൂട്ടുന്ന സ്ഥിതി എങ്ങനെയുണ്ടായി? മുഖ്യമന്ത്രിയുടെ മകൾക്കു പോലും ഇങ്ങനെ സംഭവിച്ചിട്ടും എന്തുകൊണ്ട് രാഷ്ട്രീയ പാർടികളും പൊതുസമൂഹവും അതൊന്നും കണ്ടില്ലെന്നു നടിക്കുന്നു?

അങ്ങനെ ചോദ്യങ്ങൾ നിരവധിയാണ്. എക്സാലോജിക് കമ്പനി ഒരു ഒറ്റയാൾ കസ്റ്റമറുമായി തുടങ്ങുകയും ഒടുങ്ങുകയും ചെയ്ത സ്ഥപനമാണ് എന്ന കാര്യത്തിൽ സംശയമില്ല. അതിൽ പ്രത്യേകിച്ച് എന്തെങ്കിലും പ്രശ്നവുമില്ല. കാരണം കസ്റ്റമർമാർ കൂടുതൽ വരണമെങ്കിൽ സമയം പിടിക്കും. അതിനാൽ കമ്പനിയുടെ ആദ്യത്തെയും അവസാനത്തെയും കസ്റ്റമർ സി.എം.ആർ.എൽ കമ്പനിയും അതിന്റെ ഉടമ ശശിധരൻ കർത്തായുമാണെങ്കിൽ അതിലും എന്തെങ്കിലും കരിനിഴൽ കാണേണ്ടതില്ല. പക്ഷേ എന്ത് സേവനമാണ് കമ്പനി നൽകിയത് എന്ന കാര്യം പ്രധാനമാണ്. കാരണം ഏതു കമ്പനിയും

മടിയിൽ കനമില്ലാത്തവനു വഴിയിൽ പേടി വേണ്ട എന്നൊരു പ്രയോഗവും ആദ്യകാലങ്ങളിൽ ആവർത്തിച്ചു കേട്ടിരുന്നു. എന്നാൽ അതിപ്പോൾ അങ്ങനെ കേൾക്കാറില്ല. വഴിയിൽ പേടി ഉള്ളതുകൊണ്ടാണല്ലോ അദ്ദേഹം മുഖ്യമന്ത്രിയായി വടക്കുനിന്നും തെക്കോട്ടു ബസ്സിലൊരു ജൈത്രയാത്ര നടത്തിയപ്പോൾ പ്രതിഷേധിച്ച യുവാക്കളെ പോലീസിനെയും സ്വന്തം അംഗരക്ഷകരെയും മാത്രമല്ല, ചില ക്വട്ടേഷൻ ഗാങ്ങുകളെപ്പോലും ഉപയോഗിച്ചു തല്ലിച്ചതച്ചത്. അതിനാൽ മടിയിൽ കനമുണ്ടെങ്കിലും ഇല്ലെങ്കിലും തനിക്കു വഴിയിൽ പേടിയുണ്ട് എന്നദ്ദേഹം തെളിയിച്ചിട്ടുണ്ട്.

വളരണമെങ്കിൽ അതിന്റെ സേവനമികവും കഴിവുകളും പൊതുസമൂഹം അറിയണം. അതിനാണ് കമ്പനികൾ പി.ആർ ഏജൻസികളെ നിയോഗിക്കുന്നതും പരസ്യങ്ങൾ നൽകുന്നതുമൊക്കെ.

എന്നാൽ എക്സാലോജിക്കിന്റെ കാര്യത്തിൽ കമ്പനി നൽകിയ സേവനം സംബന്ധിച്ച ഒരു വിവരവും പൊതുസമൂഹത്തിനു മുന്നിൽ ആരും വെളിപ്പെടുത്തിയിട്ടില്ല. രണ്ടു കമ്പനികൾ തമ്മിലുള്ള ഇടപാടുകളിൽ നാട്ടുകാർക്കെന്തു കാര്യം എന്നാണ് പിണറായി വിജയൻ അതേക്കുറിച്ചു പറഞ്ഞിട്ടുള്ളത്. എന്നാൽ അതൊരു ന്യായീകരണമാണോ? കമ്പനികൾ നൽകുന്ന സേവനങ്ങൾ സർക്കാരും പൊതുസമൂഹവും അറിയേണ്ടതല്ലേ? അതൊക്കെ അറിയാനുള്ള സർക്കാർ സംവിധാനങ്ങളുമുണ്ട്. അതിൽ ഒരു സ്ഥാപനമായ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഏജൻസിയാണ് എക്സാലോജിക്കിന്റെ പ്രവർത്തനങ്ങളുടെയും

അവരുടെ വരുമാനത്തിന്റെയും ലോജിക്കില്ലായ്മ ആദ്യമായി കണ്ടെത്തിയത്. കമ്പനി നൽകിയ സേവനം എന്താണെന്നു വ്യക്തമല്ലെങ്കിലും പ്രതിമാസം എട്ടുലക്ഷം രൂപയിലധികം സി.എം.ആർ.എൽ കമ്പനി എക്സാലോജിക്കിനു നൽകിയതായി കാണുന്നു. അതാണ് അന്വേഷണ പരമ്പരകൾക്കു കാരണമായത്.

നിലവിൽ കേസ് അന്വേഷിക്കുന്ന എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റിനു പുറമെ ഭാവിയിൽ സി.ബി.ഐയും കേസിൽ ഇടപെടും എന്നുറപ്പാണ്. കാരണം ഇ.ഡി അന്വേഷണത്തിൽ കണ്ടെത്തിയ വിവിധ സംഗതികളിലൊന്ന്, പല അവസരങ്ങളിലായി ഗൾഫിലേക്കു കടത്തിയ ധനത്തിന്റെ വിവരങ്ങളാണ്. അതിൽ പലതും നേരായ വഴിയിലൂടെയല്ല കടത്തിയിരിക്കുന്നതും. ഹവാല ഇടപാട് നിയമവിരുദ്ധമാണ്. ഭീകരവാദത്തിനും മറ്റും പണം സംഭരിക്കുന്നതും ഇതേ വഴിയിലൂടെയാണ്. അത്തരം ഇടപാടുകളിൽ മുഖ്യമന്ത്രിയുടെ കുടുംബവും അറിഞ്ഞോ അറിയാതെയോ ചെന്നുപെട്ടിട്ടുണ്ടെങ്കിൽ അതൊരു ചെറിയ കാര്യമല്ല. അതിനാൽ നിലവിലെ അന്വേഷണം അതിന്റെ പരിസമാപ്തിയിലേക്കു പോവുമ്പോൾ കൂടുതൽ ഗുരുതരമായ ചോദ്യങ്ങൾ മുൻമുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയും അഭിമുഖീകരിക്കേണ്ടി വരും എന്നു തീർച്ചയാണ്.

എന്നാലിപ്പോഴും അത്തരം ഗൗരവമുള്ള വിഷയങ്ങളെ കണ്ടില്ലെന്നു നടിച്ചു കേസിൽ അന്വേഷണം ഒരാഴ്ച നിർത്തിവെക്കാനുള്ള സുപ്രീംകോടതിയുടെ വിധി എന്തോ മഹാവിജയമാണെന്ന പ്രചാരണവുമായാണ് സിപിഐ(എം) രംഗത്തിറങ്ങിയിരിക്കുന്നത്. ഇത്തരം ഒട്ടകപ്പക്ഷി നയങ്ങൾ ഒരിക്കലും ആ പാർട്ടിയെ സംരക്ഷിക്കുകയില്ല. കാരണം കേസിൽ ഗുരുതരമായ പ്രശ്നങ്ങൾ അന്തർഭവിച്ചിട്ടുണ്ട്; പാർട്ടി അവഗണിച്ചാൽ മാത്രം അപ്രത്യക്ഷമാവുന്നതല്ല പ്രസ്തുത പ്രശ്നങ്ങൾ. മുൻകാലത്തും ഇത്തരം വിഷയങ്ങൾ പാർട്ടിയുടെ മുന്നിൽ വന്നിട്ടുണ്ട്.

> **രണ്ടു കമ്പനികൾ തമ്മിലുള്ള ഇടപാടുകളിൽ നാട്ടുകാർക്കെന്തു കാര്യം എന്നാണ് പിണറായി വിജയൻ അതേക്കുറിച്ചു പറഞ്ഞിട്ടുള്ളത്. എന്നാൽ അതൊരു ന്യായീകരണമാണോ? കമ്പനികൾ നൽകുന്ന സേവനങ്ങൾ സർക്കാരും പൊതുസമൂഹവും അറിയേണ്ടതല്ലേ? അതൊക്കെ അറിയാനുള്ള സർക്കാർ സംവിധാനങ്ങളുമുണ്ട്. അതിൽ ഒരു സ്ഥാപനമായ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഏജൻസിയാണ് എക്സാലോജിക്കിന്റെ പ്രവർത്തനങ്ങളുടെയും അവരുടെ വരുമാനത്തിന്റെയും ലോജിക്കില്ലായ്മ ആദ്യമായി കണ്ടെത്തിയത്. കമ്പനി നൽകിയ സേവനം എന്താണെന്നു വ്യക്തമല്ലെങ്കിലും പ്രതിമാസം എട്ടുലക്ഷം രൂപയിലധികം സി.എം.ആർ.എൽ കമ്പനി എക്സാലോജിക്കിനു നൽകിയതായി കാണുന്നു. അതാണ് അന്വേഷണ പരമ്പരകൾക്കു കാരണമായത്. നിലവിൽ കേസ് അന്വേഷിക്കുന്ന എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റിനു പുറമെ ഭാവിയിൽ സി.ബി.ഐയും കേസിൽ ഇടപെടും എന്നുറപ്പാണ്**

ലാവലിൻ കേസിന്റെ കാര്യത്തിൽ അന്നത്തെ പാർട്ടി ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് പറഞ്ഞത് കേസിൽ പ്രതിയാണെങ്കിലും പിണറായി പാർട്ടി പദവിയല്ലാതെ മറ്റൊന്നും വഹിക്കുന്നില്ല എന്നാണ്. അദ്ദേഹം അഴിമതി ചെയ്തതായി പാർട്ടി വിശ്വസിക്കുന്നുമില്ല. അതിനാൽ രാജിയുടെ ആവശ്യവുമില്ല.

അതേ വാദമുഖം ഇന്നും പാർട്ടിക്ക് ഉന്നയിക്കാനാവുമോ? എക്സാലോജിക് കേസിൽ പിണറായിക്കെതിരെ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടു കഴിഞ്ഞു. അതിൽ താല്ക്കാലികമായ ഒരു അവധി മാത്രമാണ് സുപ്രീംകോടതി നൽകിയത്. അതിനാൽ അന്വേഷണം തുടരും; കേസിൽ അദ്ദേഹത്തെ വിജിലൻസ് ചോദ്യം ചെയ്യുക മാത്രമല്ല, ഒരുപക്ഷേ അറസ്റ്റും വേണ്ടിവന്നേക്കും. അതൊക്കെ സാങ്കേതികം എന്നു പറഞ്ഞൊഴിയാൻ സാധ്യമാകുമോ? അങ്ങനെയെങ്കിൽ ഇത്രയും കാലം പാർട്ടി ഉയർത്തിപ്പിടിച്ച അഴിമതിവിരുദ്ധ നിലപാടുകൾ എവിടെക്കൊണ്ടു പോയി ഒളിപ്പിക്കും? നേരത്തെ ഇത്തരം അന്വേഷണങ്ങൾ മന്ത്രിമാർക്കും മറ്റും എതിരെ വന്നപ്പോൾ അവരുടെ രാജി ആവശ്യപ്പെട്ട പാർട്ടിയാണ് സിപിഐ(എം). അതിൽ വിട്ടുവീഴ്ചയില്ലാതെ പോരാടിയ പാർട്ടിയാണ് അവർ. ഇപ്പോൾ പ്രതിപക്ഷ നേതാവും പാർട്ടി പി.ബി അംഗവുമായ വ്യക്തി സാമ്പത്തിക തിരിമറികളുടെ ആരോപണനിഴലിൽ നിൽക്കുമ്പോൾ എങ്ങനെയാണു പാർട്ടിക്ക് അദ്ദേഹത്തെ സംരക്ഷിക്കാനാവുന്നത്? സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്ന പാർട്ടിയല്ലല്ലോ സിപിഐ)എം).

അതോ പിണറായി തന്നെ ഒരിക്കൽ പറഞ്ഞതു പോലെ നമുക്കൊന്നും അറിഞ്ഞുകൂടാത്ത ഒരു പാർട്ടിയാണോ ഇത്രയും കാലം നമ്മെ നയിച്ചത്? പിണറായിയുടെ മുന്നിൽ പാർട്ടി കവാത്തു മറക്കുകയാണോ പാർട്ടി? അതോ അദ്ദേഹത്തെ പ്രതിപക്ഷനേതൃ പദവിയിൽ നിന്നും പി.ബിയിൽ നിന്നും ഒഴിവാക്കാനുള്ള ധൈര്യവും ധാർമികമായ കരുത്തും പാർട്ടി പ്രകടിപ്പിക്കുമോ? കാത്തിരുന്നു കാണുക തന്നെ.

ആരോമലുണ്ണിയുടെ അച്യുതമേനോൻ

ഫോട്ടോ: പുനലൂർ രാജൻ
എഴുത്ത്: മാങ്ങാട് രത്നാകരൻ

സി. അച്യുതമേനോന് ഒന്നിലേറെ ജീവചരിത്രങ്ങളുണ്ട്. അതിലൊന്ന്, ജനയുഗം ലേഖകനും അച്യുതമേനോനെ അനുധാവനം ചെയ്ത രാഷ്ട്രീയ വിദ്യാർത്ഥിയുമായ പി.ആരോമലുണ്ണി രചിച്ച സി. അച്യുതമേനോൻ എന്നു ലളിതമായി പേരിട്ട ജീവചരിത്രമാണ് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006), മുഖവുരയിൽ ജീവചരിത്രകാരൻ പറയുന്നു, 'കേട്ടുകേൾവിയെ അടിസ്ഥാനമാക്കിയുള്ള ഒരു പരാമർശവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അച്യുതമേനോൻ എഴുതിയ പുസ്തകങ്ങളും ലേഖനങ്ങളും, അദ്ദേഹത്തോട് വളരെയടുത്ത സുഹൃത്തുക്കളും സഖാക്കളും എഴുതിയ കുറിപ്പുകളും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കഴിഞ്ഞകാല ചരിത്രരേഖകളും ഗവൺമെൻറിൻറെ ഔദ്യോഗിക രേഖകളും അദ്ദേഹം എഴുതിയ ചില സ്വകാര്യ കത്തുകളും അടിസ്ഥാനമാക്കിയാണ് ഈ കൃതി തയ്യാറാക്കിയിട്ടുള്ളത്.'

നല്ല കാര്യം. കേരളത്തിലെ കമ്യൂണിസ്റ്റ് നേതാക്കളുടെ ജീവചരിത്രങ്ങൾ പൊതുവേ വസ്തുതകളിൽ ദരിദ്രവും കേട്ടുകേൾവിയിലും വാഴ്ത്തിലും സമൃദ്ധവുമായ പുണ്യാളചരിത്ര (hagiography) ങ്ങളായാണ് അവതരിക്കാറുള്ളത്. ഒരു വ്യക്തിയുടെ ജീവചരിത്രം ചരിത്രകാലവുമായും മറ്റു മനുഷ്യരുമായും ചേർന്നുനിൽക്കുന്ന ഒന്നാണെന്ന സാമാന്യബോധം പോലും പല ജീവചരിത്രങ്ങളിലും മരുന്നിനുപോലും കാണുകയില്ല. അപദാനങ്ങളും കുറ്റങ്ങൾ പറയുന്നിടത്ത് അതിൻറെ ന്യായീകരണവും ഒഴികഴിവുകളും മറ്റുമായി ഇലയ്ക്കും മുള്ളിനും കേടില്ലാത്ത ഒരു തരം ഊതിവീർപ്പിച്ച തൂലികാചിത്രമാണ് ജീവചരിത്രത്തിൻറെ വേഷം കെട്ടിയെത്താറുള്ളത്.

'കുടിലുകളിൽ ,കൂരകളിൽ കണ്മണിപോൽ സൂക്ഷിച്ചൊരു

> **'കുടിലുകളിൽ ,കൂരകളിൽ കണ്മണിപോൽ സൂക്ഷിച്ചൊരു ജനമുന്നണി നേതാവാണച്യുതമേനോൻ എന്ന പൊൻകുന്നം ദാമോദരൻറെ'മുദ്രാവാക്യ കവിത ഉദ്ധരിച്ച് ആരംഭിക്കുന്ന ജീവചരിത്രം, കൊച്ചിൻ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന അച്യുതമേനോന് 'കൊച്ചിൻ സ്റ്റാലിൻ' എന്നൊരു വിളിപ്പേരുണ്ടായിരുന്നതായി സൂചിപ്പിക്കുന്നു. സ്റ്റാലിൻറെ, പിൽക്കാലത്ത് കുപ്രസിദ്ധമായ സ്വഭാവവിശേഷങ്ങളിൽ ഒന്നുപോലും ഉണ്ടായിരുന്നില്ലെങ്കിലും ആ വിളിപ്പേരിനു കാരണം, കരുത്തനായ സ്റ്റാലിനായിരുന്നു അന്നു കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി എന്നതിനാലായിരുന്നു.**

/ജനമുന്നണി നേതാവാ/ ണച്യു തമേനോൻ എന്ന പൊൻകുന്നം ദാമോദരൻറെ'മുദ്രാവാക്യ കവിത ഉദ്ധരിച്ച് ആരംഭിക്കുന്ന ജീവച രിത്രം, കൊച്ചിൻ സ്റ്റേറ്റ് സെക്രട്ട റിയായിരുന്ന അച്യുതമേനോന് 'കൊച്ചിൻ സ്റ്റാലിൻ'എന്നൊരു വിളിപ്പേരുണ്ടായിരുന്നതായി സൂചി പ്പിക്കുന്നു. സ്റ്റാലിൻറെ, പിൽക്കാലത്ത് കുപ്രസിദ്ധമായ സ്വ ഭാവവിശേഷങ്ങളിൽ ഒന്നു പോലും ഉണ്ടായിരുന്നില്ലെങ്കിലും ആ വിളിപ്പേരിനു കാരണം, കരു ത്തനായ സ്റ്റാലിനായിരുന്നു അന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി എന്നതിനാലായിരുന്നു. ആ കാലഘട്ടത്തിൽ അച്യുത മേനോൻ ഒളിവിലായിരുന്നു. ജീവ നോടെയോ അല്ലാതെയോ പിടിച്ചുകൊടുക്കുന്നവർക്ക് അഞ്ഞൂറുരൂപ പ്രതിഫലം പ്ര ഖ്യാപിച്ചിരുന്നു. ഒളിവിലിരുന്ന് തിരു-കൊച്ചി നിയമസഭയിലേക്ക് മത്സരിച്ചു ജയിച്ച് എം.എൽ.എയാ യപ്പോഴാണ് അച്യുതമേനോനെ പോലീസിനു കണികാണാൻ കി ട്ടുന്നത്. അങ്ങനെ 500 രൂപ ഖജനാ വിനു ലാഭമായി എന്ന് ജീവചരിത്ര കാരൻ എഴുതുന്നു.

അച്യുതമേനോൻ ഒരു താണ ഇടത്തരം നായർ കുടുംബത്തിലെ അംഗമാണെങ്കിലും, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃ സ്ഥാനത്തിരിക്കുന്നവരെല്ലാം ഫ്യൂ ഡൽ കുടുംബത്തിൽ നിന്നും വന്ന വരാണെന്ന ധാരണ പരത്താൻ ദേശീയ-വിദേശ പ്രചാരണങ്ങളു ണ്ടായിരുന്നു. അച്യുതമേ നോൻറെ കൂടുംബം പട്ടിണികൂടാ തെ കഴിഞ്ഞുപോന്ന ഒന്നായിരു ന്നുവെങ്കിലും ദാരിദ്ര്യത്തിൻറെ പല ദുഃഖങ്ങളും അനുഭവിക്കേണ്ടിവ ന്നിരുന്നുവെന്ന് ജീവചരിത്രകാരൻ എഴുതുന്നു.

ബാല്യകാലസ്മരണകളിൽ അച്യുതമേനോൻ എഴുതിയ അനു ഭവങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ്

വസ്തുതാവിരുദ്ധമായ പ്രചാരണ ങ്ങളെ ആരോമലുണ്ണി ഖണ്ഡിക്കു ന്നത്.

അച്യുതമേനോനെ കമ്മ്യൂണി സ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെടു ത്തുന്നത്, സഹപ്രവർത്തകർ ''കീ രൻ'എന്നു വിളിച്ചിരുന്ന, കെ.കെ. വാരിയരാണ്.

''ആലങ്കാരികമായി പറഞ്ഞാൽ താഴ്ന്ന സാഗരത്തിൽ നിന്നും കെ.കെ. വാരിയർ മുങ്ങിത്തപ്പിയെ ടുത്ത വലംപിരി ശംഖാണ് അച്യു തമേനോൻ. സാമൂഹിക പരിഷ്കർ

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃസ്ഥാനത്തിരി ക്കുന്നവരെല്ലാം ഫ്യൂഡൽ കുടും ബത്തിൽ നിന്നും വന്നവരാണെന്ന ധാരണ പരത്താൻ ദേശീയ – വിദേ ശപ്രചാരണങ്ങളുണ്ടായിരുന്നു. അച്യുതമേനോൻറെ കുടുംബം പട്ടിണികൂടാതെ കഴിഞ്ഞുപോന്ന ഒന്നായിരുന്നുവെങ്കിലും ദാരിദ്ര്യ ത്തിൻറെ പല ദുഃഖങ്ങളും അനു ഭവിക്കേണ്ടിവന്നിരുന്നുവെന്ന് ജീവചരിത്രകാരൻ എഴുതുന്നു.

ത്താവായ വി.ടി.ഭട്ടതിരിപ്പാടിനെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വക്താവാക്കിയതും ഇ.എം.എസ് നമ്പൂതിരിപ്പാടിനെ കമ്മ്യൂണിസ്റ്റ് പ ാർട്ടിയുമായി അടുപ്പിക്കുന്നതും കീ രനാണ്', ആരോമലുണ്ണി വേരുകൾ ചികയുന്നു.

അച്യുതമേനോൻ ജയിലിൽ വച്ച് എച്ച്.ജി. വെൽസിൻറെ ലോ കചരിത്ര സംഗ്രഹം വിവർത്തനം ചെയ്തതിനെക്കുറിച്ചും പിന്നീട് സോവിയറ്റ് നാട് എന്ന ഗ്രന്ഥമെ ഴുതിയതിനെക്കുറിച്ചും ജീവചരി ത്രകാരൻ എഴുതുന്നു. സോവിയറ്റ് നാടിനുള്ള അവതാരികയിൽ പനമ്പിള്ളി ഗോവിന്ദമേനോൻ എഴുതിയ അവതാരികയിലെ ഫലി തസമൃദ്ധമായ ഒരഭിപ്രായം കൗ തുകകരമായിത്തോന്നുന്നതിനാൽ ഇവിടെ ഉദ്ധരിക്കട്ടെ.

'അച്യുതമേനോൻറെ മൂന്നാ മത്തെ ജയിൽവാസക്കാലത്ത് അദ്ദേഹം എഴുതിയതാണ് മല യാളികൾക്ക് ഇപ്പോൾ പരിചി തമായിക്കഴിഞ്ഞ ലോകചരിത്ര സംഗ്രഹം.രണ്ടാമത്തെ ജയിൽ വാസക്കാലത്ത് സോവിയറ്റ് നാട് എഴുതി. ഇദ്ദേഹത്തിൻറെ ഓരോ ബന്ധനവും മലയാളഭാഷയെ

സംബന്ധിച്ചിടത്തോളം ഒരനുഗ്രഹ മാണെന്നു പറയാൻ തോന്നിപ്പോ കുന്നു.'

അടിയന്തരാവസ്ഥയെക്കുറിച്ച് ഇന്നത്തെ ന്യായീകരണ തില കങ്ങളുടെ ഭാഷയിലല്ലെങ്കിലും, മുമ്പു സൂചിപ്പിച്ചതുപോലെ, അവിടെയുമിവിടെയും തൊടാതെ ഒഴിഞ്ഞുപോവുകയാണ് ജീവച രിത്രകാരൻ. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനോട് അച്യുതമേ നോന് എതിരഭിപ്രായമായിരുന്നു. അന്ന് മുഖ്യമന്ത്രിപദം ഒഴിയണ മെന്നു കരുതി പാർട്ടിയെ വിവരം ധരിപ്പിച്ചിരുന്നു. അതിനിടയിലാണ്

അടിയന്തരാവസ്ഥയെക്കുറിച്ച് ഇന്നത്തെ ന്യായീകരണ തിലക ങ്ങളുടെ ഭാഷയിലല്ലെങ്കിലും, മുമ്പു സൂചിപ്പിച്ചതുപോലെ, അവിടെയുമിവിടെയും തൊടാതെ ഒഴിഞ്ഞുപോവുകയാണ് ജീവചരി ത്രകാരൻ. അടിയന്തരാവസ്ഥ പ്ര ഖ്യാപിച്ചതിനോട് അച്യുതമേനോന് എതിരഭിപ്രായമായിരുന്നു. അന്ന് മുഖ്യമന്ത്രിപദം ഒഴിയണമെന്നു കരുതി പാർട്ടിയെ വിവരം ധരി പ്പിച്ചിരുന്നു. അതിനിടയിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രനേതൃ ത്വം അടിയന്തരാവസ്ഥയെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് തീരുമാനം എടുത്തത്. അച്യു തമേനോൻറെ വ്യക്തിഗതമായ രാജിതീരുമാനം മാറ്റിവയ്ക്കാനിട യായത് അങ്ങനെയാണ്.



കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രനേതൃ ത്വം അടിയന്തരാവസ്ഥയെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് തീരുമാനം എടുത്തത്. അച്യുത മേനോൻറെ വ്യക്തിഗതമായ രാജി തീരുമാനം മാറ്റിവയ്ക്കാനിടയായ ത് അങ്ങനെയാണ്.

അടിയന്തരാവസ്ഥ വന്നതോടെ ഭരണം യഥാർത്ഥത്തിൽ കരുണാ കരൻറെ കൈയിലായതു കൊണ്ടു രാജൻ സംഭവമൊന്നും താനന്ന് അറിഞ്ഞില്ലെന്നാണ് അന്ന് മുഖ്യമ ന്ത്രിയായിരുന്ന അച്യുതമേനോ ൻ പറയുന്നത്. പോലീസ് ഉദ്യോഗ സ്ഥർ രാജൻ ജീവിച്ചിരിപ്പുണ്ടെന്ന് തന്നെ തെറ്റിദ്ധരിപ്പിച്ചുവെന്ന് കെ. കരുണാകരനും കൈകഴുകിയിട്ടു ണ്ട്.

ജീവചരിത്രത്തിൻറെ അവതാ രികയിൽ പി.കെ. വാസുദേവൻ നായർ അച്യുതമേനോൻറെ ജീവിതസായാഹ്നത്തിലെ ചിന്താ ധാരയെക്കുറിച്ച് ഉയർന്നുവന്ന വിവാദങ്ങൾ പരാമർശിക്കുന്നുണ്ട്. 'അദ്ദേഹത്തെ സ്വന്തം പാർട്ടിയിൽ നിന്നും രാഷ്ട്രീയത്തിൽ നിന്നും അടർത്തിയെടുക്കാൻ ചിലർ ബോ ധപൂർവമായി ശ്രമിക്കുന്ന പശ്ചാ ത്തലത്തിലാണ് ഈ വസ്തുത ചൂണ്ടിക്കാണിക്കണമെന്ന് എനിക്ക് തോന്നിയത്.

കമ്മ്യൂണിസത്തെ തള്ളിപ്പറഞ്ഞ ഒരു ഗാന്ധിയനായിരുന്നു അച്യുത മേനോൻ എന്നു സ്ഥാപി ച്ചെടുക്കാൻ ചിലർ പാടുപെടുക യുണ്ടായി. ആദ്യാവസാനം ഒരു കമ്മ്യൂണിസ്റ്റുകാരനായിരിക്കു മ്പോൾത്തന്നെ ഇന്ത്യയിൽ സോ ഷ്യലിസം കെട്ടിപ്പടുക്കുകയെന്ന പ്രശ്നത്തിൻറെ നാനാവശങ്ങളെ പറ്റി അദ്ദേഹം വിമർശന – സ്വയം വിമർശനപരമായി ചിന്തിച്ചിരുന്നു. അത്തരം ചിന്ത ഒരു മഹാപാപ മായി കമ്മ്യൂണിസ്റ്റ് പാർട്ടി കണ ക്കാക്കുന്നില്ല. പാർട്ടിക്കുള്ളിൽ സ്വതന്ത്രമായ ചർച്ചയും ആശയ സംഘട്ടനവും സ്വാഗതം ചെയ്യപ്പെ ട്ടുവെന്നതാണ് യാഥാർത്ഥ്യം.'

പുസ്തകം / നവംബറിലെ വായന (2026)

എറ്റ്ന എന്ന നായയുടെ ആത്മഭാഷണമാണ് പോൾ യൂണിന്റെ ഈ പുതിയ നോവൽ. നായയുടെ ജീവിതത്തേക്കാൾ മോശമായ മനുഷ്യജീവിതത്തെ അത് വെളിപ്പെടുത്തുന്നു

എറ്റ്ന (നോവൽ)
പോൾ യൂൺ

അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ

എസ് സുന്ദർദാസ്

ചരിത്രാതീതകാലം മുതൽ മനുഷ്യന്റെ സന്തതസഹചാരിയായിട്ടുള്ള ഒരു മൃഗമാണ് നായ. ഇതിഹാസങ്ങളിലും പുരാണങ്ങളിലും മാത്രമല്ല, ആധുനിക കഥകളിലും നായ ശ്രദ്ധേയ കഥാപാത്രമായി പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങൾ ഏറെ. മഹാഭാരതത്തിൽ, മഹാപ്രസ്ഥാനത്തിൽ ധര്മപുത്രരെ പിന്തുടരുന്ന നായയെ ഓർമയില്ലേ? പാശ്ചാത്യ ഇതിഹാസങ്ങളിലാണെങ്കിൽ ഒഡീസിയിൽ ട്രോജൻ യുദ്ധാനന്തരം വേഷ പ്രച്ഛന്നനായി തിരിച്ചെത്തുന്ന ഒഡീസിയസിനെ വര്ഷങ്ങളോളം വീട്ടിൽ കാത്തിരുന്ന അദ്ദേഹത്തിന്റെ വളർത്തുനായ തിരിച്ചറിയുന്നതും താമസിയാതെ മരണപ്പെടുന്നന്നതും ഹൃദയസപ്ര്ശിയായ സന്ദർഭമാ

ണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ രചിക്കപ്പെട്ട കാൾ ഓഫ് ഡിവൈൽഡ് എന്ന ജാക്ക് ലണ്ടന്റെ നോവലിൽ മുഖ്യകഥാ
പാത്രം തന്നെ ഒരു നായയാണ്. പല എജമാനന്മാരെ സേവിച്ച് കൊണ്ട്, പല തരം യാതനകൾ സഹിച്ച് കാലം കഴിച്ച ബക്ക് എന്ന ആ നായ അവസാനം കാട് കയറുന്നു. പുതിയകാലത്തും പുതിയ ലോകത്തും സംഭവിക്കുന്ന മറ്റൊരു ശ്വാന

പുതിയകാലത്തും പുതിയ ലോകത്തും സംഭവിക്കുന്ന മറ്റൊരു ശ്വാനജീവിതമാണ് എറ്റ്ന എന്ന നോവലിൽ ആവിഷ്കൃതമാകുന്നത്. എറ്റ്നയുടെ ആത്മഭാഷണരൂപത്തിലാണ് ഈ നോവൽ രചിച്ചിട്ടുള്ളത്. ഇന്നത്തെ ലോകത്ത് എവിടെയുമാകാം ഈ കഥ (ശ്വാനജീവിതം)നടക്കുന്നത്. യുദ്ധഭീഷണി .

ജീവിതമാണ് എറ്റ്ന എന്ന നോവലിൽ ആവിഷ്കൃതമാകുന്നത്. എറ്റ്നയുടെ ആത്മഭാഷണരൂപത്തിലാണ് ഈ നോവൽ രചിച്ചിട്ടുള്ളത്.

ഇന്നത്തെ ലോകത്ത് എവിടെയുമാകാം ഈ കഥ (ശ്വാനജീവിതം) നടക്കുന്നത്. യുദ്ധഭീഷണി നേരിടാത്ത രാജ്യം ഏതാണ് ഇന്നുള്ളത്? ഒരു യുദ്ധം കഴിഞ്ഞാൽ സമാധാനമല്ല ഉണ്ടാകുന്നത് ; പുതിയ അതിജീവനയുദ്ധമാണ്. ' ജലാശയത്തിനടുത്തതാണ് ഞാൻ ജനിച്ചത് " (I was born near water) എന്ന പറഞ്ഞുകൊണ്ടാണ് എറ്റ്ന തന്റെ ജീവിത കഥ തുടങ്ങുന്നത്.ഏതോ കടൽ തീരദേശത്തെ ഒരു കൃഷിക്കളത്തിലായിരുന്നു അവന്റെ ജനനം. ഒരു സങ്കരയിനം ഷെപ്പേർഡ് ഡോഗ്.

അമ്മയും സഹോദരങ്ങളുമൊത്ത് ഒരു വർഷത്തോളം അവൻ അവിടെ ജീവിച്ചു. ആടുകൾ, പന്നികൾ, വിവിധ ഇനം പക്ഷികൾ എന്നിവയുടെയൊക്കെ സംരക്ഷണമാണ് ഈ ശ്വാനകുടുംബത്തിന്റെ ദൗത്യം. എറ്റ്നയുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞ ബാല്യം.

യുദ്ധഭൂമിയിൽ സ്നിഫർ ഡോഗ് ആയി സേവനം ചെയ്യാൻ ആ സൈനികഉദ്യോഗസ്ഥ എറ്റ്നയെ കൊണ്ടുപോകുന്നു. സൈനിക വാഹനത്തിൽ അവനെ കോണ്ടുപോകുന്ന നേരത്താണ് ആ സൈനികഉദ്യോഗസ്ഥ അവന് എറ്റ്ന എന്ന പേരിടുന്നത്. സിസിലിയിലെ ഒരു അഗ്നിപർവതത്തിന്റെ പേരാണ് എറ്റ്ന എന്ന് ആ സൈനികഉദ്യോഗസ്ഥ അവനോട് പറയുന്നുണ്ട്. ആ അഗ്നിപർവതത്തിൽ ഒരു കാലത്ത് സന്യാസിമാർ ജീവിച്ചിരുന്നുവത്രെ.അ ങ്ങനെയൊരു ജീവിതം തേടി ഒരിക്കൽ പോകണമെന്നും അവർ പറയുന്നു. സൈനികക്യാമ്പിലേക്കുള്ള ആ യാത്രയിൽത്തന്നെ അവൻ ഫുജി എന്ന പട്ടിയെ പരിചയപ്പെടുന്നു.

യാദൃശ്ചികമായാണ് ഒരു ദിവസം സൂജിൻ എന്ന് പേരുള്ള ഒരു സൈനികഉദ്യോഗസ്ഥ അവിടെ എത്തുന്നത്. അവർ എറ്റ്നയുടെ യജമാനനും യജമാനത്തിയുമായി സംസാരിച്ചു. യുദ്ധത്തിന്റെ ഇരമ്പം ആ സംസാരത്തിലുണ്ടായിരുന്നു. യുദ്ധഭൂമിയിൽ സ്നിഫർ ഡോഗ് ആയി സേവനം ചെയ്യാൻ ആ സൈനികഉദ്യോഗസ്ഥ എറ്റ്നയെ കൊണ്ടുപോകുന്നു. സൈനിക വാഹനത്തിൽ അവനെ കോണ്ടുപോകുന്ന നേരത്താണ് ആ സൈനിക ഉദ്യോഗസ്ഥ അവന് എറ്റ്ന എന്ന പേരിടുന്നത്. സിസിലിയിലെ ഒരു അഗ്നിപർവതത്തിന്റെ പേരാണ് എറ്റ്ന എന്ന് ആ സൈനികഉദ്യോഗസ്ഥ അവനോട് പറയുന്നുണ്ട്. ആ അഗ്നിപർവതത്തിൽ ഒരു കാലത്ത് സന്യാസിമാർ ജീവിച്ചിരുന്നുവത്രെ.അ ങ്ങനെയൊരു ജീവിതം തേടി ഒരിക്കൽ പോകണ

മെന്നും അവർ പറയുന്നു. സൈനികക്യാമ്പിലേക്കുള്ള ആ യാത്രയിൽത്തന്നെ അവൻ ഫുജി എന്ന പട്ടിയെ പരിചയപ്പെടുന്നു.

പുതിയ കൂട്ടുകാരും പുതിയ യജമാനൻമാരും പുതിയ ദൗത്യങ്ങളുമായി എറ്റ്നയുടെ സായി നിക ജീവിതം തുടങ്ങുന്നു, തുടരുന്നു. നാലുവർഷത്തോളം സംഭവബഹുലമായിരുന്നു അവന്റെ യുദ്ധകാല ജീവിതം.

ശത്രുക്കൾ നിക്ഷേപിച്ച മൈനുകൾ മണത്തറിയാൻ അവൻ പ്രാവീണ്യം നേടി. സൈനിക ഔട്പോസ്റ്റുകൾക്ക് കാവൽ നിൽക്കാനും വേണ്ടിവന്നാൽ ശത്രു സൈനികരെ ആക്രമിക്കാൻ പോലും അവൻ സജ്ജനായി. അപ്പോഴൊക്കെയും കൃഷിക്കളത്തിൽ അമ്മയും സഹോദരങ്ങളുമൊത്തുജീവിച്ച കാലം ഗൃഹാതുരത്വം നിറഞ്ഞ ഓർമയായി അവനിൽ തുടർന്നു.

യുദ്ധം അവസാനിച്ചപ്പോൾ നേട്ടങ്ങളല്ല, നഷ്ടങ്ങൾ മാത്രം. കൂട്ടുകാരിലും യജമാനന്മാരിലും പലരും മരണപ്പെട്ടു. പുതിയ ദൗത്യങ്ങളൊന്നുമില്ലാതെ യുദ്ധഭൂമിയിൽ അവൻ അലഞ്ഞു. ഒരു രാത്രിയിൽ പെട്ടെന്ന് അവൻ 'വീടി'നെ കുറിച്ച് ഓർത്തു.

അഭയമായി, ആശ്വാസമായി അങ്ങനെ ഒരിടം തനിക്കുണ്ടല്ലോ എന്ന അവൻ ആശ്വസിച്ചു. അങ്ങനെ അവൻ ആ മടക്കയാത്ര ആരംഭിച്ചു. യുദ്ധം തകർത്ത വിശാലഭൂപ്രദേശത്തിലൂടെ യായിരുന്നു ആ മടക്കയാത്ര. യുദ്ധം അവസാനിച്ചാലും ദുരിതങ്ങൾ അവസാനിക്കുന്നില്ലെന്ന് ആയാത്രയിലുടനീളം അവൻ കണ്ടു. യുദ്ധം തീർന്നാൽ എല്ലാം തീരുന്നില്ല ; പിന്നീട് അതി ജീവനയുദ്ധത്തിന്റെ കാലമാണ്. ഇന്നത്തെ ലോകത്തെ കുറിച്ചുള്ള ഒരു വലിയ അറിവാണത്.

ഹൃദയഭേദകമായ ഒരു യാത്രാനുഭവമായിരുന്നു അത്. സ്നേഹത്തിന്റെ ഭാഷ ഏറ്റവും നന്നായി അറിയുകയും പ്രയോഗിക്കുകയും ചെയ്യുന്ന ജീവിയാണല്ലോ നായ.

അമ്മയുടെ ചൂടും ചൂരും പിടിച്ച്, സഹോദരങ്ങളുടെയും ആ കൃഷിക്കളത്തിലെ മറ്റു ജീവജാലങ്ങളുടെയും പഴയ യജമാനന്റെയും ഓർമകളുടെ ഗന്ധം പിടിച്ച് എറ്റ്ന ആ കൃഷിക്കാലത്തിൽ എത്തുക തന്നെ ചെയ്യുന്നു. എന്നാൽ യുദ്ധം ആ സ്ഥലം ആകെ മായ്ച്ചുകളഞ്ഞിരിക്കുന്നു!



യുദ്ധം അവസാനിച്ചപ്പോൾ നേട്ടങ്ങളല്ല, നഷ്ടങ്ങൾ മാത്രം. കൂട്ടുകാരിലും യജമാനന്മാരിലും പലരും മരണപ്പെട്ടു. പുതിയ ദൗത്യങ്ങളൊന്നുമില്ലാതെ യുദ്ധഭൂമിയിൽ അവൻ അലഞ്ഞു. ഒരു രാത്രിയിൽ പെട്ടെന്ന് അവൻ 'വീടി'നെ കുറിച്ച് ഓർത്തു. അഭയമായി, ആശ്വാസമായി അങ്ങനെ ഒരിടം തനിക്കുണ്ടല്ലോ എന്ന അവൻ ആശ്വസിച്ചു. അങ്ങനെ അവൻ ആ മടക്കയാത്ര ആരംഭിച്ചു. യുദ്ധം തകർത്ത വിശാലഭൂപ്രദേശത്തിലൂടെ യായിരുന്നു ആ മടക്കയാത്ര. യുദ്ധം അവസാനിച്ചാലും ദുരിതങ്ങൾ അവസാനിക്കുന്നില്ലെന്ന് ആയാത്രയിലുടനീളം അവൻ കണ്ടു. യുദ്ധം തീർന്നാൽ എല്ലാം തീരുന്നില്ല ; പിന്നീട് അതിജീവനയുദ്ധത്തിന്റെ കാലമാണ്. ഇന്നത്തെ ലോകത്തെ കുറിച്ചുള്ള ഒരു വലിയ അറിവാണത്.

എറ്റ്നയുടെ വാക്കുകളിലൂടെയാണ് പോൾ യൂൺ ഈ കഥ പറയുന്നത്. അതുകൊണ്ടുതന്നെ അത് സ്നേഹത്തിന്റെയും വിശ്വസ്ഥതയുടെയും ഭാഷയാകുന്നു. പഞ്ചതന്ത്രകഥകളിലൊക്കെ മൃഗങ്ങളുടെ നേരിട്ടുള്ള ആഖ്യാനരൂപത്തിലുള്ള കഥകൾ നാം കേട്ടിട്ടുണ്ട് ; വായിച്ചിട്ടുണ്ട്. ഇവിടെ എറ്റ്ന നിർവഹിക്കുന്നത് പുതിയ കാലത്തിലെ ജീവിതവിപര്യങ്ങളുടെ ആഖ്യാനമാകുന്നു. ഒരു നായയെപ്പോലെ ജീവിക്കുക (living a dog's life) എന്ന നാം പലപ്പോഴും പറയാറുണ്ട്. എന്നാൽ അതിനേക്കാൾ മോശപ്പെട്ട ഒരു ജീവിതമാണോ നാം ജീവിക്കുന്നത്?

വർത്തമാനകാല ജീവിത ശൈഥില്യങ്ങളെ ഏകാഗ്രയായ ഒരു വായനയുടെ വിഷയമാക്കിമാറ്റുക എന്നത് എളുപ്പമല്ല. അതും ഒരു നായയുടെ ബോധധാരയിലൂടെ. ആ ദുഷ്കരദൗത്യമാണ് പോൾ യൂൺ അനായാസതയോടെ നിർവഹിച്ചിരിക്കുന്നത് യുദ്ധത്തെപ്പോലെ, യുദ്ധാനന്തരകാലവും യാതനാപൂർണമാണെന്ന് ഈ നോവൽ കാണിച്ചുതരുന്നു. പഴയ കാലത്തേക്കുള്ള ഒരു മടക്കയാത്ര സാധ്യവുമല്ല. പഴയ 'വീട്' ഓർമമാത്രം. ഒരുപക്ഷെ, തിരിച്ചെത്തലല്ല, മടക്ക യാത്രാമാത്രമാണ് സത്യം. പോൾ യൂണിന്റെ ഈ നോവൽ പുറത്തിറങ്ങിയ കാലത്തുതന്നെയാണ് ക്രിസ്റ്റഫർ നോളന്റെ ഒഡിസ്സി സിനിമയും പുറത്തിറങ്ങിയത്. തികച്ചും യാദൃശ്ചികമായിരുന്നു അതെങ്കിലും എറ്റ്നയുടെ യുദ്ധാനന്തരമുള്ള മടക്കയാത്രയെ ഒഡിസ്സിക്ക് സമാന്തരമായി വായിച്ചുപോകാം എന്നത് കൗതുകകരമാണ്.

ചെറുകഥ

ഷജിബുദീൻ ബി

വര:
പി ആർ രാജൻ

മലമുകളിലെ വേശ്യ

ഇടതൂർന്നും പരസ്പരം പുണർന്നും നിൽക്കുന്ന വൻമരങ്ങൾ. അവയ്ക്കിടയിൽ മാതാപിതാക്കൾക്കടുത്ത് മക്കളെന്ന പോലെ കുഞ്ഞു ദേവദാരുക്കൾ. ശീലാന്തിയും പുന്നയും പൊന്നശോകവും തുടങ്ങി മറ്റനേകം വൃക്ഷങ്ങൾ. ആരാലും പരിപാലിക്കാതെ സ്വയം വടവൃക്ഷമായി വളർന്നു പന്തലിച്ചവ.സ്വർണമുകിൽ ചോലമരങ്ങൾക്കിടയിലൂടെ ചോർന്നൊലിച്ചുകൊണ്ടിരുന്നു.

പച്ചിലകൾക്കിടയിലൂടെ മനുഷ്യ സഞ്ചാരത്തിന്റെ നേർത്ത കാൽപ്പാടുകൾ പതിഞ്ഞ വഴിത്താര .ആൾ സഞ്ചാരം തീരെ കുറഞ്ഞത് എന്ന് ഇടയ്ക്കിടയ്ക്ക് ഉയർന്നു വരുന്ന പച്ചിലകൾ പറഞ്ഞു.കാവലായി കരിയിലകൾക്കിടയിൽ ചെറു പാമ്പുകൾ. കുളയട്ടകൾ ചിലപ്പോൾ ശരീരത്തിൽ പറ്റി കൂടെ വന്നേക്കും. അമൽ ചുവടുകൾ ശ്രദ്ധിച്ചു വച്ചു കൊണ്ടിരുന്നു.ഊദിന്റെ സുഗന്ധം വന്ന് അവനെ ആലിംഗനം ചെയ്ത് സ്വീകരിച്ചു. കാവലായി കരിയിലകൾക്കിടയിൽ ചെറു പാമ്പുകൾ . കരിയിലയുടെ നിറമുള്ളവ.അതു കൊണ്ടു തന്നെ കാഴ്ച തെറ്റി ചവിട്ടു വീണേക്കും.

സായ്പ് വന്നു താമസിച്ച മല. രണ്ട് മലകൾ .ഇടതും വലതുമായി സ്ഥിതി ചെയ്തതിനാൽ ഇടംകുത്തി മലയെന്നും വലംകുത്തി മലയെന്നും അവ വിളിക്കപ്പെട്ടു. ഔഷധങ്ങളുടെ കലവറയായിരുന്നു രണ്ടു മലകളും. നീലക്കുറിഞ്ഞിയും നീലയമരിയും തുടങ്ങി താഴ്‌വാരത്തിലെ ജനങ്ങളുടെ അസുഖങ്ങൾക്കുള്ള പ്രതിവിധികൾ ഈ മലകളിൽ അധിവസിക്കുന്നു. ഗിരിജയുടെ മൂന്നു പെൺകുട്ടികളുടെയും ത്വക്ക് രോഗം മുതൽ ജോയിക്കുട്ടന്റെ ആന്ത്രമുടക്കു വരെയുമുള്ള അസുഖങ്ങൾക്ക് മരുന്ന് തേടി ദാമു വൈദ്യർ ഇടയ്ക്കിടയ്ക്ക് മലയിലേയ്ക്ക് പ്രവേശിക്കാറുണ്ട്. മരുന്നെടുക്കേണ്ട കാലം നോക്കി അദ്ദേഹം മലകയറും, സഹായികളില്ലാതെ. താഴെ അങ്ങാടിയിൽ അലഞ്ഞു നടന്ന കരിമ്പൻ പട്ടിയുടെ കടിയേറ്റ് തുടങ്ങിയ നളിനന്റെ പേയ്ക്കുള്ള മരുന്ന് കണ്ടെടുത്തതും മലയിൽ നിന്നുമായിരുന്നു. ഇടവപ്പാതി കനക്കുമ്പോൾ ഇടംകുത്തിമല മഴവില്ലിന്റെ സാരിത്തുമ്പ് എടുത്ത് ചുമലിലേയ്ക്കിടും. അസ്തമയ കാലങ്ങളിൽ വലംകുത്തി മല റോസ് നിറമുള്ള നേര്യതു ചുറ്റും. അങ്ങനെ അവ നീലമലയെന്നും റോസ് മലയെന്നും കൂടി അറിയപ്പെട്ടു .

ലൂയിസായിപ്പിന്റെ കാലശേഷം മലകളിൽ മരങ്ങൾ വർദ്ധിച്ച് വനനിബിഡമായി.

ഇടതു വശത്തെ മല അൽപം ചെറുതാണ്. ഇരു മലകളും പേരു കേട്ട മല ആയതു കൊണ്ട് പേരുമല എന്നും അറിയപ്പെട്ടു. താഴ് വാരത്തിൽ നിന്നും നോക്കിയാൽ ഒരു യുവതിയുടെ മലർശയനം പോലെ തോന്നാറുണ്ട്.

താഴ് വാരത്തെ വീടുകളിൽ നിന്നും പിണങ്ങിപ്പോയവർ ഈ കാട്ടിലെ പല ചോലകളിലും അഭയം പ്രാപിച്ചു. വഴിത്താരകളിൽ കാറ്റ് മരങ്ങൾ ഒടിച്ചിട്ട് ഇരിപ്പിടങ്ങൾ നിരത്തിയിട്ടുണ്ട്. ഇരു മലകളിൽ നിന്നുമായി ഓരോ നീരൊഴുക്ക് താഴേയ്ക്ക് ചാലിട്ട് മലയിടുക്കിൽ വച്ച് ഒന്നു ചേർന്ന് ഒരു പുഴയായി ഒഴുകുന്നു. രാവിൽ ചാന്ദ്രശോഭ കൊങ്കയിൽ നിന്നുമൊഴുകുന്ന ക്ഷീര പഥം പോലെ അവിടേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നു.

നടന്നു തളർന്ന അമൽ ചെറിയ പാറക്കെട്ടുകൾ കടന്നു വരുന്ന നീരൊഴുക്കിൽ നിന്നും ദാഹമകറ്റി.കൗമാര കഥകളിലെ അത്ഭുത കഥാപാത്രമായിരുന്നു ഒറ്റമുലച്ചി. അവളുടെ നേർപ്പേര് ഇന്നാർക്കുമറിയില്ല. വിമലയെന്ന് ആരൊക്കെയോ പറഞ്ഞു നടന്നു.അനേകം കഥകൾ അവൾ ഒറ്റയ്ക്ക് പേറിയിരുന്നു.മലയിലെ ഇന്നത്തെ ഏക അന്തേവാസി.

മലയിലേയ്ക്കുള്ള ആണൊഴുക്ക് തടയാൻ നാട്ടിലെ പെണ്ണുങ്ങൾ അവൾ ഒറ്റമുലച്ചിയാണെന്ന കഥയൊരുക്കി.കഥയെ കാറ്റെടുത്ത് നാട്ടിലൊഴുക്കി. അവളെ ആ രൂപത്തിൽ സങ്കൽപ്പിച്ച പുരുഷൻമാർ കുറേപ്പേർ അടങ്ങിപ്പാർത്തു. പക്ഷേ അത് സത്യ കഥയല്ലെന്ന് അവളെ കണ്ടു മടങ്ങിയവർ വെളിപ്പെടുത്തി.

'ഞാൻ പോയിരുന്നെടാ... അതൊന്നും പറഞ്ഞൂടെടാ. പുഴയുടെ കുളിര് കുളിച്ചു തന്നെ അറിയണം.'

സുലൈമാന്റെ വാക്കുകൾ അമലിന് ഓർമ വന്നു. അമ്മൂമ്മ മരിക്കും വരെയും മലയുടെ കഥ ഇടയ്ക്കിടയ്ക്ക് പറയുമായിരുന്നു.ഒരു ഇടിഞ്ഞു പൊളിഞ്ഞ കരിങ്കൽ കെട്ടിടമുണ്ടുപോൽ. ലൂയിസായിപ്പ് നിർമ്മിച്ച കെട്ടിടം.താഴ് വാരത്തിൽ നിന്നും തൊഴിലാളികൾ തലച്ചുമടായിട്ടായിരുന്നു അന്ന് കല്ല് ചുമന്നു കയറ്റിയത്. അനേകം പണിക്കാരും മറ്റുമായി അയാൾ അവിടെ താമസിച്ചു. ദൊരമരിച്ചപ്പോൾ പുറം പണിക്കാരൻ സുധാകരൻ കൈയ്യൂക്കിന്റെ ബലത്തിൽ കെട്ടിടത്തിൽ കയറി വാസമുറപ്പിച്ചു. അവകാശികളിൽ കൈയ്യൂക്കുള്ളവർ ഇല്ലാതെ വന്നനാൾ പിൻതുടർച്ചാവകാശം പുറംപണിക്കാരനായി വന്ന കരിം കയ്യേറി. പതിറ്റാണ്ടുകൾക്കു ശേഷം ഒരു കാലവർഷത്തിന്റെ കൊടുകാറ്റിൽ കെട്ടിടത്തിന്റെ ഒരു ഭാഗം ഇടിഞ്ഞു തകർന്നു. കരീമും പണിക്കാരിൽ ചിലരും കല്ലിനടിയിലായി. മിച്ചം വന്ന രണ്ടുമൂന്നു പേർ മലയിറങ്ങി താഴ്‌വാരത്തിലേയ്ക്ക് തിരിച്ചു പോയി. പിന്നീടാരും ആ മലകയറി വന്നില്ല. കരിങ്കൽ കെട്ടിടത്തെ കാലം വള്ളിച്ചെടികൾ കൊണ്ടു മൂടി ചരിത്രത്തിലേക്ക് മുതൽക്കൂട്ടി. അമ്മൂമ്മയോടൊപ്പം നാട്ടിലെ കഥക്കാരികൾ പറഞ്ഞു പതിഞ്ഞ കഥകൾ അമലിന്റെ ഓർമകളുടെ കാടിറങ്ങി വന്നു.

പിന്നെയാണ് ഒറ്റമുലച്ചി കാടുകേറിപ്പോയത് .

മരുന്നെടുക്കേണ്ട കാലം നോക്കി വൈദ്യർ മലകയറും, സഹായികളില്ലാതെ. താഴെ അങ്ങാടിയിൽ അലഞ്ഞു നടന്ന കരിമ്പൻ പട്ടിയുടെ കടിയേറ്റ് തുടങ്ങിയ നളിനന്റെ പേയ്ക്കുള്ള മരുന്ന് കണ്ടെടുത്തതും മലയിൽ നിന്നുമായിരുന്നു. ഇടവപ്പാതി കനക്കുമ്പോൾ ഇടംകുത്തിമല മഴവില്ലിന്റെ സാരിത്തുമ്പ് എടുത്ത് ചുമലിലേയ്ക്കിടും. അസ്തമയ കാലങ്ങളിൽ വലംകുത്തി മല റോസ് നിറമുള്ള നേര്യതു ചുറ്റും. അങ്ങനെ അവ നീലമലയെന്നും റോസ് മലയെന്നും കൂടി അറിയപ്പെട്ടു .

'തേവിടിച്ചി. നാട്ടിൽ നിന്നും ആട്ടിപ്പായിച്ചതാ. ജനങ്ങൾ കൂകി മല കയറ്റി.'

ലളിതാമ്മ അതു പറഞ്ഞ് വായിലെ മുറുക്കാൻ പുറത്തേയ്ക്ക് നീട്ടിത്തുപ്പി. ചോര കൊണ്ടുള്ള ഒരു വര പോലെ തുപ്പൽ മുറ്റത്തു കിടന്നു. താഴ് വാരത്തിലെ പുരുഷൻമാരിൽ വിമലയുടെ കൊങ്കയിൽ നിന്നും ദാഹമകറ്റാത്തവരില്ലായിരുന്നു. അവളോടെത്തിച്ചേരാത്തവർ താനും ഇനി പിറക്കാനുള്ള ആൺകുട്ടികളും മാത്രമേയുള്ളൂവെന്ന്

താഴ് വാരത്തിലെ ആൺ വർഗ്ഗത്തിന്റെ രഹസ്യ വർത്തമാനങ്ങളിൽ നിന്നും അമൽ മനസ്സിലാക്കിയിരുന്നു.

'ടേയ്, വാവച്ചൻ മുതലുള്ള വാവമാരെല്ലാം റോസ് മല കയറിയവരാണ്.'

മൈതാനത്തിലെ കളിക്കിടയിലെ വിശ്രമത്തിൽ യുവാക്കൻമാരുടെ സംസാരവിഷയമായിരുന്നു അവൾ. നാൽക്കവലയിൽ ദാമൂന്റെ ചായപ്പീഠികയിൽ വൃദ്ധൻമാരുടെ രഹസ്യവിഷയവും വിമലയായിരുന്നു.ഞരമ്പുകളിലൂടെ അവളുടെ ഒരു പ്രവാഹമുണ്ട് മോനേ. ചാടാത്ത തവളയും ചാടും. സുധാകരന്റെ വാക്കുകൾ കവിളിൽ നിറഞ്ഞ ചായ നീലൻ വിഴുങ്ങിപ്പോകുന്നതിന് കാരണമായി. ഒരു നിമിഷം നീലൻ ശ്വാസം നിലച്ചിരുന്നു.

'ഇപ്പാ മരിക്കോടേയ് നീയ്.'

സുദർശൻ ചോദിച്ചു.

അരവിന്ദൻ ഒരിക്കൽ അമലിനോട് പറഞ്ഞത് അവന് ഓർമ്മ വന്നു. 'പറ്റില്ല മോനെ. ആ കാടിന്റെ പകുതി ദൂരം പിന്നിടാൻ മനുഷ്യനെക്കൊണ്ടാകില്ല. അത്രയേറെ ആഴമാണ് ആ കാടിന്. കയറും തോറും ഇരുൾ ഏറിവരുന്ന ഒരു നിബിഡ വനമാണത്. ആ ഇരുളിന്റെ കനം താങ്ങാൻ നമ്മെക്കൊണ്ടാവില്ല.'

കാറ്റ് മരം ഒടിച്ചുപണിതു വച്ച ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റ് അമൽ മുന്നോട്ടു നടന്നു. കരിയില നിറമുള്ള ഒരു പാമ്പിന്റെ വളഞ്ഞു

അനേകം കഥകൾ അവൾ ഒറ്റയ്ക്ക് പേറിയിരുന്നു. മലയിലെ ഇന്നത്തെ ഏക അന്തേവാസി. മലയിലേയ്ക്കുള്ള ആണൊഴുക്ക് തടയാൻ നാട്ടിലെ പെണ്ണുങ്ങൾ അവൾ ഒറ്റമുലച്ചിയാണെന്ന കഥയൊരുക്കി. കഥയെ കാറ്റെടുത്ത് നാട്ടിലൊഴുക്കി. അവളെ ആ രൂപത്തിൽ സങ്കൽപ്പിച്ച പുരുഷൻമാർ കുറേപ്പേർ അടങ്ങിപ്പാർത്തു. പക്ഷേ അത് സത്യ കഥയല്ലെന്ന് അവളെ കണ്ടു മടങ്ങിയവർ വെളിപ്പെടുത്തി.

പുളഞ്ഞുള്ള കിടത്തം പോലെ നീണ്ട വഴിത്താര. ദൂരം പിന്നിടും തോറും അരവിന്ദ് പറഞ്ഞത് സത്യമാണെന്ന് അമലിന് ബോധ്യമായിക്കൊണ്ടിരുന്നു. പകൽ വെളിച്ചത്തിലും ഇരുളിനെ ആവാഹിക്കാൻ കാടിനു കഴിയും. കൊടുംവേനലിലും മഞ്ഞു കൊണ്ട് പുതയ്ക്കാൻ കാടിനു കഴിയും.

രണ്ടായി പിളർന്നു നിൽക്കുന്ന ഒരു പാറയിടുക്കിന്റെ മുന്നിൽ അമലിന്റെ സഞ്ചാരം നിലച്ചു. അവൻ ചുറ്റിനും നോക്കി.ഇരുവശവും മാനംമുട്ടുന്ന നീളൻ മരങ്ങൾ. ഉത്സവത്തിന് മുത്തണിക്കൂണുകൾ ചേർത്തു നിർത്തിയതു പോലെ. എല്ലാം ഹരിത വർണത്തിൽ.മണ്ണിൽ പതിക്കാൻ ചില്ലകൾക്കിടയിലൂടെ ഒളിച്ചു കടക്കുന്ന സൂര്യപ്രകാശം. സഞ്ചരിച്ചെത്താനാകാത്ത വഴുക്കലായിരുന്നു പാറയിടുക്കിൽ .ആദ്യ ചുവടു തന്നെ വഴുതി. ജലമൊഴുക്കിന്റെ എതിരെ നടന്ന് പാറയിടുക്ക് കടന്നാലെ മുകളിലേയ്ക്ക് എത്താനാകൂ.

'സഞ്ചാരത്തെ സ്നേഹിച്ചാൽ പാതയും സഞ്ചാരിയെ തിരികെ സ്നേഹിക്കും. എങ്കിൽ നിനക്ക് കടക്കാനാകാത്ത പാതയില്ല.' ഇരുപത്തിഏഴു വർഷത്തെ ഭൂവാസത്തിനിടയിൽ എവിടെയോ വായിച്ച വാക്കുകൾ വന്ന് അമലിന്റെ ചുമലിൽ തട്ടി ധൈര്യപ്പെടുത്തി.

നീരൊഴുക്കിന്റെ ഇരുവശങ്ങളിലും ചുവടൂന്നി, ഇരുവശങ്ങളിലും കരമൂന്നി അവൻ മുന്നോട്ടു നടന്നു. ഏകദേശം ഒരു കിലോമീറ്ററിനടുത്ത് നീളമുള്ള വിടവ്. ഇടയ്ക്കിടയ്ക്ക് കയറ്റങ്ങൾ. കയറ്റങ്ങളിൽ ചീളു പോലെ പാറമടക്കുകൾ. ഒരു വഴുതൽ വലിയ അപകടം തന്നെ വരുത്തിയേക്കാം. തളർന്നു പോയേക്കാം.ഓരോ ചുവടിലും വീഴ്ചയെ പ്രതീക്ഷിച്ചു കൊണ്ടു തന്നെ അവൻ മുന്നോട്ട് സഞ്ചരിച്ചു. ഇടയ്ക്ക് മാനമൊന്ന് തുടുത്തു.ചീവിടുകളുടെ ശബ്ദം ഉച്ചത്തിലായി.

ഒരു യുവതിയുടെ ഉയർന്നു വരുന്ന ശ്വാസഗതി പോലെ കാടിന്റെ മുഴക്കം വർദ്ധിച്ചു വന്നു. മലമുകളിൽ നിന്നും താഴേയ്ക്ക് മഴ വരികയാണ്. ആകാശത്തിന് ഭൂമിയോടുള്ള പ്രണയം പോലെ മഴ പെയ്തിറങ്ങി.അമൽ പ്രകൃതി എടുത്ത് ചരിച്ചു വച്ച ഒരു പാറമടക്കിൽ അഭയം പ്രാപിച്ചു.നനവില്ലാത്ത പൂഴിമണൽ വിരിച്ച തറ.അമൽ മണൽത്തറയിലിരുന്നു. ചില്ലകൾക്കിടയിലൂടെ മഴ താഴേയ്ക്ക് പെയ്തു.ഒരു സ്ത്രീയുടെ നേർത്ത തേങ്ങൽ പോലെ മഴ പെയ്തു കൊണ്ടിരുന്നു.തങ്ങളുടെ വീര്യം പരിശോധിക്കാൻ മലകയറിയ നരവംശത്തിലെ ചരിത്ര പുരുഷൻമാരിൽ ചിലരെ അമലിന് ഓർമ്മ വന്നു.അമരനാകാൻ ചെയ്ത യുദ്ധത്തിൽ തന്നെ മരിച്ചു പോയ മുപ്പത്തിമൂന്നു വയസുകാരൻ തുമ്പി .വിവാഹമുറപ്പിച്ച നാൾ മുതൽ അവൻ നിശബ്ദനായി.

'ടാ, ആ റോസ് മലയൊന്നു കേറി വാ.നിന്റെ ശബ്ദമിങ്ങ് പോരും വിമലയെ നമസ്ക്കരിച്ചു വാ.'

കൂട്ടുകാർ പറഞ്ഞു. പക്ഷേ തുമ്പി പോയില്ല. വിവാഹത്തിന്റെ തലേന്നാൾ അവൻ തൂങ്ങി മരിച്ചു. എങ്കൂടം താഴ് വരയാകെ അവന്റെ മരണം ചർച്ചയായി.

'ഒടിഞ്ഞ വാഴത്തണ്ട് വച്ച് അവൻ എന്തോ പുളുത്താനാ.'

ആണുങ്ങളും പെണ്ണുങ്ങളും പരസ്പരം രഹസ്യമൊഴി നടത്തി. പക്ഷേ അവന്റെ പത്താംതരം സതീർഥ്യരായ അഞ്ചു പേരും പറഞ്ഞു.

'അതു നുണ.റബ്ബർ തോട്ടത്തിലെ മുളങ്കാടിനടുത്തു വച്ചുള്ള മൈഥുന മത്സരത്തിൽ ഏറ്റവും ദൂരം പിന്നിട്ടത് അവനാ. എന്നിട്ട് വിജയിയായി അവന്റെ ഒരു ചിരി ഉണ്ടായിരുന്നു. ഞങ്ങൾ അഞ്ചാളും ആണത്തം കെട്ട് നിന്നു പോയി.'

അവർക്ക് അവൻ ഒരു പ്രഹേളികയായി.

താഴ് വാരത്തിലെ പുരുഷൻമാരിൽ വിമലയുടെ കൊങ്കയിൽ നിന്നും ദാഹമകറ്റാത്തവരില്ലായിരുന്നു. അവളോടെത്തിച്ചേരാത്തവർ താനും ഇനി പിറക്കാനുള്ള ആൺകുട്ടികളും മാത്രമേയുള്ളൂവെന്ന് താഴ് വാരത്തിലെ ആൺ വർഗ്ഗത്തിന്റെ രഹസ്യ വർത്തമാനങ്ങളിൽ നിന്നും അമൽ മനസ്സിലാക്കിയിരുന്നു.

മഴ തോർന്നു.അമൽ മുന്നോട്ട് നടന്നു.പാറമടക്കുകൾ സസൂക്ഷ്മം പിന്നിട്ട് അവൻ ഒരു ചെറിയ പുൽത്തകിടിയിൽ എത്തി.ഈ ഘോരവനത്തിൽ ഒരു പുൽത്തകിടി എങ്ങനെ ! അമൽ അതിശയിച്ചു. ശരീരം നന്നെ തളർന്നിരുന്നു.അവൻ നീണ്ടു നിവർന്ന് പുൽത്തകിടിൽ കിടന്നു. കുത്തനെ നിൽക്കുന്ന ഭയാനമായ മരങ്ങൾ ചുറ്റിലും. സമയമിപ്പോൾ എന്തായിരിക്കും.രാവിലെ തുടങ്ങിയ സഞ്ചാരമാണ്. പ്രഭാതം തീർന്നു കാണുമോ .ഉച്ചകഴിഞ്ഞിട്ടുണ്ടാകുമോ?അവനു നന്നെ വിശക്കുന്നുണ്ടായിരുന്നു. ഏറെ നേരം അവർ ആ പുൽത്തകിടിയിൽ കിടന്നു. ഒരു കാട്ടുമുയൽ കുടുംബത്തോടൊപ്പം അവന്റെ മുന്നിലൂടെ ചാടിയോടി. ആശ്വാസത്തിന്റെ ഒരു തീരത്ത് എത്തിപ്പെട്ടതു പോലെ അവനു തോന്നി. ഒരുവേള അവൻ അറിയാതുറങ്ങിപ്പോയി. സ്വപ്നങ്ങളൊന്നുമില്ലാത്ത സുന്ദരവും വിശ്രാന്തവുമായ നിദ്ര. ഓരോ കോശങ്ങളും അതിവേഗം തണുത്തു.

കാട്ടുപക്ഷികളുടെ കൂജനം കേട്ട് അമൽ ഉണർന്നു.പുൽത്തകിടി വിട്ട് അവൻ മുന്നോട്ട് നടന്നു. വസന്തകാലം നടന്നു പോയതിന്റെ കാൽപ്പെരുമാറ്റം പോലെ വഴിത്താരയിൽ പൊഴിഞ്ഞുകിടക്കുന്ന പൂക്കൾ.ചെറിയൊരു സമതലം കടന്ന് ഒരു ജലാശയത്തിനരികിലെത്തി. സ്ഫടികം പോലെ തെളിഞ്ഞ ജലം. മരങ്ങൾക്കിടയിൽ നിന്നും ചോർന്നു വന്ന സൂര്യകിരണങ്ങൾ ജലപ്പരപ്പിനെ സ്വർണച്ചായം പൂശിക്കൊണ്ടിരുന്നു. കാലം എടുത്തു വച്ച വശത്തെ ചെറിയ കല്ലിൽ ചവിട്ടി അവൻ കൈക്കുമ്പിളിൽ ജലം കോരിക്കുടിച്ചു. ഇളം മധുരത്തോടെ നേർത്ത തണുപ്പോടെ ജലം ഉള്ളിനെ തഴുകി.

നിബിഡവനങ്ങളുടെ ദീർഘദൂരംതാണ്ടി നടന്നു. കയറുംതോറും കയറ്റം വർദ്ധിച്ചു കൊണ്ടിരിക്കുന്ന മല. രാവും പകലും ഇടകലർന്ന അന്തരീഷം. പ്രണയത്തിന്റെ ഇളം ചുവപ്പ് നിറം.

ദീർഘമായ നടത്തത്തിനു ശേഷം അവൻ മലമുകളിലെത്തി.പറഞ്ഞു കേട്ട വന്യമൃഗങ്ങളെ ഒന്നും അവൻ ആ വഴിത്താരയിൽ കണ്ടില്ല. വാക്കുകളിൽ കോർത്തെടുക്കാനാകാത്ത ഒരു കാനന സംഗീതം മലമുകളിൽ എത്തുന്നതുവരെയും അവന് അകമ്പടി വന്നു. ചരിത്രത്തിന്റെ പന്നലുകൾ പടർന്നു കയറിയ ഇടിഞ്ഞു പൊളിഞ്ഞ കെട്ടിടം തിരഞ്ഞ് അവൻ നടന്നു. പറഞ്ഞു കേട്ട കഥകളിലെ ദൃശ്യങ്ങളൊന്നും അമലിനു കണ്ടെത്താനായില്ല. കുന്നിന്റെ നെറുകയിൽ നിന്നും ഒരു നീരുറവയുടെ വെൺമുത്തുകൾ പതിച്ച കനമുള്ള വെള്ളി നൂലുപോലെ താഴേയ്ക്കുള്ള

ഒഴുക്ക്.ഈ ഒഴുക്കു പതിച്ച ജലാശയത്തിൽ നിന്നുമായിരുന്നു താൻ ദാഹമടക്കിയത്.സ്വയം വഴികാട്ടിയായി അവൻ ആ കുന്നിൽ വിമലയുടെ വാസസ്ഥലം തിരഞ്ഞു.

ഒടുവിൽ ഒരു പുൽമേഞ്ഞ കുടിലിനരികിൽ അവന്റെ സഞ്ചാരം അവസാനിച്ചു.ഒരു നായ കുരച്ചു ചാടി, അമൽ പിന്നാക്കം മറിഞ്ഞു.നായയ്ക്കു പുറകെ കൃശഗാത്രയായ ഒരു സ്ത്രീ. ഇളം പച്ച നിറത്തിലൊരു സാരി വാരിച്ചുറ്റിയിരിക്കുന്നു. അവൻ സംശയാലുവായി. മനസിൽ വഹിച്ചു കൊണ്ടു വന്ന മദാലസയായ മാദകയുവതി എവിടെ. ഈ സ്ത്രീയിലാണോ തന്റെ വീറു പരീക്ഷിക്കേണ്ടത്. ഇവൾ നാടു പറഞ്ഞ കഥ പോലെ ഒറ്റമുലച്ചിയാണോ. കാഴ്ചയിൽ അതു തെറ്റാണ്.എങ്കൂടം ഗ്രാമത്തിന്റെ കഥകളിലെ അഭിസാരിക ഇവളാണോ? നാടോടിക്കഥയെന്ത്! നേരിന്റെ കഥയെന്ത്!

വർഷങ്ങൾക്കു ശേഷം മല കയറി വന്ന യുവാവിനെ കണ്ട് വിമല ചിരിച്ചു. ചിരിയും മുഖവും തമ്മിലുള്ള പാരസ്പര്യം അവനെ അത്ഭുതപ്പെടുത്തി. കണ്ണും കവിൾത്തടങ്ങളും ഒന്നു ചേർന്ന ചിരിയാണ് മനുഷ്യന്റെ സൗന്ദര്യം എന്ന് അമലിനു തോന്നി.

അവന്റെ കണ്ണുകളിലെ സംശയം ചോദിക്കപ്പെടാത്ത ചോദ്യമായി.

'അതെ. ഞാൻ തന്നെയാണ്.'

അവൾ മറുപടി പറഞ്ഞു. പ്രതീക്ഷകൾ തകിടം മറിഞ്ഞ അവന്റെ മുഖം അവൾ തിരിച്ചറിഞ്ഞു. വശീകരിക്കാൻ കഴിയുന്നവളല്ലെ വേശ്യ . പക്ഷേ ഈ മുഖം വശീകരിക്കുകയല്ല, ഒരു കാന്തിക ധ്രുവം പോലെ ആകർഷിക്കുകയാണ്.

'നീ ഒരു അത്ഭുതമാണ്.'

വിമല പറഞ്ഞു.

'ഈ മലകയറി വരാൻ നിനക്ക് കഴിഞ്ഞു. എത്രയോ പേർ താഴ് വാരത്തിൽ നിന്നും പുറപ്പെട്ടു. പക്ഷേ ഈ മലയിലേക്കുള്ള യാത്ര വിജയകരമായി പൂർത്തിയാക്കിയവർ ചുരുക്കം ചിലർ മാത്രമായിരുന്നു. അതിൽ ഒരാളെ നീ അറിയും.'

'ആരാ ?'അമൽ ചോദിച്ചു.

'ആമോസിനെ.'

അമലിന്റെ സംശയം പുരികക്കൊടിയിൽ നിഴലിച്ചു.

'അതെ, പ്രാന്തൻ ആമോസ് .'

അമലിന് ആമോസിനെ ഓർമ്മ വന്നു. നെഞ്ചിൽ അർബുദം ബാധിച്ച് ഭാര്യ മരിച്ചു. എത്രയോ ആശുപത്രികളിൽ ആമോസ് ഭാര്യയേയും കൊണ്ട് പരിഹാരം തേടി നടന്നു.

ഒരു യുവതിയുടെ ഉയർന്നു വരുന്ന ശ്വാസഗതി പോലെ കാടിന്റെ മുഴക്കം വർദ്ധിച്ചു വന്നു. മലമുകളിൽ നിന്നും താഴേയ്ക്ക് മഴ വരികയാണ്. ആകാശത്തിന് ഭൂമിയോടുള്ള പ്രണയം പോലെ മഴ പെയ്തിറങ്ങി. അമൽ പ്രകൃതി എടുത്ത് ചരിച്ചു വച്ച ഒരു പാറമടക്കിൽ അഭയം പ്രാപിച്ചു. നനവില്ലാത്ത പൂഴിമണൽ വിരിച്ച തറ. അമൽ മണൽത്തറയിലിരുന്നു. ചില്ലകൾക്കിടയിലൂടെ മഴ താഴേയ്ക്ക് പെയ്തു. ഒരു സ്ത്രീയുടെ നേർത്ത തേങ്ങൽ പോലെ മഴ പെയ്തു കൊണ്ടിരുന്നു. തങ്ങളുടെ വീര്യം പരിശോധിക്കാൻ മലകയറിയ നരവംശത്തിലെ ചരിത്ര പുരുഷൻമാരിൽ ചിലരെ അമലിന് ഓർമ്മ വന്നു.

പക്ഷേ ശാസ്ത്രം അവളുടെ ജീവനെ തടഞ്ഞു നിർത്താൻ പാകത്തിൽ വളർന്നിരുന്നില്ല. ഒടുവിൽ ഭാര്യ മരിച്ച് പതിനേഴാം നാൾ ആമോസ് പിറുപിറുത്ത് വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി. മക്കൾ വിളിച്ചിട്ടും തിരികെ വന്നില്ല. രാവും പകലും അമോസിന് ഒരു പോലെയായി. ഇഹവും പരവും അതിർത്തി ചോർന്നു.ക്രമേണ ആമോസ്, പ്രാന്തൻ ആമോസായി. ഇടയ്ക്കിടയ്ക്ക് കാൽനടക്കാരെ തടഞ്ഞു നിർത്തി പറഞ്ഞു. എന്റെ പ്രാണൻ ചോർന്നു പോയി. ഭ്രാന്തന്റെ ജൽപനമായി ജനം അതിനെ കേട്ടു.

'വിശപ്പുണ്ട് അല്ലെ? കഴിക്ക്.'

വിമല അടുത്തിരുന്ന് കാട്ടു കിഴങ്ങ് പുഴുങ്ങിയത് ഇലയിൽ എടുത്തു വച്ചു. മുൻ ശീലങ്ങളുടെ അഭാവം അവന്റെ കണ്ണുകളെ അവളിൽ നിന്നും പിൻവലിച്ചുകൊണ്ടിരുന്നു. മലകേറി ആരും കാട്ടു കിഴങ്ങു കഴിക്കാൻ വിമലയുടെ അടുത്ത് വരില്ല. പക്ഷേ –

'വയറു കാഞ്ഞാൽ അര ഉണരില്ല.' കഴിക്ക് അവൾ പറഞ്ഞു. കാട്ടുകറിയ്ക്കൊപ്പം അവൻ കാട്ടു കിഴങ്ങ് കഴിച്ചു.നന്നേ വിശക്കുന്നുണ്ടായിരുന്നു. ആഹാരത്തിന്റെ രുചി നിർണയിക്കുന്നത് വിശപ്പാണ്.

വിശപ്പടങ്ങി അമൽ ചാണകം മെഴുകിയ മൺതിണ്ണയിൽ ചാരിയിരുന്നു.

'വിശപ്പു കഴിഞ്ഞും നിനക്കൊരു ഇഷ്ടം ആഹാരത്തോട് തോന്നുന്നുവെങ്കിൽ അതാണ് ആഹാരത്തിന്റെ രുചി.'

വിമല പറഞ്ഞു.

'അങ്ങനെ ആഹാരം രുചിക്കുമോ?' അവൻ സംശയാലുവായി.

'അങ്ങനെ രുചിക്കാത്തതാണ് നിങ്ങൾ ആണുങ്ങളുടെ കുഴപ്പം. അവിടെയാണ് നിങ്ങൾ തോറ്റത്.'

വിമലയുടെ വാക്കുകൾ വല്ലാതെ ആകർഷിക്കുന്നുണ്ടെന്ന് അമലിനു തോന്നി.വാക്കുകൾക്കും സ്പർശനശേഷിയുണ്ട്.

സന്ധ്യ മയങ്ങാൻ തുടങ്ങി.മല സൂര്യവെളിച്ചത്തിൽ റോസ് നിറമായി .മലമുകളിൽ ഇങ്ങനെയും ഒരു നിറം ഉണ്ടെന്ന് അവൻ അറിഞ്ഞു. ഉടുത്തൊരുങ്ങിയ രാത്രി വന്നു ചേർന്നു. ഒരു വേശ്യയോട് ഇടപഴകേണ്ട രീതി അവന് അറിയില്ലായിരുന്നു.എങ്ങനെയാണ് ആവശ്യം ഉന്നയിക്കുക. അവളിൽ ഒരു വേശ്യയുടെ സമീപനങ്ങൾ അവന് അനുഭവപ്പെട്ടില്ല. വിശപ്പിന് കാട്ടു കിഴങ്ങ് അവിച്ചു തന്നപ്പോൾ ചെറുതിലെ വിശന്നുവലഞ്ഞ സമയം അമ്മ ചേമ്പിൻ താളും മരച്ചീനി പുഴുങ്ങിയതും ചേർത്തിളക്കി തന്നതാണ് ഓർമ്മ വന്നത്.ഈ മൺകുടിലിന്റെ

എത്ര മുറിയുണ്ടാകും. അതിൽ ഏതു മുറിയിൽ വച്ചാണ് അവളുടെ മേൽ തന്റെ വീര്യം പരീക്ഷിക്കാനാവുക. അവന്റെ ഹൃദയം പെരുമ്പറകൊട്ടി.

മൺകുടിലിന്റെ മുന്നിലെ പുൽത്തകിടിയിൽ നിലാവു പരന്നു. വിമല പുൽപ്പായ കൊണ്ടുവന്നു വിരിച്ചു.

'വരൂ .ഇവിടിരിക്കൂ.' അവൾ വിളിച്ചു. എന്തിന് ?ഇവിടെയാണോ...? അവന്റെ മനസിൽ സംശയങ്ങൾ മുളപൊട്ടി. അവൻ പുൽപ്പായയിൽ വന്നിരുന്നു. അവളുടെ മേനിയേക്കാൾ വാക്കുകൾ അവനെ ആകർഷിച്ചുപിടിച്ചിരുന്നു. അവൾ സംസാരിക്കുന്നതു കേൾക്കാൻ അവൻ ആഗ്രിച്ചു.

'കാട്ടുചേമ്പിനൊപ്പം വിളമ്പിയ കറി നന്നായിരുന്നു. എന്റെ അമ്മ ഉണ്ടാക്കുമായിരുന്ന കറിയാണ്.' അമൽ പറഞ്ഞു.

'വിശാഖനും ഇഷ്ടമായിരുന്നു.ബാല്യത്തിലെ എന്റെ ഏക രുചി ആ കറിയായിരുന്നു. പിന്നീട് നിരവധി വിഭവങ്ങൾ തയ്യാറാക്കാൻ ഞാൻ പഠിച്ചപ്പോഴും ആ കറിയുടെ രുചി എന്റെ നാവു വിട്ടു പോയില്ല.'

വിമല അതു പറയുമ്പോൾ ഒരു പാവാടക്കാരി അമലിന്റെ മുന്നിലൂടെ കൊഞ്ചിക്കൊണ്ടോടി.

'ആരായിരുന്നു വിശാഖൻ?'

ഇരുളും പ്രകാശവും കലരുമ്പോഴുള്ള ആകാശത്തിന്റെ നിറത്തിലേയ്ക്ക് അവൾ നോക്കി. 'ഭർത്താവായിരുന്നോ?'

അമൽ ഒരു ഉത്തരം കൊടുത്തുകൊണ്ട് ചോദിച്ചു.

'അങ്ങനെ വിളിക്കുവാൻ എനിക്കിഷ്ടമായിരുന്നില്ല. ഒരു കൂട്ടുകാരൻ.പക്ഷേ വിശാഖൻ അതായിരുന്നില്ല. പെണ്ണിന് പ്രണയം പ്രാണന്റെ നയമാണ്. ആണിന് പ്രണയം ഉടലിന്റെ ആർത്തിയും. പക്ഷേ .... '

വീണ്ടും വിമല നിശബ്ദതയെ പുതച്ചു.കഥയുടെ നീരൊഴുക്ക് തടസപ്പെട്ടു. ഭൂതകാലത്തിൽ തളം കെട്ടിക്കിടക്കുന്ന ഏതോ ജലാശയത്തിൽ വീണുപോയ പോലെ.

'പറയൂ.'



അമൽ ആവശ്യപ്പെട്ടു.

കല്ലണക്കെട്ടിൽ നിന്നും ഒരു കല്ലെടുത്തു മാറ്റിയാൽ എന്ന പോലെ കഥയുടെ കടൽ വീണ്ടുമൊഴുകി. വിശാഖൻ. കൗമാരത്തിന്റെ വസന്തത്തിൽ മനസിന്റെ മലരിൽ വന്നിരുന്ന ചിത്രശലഭം. ദാരിദ്ര്യം പൂതലിച്ച് ദ്രവിച്ചു പോയ ഓലക്കുടിലിൽ പൊട്ടിപ്പോയ കഞ്ഞിക്കലത്തിൽ അമ്മ താളുകറി വയ്ക്കുമ്പോൾ കൗമാരക്കാരിയുടെ പുസ്തകത്താളിൽ സ്വപ്നങ്ങളുടെ മയിൽപ്പീലി പെറ്റുപെരുകിക്കൊണ്ടിരുന്നു.അമ്മയുടെ ആശിർവാദം 'മോളേ അമ്മയ്ക്ക് ഈ ലോകത്തെ വിശ്വാസമില്ല' എന്ന വാക്യമായിരുന്നു.പക്ഷേ വിമലയ്ക്ക് വിശ്വാസമായിരുന്നു. സ്നേഹം കള്ളമാകുന്നതെങ്ങനെ.അത് ഉളവായതു കൊണ്ടു തന്നെയല്ലെ ഉള്ളത്. വിശാഖനൊപ്പമുള്ള യാത്ര ചെന്നൈ നഗരത്തിന്റെ വശ്യതയിലേയ്ക്ക് ആദ്യം .അവിടെ അവൻ കൂടെയുണ്ടായിരുന്നു. അലഹാബാദിൽ നിന്നും *സോനാഗച്ചിയിലെത്തിയപ്പോഴാണ് പെണ്ണുടലിൽ പണം കായ്ക്കുമെന്ന് അവൻ തിരിച്ചറിഞ്ഞത്. അവനു വേണ്ടി കഞ്ഞിയുമായി കാത്തിരുന്നവളുടെ വാതിലിൽ മുട്ടുകേട്ട് പ്രണയഭരിതയായി തുറന്ന വാതിൽ കടന്നു വന്നത് ഒരു കെട്ട വാടയായിരുന്നു. കറിക്കത്തി ഓങ്ങി നാഭിയിൽ ചവിട്ടി പുറത്തു തള്ളി. പക്ഷേ പിന്നാലെ കയറി വന്നവനെ കണ്ട് തളർന്നു. കെടന്നു കൊടുക്കെടീ ശവമേ, എന്ന അലർച്ചയും ചെവിടടക്കമുള്ള അടിയും. തനുവും മനവും ജഡമായ ദിവസം.പിന്നീട് ദീർഘസഞ്ചാരത്തിന്റെ കാലമായിരുന്നു. നഗരങ്ങളിൽ നിന്നും നഗരങ്ങളിലേയ്ക്ക്. ഒരിടത്തും അവൻ സ്ഥിരമായി പാർത്തില്ല.ഓരോ തെരുവും അവന് ശക്തി പരീക്ഷണത്തിന്റേതായിരുന്നു. ഒടുവിൽ മറ്റൊരു പെണ്ണിനും അവനും കഞ്ഞി വയ്ക്കേണ്ടി വന്നു. എന്നിട്ടും പിൻതുടർന്നു. ഒരു നായയെക്കൂട്ട് .പഞ്ചാബിലെ അഭിസാരികമാളികയിൽ എത്തുവോളം അവനും അതു തന്നെ ചെയ്തു. പുരുഷന് സ്വയം ശക്തനാണെന്ന് ഉറപ്പിക്കാൻ വേണ്ടിയുള്ള ഒരു ശൂന്യസ്ഥലം മാത്രമാണ് സ്ത്രീ.സ്ത്രീ ശരീരത്തിൽ ഓരോ പുരുഷനും ഒരു ഫാസിസ്റ്റാണ്. അവന്റെ സേച്ഛാധിപത്യം നടപ്പിലാക്കാനുള്ള ഒരു സാമ്രാജ്യമാണ് പെണ്ണുടൽ. അവന്റെ എല്ലാ ഗർവ്വും വീറും തീർക്കേണ്ടിടം. ഭാര്യ ഒരു ജഡപദമായിരിക്കണം. അവൾക്ക് ഉണർവോ ഉയിരോ പോലും പാടില്ലെന്ന് മുംബൈയുടെ ഖലികളിൽ വച്ച് വിശാഖനിൽ നിന്നു തന്നെയാണ് അറിഞ്ഞത്. പിന്നെ അവന് അവളൊരു പഴന്തുണിയാണ്. അവന്റെ ശരീരത്തിലെ ചലങ്ങൾ തുടച്ചെടുക്കാൻ മാത്രം ഉപയോഗിക്കാവുന്ന ഒരു പഴന്തുണി.. അവൻ തന്നെ സ്നേഹിച്ചു തുടങ്ങുന്ന ദിവസവും കാത്ത് അവനൊപ്പം വർഷങ്ങൾ അലഞ്ഞു. ഒരു വീടും മക്കളും ഭർത്താവും, പെണ്ണിന്റെ സാമ്രാജ്യം ... സമൂഹം അടിച്ചേൽപ്പിച്ചതോ, ഒന്നും അവൾക്കറിയില്ല. ഒന്നു മാത്രമേ അവൾക്കറിയൂ. ഒരു വീട് അത് പെണ്ണിനെന്നും ഇഷ്ടമാണ്. കുഞ്ഞുങ്ങൾ ഓടിക്കളിക്കുന്ന മുറ്റമുള്ള വീട് . അതു പരിപാലിക്കാനും ഇഷ്ടമാണ്. ഭൂമിയിലെ ചെറുതുകളുടെ മോഹം. വിമലയുടെ സ്വപ്നങ്ങൾ

കൺമുന്നിൽ വിടർന്നു. ഒരു മയിൽ അപ്പോൾ അവളുടെ കണ്ണുകളിൽ നൃത്തം ചെയ്യുന്നത് അമൽ കണ്ടു. കിനാവുകൾ കോർത്തൊരു പൂച്ചെണ്ട് കാർമേഘങ്ങൾ നിറഞ്ഞ വാനത്തിന്റെ കോണിൽ വിടർന്നു.ആണിന് ഉടൽപ്പെരുക്കം തീരുമ്പോൾ പ്രണയം തീരും. പക്ഷേ പെണ്ണിന്റെ പ്രണയം അവിടെ ആരംഭിക്കുകയാണ്. തന്റെ സിരകളിൽ നിലാവു പോലെ പടർന്നവൻ പ്രാണനിൽ കോർത്തിരിക്കും, ഷണ്ഡനാണെങ്കിൽ കൂടി.

'നീയൊന്ന് പ്രാണൻ കൊണ്ട് പെണ്ണിനെ ആലിംഗനം ചെയ്താൽ മരണം വരെ അവൾ നിന്റെ പരിസരത്തിലെ നായയെപ്പോലെ കൂടെ നടക്കും. പക്ഷേ നിനക്കവളെ ഹൃദയം കൊണ്ട് ആലിംഗനം ചെയ്യാനാകണം. വീറ് പരീക്ഷണമല്ല അവൾ കൊതിക്കുക.'

ഓരോ വീറുകാലത്തിനും ശേഷം അവൻ ചരിഞ്ഞു കിടന്നുറങ്ങി.ഉരിയാടാൻ അക്ഷരമില്ലാത്തവനായി അവൻ കൂർക്കം വലിച്ചപ്പോൾ കഥകളും ഉപകഥകളുമായി അവൾ രാവിൽ കൺതുറന്നു കിടന്നു. ഇതാ ഈ പുൽത്തകിടിയും നിലാവും കണ്ടോ. ഈ ഇളം നിലാവിൽ അവൾക്കൊപ്പം നിനക്ക് ആകാശത്തിന്റെ ചാരുത കാണാനാകുമോ? നീ കടന്നു വന്നിടത്തെ നീർത്തടാകം കണ്ടുവോ.അതു പോലെരിടത്ത് അവൾക്കൊപ്പം നീന്താനാകുമോ? മഞ്ഞ് മലയെ പുതയ്ക്കുന്നതു കണ്ടോ? അതുപോലെ നിനക്കവളെ പുതയ്ക്കാനാകുമോ?ആകുമെങ്കിൽ അവളുടെ മുന്നിൽ വീരൻ നീ തന്നെയാണ്.

അമൽ പുൽത്തകിയിൽ എഴുന്നേറ്റിരുന്നു. ഇടവിട്ട് ഇടവിട്ട് പെയ്യുന്ന മഴ പോലെ അവൾ പെയ്തു കൊണ്ടിരുന്നു. പെണ്ണുടൽ ഒരു നിബിഡ വനമാണ്. അനേകം നിഗൂഢതകൾ അതിൽ ഒളിഞ്ഞിരിപ്പുണ്ട്. അത് നിനക്ക് കണ്ടെത്താനാകുമോ?

പുൽനാമ്പിനെ മഞ്ഞുതുള്ളി ചുംബിക്കുന്നത് എങ്ങനെയാകും.അതു പോലൊരു ചുംബനം അതൊക്കെ മതി അവൾക്ക്.

കിഴക്കൻ ചക്രവാളച്ചരുവിലെ നിലാവ് അവളുടെ ശിരസിനു ചുറ്റും ഒരു പ്രകാശവലയം തീർത്തിരിക്കുന്നു. തന്റെ മുന്നിലിരിക്കുന്നത് മേഘങ്ങൾക്കിടയിൽ നിന്നും ഇറങ്ങി വന്ന ഒരു മാലാഖയാണെന്ന് അമലിനു തോന്നി.ഈ പാഠങ്ങളാണോ തന്റെ മുന്നിൽ വന്ന പുരുഷൻമാർക്ക് വിമല പകർന്നു നൽകിയത്. തുമ്പി വിമലയെ കണ്ടിരുന്നെങ്കിൽ

സ്വയം വഴികാട്ടിയായി അവൻ ആ കുന്നിൽ വിമലയുടെ വാസസ്ഥലം തിരഞ്ഞു. ഒടുവിൽ ഒരു പുൽമേഞ്ഞ കുടിലിനരികിൽ അവന്റെ സഞ്ചാരം അവസാനിച്ചു. ഒരു നായ കുരച്ചു ചാടി, അമൽ പിന്നാക്കം മറിഞ്ഞു. നായയ്ക്കു പുറകെ കൃശഗാത്രയായ ഒരു സ്ത്രീ. ഇളം പച്ച നിറത്തിലൊരു സാരി വാരിച്ചുറ്റിയിരിക്കുന്നു. അവൻ സംശയാലുവായി. മനസിൽ വഹിച്ചുകൊണ്ടു വന്ന മദാലസയായ മാദകയുവതി എവിടെ. ഈ സ്ത്രീയിലാണോ തന്റെ വീറു പരീക്ഷിക്കേണ്ടത്. ഇവൾ നാടു പറഞ്ഞ കഥ പോലെ ഒറ്റമുലച്ചിയാണോ. കാഴ്ചയിൽ അതു തെറ്റാണ്. എകൂടം ഗ്രാമത്തിന്റെ കഥകളിലെ അഭിസാരിക ഇവളാണോ? നാടോടിക്കഥയെന്ത്! നേരിന്റെ കഥയെന്ത്!

തീർച്ചയായും അവൻ ആത്മഹത്യ ചെയ്യില്ലായിരുന്നു. ആമോസിന് ഭ്രാന്തു വരാൻ കാരണവും അമലിനു മനസിലായി.പെണ്ണുടൽ അനേകം രാഗങ്ങൾ ചേർത്തു വച്ച ഒരു സംഗീതോപകരണമാണ്. നിനക്കതിലെ രാഗങ്ങൾ മീട്ടാനായില്ലെങ്കിൽ നീ എത്ര വീരനായാലും തോറ്റു പോകും. അവ മീട്ടാൻ നിനക്കാകുമെങ്കിൽ നീ എത്ര പരാജിതനാണെങ്കിലും നീ വിജയിയാകും.വാക്കടുത്താൽ മനമടുക്കും. മനമടുത്താൽ തനു വടുക്കും. നിന്റെ പക്കൽ ധാരാളം ജലമുണ്ടായേക്കാം. അത് കടൽ ജലമാണെങ്കിൽ ദാഹമകറ്റാനാകില്ല. ഒരു തുടമെങ്കിലും തെളിനീരാണെങ്കിൽ ആത്മാവ് തണുക്കും. നീ പെണ്ണിനെ മാല കൊണ്ട് കെട്ടരുത്. വാക്കു കൊണ്ട് കെട്ടണം. ഇതാ നിന്റെ മുന്നിൽ എന്റെ ഉടൽ. നീ എടുത്തുകൊൾക. അതു പറഞ്ഞ് അവൾ പുൽത്തകിടിയിൽ വിരിച്ച പുൽപ്പായയിൽ മലർന്നു കിടന്നു.

തന്റെ മുന്നിൽ കിടക്കുന്നത് ഒരു മലയാണ് എന്ന് അമലിനു തോന്നി.അമൽ വിറങ്ങലിച്ചു നിന്നു. കൽകെട്ടുകളിലും മൈതാനങ്ങളിലും സൗഹൃദങ്ങൾ പരസ്പരം പങ്കുവച്ച രതിപാഠങ്ങൾ അവൻ ഓർത്തു. തനിക്കു പകർന്നു കിട്ടിയ ആൺ പാഠങ്ങളിൽ ഒന്നുമില്ലാതിരുന്ന അപൂർവ്വ പാഠങ്ങൾ കേട്ട് അവൻ ജ്ഞാന ബുദ്ധനായി. പിന്നെ പതിയെ അവളുടെ കാൽപ്പാദങ്ങൾക്കരികിൽ മുട്ടുകുത്തി. പാദങ്ങളിൽ തൊട്ടു. അവൾ എഴുന്നേറ്റിരുന്നു. അവന്റെ ശിരസിൽ കൈവച്ചു.പിന്നെ കാതുകളിൽ അവസാന വചനങ്ങൾ മന്ത്രിച്ചു.

'വീറിനു മുൻപും വീറുകാട്ടുമ്പോഴും വീറിനു ശേഷവും നിനക്ക് സ്നേഹിക്കാൻ കഴിയണം. ആ പാഠം നീ മറക്കുമ്പോൾ അവൾ മരിക്കാൻ തുടങ്ങും.'

അതു വരെ കുമ്പിടാത്ത ഒരു പ്രതിഷ്ഠയ്ക്കു മുൻപിൽ അവൻ ശിരസുകുനിച്ചു. ജീവജാലങ്ങൾ അവയുടെ പ്രണയപരാഗങ്ങൾ പൊഴിക്കുന്ന പാതിരാവിൽ അവളോട് യാത്ര പറഞ്ഞ് അമൽ മലയിൽ നിന്നും തിരിച്ചിറങ്ങാൻ തുടങ്ങി. വിമല പുൽപ്പായയിൽ നിലാവിൽ കണ്ണയച്ചു കിടന്നു.അവളുടെ കടമിഴികളിൽ നിന്നും ജലത്തുള്ളികൾ താഴേയ്ക്കൊഴുകി.

....

* സോനാഗച്ചി-ഏഷ്യയിലെ ഏറ്റവും വലിയ റെഡ് ലൈറ്റ് ഏര്യ(ലൈംഗിക തൊഴിലാളി തെരുവ്) പശ്ചിമ ബംഗാൾ

അച്ചായൻസിൽ
സ്വർണ്ണം വിൽക്കാം
ഇരട്ടി
വിശ്വാസത്തോടെ
50+ BRANCHES
22 Year Legacy of Trust & Quality
TONY YARKICHAN
ACHAYANS GROUP
SINCE 2005
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
www.achayansgold.in
എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട
ഇടുക്കി, കൊല്ലം, ദുബായ്, ഷാർജ
90613 50 916 | 85900 46 916

● തുടർക്കഥ

◉ സ്വപ്ന അനു ബി ജോർജ്

സ്വപ്നങ്ങളുടെ മണൽക്കൊട്ടാരങ്ങൾ

മരുഭൂമിയുടെ ചൂടിലും ജീവിതത്തിന്റെ സൗഹൃദത്തിന്റെ തണൽമരങ്ങൾ തീർത്ത ഒരു കാലത്തിന്റെ കഥയാണിത്. പ്രവാസത്തിന്റെ ഏകാന്തതകൾക്കിടയിൽ പരസ്പരം താങ്ങും തണലുമായി മാറിയ ഒരുപറ്റം സുഹൃത്തുക്കളുടെ സ്വപ്നങ്ങൾ, പ്രതീക്ഷകൾ, സ്നേഹം, സന്തോഷങ്ങൾ, സങ്കടങ്ങൾ അങ്ങനെ അനുഭവങ്ങളുടെ നേർചിത്രം. ഒരുമിച്ച് പങ്കിട്ട നിമിഷങ്ങളും ഹൃദയത്തിൽ ചേർത്തുവെച്ച സൗഹൃദങ്ങളും ഇന്നും മായാത്ത ഓർമ്മകളായി നിലനിൽക്കുന്നു. പ്രവാസം നൽകിയ സമ്പാദ്യം പണം മാത്രമായിരുന്നില്ല;നെഞ്ചോടു ചേർത്തുവെച്ച സൗഹൃദങ്ങൾ കൂടിയായിരുന്നു. സ്വപ്ന അനു ബി ജോർജ് എഴുതുന്ന തുടർക്കഥ ...

അദ്ധ്യായം 1

എഴുത്തിന്റെ സ്വപ്നത്തുള്ളികൾ

"നല്ല ചിന്തകൾ നമ്മുടെ മനസ്സിന്റെ താക്കോലുകളാണ്, സ്വപ്ന. അവ ശ്രദ്ധയോടെ വേണം തിരഞ്ഞെടുക്കാൻ.'' പ്രിയ, എന്റെ കൗൺസിലർ സുഹൃത്ത്, നൽകിയ ഈ ഓർമ്മപ്പെടുത്തൽ മനസ്സിൽ ഞാൻ എവിടെയോ ശക്തമായി കുറിച്ചിട്ടിരുന്നു.

മഴക്കാറുകളും മഴയും എന്നും സ്നേഹത്തിന്റെയും പ്രേമത്തിന്റെയും സൗഹൃദത്തിന്റെയും ഓർമ്മകളെ ഉണർത്താറുണ്ട്. ഓർമ്മകളുടെ മാറ്റൊലികൾ മനസ്സിന്റെ വാതിലിൽ മുട്ടിവിളിക്കാറുണ്ട്. ഓർമ്മകൾ ചിറകടിച്ച് പിന്നിലേക്ക് പറന്നുപോകുമ്പോൾ മനസ്സും അതിന്റെ സന്തോഷങ്ങളും അവയ്ക്കൊപ്പം സഞ്ചരിക്കുന്നു. അകാരണമായി കടന്നുവരുന്ന ഓർമ്മകൾ മനസ്സിനെ അലട്ടാതിരിക്കാൻ, അവയിലെ സന്തോഷം നിറഞ്ഞ ഏടുകൾ മാത്രം ചികഞ്ഞെടുത്ത് മനസ്സിൽ കൂടുകൂട്ടാൻ ഇന്ന് ഞാൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

ജീവിതത്തിൽ വായന എന്നും ഒരു ആവേശമായിരുന്നു. എന്നു തൊട്ടാണ് പുസ്തകങ്ങളെ സ്നേഹിച്ചുതുടങ്ങിയതെന്ന് എനിക്കറിയില്ല. അതിന് ഞാൻ ഡാഡിയോടാണ് എന്നും കടപ്പെട്ടിരിക്കുന്നത്. പുസ്തകം വായിക്കണമെന്ന് ഡാഡി ഒരിക്കലും എന്നെ നിർബന്ധിച്ചിട്ടില്ല.

ജോലി കഴിഞ്ഞെത്തുന്ന അമ്മയും ഡാഡിയും ഇന്ദിരാനഗറിലെ വീട്ടിലെ പുൽത്തകിടിയിൽ ഒരുമിച്ചിരുന്ന് സംസാരിക്കുമായിരുന്നു.

സന്ധ്യയുടെ ചുവപ്പും തണുത്ത കാറ്റും ആ വർത്തമാനങ്ങൾക്ക് കൂട്ടായിരുന്നു. ആ വൈകുന്നേരങ്ങളുടെ ഓർമ്മകൾ എന്നും വിലപ്പെട്ടവയായിരുന്നു.

''ഇന്നെന്തുണ്ട്, ബാബുച്ചായാ, ഓഫീസിൽ?'' അമ്മയുടെ സ്ഥിരം ചോദ്യങ്ങളിലൊന്നായിരുന്നു അത്.

''എന്തുണ്ടാവാൻ? സെയിം റുട്ടീൻ.'' ഡാഡിയുടെ ഒഴുക്കൻ മറുപടി കേൾക്കുമ്പോഴേക്കും അമ്മ അടുത്ത ചോദ്യവുമായി തയ്യാറായിരിക്കും.

''ഇന്ന് ആരോ ചെറുതായി ചൊറിഞ്ഞ ലക്ഷണമുണ്ടല്ലോ?''

''ഏയ്, അത്രമാത്രം ഒരുത്തനും എന്റെ മുന്നിൽ വളർന്നിട്ടില്ല!'' കടുത്ത ശബ്ദത്തിൽ ഡാഡി പറയും. പിന്നെ അൽപ്പനേരത്തെ മൗനത്തിനുശേഷം ആ 'ചൊറിച്ചിലിന്റെ' കഥ നിരത്തും.

ചില സംഭാഷണങ്ങൾ കുട്ടികളുടെ മുന്നിൽ വേണ്ടെന്നു തോന്നുമ്പോൾ എന്നെ ഒഴിവാക്കാനായി ഡാഡി പറയും: ''സ്വപ്ന, നീ എനിക്കൊരു ബ്രാണ്ടി എടുത്തുകൊണ്ടു വരൂ.''

ഡാഡി അധികം ആഴത്തിലേക്ക് പോകാതെ വീണ്ടും വീണ്ടും പറയാറുണ്ടായിരുന്നത് ഒരാളെക്കുറിച്ചായിരുന്നു ലീലാമ്മകൊച്ചമ്മ. 'ലീല ജെ. എന്നിരിയിൽ' എന്ന പേരിൽ എഴുത്തുകാരിയായി ജീവിച്ച, ഒടുവിൽ സ്വയം ഇല്ലാതായ ഡാഡിയുടെ തൊട്ടുമൂത്ത ചേച്ചി. ലീലാമ്മകൊച്ചമ്മയ്ക്ക് എഴുത്തുകാരി എന്നൊരു പരിവേഷമുണ്ടായിരുന്ന കാര്യം എന്തുകൊണ്ടോ അന്നൊന്നും ഡാഡി എന്നോടു പറഞ്ഞതായി ഓർക്കുന്നില്ല. അതിനെക്കാൾ വലിയ എന്തോ ഒന്ന് അന്നും ഇന്നും ഡാഡിയുടെ മനസ്സിനെ കീറിമുറിച്ചിട്ടുണ്ടാകണം.

അതോടെ ചില കാര്യങ്ങൾ കുട്ടികളുടെ മുന്നിൽ സംസാരിക്കേണ്ടതല്ലെന്ന് എനിക്കു മനസ്സിലാകും. പക്ഷേ അന്നുകേട്ടതെല്ലാം പിന്നീട് എന്റെ ജീവിതത്തിൽ എനിക്ക് പ്രയോജനപ്പെടേണ്ടതിനായിരുന്നോ? സംസാരങ്ങൾ നീണ്ടുനീണ്ട് ചെന്നെത്തുക കല്ലുപാലത്തിങ്കൽ വീട്ടുകാരുടെ ചരിത്രത്തിലേക്കും പലരുടെയും വീരസാഹസിക കഥകളിലേക്കുമായിരിക്കും.

എന്നാൽ ഡാഡി അധികം ആഴത്തിലേക്ക് പോകാതെ വീണ്ടും വീണ്ടും പറയാറുണ്ടായിരുന്നത് ഒരാളെക്കുറിച്ചായിരുന്നു ലീലാമ്മ കൊച്ചമ്മ. 'ലീല ജെ. എന്നിരിയിൽ' എന്ന പേരിൽ എഴുത്തുകാരിയായി ജീവിച്ച, ഒടുവിൽ സ്വയം ഇല്ലാതായ ഡാഡിയുടെ തൊട്ടുമൂത്ത ചേച്ചി.

ലീലാമ്മകൊച്ചമ്മയ്ക്ക് എഴുത്തുകാരി എന്നൊരു പരിവേഷമുണ്ടായിരുന്ന കാര്യം എന്തുകൊണ്ടോ അന്നൊന്നും ഡാഡി എന്നോടു പറഞ്ഞതായി ഓർക്കുന്നില്ല. അതിനെക്കാൾ വലിയ എന്തോ ഒന്ന് അന്നും ഇന്നും ഡാഡിയുടെ മനസ്സിനെ കീറിമുറിച്ചിട്ടുണ്ടാകണം. പക്ഷേ കൊച്ചമ്മയുടെ സ്നേഹത്തെക്കുറിച്ചുള്ള കഥകൾ അദ്ദേഹം എപ്പോഴും പറയുമായിരുന്നു. ആശുപത്രിയിൽ കിടക്കുമ്പോൾ കൊച്ചമ്മ കൈപിടിച്ചു കരഞ്ഞതും മറ്റും അമ്മയോടു പറഞ്ഞിരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ബ്രാണ്ടി ഗ്ലാസുമായി

അന്നൊന്നും എനിക്കത് മനസ്സിലായില്ല. എന്നാൽ ഇന്ന് ഡാഡി പറഞ്ഞതിന്റെ അർത്ഥം എനിക്ക് ഊഹിക്കാനും മനസ്സിലാക്കാനും കഴിയുന്നു. സ്വന്തം പേരിൽ കഥയെഴുതിയപ്പോഴും സ്വന്തം കാലിൽ നിന്നപ്പോഴും 'ഞാൻ' എന്ന ഭാവം മനസ്സിൽ ശക്തമായി സൂക്ഷിച്ചപ്പോഴും പറഞ്ഞറിയിക്കാനാവാത്ത ആത്മാഭിമാനം അനുഭവപ്പെട്ടു. ആ ആത്മാഭിമാനത്തിന്റെ ഉറവിടം എവിടെയാണെന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു.

അടുത്തുവരുന്ന ഞാൻ പലപ്പോഴും കണ്ടിരുന്നത് കൈലിയുടെ തുമ്പുകൊണ്ട് കണ്ണുതുടയ്ക്കുന്ന ഡാഡിയെയായിരുന്നു. ആ ചിത്രം ഇന്നും എന്റെ ഓർമ്മയിൽനിന്നു മാഞ്ഞിട്ടില്ല.

''ഡാഡി, എന്നോട് എന്താ ഇതൊന്നും പറയാത്തത്? ലീലാമ്മ കൊച്ചമ്മയ്ക്ക് എന്ത് അസുഖമായിരുന്നു?''

അമ്മയുടെ മുഖത്തേക്ക് ഒരു നോട്ടമെറിഞ്ഞുകൊണ്ട് ഡാഡി പറഞ്ഞു: ''ഹൃദയത്തിന്റെ വാൽവിന് ജനിച്ചപ്പോൾമുതൽ തകരാറുണ്ടായിരുന്നു. അതിനാൽ ആശുപത്രിയും മരുന്നുകളുമായിരുന്നു എന്നും കൂട്ടിന്. എങ്കിലും പഠിക്കാൻ മിടുക്കിയായിരുന്നു. മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് റാങ്കോടെ ഇംഗ്ലീഷ് ലിറ്ററേച്ചർ പാസായി.''

ഡാഡി തുടർന്നു: ''എന്തു കാര്യവും വെട്ടിത്തുറന്നുപറയുന്ന, വളരെ ശക്തമായ മനസ്സിന്റെ ഉടമയായിരുന്നു. വീട്ടിലെ പല കാര്യങ്ങളിലും അച്ചായനുമായി യോജിച്ചുപോകില്ലായിരുന്നു. 'കല്ലൂപാലത്തെ പെണ്ണുങ്ങൾക്ക് ഒരെല്ല് കൂടുതൽ' എന്ന സ്വഭാവം പ്രകടിപ്പിച്ചിരുന്നുവെന്ന് അച്ചായൻ പറയുന്നതു പലപ്പോഴും കേട്ടിട്ടുണ്ട്.''

ഡാഡി പറഞ്ഞുനിർത്തി.

''എന്നിട്ട്?'' ഞാനും വിട്ടില്ല. ചിലതൊക്കെ എന്നോടു പറഞ്ഞാൽ മനസ്സിലാകില്ലെന്ന തോന്നലാകാം ഡാഡിക്കുണ്ടായിരുന്നത്.

''എന്നിട്ടെന്താ? ലീലാമ്മ വീട്ടിൽ അധികം വരാതെയായി. അത് അച്ചായനെ വീണ്ടും വീണ്ടും ദേഷ്യപ്പെടുത്തിക്കൊണ്ടിരുന്നു. അടക്കം പറയുന്നതുപോലെ അമ്മ അച്ചായനോട് എന്തൊക്കെയോ പറയുന്നതും കരയുന്നതും പലപ്പോഴും കണ്ടിട്ടുണ്ട്. എന്നാൽ അന്ന് എന്റെ പ്രായത്തിൽ അതൊക്കെ എന്താണെന്ന് ചോദിക്കാറില്ലായിരുന്നു.''

''ഡാഡിയെ കൊച്ചമ്മ വിളിക്കാറൊന്നുമില്ലായിരുന്നോ?''

''അന്ന് ഫോണൊന്നുമില്ല. അത്യാവശ്യ വിവരങ്ങൾ അറിയിക്കാൻ കമ്പിസന്ദേശങ്ങളോ ഇൻലൻഡ് കത്തുകളോ മാത്രം. 'എടാ



ബാബൂ' എന്ന വിളിയും ഒരു കെട്ടിപ്പിടിത്തവും 'നന്നായി പഠിക്കണം' എന്നൊരു സ്വകാര്യമായ ഉപദേശവും ചെവിയിൽ പറഞ്ഞതും, അങ്ങനെ എന്തൊക്കെയോ ഓർമ്മകൾ മാത്രമേ എനിക്കുള്ളൂ.''

വീണ്ടും ഡാഡി വാക്കുകൾ പാതിയിൽ നിർത്തിയതുപോലെ തോന്നി.

''എന്താ കൊച്ചമ്മ വീട്ടിൽ അധികം വരാതെയായത്?'' എന്ന എന്റെ ചോദ്യത്തിന് ഉത്തരം ഏറെക്കാലം ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു.

''ലീലാമ്മയ്ക്ക് അച്ചായന്റെ ഈ ദത്തുകയറ്റവും പേരുമെല്ലാം വലിയ ദേഷ്യമായിരുന്നു,'' ഡാഡി പറഞ്ഞു.

''ങേ, ആര് ദത്തുകയറി? ആര് പേരുമാറ്റി?''

''അച്ചായന്റെ വീട്ടുപേര് 'എന്നിരിയിൽ' എന്നായിരുന്നു. ദത്തുകയറിയതുകൊണ്ടാണ് 'കല്ലുപാലത്തിങ്കൽ' എന്നായത് എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്.''

അന്നൊന്നും എനിക്കത് മനസ്സിലായില്ല. എന്നാൽ ഇന്ന് ഡാഡി പറഞ്ഞതിന്റെ അർത്ഥം എനിക്ക് ഊഹിക്കാനും മനസ്സിലാക്കാനും കഴിയുന്നു. സ്വന്തം പേരിൽ കഥയെഴുതിയപ്പോഴും സ്വന്തം കാലിൽ നിന്നപ്പോഴും 'ഞാൻ' എന്ന ഭാവം മനസ്സിൽ ശക്തമായി സൂക്ഷിച്ചപ്പോഴും പറഞ്ഞറിയിക്കാനാവാത്ത ആത്മാഭിമാനം അനുഭവപ്പെട്ടു. ആ ആത്മാഭിമാനത്തിന്റെ ഉറവിടം എവിടെയാണെന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു.

മനസ്സിൽ നിറഞ്ഞ ആവേശത്തിനും സന്തോഷത്തിനും കണക്കില്ലാതായി. അന്നത്തെ ലീലാമ്മ കൊച്ചമ്മയുടെ പേരുമാറ്റത്തിന്റെ കഥകളും ഇന്നത്തെ എന്റെ കഥകളുടെ തേങ്ങലുകളും വിങ്ങലുകളും തമ്മിലുള്ള ബന്ധം എനിക്ക് മനസ്സിലാകുന്നു. കഥകൾ മനസ്സിൽ തിങ്ങിനിറയുമ്പോൾ വാക്കുകൾ ഇല്ലാതാകുന്നതുപോലെ തോന്നും. എന്നാൽ മനസ്സിലെ കഥകൾക്ക് ചിറകുമുളയ്ക്കുമ്പോൾ അവയെ താളുകളുമായി സ്നേഹത്തിന്റെ നൂലിൽ കോർക്കാൻ മനസ്സുകൊണ്ട് തയ്യാറായാൽ മതിയെന്ന് ഇന്ന് ഞാൻ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.

വർഷങ്ങളുടെ തിരച്ചിലിനൊടുവിൽ ലീലാമ്മകൊച്ചമ്മയുടെ 'നാടിന്റെ മക്കൾ' എന്ന നോവൽ അച്ചടിച്ച രൂപത്തിൽ എന്റെ കൈയിലെത്തി. അതിലെ കഥാപാത്രങ്ങളുടെ പ്രണയത്തിനും നിരാശകൾക്കുമൊപ്പം എന്റെ സംശയങ്ങളും ചോദ്യങ്ങളും വീണ്ടും പുനർജനിച്ചു. എന്തോ ഒളിക്കാൻ ശ്രമിച്ചിരുന്നോ ഡാഡി? അതോ എന്നിലേക്ക് കടന്നുവന്ന പ്രണയങ്ങളിലും സ്നേഹങ്ങളിലും ഇഷ്ടങ്ങളിലും ലീലാമ്മകൊച്ചമ്മയുടെ സ്വഭാവസാദൃശ്യം അദ്ദേഹം കണ്ടിരുന്നോ? അതായിരുന്നോ ഡാഡിയെ ഭയപ്പെടുത്തിയത്?

അന്നത്തെ എന്റെ മനസ്സിലെ ചോദ്യങ്ങൾക്ക് മുപ്പതു വർഷങ്ങൾക്കുശേഷമാണ് ഉത്തരം ലഭിച്ചത് ഒരു 'ഇമെയിൽ ബോംബ്' പോലെ. ഡാഡിയുടെ അനുജനായ ജോളിച്ചായൻ ഒരു ക്യാപ്സ്യൂളെന്നപോലെ വിവരങ്ങൾ എന്റെ മുന്നിൽ നിരത്തി. ഒരു ജിഗ്സോ പസിലിൽ ഒഴിഞ്ഞുകിടന്ന കള്ളികൾ പൂരിപ്പിക്കപ്പെടുന്നതുപോലെ കാര്യങ്ങൾ എന്റെ മുന്നിൽ വ്യക്തമായി.

ലീലാമ്മ ജേക്കബ് എന്ന ലീലാമ്മ, അപ്പച്ചന്റെ കുടുംബപ്പേരുമായി ബന്ധപ്പെട്ട 'എന്നിരിയിൽ' എന്ന തൂലികാനാമത്തിൽ എഴുത്തു തുടങ്ങി. മദ്രാസിലെ സാമ്പാറിനും ഇഡ്ഡലിക്കുമൊപ്പമുള്ള ഒരു പുതിയ ജീവിതം എന്നെന്നേക്കുമായി തിരഞ്ഞെടുത്തു. ഒപ്പം പേരും നിയമപ്രകാരം മാറ്റി. ജീവിതത്തിൽ അച്ചായന്റെ അസ്തിത്വത്തെ വലിച്ചെറിയുന്ന ആ തീരുമാനം അദ്ദേഹത്തിന്റെ മനസ്സിലേക്ക് എറിഞ്ഞ മുള്ളുപോലെയായിരുന്നു. അത് കൊള്ളേണ്ടിടത്ത് തറച്ചു. വർഷങ്ങളോളം അച്ചായന്റെ ഉള്ളിലെ രക്തമായും അമ്മയുടെ കണ്ണുനീരായും ആ വേദന പൊഴിഞ്ഞുവീണുകൊണ്ടേയിരുന്നു. ബന്ധങ്ങൾ ഏതാണ്ട് മുറിച്ചുമാറ്റിയതുപോലെയായി. ആരുടെയും കണ്ണുനീരോ പരിഭവമോ ആ ശക്തിയെ കുറച്ചില്ല. മറിച്ച്, ലീലാമ്മയുടെ എഴുത്തിന് പർവതങ്ങളെ വെല്ലുന്ന രക്തച്ചുവപ്പ് നൽകി.

ഡാഡി മരിച്ചു.

എന്റെ മനസ്സിലെ ചോദ്യങ്ങൾ വീണ്ടും വീണ്ടും നിർദയമായ നിരാശയിലേക്കു മടങ്ങി. ഇനി ഇതിനൊന്നും ഒരിക്കലും ഉത്തരങ്ങൾ കിട്ടില്ലേ എന്ന് ഞാൻ ഉള്ളിൽ ചോദിച്ചു.

വർഷങ്ങളുടെ തിരച്ചിലിനൊടുവിൽ ലീലാമ്മകൊച്ചമ്മയുടെ 'നാടിന്റെ മക്കൾ' എന്ന നോവൽ അച്ചടിച്ച രൂപത്തിൽ എന്റെ കൈയിലെത്തി. അതിലെ കഥാപാത്രങ്ങളുടെ പ്രണയത്തിനും നിരാശകൾക്കുമൊപ്പം എന്റെ സംശയങ്ങളും ചോദ്യങ്ങളും വീണ്ടും പുനർജനിച്ചു.

എന്തോ ഒളിക്കാൻ ശ്രമിച്ചിരുന്നോ ഡാഡി? അതോ എന്നിലേക്ക് കടന്നുവന്ന പ്രണയങ്ങളിലും സ്നേഹങ്ങളിലും ഇഷ്ടങ്ങളിലും ലീലാമ്മ കൊച്ചമ്മയുടെ സ്വഭാവസാദൃശ്യം അദ്ദേഹം കണ്ടിരുന്നോ? അതായിരുന്നോ ഡാഡിയെ ഭയപ്പെടുത്തിയത്?

ഇന്ന് എന്റെ ചിന്തകളിലെക്ക് നോക്കുമ്പോൾ, ഓരോ കാര്യത്തിന്റെയും ഏറ്റവും ചെറിയ അംശങ്ങൾപോലും വിശദമായി പറഞ്ഞു മനസ്സിലാക്കിത്തന്നിരുന്ന ഡാഡി ലീലാമ്മകൊച്ചമ്മയുടെ കാര്യംമാത്രം എന്നിൽനിന്ന് എന്തിനു മറച്ചുവെച്ചുവെന്ന് ഞാൻ വീണ്ടും വീണ്ടും ചിന്തിച്ചുപോകുന്നു. എന്തുകൊണ്ട് എന്നോടത് വ്യക്തമായി പറഞ്ഞില്ല?

ഇന്ന് ഞാൻ അനുഭവിക്കുന്ന അനാഥത്വവും എന്റെ എഴുത്തിന്റെ ചേർന്നുചേരാത്ത കണ്ണികളും ഞാൻ ആഗ്രഹിച്ച പ്രചോദനങ്ങളും പ്രോത്സാഹനങ്ങളും ,ഇവയെല്ലാം എനിക്ക് ഡാഡിയിൽനിന്ന് എന്തുകൊണ്ട് ലഭിച്ചില്ല? എന്റെ എഴുത്തിന്റെ നറുമുകുളങ്ങൾക്ക് എന്തുകൊണ്ട് ഡാഡി വെള്ളവും വളവും നൽകി പ്രോത്സാഹിപ്പിച്ചില്ല?ഞാൻ എഴുതിയിരുന്ന കവിതകളും വായിച്ചിരുന്ന പുസ്തകങ്ങളും എഴുതിവെച്ചിരുന്ന ഡയറിക്കുറിപ്പുകളും എല്ലാം ഡാഡി കണ്ടിരുന്നു, തീർച്ച. എങ്കിലും അവ കണ്ടതായി എന്നോടുപോലും പറയാതെ അദ്ദേഹം എന്തുകൊണ്ട് നിശ്ശബ്ദനായി കടന്നുപോയി?

വർഷങ്ങൾക്കു ശേഷം എന്റെ ജീവിതത്തിന്റെ നീണ്ട പാതയിൽ പ്രണയവും വിവാഹവും കുട്ടികളും എല്ലാം എന്റെ ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കും അനുസരിച്ച് ക്രമേണ കടന്നുവന്നു. എന്നിലെ പ്രേരണകളും വിങ്ങലുകളും നഷ്ടങ്ങളും മോഹങ്ങളുടെ ചില കെട്ടുപാടുകളുമാണ് എന്നെ എഴുത്തിലേക്ക് നയിച്ചതെന്ന് ഇന്ന് എനിക്കു മനസ്സിലാകുന്നു. അവിടെനിന്ന് ഞാൻ ശക്തമായി തുഴഞ്ഞു. വാക്കുകളുടെ പേമാരിയിൽ ഞാൻ നനഞ്ഞുകുതിർന്നു.

വിമർശനങ്ങളുടെ ഇടിമുഴക്കങ്ങളെയും മിന്നലുകളെയും എന്റെ പ്രചോദനങ്ങളുടെ തലോടലുകളാക്കാൻ പല സുഹൃത്തുക്കളും എന്നെ സ്നേഹിച്ചവരും പഠിപ്പിച്ചു. ഇക്ബാലിക്കയെപ്പോലുള്ള മിന്നാമിനുങ്ങുകളുടെ നേരിയ വെളിച്ചംപോലും എന്റെ എഴുത്തിന് നേർവഴി കാട്ടി. ഇന്നും പ്രചോദനങ്ങളും ഉത്തരം തേടുന്ന ചോദ്യങ്ങളും എന്റെ മനസ്സിൽ ഉരുൾപൊട്ടലുകളായും നീരൊഴുക്കുകളായും നിറഞ്ഞൊഴുകുന്നു. ഓരോ കരച്ചിലിനും കണ്ണീരിനും ശേഷവും

ഓരോ സന്ധ്യയിലും ഡാഡി കാണിച്ചുതന്നിരുന്ന ധ്രുവനക്ഷത്രത്തെയും ഓറിയോൺ യോദ്ധാക്കളെയും നക്ഷത്രസമൂഹങ്ങളെയും നോക്കുമ്പോൾ, "ഞാനും നിന്നെ എന്നും നോക്കിക്കൊണ്ടിരിക്കും" എന്ന് അന്ന് ഡാഡി പറഞ്ഞത് ഓർക്കും. ഖത്തറിലെയും ഒമാനിലെയും തിരുവനന്തപുരത്തെയും ആകാശങ്ങളിലേക്കു നോക്കി, കണ്ണുനീർത്തുള്ളികൾ തുടച്ചുകൊണ്ട് ഞാൻ നടന്നു നീങ്ങുന്നു.

ഒരു ഫീനിക്സ് പക്ഷിയുടെ ചിറകടികൾക്കൊപ്പം ഞാനും എന്റെ പ്രചോദനങ്ങളും ഉയിർത്തെഴുന്നേറ്റു.

ഫീനിക്സ് പക്ഷിയും ഡാഡി പറഞ്ഞുതന്ന ഒരു കഥയിലെ മുഖ്യ കഥാപാത്രമായിരുന്നു. കത്തുന്ന തീയിൽനിന്നു രക്ഷപ്പെടാൻ തന്റെ ശേഷിച്ച സർവശക്തിയും സംഭരിച്ച് പറന്നുയരുന്ന പക്ഷി! സ്വയംരക്ഷ എന്ന ആശയത്തെ പ്രതിനിധീകരിക്കാൻ സൃഷ്ടിച്ച സാങ്കൽപ്പിക കഥാപാത്രമാണ് അതെന്ന് ഒരു കള്ളച്ചിരിയോടെ ഡാഡി പറഞ്ഞുതന്നിരുന്നു.

''എല്ലാ പ്രതിബന്ധങ്ങളും അങ്ങനെയാണ്. നമ്മൾ സ്വയം രക്ഷിച്ചാൽ മാത്രമേ നമുക്ക് രക്ഷയുള്ളൂ. കാരണം നമ്മുടെ പ്രശ്നങ്ങളുടെ വ്യാപ്തിയും സ്വഭാവവും നമുക്കുമാത്രമേ അറിയൂ. അതിനുള്ള പരിഹാരവും നമ്മൾതന്നെ കണ്ടെത്തണം. മറ്റുള്ളവരോട് കരയാനും പരിഭവം പറയാനും സഹതാപം പിടിച്ചുപറ്റാനും ആർക്കും സാധിക്കും.''

''നിന്റെ കഥയെല്ലാം കേട്ടുകഴിഞ്ഞില്ലേ? ഇനി എനിക്കൊരു ബ്രാണ്ടി കൂടി എടുത്തുകൊണ്ടുവാ. നിന്നോട് കഥ പറഞ്ഞ് ഞാൻ ക്ഷീണിച്ചു,'' ഡാഡി പറയും.

ഡാഡിയുടെ കഥകൾ എന്റെ മനസ്സിലെ നീർത്തുള്ളികളെ കോർത്തിണക്കുന്നുവെന്ന കാര്യം അന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ആ കഥകളുടെ ശക്തിയാണ് ഇന്ന് എന്റെ പ്രചോദനമെന്ന് മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.

നന്ദി, ഡാഡി.

ഓരോ സന്ധ്യയിലും ഡാഡി കാണിച്ചുതന്നിരുന്ന ധ്രുവനക്ഷത്രത്തെയും ഓറിയോൺ യോദ്ധാക്കളെയും നക്ഷത്രസമൂഹങ്ങളെയും നോക്കുമ്പോൾ, ''ഞാനും നിന്നെ എന്നും നോക്കിക്കൊണ്ടിരിക്കും'' എന്ന് അന്ന് ഡാഡി പറഞ്ഞത് ഓർക്കും.ഖത്തറിലെയും ഒമാനിലെയും തിരുവനന്തപുരത്തെയും ആകാശങ്ങളിലേക്കു നോക്കി, കണ്ണുനീർത്തുള്ളികൾ തുടച്ചുകൊണ്ട് ഞാൻ നടന്നു നീങ്ങുന്നു.

അങ്ങനെ സ്കൂളും കോളേജും എനിക്ക് എന്നും ജേർണൽ എഴുത്തുകളും ഡയറി എഴുത്തുകളും എഴുതാനും ഡാഡി അന്നും ഓർമ്മിപ്പിച്ചിരുന്നു. ഇന്ന് എനിക്കതെല്ലാം ഒരു ഫ്ലാഷ്ബാക്കുകളാണ്. കഥകളുടെ തുടക്കങ്ങൾ ആ ഡയറിക്കുറിപ്പുകളിലായിരുന്നുവെന്ന് ഇന്ന് ഞാൻ അറിയുന്നു. ഒരു പുതിയ തുടക്കമായി ഞാൻ കഥകളുടെ ലോകത്തേക്ക് ചുവടുവെക്കുന്നു. 1999 മുതൽ ഇന്നുവരെ എനിക്കു പ്രചോദനമായവരെയും ഉപദേശിച്ചവരെയും പ്രോത്സാഹിപ്പിച്ചവരെയും സ്നേഹിതരെയും സ്നേഹത്തോടെ ഓർക്കുന്നു.

ഈ തുടർക്കഥകൾ ഞാൻ ദൈവത്തിനും സരസ്വതീദേവിക്കും സമർപ്പിക്കുന്നു.

‘Making Memorials all over the USA, Canada and India’

MUKKUT MONUMENTS INC.

Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com



ലൈഫല്ലേ ജീവിതം?

സക്കറിയയുമായി ബന്ധപ്പെട്ട് മലയാളി കേൾക്കാത്ത ചിലതൊക്കെ ഇപ്പോഴും ബാക്കിയാണ്. ആ ബാക്കികളിലേക്ക് സഞ്ചരിക്കുകയാണ് എഴുത്തുകാരനും മാധ്യമപ്രവർത്തകനും യാത്രികനുമായ മാങ്ങാട് രത്നാകരൻ തന്റെ ഏറ്റവും പുതിയ പുസ്തകമായ ഒരു സക്കറിയ പുസ്തകം എന്ന കൃതിയിലൂടെ.

എം.കെ നാരായണമൂർത്തി

സക്കറിയയെന്ന എഴുത്തുകാരനെ മലയാളി വായനക്കാരന് പ്രത്യേകം പരിചയപ്പെടുത്തേണ്ടതില്ല.പക്ഷേ അദ്ദേഹവുമായി ബന്ധപ്പെട്ട് മലയാളി കേൾക്കാത്ത ചിലതൊക്കെ ഇപ്പോഴും ബാക്കിയാണ്.ആ ബാക്കികളിലേക്ക് സഞ്ചരിക്കുകയാണ് എഴുത്തുകാരനും മാധ്യമപ്രവർത്തകനും യാത്രികനുമായ മാങ്ങാട് രത്നാകരൻ തന്റെ ഏറ്റവും പുതിയ പുസ്കമായ ഒരു സക്കറിയ

പുസ്കതം എന്ന കൃതിയിലൂടെ. പുസ്തകത്തിന്റെ വ്യത്യസ്ത തലക്കെട്ടിൽ തന്നെയുണ്ട്.ഹിമാലയം കാണാനാഗ്രഹിച്ച്,അതു നടക്കാതെ പോയതിനാൽ ഡൽഹിയിൽ ചെന്ന് സക്കറിയയെ കണ്ടു എന്ന കുഞ്ഞുണ്ണി മാഷിന്റെ ആത്മകഥാവരികളിൽ പുസ്തകം തുടങ്ങിയത് തന്നെ സക്കറിയ എന്ന ഹിമാലയത്തെ വായനക്കാരന് മുന്നിലേക്ക് അവതരിപ്പിച്ചു കൊണ്ടാണ്.ഞാൻ വെറുമൊരു എഴുത്തുകാരൻ എന്ന് സ്വയം അടയാളപ്പെടുത്തുന്ന സക്കറിയയിലെ സാമൂഹ്യനിരീക്ഷകനേയും

സക്കറിയയും മങ്ങാട് രത്നാകരനും അൽ അഖ്സ പള്ളിയിൽ

മലയാളിക്ക് പരിചയപ്പെടുത്താൻ ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ ആത്മാർത്ഥമായ ശ്രമം നടത്തുന്നിടത്താണ് ഇവിടെ വേറിട്ടൊരു വായന സാധ്യമാകുന്നത്.ആദർശശുദ്ധിയില്ലാത്ത മാധ്യമങ്ങളേയും ക്രിമിനൽ വൽക്കരിക്കപ്പെട്ട രാഷ്ട്രീയത്തെ കുറിച്ച് സക്കറിയ തന്നെ എഴുതിയ കുറിപ്പ് പുസ്തകത്തിൽ ചേർത്തത് സക്കറിയയുടെ സാമൂഹ്യവീക്ഷണത്തെ വായനക്കാരന് അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ മനസ്സിലാക്കാൻ സഹായകമായിട്ടുണ്ട്. സാഹിത്യജീവിതത്തിനുമപ്പുറം മറ്റൊരു ജീവിതത്തിന്റെ കൂടി ഉടമയാണ് സക്കറിയയെന്ന് മാലോകരെ അറിയിക്കാൻ മാങ്ങാട് രത്നാകരന് സാധിച്ചിട്ടുണ്ട്.

'ഇതാണ് മഹാന്മാർക്ക് പറ്റുന്ന കുഴപ്പം.അവർ പോയി വല്ല പുൽത്തൊട്ടിലിലോ ചെറ്റക്കുടിലിലോ ജനിക്കും.പിന്നാലെ വരുന്നവർ അവർക്കായി മണിമാളിക പണിയും. 'ഒരുമിച്ചുള്ള യാത്രയിൽ ബെത്‌ലഹേമിലെ തിരുപ്പിറവി ദേവാലയത്തിന്റെ മുന്നിലെ ചത്വരത്തിൽ നിന്നും സക്കറിയ മാങ്ങാട് രത്നാകരനോട് പറഞ്ഞതാണ് ഈ വാക്യം.ഇതിലും നന്നായി എങ്ങനെയാണ് ഒരാൾ തന്റെ രാഷ്ട്രീയം വെളിപ്പെടുത്തുക?. യേശുരാജ്യത്തിൽ സക്കറിയയ്ക്കൊപ്പം എന്ന അദ്ധ്യായം വെറുമൊരു യാത്രാവിവരണം എന്നതിൽ നിന്ന് മാറിനിൽക്കുന്നത് സക്കറിയയുടെയും ഗ്രന്ഥകാരന്റേയും മനോവിചാരങ്ങളിലെ രാഷ്ട്രീയം കൂടി വെളിപ്പെടുന്നത് കൊണ്ടാണ്.'നമ്മുടെ പി.സി ജോർജ്ജിനേക്കാളും മുട്ടൻതെറികളല്ലേ പുള്ളിക്കാരൻ പുരോഹിതവർഗ്ഗത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത്?' എന്ന് ഇവിടെ വച്ച് സക്കറിയ മാങ്ങാടിനോട് ചോദിക്കുന്നുണ്ട്. പൗരോഹത്യത്തോട് എഴുത്തുകാരനുള്ള വെറുപ്പിന്റെ രേഖപ്പെടുത്തലാണത്.ഒരു ശവകുടീരം സന്ദർശിക്കുന്നതിനെ കുറിച്ച് മാങ്ങാട് സക്കറിയയോട് ചോദിക്കുമ്പോൾ ഉത്തരമിങ്ങനെ.'എന്റെ ആശാനെ. യേശുവിന്റേതായി എല്ലോ പല്ലോ മറ്റെന്തെങ്കിലും കിട്ടിയാൽ അച്ചന്മാർ അത് അപ്പോൾ തന്നെ കുഴിച്ചുമൂടി

ഹിമാലയം കാണാനാഗ്രഹിച്ച്,അതു നടക്കാതെ പോയതിനാൽ ഡൽഹിയിൽ ചെന്ന് സക്കറിയയെ കണ്ടു എന്ന കുഞ്ഞുണ്ണി മാഷിന്റെ ആത്മകഥാവരികളിൽ പുസ്തകം തുടങ്ങിയത് തന്നെ സക്കറിയ എന്ന ഹിമാലയത്തെ വായനക്കാരന് മുന്നിലേക്ക് അവതരിപ്പിച്ചു കൊണ്ടാണ്. ഞാൻ വെറുമൊരു എഴുത്തുകാരൻ എന്ന് സ്വയം അടയാളപ്പെടുത്തുന്ന സക്കറിയയിലെ സാമൂഹ്യനിരീക്ഷകനേയും മലയാളിക്ക് പരിചയപ്പെടുത്താൻ ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ ആത്മാർത്ഥമായ ശ്രമം നടത്തുന്നിടത്താണ് ഇവിടെ വേറിട്ടൊരു വായന സാധ്യമാകുന്നത്.

മാങ്ങാട് രത്നാകരൻ

ക്കളയും.കാരണം,അതോടെ ക്രിസ്തുമതത്തിന്റെ കഥകഴിയും.ക്രിസ്തുമതത്തിന്റെ ആണിക്കല്ല് തന്നെ ഉയിർത്തെഴുന്നേൽപ്പാണ്.'മതങ്ങളോടുള്ള സക്കറിയയുടെ കാഴ്ചപ്പാടും ചരിത്രത്തോടുള്ള സമീപനവും വെളിവാക്കുന്ന ഈ വാചകങ്ങൾ ഈ പുസ്തകത്തെ ലിഖിത ചരിത്രത്തിന്റെ ഭാഗമാക്കുന്നു.

യാസർ അരാഫത്തിന്റെ ശവകുടീരം കാണാൻ ഗ്രന്ഥകാരനും സക്കറിയയും കൂടി പോകുന്നത് ഇതേ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. മുഹമ്മദ് എന്ന ഡ്രൈവറുടെ സഹായത്തോടെ രാമള്ളയിലെ അരാഫത്തിന്റെ ശവകുടീരത്തിലേക്കുള്ള യാത്രാമദ്ധ്യേ കാണുന്ന കാഴ്ചകൾ മാങ്ങാട് രത്നാകരൻ വിവരിക്കുന്നത് വളരെയേറെ ദൃശ്യാത്മകമായിട്ടാണ്.യാസർ അറാഫത്തിന്റെ ശവസംസ്കാര ചടങ്ങുകൾ റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകനായിരുന്നത് കൊണ്ടാകണം ഇത്തരം ഒരു ദൃശ്യാത്മകവിവരണത്തിന് അദ്ദേഹത്തിന് സാധിച്ചത്.ഫ്രാൻസിലെ ആശുപത്രിയിൽ വച്ചുള്ള അറാഫത്തിന്റെ മരണവും കെയ്റോവിൽ വച്ചു നടത്തപ്പെട്ട സൈനിക ശവസംസ്കാരവും രാമള്ളയിലേക്കുള്ള മൃതദേഹത്തിന്റെ വരവും മരണത്തെ ച്ചൊല്ലിയുള്ള നിലയ്ക്കാത്ത വിവാദങ്ങളുമെല്ലാം ദൃശ്യപരമ്പരയായി തന്റെ മനസ്സിലൂടെ കടന്നു പോകുന്നുണ്ടെന്ന് ഗ്രന്ഥകാരൻ തന്നെ ഉറപ്പിക്കുന്നുണ്ട്.ജെറുസലേമിൽ അൽ-അഖ്സ പള്ളിക്ക് സമീപം അറാഫത്തിന്റെ ഭൗതികശരീരം കബറടക്കണമെന്ന് പാലസ്തീൻ നേതാക്കളുടെ ആവശ്യം ഇസ്രായേൽ അംഗീകരിച്ചിരുന്നില്ല.ഒടുവിൽ അൽ-അഖ്സ പള്ളിയുടെ സമീപത്ത് നിന്നെടുത്ത ഒരു പിടി മണ്ണിനുമേൽ മൃതദേഹം വച്ചാണ് അദ്ദേഹത്തെ കബറടക്കിയത്.ഈ ചരിത്രമെല്ലാം ഹൃദയസ്പർശിയായി മാങ്ങാട് രത്നാകരൻ വിവരിക്കുന്നുണ്ട്.ആ ശവകുടീരം കണ്ടിറങ്ങിയപ്പോൾ സക്കറിയ മാങ്ങാടിനോട് പറഞ്ഞത് 'അപ്പോൾ നാം പാലസ്തീനിൽ പകുതിയുദ്ധം ജയിച്ചു' എന്നാണ്.ഭാവനയും സത്യവും ഇടകലരുന്ന ഒരു വലിയ മനുഷ്യസ്നേഹിയായ എഴുത്തുകാരന് മാത്രമേ ഇത്തരത്തിൽ പറയാൻ കഴിയൂ.

ശവകുടീരം സന്ദർശിക്കുന്നതിനെ കുറിച്ച് മാങ്ങാട് സക്കറിയയോട് ചോദിക്കുമ്പോൾ ഉത്തരമിങ്ങനെ.'എന്റെ ആശാനെ.യേശുവിന്റേതായി എല്ലോ പല്ലോ മറ്റെന്തെങ്കിലും കിട്ടിയാൽ അച്ചന്മാർ അത് അപ്പോൾ തന്നെ കുഴിച്ചുമൂടിക്കളയും. കാരണം,അതോടെ ക്രിസ്തുമതത്തിന്റെ കഥകഴിയും. ക്രിസ്തുമതത്തിന്റെ ആണിക്കല്ല് തന്നെ ഉയിർത്തെഴുന്നേൽപ്പാണ്.'മതങ്ങളോടുള്ള സക്കറിയയുടെ കാഴ്ചപ്പാടും ചരിത്രത്തോടുള്ള സമീപനവും വെളിവാക്കുന്ന ഈ വാചകങ്ങൾ ഈ പുസ്തകത്തെ ലിഖിത ചരിത്രത്തിന്റെ ഭാഗമാക്കുന്നു.

പ്രശസ്ത ഇസ്രായേലി എഴുത്തുകാരനും ബുദ്ധിജീവിയും പത്രപ്രവർത്തകനും അദ്ധ്യാപകതനുമായ ആമോസ് ഒസ്സിന്റെ വീട്ടിൽ ഇവർ ഇരുവരും എത്തുന്നതും അവിടത്തെ കാഴ്ചകളും അനുഭവങ്ങളും വിസ്തരിച്ച് തന്നെ പുസ്തകത്തിലുണ്ട്.ഇസ്രായേലും പാലസ്തീനും രണ്ടു രാഷ്ട്രങ്ങളായി തന്നെ തുടരണമെന്ന ദ്വിരാഷ്ട്രവാദത്തിന്റെ ശക്തനായ വക്താവായിരുന്നു ആമോസ്.നെഗേവിലെ ബെൻഗുറിയോൺ സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന ആമോസിന്റേതായി 42 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.45 ഭാഷകളിൽ അതിന്റെ വിവർത്തനങ്ങളും വന്നിട്ടുണ്ട്.നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ

സക്കറിയയും ആമോസ് ഓസും

സക്കറിയ ഗെത്സമെനിൽ

നേടിയിട്ടുള്ള ആമോസിനെ അദ്ദേഹത്തിന്റെ വീട്ടിലെത്തി സന്ദർശിക്കണമെന്ന മോഹം രണ്ടാൾക്കും ഉണ്ടായിരുന്നത് ആ സന്ദർശനത്തെ ഊഷ്മളമാക്കുന്നു.ചൂട് കാപ്പി നൽകി കൊണ്ടാണ് ആമോസ് ഇരുവരേയും സ്വീകരിച്ചത്.കൂട്ടത്തിൽ തന്റെ ഇരുപത് വയസ്സുള്ള പൂച്ചയേയും പരിചയപ്പെടുത്തി.ഇസ്രായേലി മാധ്യമങ്ങൾക്ക് സമയം നൽകാറില്ലാത്ത ആമോസ് സക്കറിയയ്ക്കും മാങ്ങാട് രത്നാകരനും ഒരു മണിക്കൂർ നൽകിയെന്ന് പറഞ്ഞപ്പോൾ വിശ്വസിക്കാൻ പോലും ഇവരുടെ പെകു സുഹൃത്തുക്കൾക്കു പോലും പ്രയാസമായിരുന്നത്രെ!ഒരു മൗലിക വാദിയെ എങ്ങനെ ചികിൽസിക്കാം എന്ന ആമോസിന്റെ പുസ്കത്തെ കുറിച്ച് ഇതിൽ അദ്ദേഹത്തിന്റെ തന്നെ വാക്കുകളെ ഉദ്ധരിച്ചു കൊണ്ട് വിശദീകരിക്കുന്നത് ആധുനികകാലത്ത് വളരെ പ്രസക്തമാണ്.സക്കറിയ ഇസ്രായേൽ-പാലസ്തീൻ പ്രശ്നത്തിന്റെ ഉൾപ്പിരിലുകളെ കുറിച്ച് സംസാരിച്ചപ്പോൾ താൻ ആമോസിന്റെ ഏറ്റവും പുതിയ നോവലായ യൂദാസിനെ കുറിച്ചാണ് സംസാരിച്ചതെന്ന് ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു.അവരുടെ സംഭാഷണ മദ്ധ്യേ വീട്ടിലേക്ക് തിരികെയെത്തിയ ആമോസിന്റെ ഭാര്യ നിലിയെ ആമോസ് അവർക്ക് പരിചയപ്പെടുത്തിയത് അഞ്ചാറു വർഷങ്ങൾക്ക് മുമ്പ് നിലി കേരളത്തിൽ വന്നിട്ടുണ്ട് എന്ന് പറഞ്ഞു കൊണ്ടായിരുന്നു.'അയാം ഇൻ ലൗ വിത്ത് കേരള'എന്നായിരുന്നു നിലിയുടെ പ്രതികരണം.

സക്കറിയ ഇസ്രായേൽ – പാലസ്തീൻ പ്രശ്നത്തിന്റെ ഉൾപ്പിരിലുകളെ കുറിച്ച് സംസാരിച്ചപ്പോൾ താൻ ആമോസിന്റെ ഏറ്റവും പുതിയ നോവലായ യൂദാസിനെ കുറിച്ചാണ് സംസാരിച്ചതെന്ന് ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു. അവരുടെ സംഭാഷണ മദ്ധ്യേ വീട്ടിലേക്ക് തിരികെയെത്തിയ ആമോസിന്റെ ഭാര്യ നിലിയെ ആമോസ് അവർക്ക് പരിചയപ്പെടുത്തിയത് അഞ്ചാറു വർഷങ്ങൾക്ക് മുമ്പ് നിലി കേരളത്തിൽ വന്നിട്ടുണ്ട് എന്ന് പറഞ്ഞു കൊണ്ടായിരുന്നു. 'അയാം ഇൻ ലൗ വിത്ത് കേരള'എന്നായിരുന്നു നിലിയുടെ പ്രതികരണം.

ഇരുവരുടേയും ഡൽഹി,മദ്രാസ് ജീവിതകാലത്തെ കുറിച്ചുള്ള അറിയാതെയെങ്കിലും നർമ്മം തൊട്ട ലേഖനങ്ങൾ മലയാളി അനുവാചകന് തികച്ചും പുതുമ നിറഞ്ഞതായിരിക്കും.ഗൗരവതരമായ പത്രപ്രവർത്തനത്തിന് പറ്റിയ സ്ഥലം ഡൽഹിയാണെന്ന് തിരിച്ചറിഞ്ഞ് ധാരാളം പേർ ഡൽഹിയിലെത്തിയ കാലത്താണ് മാങ്ങാട് രത്നാകരനും ഡൽഹിയിലെത്തിയത്.അന്വേഷണം മാസികയുടെ പത്രാധിപർ ടി.വി.കെ മാഷെന്ന് സുഹൃത്തുക്കൾ സ്നേഹപൂർവ്വം വിളിക്കുന്ന ടി.വി കുഞ്ഞികൃഷ്ണൻ തുടങ്ങാൻ പോകുന്ന 'ന്യൂഡൽഹി ഇന്ന്' എന്ന ടാബ്ളോയിഡ് വാരികയിലാണ് മാങ്ങാട് രത്നാകരന്റേയും തുടക്കം.ഒരു ദിവസം ഒരു മധ്യവയസ്കനായ സുമുഖനേയും കൂട്ടി ടി.വി.കെ മാഷ് മാങ്ങാട് രത്നാകരന്റെ മുന്നിലേക്ക് വരികയും പന്ത്രണ്ട് പേജ് വരുന്ന കൈയ്യെഴുത്ത് പ്രതി മാങ്ങാടിനെ ഏൽപ്പിക്കുകയും ചെയ്തു.കൈയ്യെഴുത്ത് പ്രതിയിലൂടെ കടന്നു പോയപ്പോൾ ചില്ലറ അക്ഷരത്തെറ്റുകളല്ലാതെ വായിക്കാൻ ഹരമായിരുന്നുവെന്ന് മാങ്ങാട് ഓർമ്മിക്കുന്നു.അതിനു ശേഷമാണ് ടി.വി.കെ മാഷ് കൈയ്യെഴുത്ത് പ്രതിയുടെ രചയിതാവായ മധ്യവയസ്ക്കനായ സമുഖനെ പരിചയപ്പെടുത്തിയത്.'അറിയില്ലേ.ഇത് സക്കറിയ.'അതായിരുന്നു സക്കറിയയും മാങ്ങാട് രത്നാകരനും തമ്മിലുള്ള ആദ്യ കണ്ടുമുട്ടൽ.ഒരു നീണ്ട ഓർമ്മക്കുറിപ്പായിരുന്നു ആ കൈയ്യെഴുത്ത് പ്രതി.ഗോവിന്ദം ഭജ മൂഢമതെ എന്ന പേരിൽ ന്യൂഡൽഹി ഇന്നിൽ അത് അച്ചടിച്ചു വന്നു.പിന്നീട് ഇറങ്ങിയ ഒരു ലേഖനസമാഹാരത്തിന്റെ ശീർഷകവും അതായിരുന്നു.

ഇത്തരത്തിലുള്ള അനുഭവകഥകളിൽ കുഞ്ഞബ്ദുള്ളയും കെ.സി നാരായണനും ജോൺ എബ്രഹാമും ഒക്കെ വിവിധ കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്.പ്രശസ്ത ചിത്രകാരനായ ബാരഭാസ്കരനാണ് പുസ്തകത്തിന്റെ കവർ പെയിന്റിംഗ് നിർവഹിച്ചിട്ടുള്ളത്.സലീം രഹ്മാന്റേതാണ് കവർ ഡിസൈൻ.കാർനെറ്റ് ബുക്സാണ് പ്രസാധകർ.

● ചെറുകഥ

ശ്രീകുമാർ ഭാസ്കരൻ



വര:
പി ആർ രാജൻ

പിതൃപർവ്വം

ഞാൻ അന്നു രാവിലെ സ്കൂളിലേക്ക് പോകുമ്പോഴും രഞ്ജിത്ത് എണീറ്റിരുന്നില്ല. അതേ കിടപ്പ് തന്നെ. തലേന്ന് തുടങ്ങിയതാണ്. കമിഴ്ന്നുകിടക്കുന്ന അവൻ ഉറങ്ങുകയാണോ അതോ കരയുകയാണോ എന്ന് എനിക്കു വ്യക്തമായിരുന്നില്ല.

രഞ്ജിത്ത് എൻറെ സഹമുറിയനും മാലെയിൽ തന്നെയുള്ള മറ്റൊരു സ്കൂളിലെ അദ്ധ്യാപകനും ആയിരുന്നു. രഞ്ജിത്ത് മാല ദ്വീപിൽ അദ്ധ്യാപകനായി എത്തിയിട്ട് മൂന്നു വർഷം കഴിഞ്ഞിരുന്നു അപ്പോൾ.

''രഞ്ജിത്ത് എണീറ്റ് ഒന്ന് കുളിക്ക്. പിന്നെ ഇതെടുത്ത് കഴിക്ക്.''

ഞാൻ താഴെപ്പോയി വാങ്ങിക്കൊണ്ടു വന്ന സമൂസയുടെ പൊതി അവനരുകിൽ വെച്ചു. എന്റെ ശബ്ദത്തിലെ ശാസന അവൻ പരിഗണിച്ചില്ല. പിന്നെയും അതേ കിടപ്പ് തുടർന്നു.

''ശനിദശയാ മാഷെ. അനുഭവിക്കേണ്ടി വരും''.

കേവലം രണ്ടാഴ്ച മുമ്പ് മാത്രമാണവൻ എന്നോട് അങ്ങനെ പറഞ്ഞത്. എന്നും ഞങ്ങൾ പരസ്പരം പറയുന്ന തമാശകളുടെ കൂട്ടത്തിൽ ഞാൻ അതിനേയും പെടുത്തി. പക്ഷേ ഏതാനം ദിവസങ്ങൾക്കുള്ളിൽ ശനി തലപൊക്കി. അതിന്റെ തുടക്കം രഞ്ജിത്തിന്റെ കൈകൊണ്ടു തന്നെയായിരുന്നു താനും.

എന്നും വൈകിട്ട് ഞാൻ കടൽഭിത്തിയിൽ പോയിരിക്കും. മാലെയിൽ കാണാൻ കടലല്ലാതെ മറ്റൊന്നുമില്ല എന്നുള്ളതാണ് വാസ്തവം. രണ്ടുദിവസം മാലെയിൽ തങ്ങുന്ന ഒരാൾക്ക് അത് പെട്ടെന്ന് ബോദ്ധ്യമാകും.

മാലെയിലെ എന്റെ വിരസമായ ദിനങ്ങൾ തള്ളിനീക്കിയിരുന്നത് വൈകുന്നേരങ്ങളിലെ കടൽ സന്ദർശനത്തിൽക്കൂടിയായിരുന്നു. രാത്രി പതിനൊന്നുമണി വരെ മിക്കവാറും ഞാൻ കടൽത്തീരത്ത് ചിലവഴിക്കും. എന്നിട്ടേ റൂമിൽ വരുമായിരുന്നുള്ളൂ.

റൂമിൽ നല്ല ചൂടായിരുന്നു. കോ

സ്റ്റൽ കാലാവസ്ഥയുടെ പ്രത്യേകത അതാണ്. ചൂടും ഈർപ്പവും സമാസമം അനുഭവിക്കേണ്ടി വരും.

അന്ന് ഞാൻ കടൽ ഭിത്തിയിൽ നിന്നും റൂമിൽ വരുമ്പോൾ രഞ്ജിത്ത് ആകെ വെകിളി പിടിച്ചിരിക്കുന്നു.

കാര്യം അന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി അല്പം ആശങ്കാജനകമായിരുന്നു. രഞ്ജിത്ത് അന്ന് അവന്റെ സ്കൂൾ ക്യാമ്പസിൽ വച്ച് ഒരു വിദ്യാർത്ഥിയുടെ കുത്തിന് പിടിച്ചു ശക്തമായി ഉലുത്തി. കയ്യേറ്റം ചെയ്തുവെന്ന് സാരം. അതും മറ്റു വിദ്യാർഥികൾ നോക്കി നിൽക്കെ.

ഒരു അധ്യാപകൻ ഒരു വിദ്യാർത്ഥിയെ കയ്യേറ്റം ചെയ്യുന്നത് വലിയ കുറ്റമാണ് മാലെയിൽ. അതിന് ജയിൽവാസം മുതൽ നാടുകടത്തൽ വരെ പ്രതീക്ഷിക്കാം. ജയിൽവാസം ആണെങ്കിൽ മാസങ്ങളോ വർഷങ്ങളോ കിടക്കേണ്ടി വരാം. എന്തായിരുന്നു പ്രകോപനമെന്നു ഞാൻ അവനോടു അന്വേഷിച്ചു. പ്രകോപനപരമായ പല നടപടികളും മാലെ വിദ്യാർഥികളിൽ നിന്നും ഒരു ഇന്ത്യൻ അദ്ധ്യാപകൻ നേരിടേണ്ടി വരാം. പലപ്പോഴും. അതിൽ പ്രധാനം മാതൃരാജ്യത്തെപ്പറ്റിയുള്ള അവഹേളനമാണ്. ദേശീയബോധം വേണ്ടത്ര ഇല്ലാത്ത ചില വിദ്യാർത്ഥികൾ ഇന്ത്യയെപ്പറ്റി അധ്യാപകരോട് മോശമായി കമൻറ് പാസാക്കും. അത് പ്രശ്നമാകും. വ്യക്തിപരമായ ആക്ഷേപങ്ങളും അപൂർവമായി ഉണ്ടാകാറുണ്ട്. ബോഡിഷെയ്മിംഗ് എന്ന കാറ്റഗറിയിൽ പെടുത്താവുന്നത്. അത് അപൂർവമായി മാത്രം സംഭവിക്കുന്നതാണ്. പലപ്പോഴും പല ഇന്ത്യൻ അധ്യാപകരും അത് കണക്കിൽ എടുക്കാറില്ല. എന്നാൽ ചില അധ്യാപകർ അങ്ങനെയല്ല. അവർ വലിയ രീതിയിൽ പ്രതികരിക്കും. ചിലപ്പോൾ സ്ഥാനവും സാഹചര്യവും മറന്ന് പെരുമാറി എന്നും വരും. അത്തരത്തിൽ വല്ലതും സംഭവിച്ചു കാണുമോ എന്ന് ഞാൻ ഭയന്നു. പക്ഷേ അതായിരുന്നില്ല കാര്യം.

സംഭവം മറ്റൊന്നായിരുന്നു. രഞ്ജിത്ത് ക്ലാസ് കഴിഞ്ഞ് റൂമിലേക്ക് നടന്നുവരവേ അവന്റെ സ്കൂളിലെ കുറച്ചു ആൺകുട്ടികൾ കൂടി നിൽക്കുന്നുണ്ടായിരുന്നു വഴിയരികിൽ. അപ്പോൾ റോഡിൻറെ മറുവശത്തു കൂടി പോയ ഒരു സ്ത്രീയെ ചൂണ്ടിക്കാട്ടി അതിൽ ഒരുത്തൻ മറ്റുള്ളവരോട് പറഞ്ഞു ''സേക്രഡ് ഹൊർ''. എല്ലാവരും ചിരിച്ചു. 'വിശുദ്ധ വേശ്യ' അതാണ് പരാമർശം. രഞ്ജിത്ത് അത് കേട്ടു. ആ സ്ത്രീയെ നോക്കി.

> **കിട്ടിയ മറുപടി അല്പം ആശങ്കാജനകമായിരുന്നു. രഞ്ജിത്ത് അന്ന് അവന്റെ സ്കൂൾ ക്യാമ്പസിൽ വച്ച് ഒരു വിദ്യാർത്ഥിയുടെ കുത്തിന് പിടിച്ചു ശക്തമായി ഉലുത്തി. കയ്യേറ്റം ചെയ്തുവെന്ന് സാരം. അതും മറ്റു വിദ്യാർഥികൾ നോക്കി നിൽക്കെ. ഒരു അധ്യാപകൻ ഒരു വിദ്യാർത്ഥിയെ കയ്യേറ്റം ചെയ്യുന്നത് വലിയ കുറ്റമാണ് മാലെയിൽ. അതിന് ജയിൽവാസം മുതൽ നാടുകടത്തൽ വരെ പ്രതീക്ഷിക്കാം. ജയിൽവാസം ആണെങ്കിൽ മാസങ്ങളോ വർഷങ്ങളോ കിടക്കേണ്ടി വരാം.**

ഞെട്ടിപ്പോയി. പറഞ്ഞവന്റെ അമ്മ ആയിരുന്നു അത്. പറഞ്ഞത് അവരുടെ ആദ്യ ഭർത്താവിൻറെ മകനും.

സാങ്കേതിക കാരണങ്ങളാൽ അവരുടെ ആദ്യ ബന്ധം നീണ്ടുനിന്നില്ല. രണ്ടാമത് ഒരു പുരുഷന്റെ കൂടെ ജീവിക്കുകയാണ് അവർ. അവർക്കൊപ്പം ആണ് ആ മകനും താമസിക്കുന്നത്. രണ്ടാം ഭർത്താവാണ് അവൻറെ പഠനച്ചെലവ് വഹിക്കുന്നത്. അയാൾ ഒരു മത്സ്യത്തൊഴിലാളിയാണ്. കടലിൽ മത്സ്യബന്ധനത്തിനു പോകും. മാർക്കറ്റിൽ ഒരു ചെറുകടയും ഉണ്ട് അയാൾക്ക്. മീൻ വെട്ടിക്കൊടുക്കുന്ന സ്ഥലം. അവർ അത്യാവശ്യം നല്ല നിലയിൽ ജീവിക്കുന്നു. പല പുരുഷന്മാരുടെ കൂടെ കിടക്കുന്ന സ്ത്രീയെന്ന നിലയ്ക്കാണ് അവൻറെ 'സേക്രഡ്' പരാമർശം.

ഒരുനിമിഷം, രഞ്ജിത്തിന് പരിസരബോധം നഷ്ടപ്പെട്ടു. അവൻ ചാടി ആ പയ്യൻറെ കോളറിന് പിടിച്ചു ശക്തമായി ഉലുത്തി. കൂടെ നല്ല തെറിയും വിളിച്ചു. സാധാരണ പറയുന്ന അൺപാർലമെൻററി വാക്കുകൾ. ഒരു അദ്ധ്യാപകൻ പറയാൻ പാടില്ലാത്ത വാക്കുകൾ.

കോളറിൽ പിടിച്ചുള്ള ശക്തമായ ഉലുത്തിൽ അവൻ താഴെ വീണു. നിലത്ത് വീണ അവനെ ചവിട്ടാൻ രഞ്ജിത്ത് കാലുപൊക്കി. അവൻറെ സഹപാഠികൾ പെട്ടെന്നു അവനെ വലിച്ചു മാറ്റി. അതുകൊണ്ട് ചവിട്ടു കൊണ്ടില്ല. അടുത്ത നിമിഷം എല്ലാവരും ചിതറിത്തെറിച്ചു. സ്ഥലം ശൂന്യം. നിമിഷങ്ങൾക്കുള്ളിൽ ഇതെല്ലാം നടന്നു കഴിഞ്ഞു. രഞ്ജിത്ത് തിളച്ചു മറിഞ്ഞു റൂമിലെത്തി.

ഒരു 'മാതൃരാജ്യത്ത്' നിന്നും മാലെയിൽ എത്തിയ ഒരു വ്യക്തിക്ക്, സ്ഥാനത്തും അസ്ഥാനത്തും മാതൃത്വത്തിന്റെ മഹത്വം വായ്തതാരിയായി കേൾക്കുന്ന ഒരു ശരാശരി ഇന്ത്യൻ അധ്യാപകന്, തന്റെ വിദ്യാർത്ഥി സ്വന്തം മാതാവിനെപ്പറ്റി യോഗ്യമല്ലാത്ത പരാമർശം പറയുന്നത് കേട്ടപ്പോൾ രക്തം തിളച്ചത് സ്വാഭാവികം. പക്ഷേ നാട് മാലിയാണ്. അവരുടെ സംസ്കാരം വേറെയാണ്. രഞ്ജിത്ത് അത് മറന്നു പോയി.

''അവൻ അങ്ങനെ പറഞ്ഞത് കേട്ടപ്പോൾ അറിയാതെ എൻറെ രക്തം തിളച്ചു. പിന്നെ എന്ത് സംഭവിച്ചു എന്ന് ചോദിച്ചാൽ എനിക്കറിഞ്ഞുകൂടാ.'' രഞ്ജിത്ത് പറഞ്ഞു.

''കണ്ടീഷൻഡ് റിഫ്ലക്സ്'' ഞാൻ പറഞ്ഞു.

''എന്ത്''

''അതൊരു ജൈവീക പ്രതിഭാസമാണ്.'' ഞാൻ പറഞ്ഞു.

''നമ്മൾ ചെറുപ്പത്തിൽ കേട്ട് പഠിക്കുന്നതോ പഠിപ്പിക്കുന്നതോ ആയ കാര്യം സന്നിഗ്ധ ഘട്ടത്തിൽ

ഒരുനിമിഷം, രഞ്ജിത്തിന് പരിസരബോധം നഷ്ടപ്പെട്ടു. അവൻ ചാടി ആ പയ്യൻറെ കോളറിന് പിടിച്ചു ശക്തമായി ഉലുത്തി. കൂടെ നല്ല തെറിയും വിളിച്ചു. സാധാരണ പറയുന്ന അൺപാർലമെൻററി വാക്കുകൾ. ഒരു അദ്ധ്യാപകൻ പറയാൻ പാടില്ലാത്ത വാക്കുകൾ. കോളറിൽ പിടിച്ചുള്ള ശക്തമായ ഉലുത്തിൽ അവൻ താഴെ വീണു. നിലത്ത് വീണ അവനെ ചവിട്ടാൻ രഞ്ജിത്ത് കാലുപൊക്കി. അവൻറെ സഹപാഠികൾ പെട്ടെന്നു അവനെ വലിച്ചു മാറ്റി. അതുകൊണ്ട് ചവിട്ടു കൊണ്ടില്ല. അടുത്ത നിമിഷം എല്ലാവരും ചിതറിത്തെറിച്ചു. സ്ഥലം ശൂന്യം. നിമിഷങ്ങൾക്കുള്ളിൽ ഇതെല്ലാം നടന്നു കഴിഞ്ഞു. രഞ്ജിത്ത് തിളച്ചു മറിഞ്ഞു റൂമിലെത്തി.

നമ്മളെ നയിക്കും. അവിടെ വിവേചനശക്തിയല്ല പിന്നെ പ്രവർത്തിക്കുന്നത്. കൂടെയുള്ള കൂട്ടുകാരൻ യുദ്ധമുഖത്ത് വെടിയേറ്റു വീണാൽ ഒരു സൈനികൻ വീണ അവനെ അല്ല ശ്രദ്ധിക്കുക. മറിച്ച് മുന്നിൽ ഉള്ള ശത്രുവിനോട് പൊരുതി മുന്നേറുക എന്നതായിരിക്കും. കാരണം എന്താണെന്നു അറിയാമോ. ഭടന്മാരെ എന്നും പറഞ്ഞു പഠിപ്പിക്കുന്നത് ഫൈറ്റ് ആൻഡ് മൂവ് എന്നാണ്. അങ്ങനെ എന്നും കേൾക്കുന്ന ഒരു ഭടന് യുദ്ധമുഖത്ത് അവനെ നയിക്കുന്നത്, അവനിൽ സന്നിവേശിപ്പിച്ച ആ ആജ്ഞയാണ്. അല്ലാതെ സിനിമയിലെപ്പോലുള്ള സെൻറ്റിമെൻ്റ്സ് അല്ല.

നമ്മൾ നിരന്തരമായിട്ട് മാതൃരാജ്യം, അമ്മ എന്ന് പറഞ്ഞു പഠിച്ചുവരുന്ന ഒരു ജനതയാണ്. നമ്മുടെ മാതൃത്വസങ്കല്പം വളരെ വലുതാണ്. ആ സങ്കല്പത്തിനെതിരായിട്ട് വരുന്ന ഏത് കാര്യത്തിനോടും നമ്മൾ അറിയാതെ പ്രതികരിച്ചു പോകും. പക്ഷേ പ്രശ്നം എന്താണെന്ന് വച്ചാൽ സാംസ്കാരിക വൈജാത്യമാണ്. അതും മറക്കുന്നതാണ് പ്രശ്നം. വാത്മീകി രാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ ഒരു സംഭവം പറയുന്നുണ്ട്.

ബാലി – സുഗ്രീവ യുദ്ധത്തിൽ രാമൻ ബാലിയെ മറഞ്ഞുനിന്ന് അമ്പെയ്തു വീഴ്ത്തുന്നു. വീണു കിടക്കുന്ന ബാലിയുടെ അരികിലേക്ക് രാമൻ വരുന്നു. അപ്പോൾ ബാലി രാമനോട് ചോദിക്കുന്നു. 'നീ ദശരഥപുത്രൻ രാമൻ അല്ലേ. നമ്മൾ തമ്മിൽ ശത്രുത ഇല്ലല്ലോ. പിന്നെ എന്തിനാണ് നീ എന്നെ വീഴ്ത്തിയത്.' രാമൻ പറഞ്ഞു. 'അധാർമികമായി പെരുമാറി എന്നതാണ് നിന്റെ കുറ്റം. നിൻറെ അനുജനായുള്ള സുഗ്രീവന്റെ ഭാര്യയെ നീ കയ്യടക്കി വെച്ചിരിക്കുകയാണ്. ഇപ്പോൾ നീ ഭാര്യയായി അവരെ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് അധാർമികമാണ്. സഹോദരൻറെ ഭാര്യ സഹോദരിക്ക് തുല്യമാണ്. അവരെ ഭാര്യയായി വെച്ചുകൊണ്ടിരിക്കുന്നത് അധാർമികമാണ്'. രാമൻ പറഞ്ഞു.

ഇത് കേട്ടപ്പോൾ ബാലി പറഞ്ഞു. 'രാമാ നീ പറയുന്നത് നിന്റെ കുലത്തിന്റെ, മനുഷ്യകുലത്തിന്റെ ധാർമികതയാണ്. അത് കപികുലത്തിനു യോഗ്യമല്ല. ഞങ്ങൾക്ക് ആണും പെണ്ണും മാത്രമേയുള്ളൂ. സഹോദരി, അമ്മ, ഭാര്യ എന്ന തരംതിരിവില്ല. ആണും പെണ്ണും മാത്രം. അതാണ് കപികുല സംസ്കാരം. ഞാൻ എൻ

റെ സംസ്കാരം അനുസരിച്ചാണ് ജീവിച്ചത്. മനുഷ്യകുല സംസ്കാരത്തിൻറെ അടിസ്ഥാനത്തിൽ നീ എന്നെ തിരുത്താൻ ശ്രമിക്കുന്നത് ശരിയല്ല.'

രാമന് കാര്യം ബോധ്യപ്പെട്ടു. രാമൻ ബാലിക്ക് ഒരു വരം കൊടുത്തു. അടുത്ത ജന്മത്തിൽ ഇതുപോലെ ഒളിഞ്ഞിരുന്ന് എന്നെ കൊല്ലാൻ നിനക്ക് സാധിക്കട്ടെ എന്ന്. അങ്ങനെയാണ് കൃഷ്ണനെ വേടന്റെ ജന്മമായി വന്ന ബാലി അടുത്ത ജന്മത്തിൽ കൊല്ലുന്നത് എന്നാണ് കഥ.

രഞ്ജിത്ത് ഓരോ രാജ്യത്തിനും ഓരോ കൾച്ചർ ഉണ്ട്. ഭോഗസംസ്കാരത്തിൽ നിൽക്കുന്ന ഒരു രാജ്യമാണിത്. മണ്ണും പെണ്ണും എല്ലാം അതിന്റെ ഭാഗമാണ്. ഇവർക്ക് നമ്മുടെ സാംസ്കാരവുമായിട്ട് ഒരുപാട് വ്യത്യാസമുണ്ട്. റോമൻ സംസ്കാരം പോലെയാണ് ഇവർ. പുരുഷന് ശാരീരിക സുഖം കൊടുക്കാനുള്ള ഉപാധി മാത്രമാണ് ഇവിടെ സ്ത്രീകൾ. അവിടെ നീ നമ്മുടെ സംസ്കാരത്തിൻറെ മാതൃത്വം വെച്ച് ഒരുത്തന്റെ മണ്ടയ്ക്ക് കുതിര കയറുമ്പോൾ ഓർക്കുക, നിന്റെയോ എന്റെയോ സദാചാര ബോധമല്ല ഈ രാജ്യത്തുള്ളത്. ഇവിടെ ഒരു പയ്യൻ അവന്റെ അമ്മയെ വേശ്യ എന്നു വിശേഷിപ്പിച്ചപ്പോൾ അത് കേട്ടുനിന്നവർക്കും ഒട്ടും അഭംഗി തോന്നിയില്ല. ആ സത്യം മറന്ന് നിൻറെ സദാചാരബോധം ഇവിടെ പ്രായോഗികമാക്കാൻ ശ്രമിച്ചതാണ് നിൻറെ പരാജയം.''

രഞ്ജിത്ത് ഒന്നും മിണ്ടിയില്ല.

ഒരു അദ്ധ്യാപകന്റെ കയ്യേറ്റം ഒരു സാഹചര്യത്തിലും മാലെയിൽ നീതികരിക്കപ്പെടുന്നില്ല. വിദ്യാർഥികൾക്ക് സർവ്വസ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തിട്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിൽ, രഞ്ജിത്തിൻറെ നടപടി ഒരു പ്രധാന സംഭവമായി ത്തീരാനുള്ള സാധ്യത ഞാൻ ഉൾപ്പെടെ എല്ലാവരും പ്രതീക്ഷിച്ചു. അന്ന് ഒരു വ്യാഴാഴ്ചയായിരുന്നു. അടുത്ത രണ്ടു ദിനം അവധിയാണ്. വെള്ളി, ശനി.

ഞായറാഴ്ച ഗുരുതരമായ ഒരു അച്ചടക്ക നടപടി രഞ്ജിത്തിനെ തിരെ ഉണ്ടാകും എന്ന് എല്ലാവരും പ്രതീക്ഷിച്ചു. സാക്ഷിയായി ഉള്ളത് വിദ്യാർഥികളാണ്. അവരാരും രഞ്ജിത്തിനു വേണ്ടി സംസാരിക്കില്ല. അതുറപ്പ്. എന്തും സംഭവിക്കാം. ആ ആശങ്കയിലാണ് ഞായറാഴ്ച എല്ലാവരും സ്കൂളിൽ പോയത്.

പക്ഷേ അത്ഭുതം. ഒന്നും സംഭവിച്ചില്ല. ആ സംഭവം എല്ലാവരും മറന്നു പോയപോലെ. ആർക്കും രഞ്ജിത്തിനെതിരെ ഒരു പരാതിയും ഉണ്ടായിരുന്നില്ല.

ഒരു അദ്ധ്യാപകന്റെ കയ്യേറ്റം ഒരു സാഹചര്യത്തിലും മാലെയിൽ നീതികരിക്കപ്പെടുന്നില്ല. വിദ്യാർഥികൾക്ക് സർവ്വസ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തിട്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിൽ, രഞ്ജിത്തിൻറെ നടപടി ഒരു പ്രധാന സംഭവമായിത്തീരാനുള്ള സാധ്യത ഞാൻ ഉൾപ്പെടെ എല്ലാവരും പ്രതീക്ഷിച്ചു. അന്ന് ഒരു വ്യാഴാഴ്ചയായിരുന്നു. അടുത്ത രണ്ടു ദിനം അവധിയാണ്. വെള്ളി, ശനി. ഞായറാഴ്ച ഗുരുതരമായ ഒരു അച്ചടക്ക നടപടി രഞ്ജിത്തിനെ തിരെ ഉണ്ടാകും എന്ന് എല്ലാവരും പ്രതീക്ഷിച്ചു. സാക്ഷിയായി ഉള്ളത് വിദ്യാർഥികളാണ്. അവരാരും രഞ്ജിത്തിനു വേണ്ടി സംസാരിക്കില്ല. അതുറപ്പ്. എന്തും സംഭവിക്കാം. ആ ആശങ്കയിലാണ് ഞായറാഴ്ച എല്ലാവരും സ്കൂളിൽ പോയത്.

ശനിയുടെ കളി അവിടം കൊണ്ടവസാനിച്ചില്ല. അത് അവനെ പിന്തുടർന്നുകൊണ്ടേയിരുന്നു.

സ്കൂളിലെ പ്രശ്നത്തിൽ നിന്നും രഞ്ജിത്ത് രക്ഷപ്പെട്ടെങ്കിലും, അതിലും വലുത് രഞ്ജിത്തിനെ കാത്തിരിക്കുന്നുണ്ടായിരുന്നു. രണ്ടാഴ്ച കഴിഞ്ഞ് ഒരു ദിവസം ഞാൻ പതിവുപോലെ രാത്രി കടൽ ഭിത്തിയിൽ ഇരിക്കുന്ന സമയം, രഞ്ജിത്ത് എന്നെ വിളിച്ചു. അപ്പോൾ സമയം രാത്രി പത്ത് മണി.

സാധാരണ പതിനൊന്നര വരെ ഞാൻ കടൽക്കരയിൽ കാണും. പതിനൊന്നു മണിക്ക് മാലെ പോലീസിൽ നിന്നും ഒരാൾ, വലിയ ടോർച്ചു ലൈറ്റ് മിന്നിച്ചുകൊണ്ട് കടൽഭിത്തിയിലൂടെ നടന്നു വരുന്നുണ്ടാകും. താഴെ കടൽഭിത്തിയുടെ സംരക്ഷണത്തിനായി ഇട്ടിരിക്കുന്ന വലിയ ട്രൈപ്പോടുകൾക്കിടയിൽ ആരെങ്കിലും കുടുങ്ങിക്കിടക്കുന്നുണ്ടോ വല്ല മൃതശരീരങ്ങൾ ഉണ്ടോ എന്നൊക്കെ നോക്കിയാണ് വരവ്.

മാലെ ഡ്രഗ് അഡിക്റ്റുകളുടെ കേന്ദ്രമാണ്. ചിലപ്പോൾ കയ്യാങ്കളിയും ഉണ്ടാകാറുണ്ട്. അതിൻറെ അനന്തരഫലമായി ആരെങ്കിലും ആരേയെങ്കിലും കൊന്നു തള്ളിയിട്ടുണ്ടോ എന്നൊക്കെയാണ് പോലീസ് സെക്യൂരിറ്റി പരിശോധിക്കുന്നത്.

ആ സമയം പലപ്പോഴും ഞാൻ കടൽഭിത്തിയിൽ ഇരിക്കുന്നുണ്ടാവും. അവർ എന്നെ ഒന്നും പറഞ്ഞിട്ടില്ല. അധ്യാപകൻ ആണെന്ന് തിരിച്ചറിഞ്ഞിട്ടാവാം.

രാത്രി വൈകി ആരെങ്കിലുമൊക്കെ സംരക്ഷണഭിത്തിയിൽ ഇരിക്കുന്നത് കണ്ടാൽ, പോലീസ് അവരുടെ അടുത്ത് വന്ന് വിസിൽ അടിച്ചു പറഞ്ഞുവിടുന്നത് ഞാൻ കണ്ടിട്ടുണ്ട്. മാലേ ദ്വീപിന്റെ എട്ടര കിലോമീറ്റർ ചുറ്റളവിലും ഏരിയ തിരിച്ച് പോലീസ് ഉദ്യോഗസ്ഥർ ചെക്കിങ് നടത്തും. എല്ലാ ദിവസവും.

"നിങ്ങൾ ഇപ്പോൾ എവിടെയാണ്?'' രഞ്ജിത്ത് ചോദിച്ചു. സാധാരണ അവൻ അങ്ങനെ വിളിക്കാറില്ല.

"ഞാൻ കടൽത്തീരത്താണ്. എന്താ?'' ഞാൻ ചോദിച്ചു.

"ഞാൻ അങ്ങോട്ട് വരാം.'' രഞ്ജിത്ത് പറഞ്ഞു.

"ശരി''. ഞാൻ കാത്തിരുന്നു.

എന്തെങ്കിലും കാര്യം ഉണ്ടായോ. സുഖകരം അല്ലാത്തത്. സ്കൂളിൽ മുമ്പ് നടന്ന മാതിരി. അതായിരുന്നു

എന്റെ സംശയം. പത്ത് മിനിറ്റിനുള്ളിൽ രഞ്ജിത്ത് എത്തി. എൻറെ സമീപത്തിരുന്നു. അൽപനേരം ഒന്നും മിണ്ടിയില്ല. പിന്നെപ്പറഞ്ഞു.

''നാട്ടിൽനിന്ന് ചേട്ടൻ വിളിച്ചിരുന്നു. മൂത്ത ചേട്ടൻ.''

രഞ്ജിത്തിന് രണ്ട് ചേട്ടന്മാർ ആണുള്ളത്. മൂത്തയാൾ ഗ്യാസ് ഏജൻസി നടത്തുന്നു. വിവാഹിതൻ. രണ്ടാമത്തെ ചേട്ടൻ ഒരു ഹൈസ്കൂൾ അധ്യാപകനാണ്. അദ്ദേഹവും വിവാഹിതനാണ്. രണ്ടുപേരും തറവാടിനടുത്ത് സ്ഥലം വാങ്ങി വീട് വെച്ച് താമസിക്കുന്നു.

തറവാട്ട് വീട്ടിലാണ് രഞ്ജിത്തിന്റെ താമസം. ഭാര്യ ഒരു നേഴ്സ് ആണ്. വീടിനടുത്തുള്ള ഒരു മിഷൻ ഹോസ്പിറ്റലിൽ വർക്ക് ചെയ്യുന്നു. രണ്ടു വയസ്സുള്ള ഒരു മോൾ രഞ്ജിത്തിന് ഉണ്ട്. തറവാട് വീട് അല്പം പഴയതായതുകൊണ്ട്, അതിൻറെ അറ്റകുറ്റപ്പണി കഴിഞ്ഞതേയുള്ളൂ അടുത്ത സമയത്ത്. അതിൻറെ സാമ്പത്തിക ബാധ്യത തീർന്നു വരുന്നതേയുള്ളൂ. രഞ്ജിത്തിന്റെ അച്ഛൻ തറവാട്ടിൽ രഞ്ജിത്തിന്റെ കുടുംബത്തിൻറെ കൂടെയാണ്. ഇതാണ് രഞ്ജിത്തിന്റെ പശ്ചാത്തലം.

''എന്താ കാര്യം?'' ഞാൻ ചോദിച്ചു.

''അച്ഛന് അടുത്ത സമയത്ത് ചെറിയൊരു വയറുവേദന തോന്നിയിരുന്നു. പ്രത്യേകിച്ച് ആഹാരം കഴിക്കുമ്പോൾ. ഗ്യാസിന്റെ പ്രശ്നമായിരിക്കുമെന്ന് പുള്ളി കരുതി. അടുത്തുള്ള ആയുർവേദ കടയിൽ പോയി വൈദ്യനെ കണ്ട് ചില മരുന്നുകൾ ഒക്കെ കഴിക്കുന്നുണ്ടായിരുന്നു. അതിൽ വലിയ ഫലം ഇല്ലെന്ന് കണ്ടപ്പോഴാണ് അച്ഛൻ ചേട്ടനോട് കാര്യം പറയുന്നത്. അച്ഛനും ചേട്ടനും കൂടി കഴിഞ്ഞ ദിവസം മിഷൻ ഹോസ്പിറ്റലിൽ പോയി ടെസ്റ്റ് ചെയ്തു. ഇന്നതിന്റെ റിസൾട്ട് വന്നു അത് പറയാനാണ് ചേട്ടൻ വിളിച്ചത്.'' രഞ്ജിത് പറഞ്ഞു.

''എന്താ റിസൾട്ട്?'' ഞാൻ ചോദിച്ചു.

''സി . എ സ്റ്റൊമക്. എന്നാണ് നോട്ട് ചെയ്തിട്ടുള്ളത്'' രഞ്ജിത് പറഞ്ഞു.

''കാർസിനോമ സ്റ്റൊമക്''. പെട്ടെന്ന് ഞാൻ പറഞ്ഞു.

''ക്യാൻസർ?'' ഉറപ്പിക്കാൻ ഞാൻ ചോദിച്ചു.

''ആഹ്'' രഞ്ജിത് മൂളി.

അല്പം കഴിഞ്ഞപ്പോൾ രഞ്ജിത്തിന്റെ ഏങ്ങലടി ഞാൻ കേട്ടു. അരണ്ട വെളിച്ചമേ കടൽ ഭിത്തിയിൽ

"കാർസിനോമ സ്റ്റൊമക്". പെട്ടെന്ന് ഞാൻ പറഞ്ഞു. "ക്യാൻസർ?" ഉറപ്പിക്കാൻ ഞാൻ ചോദിച്ചു. "ആഹ്" രഞ്ജിത് മൂളി. അല്പം കഴിഞ്ഞപ്പോൾ രഞ്ജിത്തിന്റെ ഏങ്ങലടി ഞാൻ കേട്ടു. അരണ്ട വെളിച്ചമേ കടൽ ഭിത്തിയിൽ ഒള്ളു. ദൂരെയുള്ള ഒരു സോഡിയം ലാമ്പിൽ നിന്നുള്ള പ്രകാശം. എനിക്ക് എന്ത് ചെയ്യണം എന്ന് ഒരു രൂപവും കിട്ടിയില്ല. അല്പം കഴിഞ്ഞ് രഞ്ജിത്ത് പറഞ്ഞു. "എനിക്ക് ഈ പൊണ്ണത്തടിയേ ഉള്ളൂ മാഷേ. ഒന്നും താങ്ങാൻ പറ്റില്ല. എന്റെ ഒമ്പതാമത്തെ വയസ്സിൽ അമ്മ മരിച്ചതാണ്. പിന്നെ അച്ഛനായിരുന്നു എന്റെ എല്ലാം.

ഒള്ളു. ദൂരെയുള്ള ഒരു സോഡിയം ലാമ്പിൽ നിന്നുള്ള പ്രകാശം. എനിക്ക് എന്ത് ചെയ്യണം എന്ന് ഒരു രൂപവും കിട്ടിയില്ല. അല്പം കഴിഞ്ഞ് രഞ്ജിത്ത് പറഞ്ഞു.

''എനിക്ക് ഈ പൊണ്ണത്തടിയേ ഉള്ളൂ മാഷേ. ഒന്നും താങ്ങാൻ പറ്റില്ല. എന്റെ ഒമ്പതാമത്തെ വയസ്സിൽ അമ്മ മരിച്ചതാണ്. പിന്നെ അച്ഛനായിരുന്നു എന്റെ എല്ലാം. അച്ഛൻ ഒരു നല്ല കർഷകനാണ്. അത്യാവശ്യം സ്ഥലമുണ്ട്. ഒരു തെങ്ങുംതോപ്പ്. പിന്നെ ഒരു ഏത്തവാഴത്തോട്ടം.

ജീവിതത്തിൽ ഒരു വാഹനമേ അച്ഛൻ എടുത്തിട്ടുള്ളൂ. ഒരു മാരുതി എണ്ണൂറു മോഡൽ. അതാണ് ഇപ്പോഴും ഉരുട്ടിക്കൊണ്ടു നടക്കുന്നത്. അത് ഐശ്വര്യമുള്ള വണ്ടി ആണെന്നാണ് അച്ഛൻറെ പക്ഷം. എൺപത്തിയേഴിൽ എടുത്ത വണ്ടിയാണ്. അതിൽ നിലമ്പൂർ പോയി ഏത്തവാഴ വിത്ത് വാങ്ങിവരും. അങ്ങനെ നന്നായി അധ്വാനിക്കുന്ന കർഷകനാണ് അച്ഛൻ. ഞാൻ അച്ഛൻറെ കൂടെ കുറച്ചേ ജീവിച്ചിട്ടുള്ളൂ. പഠനം ഒക്കെ കോട്ടയത്തായിരുന്നു. ഹോസ്റ്റലിൽ താമസം. പി. ജി വരെ അവിടെ. ബി. എഡിന് ആണ് ഞാൻ നാട്ടിൽ ചേരുന്നത്. പിന്നെ ഖത്തർ ഇന്ത്യൻ പബ്ലിക് സ്കൂളിൽ മൂന്നു വർഷം അധ്യാപകൻ. പിന്നെയാണ് ഇങ്ങോട്ട് വന്നത്. അതിൻറെ ഇടയ്ക്ക് വിവാഹം കഴിഞ്ഞു. ചേട്ടത്തിയമ്മയുടെ അനുജത്തിയാണ് എൻറെ ഭാര്യ. അതായത് ചേട്ടൻറെ ഭാര്യയുടെ അനുജത്തി. ഇതിൻറെ ഇടയിൽ അച്ഛനുമൊത്തുള്ള ജീവിതം വളരെ കുറച്ചേ ഉണ്ടായിട്ടുള്ളൂ.'' രഞ്ജിത് പറഞ്ഞു.

പിന്നെ അവൻ ഏങ്ങിക്കരഞ്ഞു.

ഞാൻ ഒന്നും മിണ്ടിയില്ല. എല്ലാം കേട്ടിരുന്നു.

അല്പം കഴിഞ്ഞ് രഞ്ജിത്ത് ചോദിച്ചു. ''മാഷേ, സി. എ. ഒരു സർജറി കൊണ്ട് പരിഹരിക്കാൻ പറ്റുമോ? അതിനെപ്പറ്റി പറയാനാണ് ചേട്ടൻ വിളിച്ചത്. സർജറി ചെയ്യാം എന്ന് മിഷൻ ഹോസ്പിറ്റൽ ഡോക്ടർ പറയുന്നുണ്ട്.''

''ഡോക്ടർ ഓങ്കോളജിസ്റ്റ് ആണോ, ക്യാൻസർ വിദഗ്ധൻ.?'' ഞാൻ ചോദിച്ചു.

''അല്ല. ജനറൽ സർജൻ ആണ്. മിഷൻ ഹോസ്പിറ്റലിൽ ഓങ്കോളജി ഡിപ്പാർട്ട്മെൻറ് ഇല്ല''

ഞാൻ രഞ്ജിത്തിനോട് പറഞ്ഞു. ''കാൻസർ ചികിത്സയുടെ ഭാഗമാണ് സർജറി. പിന്നെ കീമോ ഉണ്ട് റേഡിയേഷൻ ഉണ്ട്. ഇത് പലഘട്ടങ്ങളിൽ പ്രത്യേകമായി അല്ലെങ്കിൽ തുടർച്ചയായി ചെയ്യാറുണ്ട്. ഒരു ജനറൽ ഫിസിഷ്യനെ സംബന്ധിച്ച് ശരീരത്തിലെ സർജറി ഒരു സാദാ സർജറി മാത്രമാണ്. എന്നാൽ കാൻ

സർ സർജറി അങ്ങനെ ചെയ്യേണ്ടതല്ല. അത് എപ്പോഴും ഒരു ഓങ്കോളജിസ്റ്റ് തന്നെ ചെയ്യണം. കാരണം ക്യാൻസർ വളർച്ച ഉള്ളിലേക്ക് എത്ര വരെ പോയി എന്ന് ഒരു ജനറൽ സർജന് അറിയണമെന്നില്ല. സർജറി ചെയ്താൽ ഫലം ഉണ്ടാകുമോ എന്നും പറയാൻ കഴിയില്ല. അതുകൊണ്ട് എൻറെ അഭിപ്രായത്തിൽ ഒരു സെക്കൻഡ് ഒപ്പീനിയൻ അത്യാവശ്യമാണ്. ഒരു ക്യാൻസർ വിദഗ്ധനെ കാണണം. ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കരുത്. ചെയ്യുമ്പോൾ നന്നായി അറിഞ്ഞു ചെയ്യണം. അച്ഛന് എന്ത് പ്രായം വരും.?’’ ഞാൻ ചോദിച്ചു.

‘‘എഴുപത്തിയെട്ട്.’’ രഞ്ജിത്ത് പറഞ്ഞു. ‘‘ഞാനും മൂത്ത ചേട്ടനും തമ്മിൽ പത്ത് വയസ്സിന്റെ വ്യത്യാസമുണ്ട്.’’

‘‘അച്ഛൻ ശാരീരികമായി എങ്ങനെ?’’ ഞാൻ തിരക്കി.

‘‘ശുഷ്കമാണ്. ഒരു അമ്പത് അമ്പത്തഞ്ചു കിലോ വരും. ഏറിയാൽ. എന്താ കാര്യം.’’ രഞ്ജിത്ത് ചോദിച്ചു.

ഞാൻ പറഞ്ഞു. ‘‘ക്യാൻസർ ചികിത്സയ്ക്ക് പ്രായവും ആരോഗ്യവുമൊക്കെ പ്രധാനമാണ്. ക്യാൻസറിൽ പാരമ്പര്യത്തിനും അല്പം സ്വാധീനമുണ്ട്. ക്യാൻസറുകളിൽ ഏകദേശം അഞ്ചു ശതമാനം പാരമ്പര്യവുമായി ബന്ധമുണ്ട്. ഈ ബ്രെസ്റ്റ് കാൻസർ പോലെ.’’ ഞാൻ പറഞ്ഞു നിർത്തി.

‘‘പാരമ്പര്യത്തെപ്പറ്റിപ്പറയാൻ എനിക്ക് അച്ഛൻറെ അച്ഛൻ അതായത് എൻറെ അപ്പൂപ്പൻ എങ്ങനെ മരിച്ചു എന്ന് അറിഞ്ഞുകൂടാ. അച്ഛന് സഹോദരങ്ങൾ ഇല്ല.’’ രഞ്ജിത്ത് പറഞ്ഞു.

‘‘എന്തായാലും നിങ്ങൾ ഒരു കാൻസർ വിദഗ്ധനെ നാളെത്തന്നെ കൺസൾട്ട് ചെയ്യണം. ചെയ്ത ടെസ്റ്റുകളുടെ റിസൾട്ടും കാണിക്കണം. അച്ഛനെ കൂടി കൊണ്ടുപോയി ഡോക്ടറെ കാണണം. അതിനു ശേഷം ഒരു സർജറിയെപ്പറ്റി ചിന്തിക്കുന്നതായിരിക്കും ഭംഗി.’’ ഞാൻ പറഞ്ഞു.

‘‘പണം ഒരു പ്രശ്നമാകില്ല മാഷേ.’’ രഞ്ജിത്ത് അല്പം ആലോചിച്ചിട്ട് പറഞ്ഞു.

‘‘പ്രശ്നം പണമല്ല. പ്രായവും ആരോഗ്യവും ആണ്. അത് ഒരു ഓങ്കോളജിസ്റ്റിനു മാത്രമേ മനസ്സിലാവുകയുള്ളൂ. ഒരു പരിഹാരം പ്രതീക്ഷിച്ച് സർജറി നടത്തിയാൽ പിന്നെ ഒരുപക്ഷേ അച്ഛൻ എണീറ്റ് നടന്നു എന്നു വരില്ല. ആരോഗ്യവും രോഗാവസ്ഥയും അനസ്തേഷ്യയും ആയിട്ടൊക്കെ ബന്ധമുണ്ട്. ഒരു കാര്യം ആദ്യമേ ഉറപ്പിക്കണം. സർജറി കൊണ്ട് ഭേദപ്പെടുമെന്ന് ഒരു ഓങ്കോളജിസ്റ്റ് പറയുകയാണെങ്കിൽ മാത്രം സർജറിക്ക് തയ്യാറാവുക. നടന്നു കൊണ്ടിരിക്കുന്ന ഒരു മനുഷ്യനെ കിടത്തുന്ന അവസ്ഥ ഉണ്ടാകരുത്.’’ ഞാൻ പറഞ്ഞു.

‘‘പ്രശ്നം പണമല്ല. പ്രായവും ആരോഗ്യവും ആണ്. അത് ഒരു ഓങ്കോളജിസ്റ്റിനു മാത്രമേ മനസ്സിലാവുകയുള്ളൂ. ഒരു പരിഹാരം പ്രതീക്ഷിച്ച് സർജറി നടത്തിയാൽ പിന്നെ ഒരുപക്ഷേ അച്ഛൻ എണീറ്റ് നടന്നു എന്നു വരില്ല. ആരോഗ്യവും രോഗാവസ്ഥയും അനസ്തേഷ്യയും ആയിട്ടൊക്കെ ബന്ധമുണ്ട്. ഒരു കാര്യം ആദ്യമേ ഉറപ്പിക്കണം. സർജറി കൊണ്ട് ഭേദപ്പെടുമെന്ന് ഒരു ഓങ്കോളജിസ്റ്റ് പറയുകയാണെങ്കിൽ മാത്രം സർജറിക്ക് തയ്യാറാവുക. നടന്നു കൊണ്ടിരിക്കുന്ന ഒരു മനുഷ്യനെ കിടത്തുന്ന അവസ്ഥ ഉണ്ടാകരുത്.’’ ഞാൻ പറഞ്ഞു.

‘‘ഒരു ഓങ്കോളജിസ്റ്റിനെ കണ്ടിട്ട് തീരുമാനമെടുത്താൽ മതി എന്ന് ചേട്ടനോട് പറയു. മടിക്കേണ്ട.’’ ഞാൻ കർക്കശമായി പറഞ്ഞു.

രഞ്ജിത്ത് ഉടൻ ചേട്ടനേ വിളിച്ചു. അവർ തമ്മിൽ അൽപനേരം സംസാരിച്ചു. അത് കഴിഞ്ഞ് കടൽക്കരയിൽ നിന്നും ഞങ്ങൾ റൂമിലേക്ക് നടന്നു.

അടുത്ത ദിവസം ഞാൻ തയ്യാറായി സ്കൂളിലേക്ക് പോകുമ്പോൾ രഞ്ജിത്ത് എണീറ്റിട്ടില്ല. ഞാൻ വിളിച്ചുണർത്താനും പോയില്ല. ദുഃഖഘട്ടങ്ങളിൽ പൂർണമായും തളർന്ന് നമ്മൾ ഉറങ്ങിപ്പോകും. ആ ഘട്ടം ഞാനും കടന്നു പോയിട്ടുണ്ട്.

ക്ലാസ്സ് കഴിഞ്ഞ് വൈകിട്ട് ഞാൻ റൂമിൽ വരുമ്പോഴും രഞ്ജിത് അതേ കിടപ്പ് തന്നെ. ഒന്നും കഴിച്ച ലക്ഷണം കണ്ടില്ല. ഞങ്ങൾ താമസിക്കുന്ന ബിൽഡിങ്ങിന്റെ താഴെ ഒരു ലഘുഭക്ഷണശാലയുണ്ട്. രഞ്ജിത്തിനെയും കൂട്ടി ഞാൻ അവിടേക്ക് പോയി. രണ്ടു സമൂസയും ഒരു കട്ടൻചായയും വാങ്ങി.

രഞ്ജിത്ത് ചായ ഗ്ലാസ് ഏറെനേരം കയ്യിൽ തിരിച്ചുകൊണ്ടിരുന്നു. നോട്ടം വിദൂരതയിലേക്ക് തന്നെ. രഞ്ജിത്ത് രാത്രി ഭക്ഷണം ഒഴിവാക്കി നേരത്തെ കിടന്നുറങ്ങി.

അടുത്ത ദിവസവും രഞ്ജിത്ത് സ്കൂളിൽ പോയില്ല. ഒരേ കിടപ്പ്. ഞാൻ താഴെപ്പോയി മൂന്നു സമൂസ വാങ്ങി റൂമിൽ വെച്ചിട്ട്, രഞ്ജിത്തിനോട് എണീക്കുമ്പോൾ അത് കഴിക്കണം എന്ന് പറഞ്ഞിട്ട് സ്കൂളിലേക്ക് പോയി.

തിരിച്ചു വരുമ്പോൾ രഞ്ജിത്ത് റൂമിൽ ഇല്ല. സമൂസ അതുപോലെ ഇരിപ്പുണ്ട്. സന്ധ്യവരെ രഞ്ജിത്തിനെ കണ്ടില്ല. ഞാൻ കടൽക്കരയിലേക്ക് പോയി. എട്ടുമണി കഴിഞ്ഞപ്പോൾ രഞ്ജിത്ത് അവിടേക്ക് വന്നു. എൻറെ സമീപത്ത് അവൻ ഇരുന്നു. ഒന്നും മിണ്ടിയില്ല. അല്പം കഴിഞ്ഞ് അവൻ പറഞ്ഞു.

‘‘നിങ്ങൾ പറഞ്ഞ കാര്യം ഞാൻ ചേട്ടനോട് പറഞ്ഞു. അവർ ഒരു വിദഗ്ധ ഓങ്കോളോജിസ്റ്റിനെ കണ്ട് വിവരം പറഞ്ഞു. റിസൾട്ട് പരിശോധിച്ചിട്ട് അദ്ദേഹം പറഞ്ഞത് ‘മനുഷ്യന് ഈ ഭൂമിയിൽ നിന്നും വിടപറയാൻ സമയമാകുമ്പോൾ അതിനുള്ള കാരണം ശരീരം തന്നെ കണ്ടെത്തും. ക്യാൻസറിനുള്ള സാധ്യത എല്ലാവരിലും ഉണ്ട്. എന്നിട്ടും നമ്മൾ അതിനെ എതിർത്തു നിൽക്കുന്നത് നമ്മുടെ



ശരീരത്തിന്റെ കഴിവുകൊണ്ടാണ്. ഈ കഴിവ് പല കാരണങ്ങളാൽ നഷ്ടപ്പെടാം. ഭക്ഷണം, ജീവിതചര്യ, പാരമ്പര്യം, പ്രായം അങ്ങനെ പലതും. അതുവരെ നമ്മൾ വിജയികൾ. ഒരു പ്രായം കഴിയുമ്പോൾ ശരീരത്തിന് ക്യാൻസറിനെ കീഴടക്കി നിർത്താനുള്ള കഴിവ് നഷ്ടപ്പെടും. അവിടെ പ്രായം പ്രസക്തമാണ്. അമർത്തി വെച്ച സ്പ്രിംഗ് കൈയ്യെടുക്കുമ്പോൾ കുതിച്ചുചാടുന്നത് പോലെ ശരീരം പരാജയപ്പെട്ടിടത്ത് ക്യാൻസർ പടയോട്ടം നടത്തും. ചെറുപ്പത്തിൽ, നല്ല ആരോഗ്യ അവസ്ഥയിൽ അതിനെ വൈദ്യത്തിന്റെ സഹായത്താൽ കീഴടക്കാൻ നമുക്ക് സാധിക്കും. എന്നാൽ ഒരു പ്രായം കഴിഞ്ഞാൽ രോഗിയുടെ ആരോഗ്യ സ്ഥിതി പരിഗണിക്കുമ്പോൾ വൈദ്യം നിസ്സഹായമാവും.

ക്യാൻസർ ചികിത്സയ്ക്ക് നേരത്തെയുള്ള കണ്ടെത്തൽ, ആരോഗ്യം, പ്രായം, എന്നിവ പ്രധാനമാണ്. മരുന്നിനെ താങ്ങാനുള്ള കഴിവ് ശരീരത്തിന് നഷ്ടപ്പെട്ടാൽ പിന്നെ വൈദ്യത്തിന് ഒന്നും ചെയ്യാൻ കഴിയില്ല. നമ്മുടെ ശരീരം തന്നെയാണ് ഏറ്റവും വലിയ വൈദ്യൻ. ആ വൈദ്യനെ സഹായിക്കാനേ ബാഹ്യമായ വൈദ്യസംവിധാനം കൊണ്ട് സാധിക്കുകയുള്ളൂ. ശരീരം എന്ന വൈദ്യൻ സ്വയം പരാജയം സമ്മതിച്ചാൽ പിന്നെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. പിന്നെ ചെയ്യാവുന്നത് ബെസ്റ്റ് ഓഫ് ദ ട്രീറ്റ്മെൻറ്, പാലിയേറ്റീവ് കെയർ അങ്ങനെ ഉള്ളതാണ്. നല്ല ഭക്ഷണം അതായത് പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുക. മനസ്സിന് സന്തോഷം നൽകുന്ന കാര്യങ്ങളിൽ ഉൾപ്പെടുക. യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടുക. ഇതൊക്കെയാണ് വേണ്ടത്.

എൻറെ അഭിപ്രായത്തിൽ കാൻസർ ഒരു ഘട്ടം കടന്നു കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഒരു സർജറി ഫലപ്രദമായിരിക്കും എന്ന് തോന്നുന്നില്ല. കീമോ പരീക്ഷിക്കാം. പക്ഷെ എത്രമാത്രം എന്ന് കണ്ടറിയണം. കീമോ കോഴ്സ് കംപ്ലീറ്റ് ചെയ്യാൻ കഴിയണമെന്നില്ല. മരുന്നിന്റെ വീര്യം താങ്ങാനുള്ള ശാരീരികശക്തി പ്രധാനമാണ്. തുറന്നു പറഞ്ഞാൽ അദ്ദേഹം വിട പറയാൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മനോസുഖവും സന്തോഷവും നൽകുന്ന ജീവിതസാ

ഹചര്യം ആണ് വേണ്ടത്. പെട്ടെന്ന് എന്തെങ്കിലും ക്യാഷ്വാലിറ്റി ഉണ്ടായാൽ ഏറ്റവും അടുത്ത ഹോസ്പിറ്റലിനെ ആശ്രയിക്കുക. അതാത് സമയത്തെ പ്രശ്നങ്ങൾക്ക് അതാത് സമയത്തുള്ള ഉചിതമായ പരിഹാരം കാണുക. മുൻകൂട്ടി എന്തെങ്കിലും ചെയ്യാവുന്ന സാഹചര്യം കടന്നുപോയിരിക്കുന്നു. അതുകൊണ്ട് മാനസികോല്ലാസത്തിനുള്ള കാര്യങ്ങളെപ്പറ്റി ചിന്തിക്കുക'. ഇത്രയുമാണ് ഡോക്ടർ പറഞ്ഞതെന്ന് ചേട്ടൻ പറഞ്ഞു. അതുകൊണ്ട് സർജറി വേണ്ടെന്നു വച്ചു.'' രഞ്ജിത്ത് പറഞ്ഞു. പിന്നെ അവൻ മൗനത്തിലായി. ഞാനും ഒന്നും മിണ്ടിയില്ല.

അല്പം കഴിഞ്ഞ് രഞ്ജിത്ത് പറഞ്ഞു. ''ഞാൻ മടങ്ങുകയാണ് മാഷേ. ഇന്ന് സ്കൂളിൽ പോയി രാജിക്കത്ത് കൊടുത്തു. രാജി സ്വീകരിക്കാൻ അവർ ആദ്യം വിസമ്മതിച്ചു. ഞാൻ ചേട്ടനോട് പറഞ്ഞ്, അച്ഛൻറെ ചെക്കപ്പ് റിസൾട്ട് ഫാക്സ് ചെയ്യിച്ചു. അപ്പോഴേ അവർ രാജി സ്വീകരിച്ചുള്ളൂ. പാസ്പോർട്ട് റിട്ടേൺ ചെയ്യുന്നതിനുള്ള അപേക്ഷ വിദ്യാഭ്യാസവകുപ്പിൽ കൊടുത്തു. അവിടെ ചില ഫോർമാലിറ്റീസ് ഉണ്ട്. നാളെ രാവിലെ പതിനൊന്നു മണിക്ക് പാസ്പോർട്ട് തരാം എന്ന് അവർ അറിയിച്ചിട്ടുണ്ട്.''

അടുത്ത ദിവസം ഞാൻ ലീവ് എടുത്തു. എനിക്ക് ഒരു പിരീഡ് ആണ് ക്ലാസ്സ് ഉണ്ടായിരുന്നത്. അത് സാബുവിനെ ഏൽപ്പിച്ചു. അങ്ങനെയുള്ള പരസ്പര സഹായസഹകരണങ്ങൾ ഞങ്ങൾക്കിടയിൽ ഉണ്ട്.

രാവിലെ തന്നെ ഞാൻ സലീമിനെ വിളിച്ചു. മാലെയിൽ ട്രാവൽ ഏജൻസി നടത്തുന്ന കോഴിക്കോട്ടുകാരനാണ് സലീം. ഞങ്ങൾ സുഹൃത്തുക്കളാണ്. അന്ന് ഒരു മണിക്ക് ശേഷമുള്ള ഏതെങ്കിലും ഫ്ലൈറ്റിന് സീറ്റ് തരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. അരമണിക്കൂറിനുള്ളിൽ സലീം തിരിച്ചുവിളിച്ചു.

''സ്പൈസ് ജറ്റുണ്ട്. റേറ്റ് അല്പം കൂടുതലാണ്.'' സലിം പറഞ്ഞു.

''എത്രയാണ്''. ഞാൻ ചോദിച്ചു.

''ഇന്ന് പതിനഞ്ചു വരും. ഇന്നലെ പറഞ്ഞിരുന്നെങ്കിൽ പതിനൊന്നിന് കിട്ടിയേനെ.''

''പിന്നെ ഏതാണ് ഉള്ളത്.''ഞാൻ ചോദിച്ചു.

''മാലി എയർവെയ്സ് ഉണ്ട്. നമ്മുടെ ആംബുലൻസ്. പാട്ടവണ്ടി.'' സലീം പറഞ്ഞു.

സലീം അങ്ങനെ പറയാൻ കാരണം, മാലെ എയർവെയ്സ് പൊതുവേ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ചികിത്സയ്ക്ക് വരുന്നവരുടെ ഫ്ലൈറ്റ് ആണ്. കൈലി ഉടുത്ത് പ്ലാസ്റ്റിക് ബാഗുമായി ട്രെയിനിലെ ജനറൽബോഗിയിൽ ഇടിച്ചു കയറുന്നത് പോലെയാണ് മാലി നിവാസികളുടെ സഞ്ചാരം. അവർക്ക് എപ്പോഴും സീറ്റുണ്ടെങ്കിൽ മാലെ എയർവെയ്സിൽ ആയിരം റുഫിയ കൊടുത്താൽ മതി. ഫ്ലെക്സി റേറ്റ് അവർക്ക് ബാധകമല്ല. മാലീസർക്കാർ സ്വദേശികൾക്ക് ചെയ്യുന്ന ഒരു സേവനമാണത്.

യാത്രക്കാരിൽ തൊണ്ണൂറ് ശതമാനം പേരും തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ചികിത്സയ്ക്ക് പോകുന്നവരോ, രോഗിക്ക് കൂട്ടിരിപ്പിന് പോകുന്നവരോ ആയിരിക്കും. ഒന്നര മണിക്കൂർ യാത്രയ്ക്കുള്ളിൽ ഫ്ലൈറ്റിനകത്ത് എയർഹോസ്റ്റസുമാർ സെൻറ് സ്പ്രേ ചെയ്തുകൊണ്ടിരിക്കും. പലപ്രാവശ്യം. അത് മണക്കാനല്ല. ശരിക്കും പറഞ്ഞാൽ അത് ആൻറിമൈക്രോബിയൽ സൊലൂഷനാണ്. ഫ്ലൈറ്റിനകം രോഗാണുവിമുക്തമാക്കാനുള്ള നടപടിയുടെ ഭാഗമാണ് ഈ തുടരെയുള്ള സെൻറ് പ്രയോഗം.

സാധാരണ ഫ്ലൈറ്റുകൾ ലാൻഡ് ചെയ്തതിനുശേഷം അകം ക്ലീൻ ചെയ്തിട്ട് ആന്റി മൈക്രോബിയൽ സ്പ്രേ അടിക്കും. അതുപോലെ യാത്രക്കാർ കേറുന്നതിന് പത്ത് മിനിറ്റ് മുമ്പും സ്പ്രേ അടിക്കും. യാത്രക്കാർ കയറിയതിനുശേഷം സ്പ്രേ അടിക്കാറില്ല. അത് പലപ്പോഴും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കും എന്നതുകൊണ്ട്.

''മാലി എയർവെയ്സിൽ എത്രയാണ് റേറ്റ്?'' ഞാൻ സലീമിനോട് ചോദിച്ചു.

''ഇപ്പോൾ എട്ടു വരും. അരമണിക്കൂർ കൂടി കഴിഞ്ഞാൽ മിക്കവാറും ഒമ്പതാവും.'' സലീം പറഞ്ഞു.

എനിക്ക് സംശയമില്ലായിരുന്നു. ''ടൈം എപ്പോഴാണ്.''

''ഒന്ന് അമ്പത്''. സലിം പറഞ്ഞു.

''ശരി. മാലി എയർവെയ്സിൽ ആവാം.'' ഞാൻ സലീമിനോട് പറഞ്ഞു. രഞ്ജിത്തിന് ഇനിയുള്ള ഓരോ രൂപയും പ്രധാനമാണ്.

''നാട്ടിൽ ചെന്നിട്ട് എന്താ പ്ലാൻ''? ഞാൻ രഞ്ജിത്തിനോട് ചോദിച്ചു.

അവൻ പറഞ്ഞു. ''നിലവിൽ പ്ലാൻ ഒന്നുമില്ല. അച്ഛനൊപ്പം കുറച്ചു കാലം ജീവിക്കണം. മുൻപ് നാട്ടിൽ വർക്ക് ചെയ്തിരുന്ന ഒരു സ്കൂൾ ഉണ്ട്. സഭയുടെ സ്കൂൾ. അവിടെ കിട്ടുമോ എന്ന് നോക്കണം. ഇല്ലെങ്കിൽ കൃഷിചെയ്ത് മുന്നോട്ടുപോകണം.'' രഞ്ജിത്ത് പറഞ്ഞു.

അല്പം കഴിഞ്ഞ് രഞ്ജിത്ത് പറഞ്ഞു. ''ഇനിയൊരു തിരിച്ചു വരവില്ല മാഷേ.''

ഞാൻ ഒന്നും മിണ്ടിയില്ല.

പത്തുമണിക്ക് ഞങ്ങൾ റൂമിൽ നിന്ന് ഇറങ്ങി. ഒരു ടാക്സി പിടിച്ചു വിദ്യാഭ്യാസ വകുപ്പിൽ എത്തി. പതിനൊന്നു മണിക്ക് പാസ്പോർട്ട് കിട്ടി. പാസ്പോർട്ടുമായി ഞങ്ങൾ നേരെ സലീമിൻറെ ടെസ്കിലേക്ക് പോയി. പണം കൊടുത്ത് ടിക്കറ്റ് കൈപ്പറ്റി. ഒരു ഷേക്ക് ഹാൻഡിൽ രഞ്ജിത്തിനോട് സലീം യാത്ര പറഞ്ഞു.

ഒരിക്കൽ സലീം എന്നോട് പറഞ്ഞു. ''മാഷേ ഇവിടെ വന്ന് എൻറെ കയ്യിൽ നിന്നും ടിക്കറ്റ് വാങ്ങി ഓരോരുത്തർ നാട്ടിലേക്ക് പോകുമ്പോൾ എനിക്ക് വിഷമവും അസൂയയുമാണ്. മാലെ എയർപോർട്ടിൽ നിന്നും ഓരോ ഫ്ലൈറ്റ് പറന്നു പൊങ്ങുമ്പോഴും എൻറെ മനസ്സ് ഒന്ന് പിടയ്ക്കും. ആ ഫ്ലൈറ്റിൽ ഒരാൾ ഞാനായിരുന്നുവെങ്കിൽ എന്നാശിക്കും. മാലിയിൽ പ്രവർത്തിക്കുന്ന

മലയാളികളിൽ ഒരാൾ പോലും ഈ പെടപ്പ് അനുഭവിക്കാത്തതായി ഇല്ല മാഷേ.''

ശരിയാണ് എനിക്ക് ആ പെടപ്പ് നന്നായി അറിയാം. അത് ഞാൻ എന്നും അനുഭവിക്കുന്നതാണല്ലോ.

എയർപോർട്ടിലേക്ക് ഞങ്ങൾ ബോട്ടിൽ യാത്രയായി. ഇരുപതു മിനിറ്റ് കൊണ്ട് എയർപോർട്ട് ബോട്ട് ലാൻഡിൽ ബോട്ട് അടുത്തു.

രഞ്ജിത്തിന് വലിയ ലഗേജ് ഉണ്ടായിരുന്നില്ല. അതും എടുത്തു കൊണ്ട് ഞാൻ രഞ്ജിത്തിനൊപ്പം എയർപോർട്ടിലേക്ക് നടന്നു. സമയം പന്ത്രണ്ടുമണി. ഞങ്ങൾ രണ്ട് ജ്യൂസ് കഴിച്ച് ഉച്ചഭക്ഷണം ഒഴിവാക്കി. ചെക്ക് ഇൻ ചെയ്യുന്നതിനു മുമ്പ്, ഒരു ആലിംഗനത്തിൽ രഞ്ജിത് എന്നോട് യാത്ര പറഞ്ഞു. എൻറെ കൺകോണുകളിൽ നനവ് പടരുന്നുണ്ടായിരുന്നു. ഒരേ മുറിയിൽ ഞങ്ങൾ എത്ര നാൾ ഒന്നിച്ചു ജീവിച്ചതാണ്.

മുകളിലേക്ക് എക്സ്കലേറ്ററിൽ പോകുന്ന അവനെ ഞാൻ നോക്കി നിന്നു. അവസാനത്തെ കൈവീശൽ യാത്രപറച്ചിലിൽ അവൻ എൻറെ കൺമുന്നിൽ നിന്നും മറഞ്ഞു.

ഞാൻ ബോട്ട്ലാൻഡിൽ വന്നിരുന്നു. കൃത്യം ഒന്ന് അൻപതിന് മാലി എയർവെയ്സ് രഞ്ജിത്തിനേയും വഹിച്ചുകൊണ്ട് പറന്നുയർന്നു. ഞാൻ ബോട്ട് ലാൻഡിൽ നിന്നും അത് നോക്കിനിന്നു. എൻറെ ഹൃദയത്തിൻറെ ഒരംശം അവനൊപ്പം പറന്നകലുകയാണ്. എനിക്ക് വല്ലാത്ത ഒരു ശൂന്യത തോന്നി.

രണ്ടു മാസത്തിനുള്ളിൽ ഞാനും മാലെയോട് വിട പറഞ്ഞു. പിന്നെ നാട്ടിൽ മുൻപ് പഠിപ്പിച്ചിരുന്ന സ്കൂളിൽ വീണ്ടും ഞാൻ അദ്ധ്യാപകനായി. അങ്ങനെ മൂഷിക സ്ത്രീ പിന്നെയും മൂഷിക സ്ത്രീയായി.

മാസങ്ങൾ കടന്നു പോയി.

ഒരു ദിവസം രഞ്ജിത്ത് എന്നെ വിളിച്ചു.

ഞാൻ നാട്ടിൽ വന്ന ഉടനെ രഞ്ജിത്തിനെ വിളിച്ച് അവന്റെ അച്ഛന്റെ രോഗവിവരം അന്വേഷിച്ചിരുന്നു.

പിന്നെ മാസങ്ങൾക്ക് ശേഷം ഇപ്പോഴാണ് രഞ്ജിത്ത് എന്നെ വിളിക്കുന്നത്.

''അച്ഛൻ ക്ഷീണിതനാണ്. എങ്കിലും വണ്ടി ഉരുട്ടി നടക്കുന്നുണ്ട് കൃഷിസ്ഥലത്തേക്ക്. കൂടെ ഞാനും പോകും. വണ്ടി ഓടിക്കുന്നത് അച്ഛൻ തന്നെയാണ്. ഞാൻ സ്കൂളിൽ കയറിയില്ല. കൃഷിയാകുമ്പോൾ അത്രയും സമയം കൂടി അച്ഛനൊപ്പം ആകാമല്ലോ. ഇനി എത്ര നാൾ...'' രഞ്ജിത്ത് അർധവിരാമത്തിൽ നിർത്തി.

രണ്ടാഴ്ചയ്ക്ക് ശേഷം അവൻ വീണ്ടും വിളിച്ചു. എന്നിട്ട് എന്നോടു ചോദിച്ചു. "അച്ഛന് വേണ്ടി അമ്മയെ കൊന്ന പരശുരാമൻ, അച്ഛന് വേണ്ടി രാജ്യം ഉപേക്ഷിച്ച ശ്രീരാമൻ, അച്ഛനു വേണ്ടി വിവാഹം ഉപേക്ഷിച്ച ഭീഷ്മർ. ഇതിലാരാണ് ശ്രേഷ്ഠൻ". "അച്ഛന് സ്വന്തം യൌവ്വനം ദാനം കൊടുത്ത പൂരുവിനെപ്പറ്റി കേട്ടിട്ടില്ലേ. യയാതിയുടെ മകൻ പൂരു. ആ പൂരുവിന്റെ പിൻതലമുറയാണ് നമ്മൾ. ആര്യാവർത്തത്തിലെ ജനത. നീയും ഞാനും എല്ലാം". ഞാൻ പറഞ്ഞു.

പിന്നെ നാലര മാസം കഴിഞ്ഞ് ഒരു വെളുപ്പിനെ അഞ്ചുമണി സമയം. രഞ്ജിത്തിന്റെ കോളു വന്നു.

''മാഷെ അച്ഛൻ പോയി''. അവൻ പതുക്കെപ്പറഞ്ഞു.

ഞാൻ നിശ്ശബ്ദം കേട്ടു നിന്നു.

രണ്ടാഴ്ചയ്ക്ക് ശേഷം അവൻ വീണ്ടും വിളിച്ചു. എന്നിട്ട് എന്നോടു ചോദിച്ചു.

''അച്ഛന് വേണ്ടി അമ്മയെ കൊന്ന പരശുരാമൻ, അച്ഛന് വേണ്ടി രാജ്യം ഉപേക്ഷിച്ച ശ്രീരാമൻ, അച്ഛനു വേണ്ടി വിവാഹം ഉപേക്ഷിച്ച ഭീഷ്മർ. ഇതിലാരാണ് ശ്രേഷ്ഠൻ''.

''അച്ഛന് സ്വന്തം യൌവ്വനം ദാനം കൊടുത്ത പൂരുവിനെപ്പറ്റി കേട്ടിട്ടില്ലേ. യയാതിയുടെ മകൻ പൂരു. ആ പൂരുവിന്റെ പിൻതലമുറയാണ് നമ്മൾ. ആര്യാവർത്തത്തിലെ ജനത. നീയും ഞാനും എല്ലാം''. ഞാൻ പറഞ്ഞു.

ഒരു നിമിഷം കഴിഞ്ഞ് രഞ്ജിത്ത് പൂർത്തിയാക്കി.

''ജീവിതത്തിലെ വലിയ കാര്യം കുറച്ചൊക്കെ ഞാനും ചെയ്തു. അഹമനുമൊത്തുള്ള അല്പകാലം. അതുമതി. പിന്നെ ഇനിയൊരു അദ്ധ്യാപക ജീവിതം എനിക്കില്ല മാഷെ. അതു വേണ്ടെന്ന് വെച്ചു. അച്ഛൻ തുടങ്ങിവെച്ചത് തുടരണം. കൃഷി. അത് നോക്കി നടത്തണം. അത്രയേ ഉള്ളു ഒരാഗ്രഹം.

അച്ഛൻ നട്ടുവളർത്തിയ ചെറുനാരകം പൂക്കുന്നത് കാണാൻ അച്ഛനുണ്ടായില്ല. അത് നടുമ്പോഴേ അച്ഛൻ പറഞ്ഞിരുന്നു 'നാരകം കുടുംബത്തിന് ഐശ്വര്യമാണ്. പക്ഷേ അത് നട്ടവൻ അത് പൂക്കുന്നത് കാണാൻ കുടുംബത്ത് കാണില്ല എന്ന്' അത് അറം പറ്റി. ഇനിയും ആ നാരകം പൂത്തിട്ടില്ല. കുടുംബത്തിന് അവസാനത്തെ ഐശ്വര്യവും വിതച്ചിട്ട് അച്ഛൻ പോയി''.

പിന്നെ രഞ്ജിത്ത് ഏങ്ങിക്കരഞ്ഞു. അല്പം കഴിഞ്ഞ് രഞ്ജിത്ത് എന്നോടു പറഞ്ഞു.

''മാഷെ എപ്പോഴെങ്കിലും വടക്കോട്ട് ഇറങ്ങിയാൽ വരണം. കണ്ണൂരിലേക്ക്. എന്റെ കൃഷിസ്ഥലത്തേക്ക്.''

''വരാം''ഞാൻ സമ്മതിച്ചു.

''മണ്ണിൽ കാലുകുത്തി വലിയ ശീലമില്ല. എങ്കിലും കൃഷി തുടരണം. കാരണം ഇനി അച്ഛന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാനാണ് എന്റെ തീരുമാനം''. രഞ്ജിത്ത് പറഞ്ഞു.

പിന്നെയും രഞ്ജിത്തിന് അച്ഛനെപ്പറ്റി എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു. പക്ഷേ അതിനുള്ള അവസരം ഞാൻ അവന് കൊടുത്തില്ല.

അച്ഛനെപ്പറ്റി പറഞ്ഞാൽ അവൻ വീണ്ടും കരയും. അത് കേൾക്കാൻ വയ്യ.

ഞാൻ ഫോൺ കട്ട് ചെയ്തു.

Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.

● സംഗീതം /ഓർമ്മക്കുറിപ്പുകൾ

റെക്കോഡിംഗ് കഴിയുമ്പോൾ പണം ചെലവഴിക്കുന്ന നിർമ്മാതാവ് സംതൃപ്തിയോടെ ആദ്യം പറയും – ഇതാ, എൻറെ പാട്ട്! സംഗീത സംവിധായകൻ പറയും – ഇതാ, എന്റെ പാട്ട്. ഗാനരചയിതാവ് പറയും – ഇതാ, എന്റെ പാട്ട്. ഗായകനും ഗായികയും പറയും – ഇതാ, എന്റെ പാട്ട്. ആ ഗാനത്തിനു പിന്നിൽ ഒരുസംഘം വാദ്യകലാ പ്രതിഭകളുടെ കൂട്ടായ്മയുണ്ടെന്ന യാഥാർത്ഥ്യവും എല്ലാവർക്കും അറിയാം. അവരും സംഗീത സൃഷ്ടിയിൽ പങ്കാളികളാണ്. അപ്പോൾ ഗാനത്തിന്റെ യഥാർത്ഥ അവകാശി ആരാണ്?

എന്റെ സംഗീത വഴികൾ–19

സംഗീതത്തിന്റെ അവകാശികൾ

◉ **എസ് രാജേന്ദ്ര ബാബു**

മലയാള ചലച്ചിത്ര സംഗീതത്തിൻറെ അമ്പതാം വാർഷികം 1990-ൽ സംഘടിപ്പിക്കുന്നതിൻറെ ഭാഗമായി വർഷങ്ങൾക്കു മുമ്പ് ബോംബെ സന്ദർശിച്ചപ്പോഴാണ് ഇന്ത്യൻ പെർഫോമിംഗ് റൈറ്റ് സൊസൈറ്റിയെ (ഐപിആർഎസ്) കുറിച്ച് ദേവരാജൻ മാസ്റ്റർ ആദ്യമായി കേൾക്കുന്നത്. (ചലച്ചിത്ര സംഗീതോത്സവം പല കാരണങ്ങളാൽ മാറ്റിവയ്ക്കേണ്ടി വന്നിട്ടുണ്ട്. പിന്നീട് 1994-ലാണ് സംഗീതോത്സവം അരങ്ങേറിയത്). ബോംബെയിലെ ഐപിആർഎസ് ഓഫീസ് സന്ദർശിച്ച് അതിൻറെ പ്രവർത്തനങ്ങൾ അദ്ദേഹം വിശദമായി മനസ്സിലാക്കി. ഇന്ത്യയിൽ സംവിധാനം ചെയ്യപ്പെടുന്ന ചലച്ചിത്ര സംഗീതം

ദേവരാജൻ

എം ബി ശ്രീനിവാസൻ

ഉൾപ്പെടെയുള്ള എല്ലാ സംഗീതവും ഉപയോഗിക്കാൻ വിവിധ സ്ഥാപനങ്ങൾക്ക് (ഹോട്ടലുകൾ, റെസ്റ്ററൻറുകൾ, എയർലൈനുകൾ, ഓഡിറ്റോറി

യങ്ങൾ, തിയേറ്ററുകൾ തുടങ്ങിയവ) ലൈസൻസ് നൽകി അവരിൽ നിന്ന് ഒരു നിശ്ചിത വാർഷിക വരിസംഖ്യ ഈടാക്കി ഗാനരചയിതാക്കൾക്കും സംഗീത സംവിധായകർക്കും നിർമ്മാതാക്കൾക്കും വർഷംതോറും വീതിച്ചു നൽകുകയാണ് ഐപിആർഎസിൻറെ പ്രധാന പ്രവർത്തനം. ലോകമെമ്പാടും സമാനമായ പ്രവർത്തനം നടത്തുന്ന പെർഫോമിംഗ് റൈറ്റ് സൊസൈറ്റിയുടെ ഇന്ത്യൻ ഘടകമാണ് ഐപിആർഎസ്. 1969-ൽ സ്ഥാപിതമായശേഷം ഉത്തരേന്ത്യയിൽ മാത്രമായി ഒതുങ്ങിനിന്നിരുന്ന ഐപിആർഎസ് ദക്ഷിണേന്ത്യൻ സംഗീത കലാകാരന്മാർക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ വിപുലീകരിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ

1969 – ൽ സ്ഥാപിതമായശേഷം ഉത്തരേന്ത്യയിൽ മാത്രമായി ഒതുങ്ങിനിന്നിരുന്ന ഐപിആർഎസ് ദക്ഷിണേന്ത്യൻ സംഗീത കലാകാരന്മാർക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ വിപുലീകരിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ദേവരാജൻ മാസ്റ്റർ തുടങ്ങിവച്ചു. ഒരു മികച്ച സംഘാടകൻ കൂടിയായ സംഗീത സംവിധായകൻ എംബി ശ്രീനിവാസൻറെ നേതൃത്വത്തിൽ തുടർന്നു നടന്ന കൂട്ടായ പരിശ്രമത്തിൻറെ ഫലമാണ് ഐപിആർഎസിൻറെ ചെന്നൈയിലെ ടി നഗറിൽ പ്രവർത്തിക്കുന്ന ഇന്നത്തെ ആസ്ഥാനം

ഇളയരാജ



യേശുദാസ്

ദേവരാജൻ മാസ്റ്റർ തുടങ്ങിവച്ചു. ഒരു മികച്ച സംഘാടകൻ കൂടിയായ സംഗീത സംവിധായകൻ എംബി ശ്രീനിവാസൻറെ നേതൃത്വത്തിൽ തുടർന്നു നടന്ന കൂട്ടായ പരിശ്രമത്തിൻറെ ഫലമാണ് ഐപിആർഎസിൻറെ ചെന്നൈയിലെ ടി നഗറിൽ പ്രവർത്തിക്കുന്ന ഇന്നത്തെ ആസ്ഥാനം. മലയാളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംഗീത കലാകാരന്മാരെ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തി അവരെ അംഗങ്ങളായി ചേർക്കാൻ നിതാന്ത പരിശ്രമം നടത്തിയതും ദേവരാജൻ മാസ്റ്റർ തന്നെ. അവരെല്ലാം ഇന്ന് ഐപിആർഎസിൻറെ ഗുണഭോക്താക്കളാണ്. ഐപിആർഎസിൽ നിന്ന് ഇന്ത്യയിൽ ഏറ്റവുമധികം പ്രതിഫലം പറ്റുന്ന സംഗീതസംവിധായകരാകട്ടെ ഇളയരാജയും എആർ റഹ്മാനും.

സംഗീതത്തിൻറെ പകർപ്പവകാശത്തെക്കുറിച്ച് ചൂടുപിടിച്ച ചർച്ചകൾ കാലാകാലങ്ങളിൽ സംഭവിച്ചിട്ടുണ്ട്. പകർപ്പവകാശത്തിന്മേലുള്ള ആനുകൂല്യം ഗായകർക്കു കൂടി അവകാശപ്പെട്ടതാണെന്നു വാദിച്ച് ആദ്യം രംഗത്തു വന്നത് ലതാ മങ്കേഷ്കറാണ്.

പക്ഷെ ആലാപനത്തിൻറെ പ്രതിഫലം നിർമ്മാതാവിൽ നിന്ന് ആദ്യം തന്നെ സ്വീകരിച്ചിട്ടുള്ളതിനാൽ തുടർന്നും ആനുകൂല്യം ആവശ്യപ്പെടാൻ ഗായകർക്ക് അവകാശമില്ലെന്നു വാദിച്ച് മുഹമ്മദ് റഫി രംഗത്തു വന്നതോടെ ലതാമങ്കേഷ്കറുടെ നിലപാടിന് വേണ്ടത്ര സ്വീകാര്യത ലഭിക്കാതെ പോയി. വർഷങ്ങൾക്കു ശേഷം ഇതേ ആവശ്യം ഉന്നയിച്ച് വീണ്ടും മുന്നോട്ട് വന്നത് യേശുദാസാണ്. മദിരാശിയിലെ റോയപ്പെട്ടയിലെ ഒരു വേദിയിൽ ഓർമ്മിക്കാൻ ഓമനിക്കാൻ എന്ന പേരിൽ ഉണ്ണിമേനോൻ സംഘടിപ്പിച്ച ഒരു ഗാനമേളയുമായി ബന്ധപ്പെട്ടാണ് യേശുദാസിൻറെ വാദം ഉയർന്നത്. തൻറെ ഗാനങ്ങൾ വേദിയിൽ ആലപിക്കപ്പെട്ടാൽ അതിന് റോയൽറ്റി നൽകണം എന്നായിരുന്നു യേശുദാസിൻറെ ആവശ്യം. ഉണ്ണിമേനോനുമായി ഞാൻ നടത്തിയ ഒരഭിമുഖം ഇന്ത്യാ ടുഡേയിൽ പ്രസിദ്ധീകരിച്ചതോടെ ഈ വാദം വിവാദമായി.

എല്ലാ മാധ്യമങ്ങളും വിവാദം ഏറ്റുപിടിച്ചു. യേശുദാസിൻറെ ആവശ്യത്തിന് വേണ്ടത്ര പിന്തുണ ലഭിക്കാതെ വന്നപ്പോൾ ഒടുവിൽ പത്രസമ്മേളനം വിളിച്ചുകൂട്ടി വിവാദത്തിൽ നിന്ന് പിൻവാങ്ങുന്നതായി അദ്ദേഹം അറിയിക്കുകയായിരുന്നു.

തൻറെ ഗാനങ്ങൾ മുൻകൂർ അനുവാദം വാങ്ങാതെ വേദികളിൽ അവതരിപ്പിക്കാൻ പാടില്ലെന്നു കാണിച്ച് എസ്പി ബാലസുബ്രഹ്മണ്യത്തിനും കെഎസ് ചിത്രയ്ക്കും ഇളയരാജ കോടതി നോട്ടീസ് അയച്ചതാണ് അടുത്തകാലത്ത് സംഭവിച്ച വിവാദം.

ആലാപനത്തിൽ അമ്പതു വർഷം പൂർത്തിയാക്കിയ എസ്പി ബാലസുബ്രഹ്മണ്യം കെഎസ് ചിത്രയോടൊപ്പം വിവിധ രാജ്യങ്ങളിൽ സംഗീതപരിപാടികൾ അവതരിപ്പിച്ചു വരുന്നതിനിടയിലായിരുന്നു പുതിയ കോലാഹലം. എസ്പിബി 50 എന്ന പേരിൽ ഒരു ആഗോള സംഗീത പരിപാടി ആസൂത്രണം ചെയ്തിരുന്നത് എസ്പിബിയുടെ മകനും ഗായകനുമായ എസ്പിബി ചരൺ ആണ്. കാനഡയിലെ ടൊറൻറോയിൽ ആരംഭം കുറിച്ച സംഗീതയാത്ര റഷ്യ, മലേഷ്യ,

സിങ്കപ്പൂർ, ദുബായ്, ശ്രീലങ്ക എന്നിവിടങ്ങളിലൂടെ അമേരിക്കയിൽ എത്തിയപ്പോഴാണ് വക്കീൽ നോട്ടീസ് ലഭിച്ചത്. സംഗീത പര്യടനത്തിൻറെ തുടക്കത്തിൽ സംഭവിക്കാത്ത അവകാശവാദം അമേരിക്കയിൽ എത്തിയപ്പോൾ ഇളയരാജയുടെ പക്ഷത്തു നിന്ന് എങ്ങനെയുണ്ടായി എന്ന് എസ്പിബി ആശ്ചര്യപ്പെട്ടു. പകർപ്പവകാശ നിയമത്തെക്കുറിച്ചൊന്നും എനിക്കറിയില്ല.

അനുവാദമില്ലാതെ ഇളയരാജയുടെ പാട്ട് പാടരുതെന്നും അതു ലംഘിക്കുന്നത് ചട്ടവിരോധമാണെന്നും നിയമവിരുദ്ധമായി പ്രവർത്തിച്ചാൽ വമ്പിച്ച പിഴ ഒടുക്കേണ്ടി വരുന്നതിനൊപ്പം നിയമ നടപടികൾക്കു വിധേയമാകേണ്ടി വരുമെന്നും ഇളയരാജയുടെ അഭിഭാഷകൻ അറിയിച്ചിരിക്കുകയാണ്. അങ്ങനെയൊരു നിയമം ഉണ്ടെങ്കിൽ അതനുസരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. അതിനാൽ ഇളയരാജയുടെ പാട്ടുകൾ ഇനിമുതൽ വേദിയിൽ പാടുന്നത് ഞാൻ ഒഴിവാക്കുന്നു. മറ്റു സംഗീതസംവിധായകരുടെ അനേകം പാട്ടുകൾ ഞാൻ പാടിയിട്ടുള്ളതുകൊണ്ട് ഈ നിയമപ്രശ്നം ഇനിയുള്ള പരിപാടികളെ ബാധിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിക്കുന്നതാണ്, എസ്പിബി നിലപാട് വ്യക്തമാക്കി.

എസ്പിബി, യേശുദാസ്, മലേഷ്യാ വാസുദേവൻ, മനോ, സുശീല, ജാനകി, വാണി ജയറാം, ജെൻസി, ചിത്ര, സ്വർണലത തുടങ്ങിയ ഗായകരിലൂടെയാണ് ഇളയരാജയുടെ ഗാനങ്ങൾ ലോകം അറിഞ്ഞതെന്ന യാഥാർത്ഥ്യം നിലനിൽക്കെ ഇതെന്തിനു വേണ്ടിയായിരുന്നു എന്നാണ് സംഗീതാസ്വാദകരുടെ സംശയം. സംഗീതസംവിധായകർ വേദികളിൽ പരിപാടികൾ അവതരിപ്പിക്കുമ്പോൾ ഇതേ ഗായകരൊക്കെത്തന്നെയാണ് പാടാറുള്ളത് എന്നത് മറ്റൊരു യാഥാർത്ഥ്യം. ഇന്ത്യ കണ്ട ഏറ്റവും മികച്ച സംഗീത സംവിധായകരിൽ ഒരാളാണ് ഇളയരാജയെന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ അദ്ദേഹം ഒരു മികച്ച ഗായകനാണെന്ന് സംഗീതബോധമുള്ള ആരും അംഗീകരിക്കുകയു

മദിരാശിയിലെ റോയപ്പേട്ടയിലെ ഒരു വേദിയിൽ ഓർമ്മിക്കാൻ ഓമനിക്കാൻ എന്ന പേരിൽ ഉണ്ണിമേനോൻ സംഘടിപ്പിച്ച ഒരു ഗാനമേളയുമായി ബന്ധപ്പെട്ടാണ് യേശുദാസിൻറെ വാദം ഉയർന്നത്. തൻറെ ഗാനങ്ങൾ വേദിയിൽ ആലപിക്കപ്പെട്ടാൽ അതിന് റോയൽറ്റി നൽകണം എന്നായിരുന്നു യേശുദാസിൻറെ ആവശ്യം. ഉണ്ണമേനോനുമായി ഞാൻ നടത്തിയ ഒരഭിമുഖം ഇന്ത്യാ ടുഡേയിൽ പ്രസിദ്ധീകരിച്ചതോടെ ഈ വാദം വിവാദമായി. എല്ലാ മാധ്യമങ്ങളും വിവാദം ഏറ്റുപിടിച്ചു.

എ ആർ റഹ്മാൻ

മില്ല. തൻറെ ഗാനങ്ങളെല്ലാം സ്വന്തം ശബ്ദത്തിൽ ഇളയരാജ പാടിയിരുന്നെങ്കിൽ അവ ശ്രദ്ധിക്കപ്പെടുമായിരുന്നോ, അംഗീകരിക്കപ്പെടുമായിരുന്നോ, ഇളയരാജ എന്ന സംഗീതസംവിധായകൻ സമൂഹത്തിൽ തിരിച്ചറിയപ്പെടുമായിരുന്നോ എന്നൊക്കെ സംഗീതാസ്വാദകർ സംശയിക്കുന്നു. നിർമ്മാതാക്കളും ഇളയരാജയും തമ്മിലുള്ള ഉടമ്പടിയിലെ പ്രത്യേക വകുപ്പുകളനുസരിച്ച് പാട്ടുകളുടെ മേൽ ഇളയരാജയ്ക്ക് അവകാശം ഇല്ലെന്ന് എക്കോ റെക്കോഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് 2024 ജൂൺ 13-ന് മദ്രാസ് ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചു. സ്വന്തം അവകാശം ഉറപ്പ് വരുത്തുന്ന വ്യവസ്ഥകൾ നിലവിൽ ഉണ്ടെങ്കിൽ അത് ഹാജരാക്കേണ്ടത് ഇളയരാജയാണെന്നും എന്നാൽ ഇളയരാജയ്ക്ക് അതിനു കഴിയാതെ പോയെന്നും സീനിയർ അഭിഭാഷകൻ വിജയ് നാരായണൻ വ്യക്തമാക്കുന്നു.

ഐപിആർഎസിൻറെ നിയമാവലി ഭേദഗതി ചെയ്ത് ഗായകരെക്കൂടി റോയൽറ്റിയുടെ ഗുണഭോക്താക്കളായി പരിഗണിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിലും നിയമഭേദഗതിക്കാവശ്യമായ നീക്കങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. സംഗീതത്തിൻറെ സ്രഷ്ടാക്കൾക്കു മാത്രമാണ് ആനുകൂല്യത്തിന് അവകാശമെന്നും

എസ് പി ബാലസുബ്രമണ്യം

സംഗീത സംവിധായകനും ഗാനരചയിതാവും സൃഷ്ടികർത്താക്കളാണെന്നും ഗായകനും ഗായികയും അവതാരകർ മാത്രമാണെന്നുമുള്ളതാണ് നിലവിലെ വ്യവസ്ഥ.

ഗാനരചയിതാവിനും സംഗീതസംവിധായകനും ഗായകർക്കും മറ്റ് വാദ്യകലാകാരന്മാർക്കും പ്രതിഫലം നൽകുന്ന വ്യക്തിയെന്ന നിലയിൽ സംഗീതത്തിൻറെ ഉടമസ്ഥാവകാശമുള്ള നിർമ്മാതാവും ഐപിആർഎസിൻറെ അവകാശ പരിധിയിൽ പെടുന്നു. കേരളത്തിലെ ഗായകർ ഒത്തുകൂടി ഗായകരുടെ അവകാശങ്ങ

ളും ക്ഷേമപദ്ധതികളും ലക്ഷ്യമാക്കി യേശുദാസ് ചെയർമാനായി സമം (സിംഗേഴ്സ് അസോസിയേഷൻ – മലയാളം മൂവീസ്) എന്നൊരു സംഘ ടനയ്ക്ക് രൂപം നൽകിയിട്ടുണ്ട്. അവ കാശങ്ങൾക്കായി പുതിയ നീക്കങ്ങ ളൊന്നും സമത്തിൽ നിന്ന് ഇതുവരെ ഉണ്ടായിട്ടില്ല.

ലോകത്തെ എല്ലാ സംഗീതവും സപ്തസ്വരങ്ങളിൽ അധിഷ്ഠിതമാ ണ്. സന്ദർഭോചിതമായി സ്വരസ്ഥാന ങ്ങൾ മാറ്റിയും തിരുത്തിയും മറിച്ചും തിരിച്ചും വിന്യസിപ്പിക്കുമ്പോൾ വൈവിധ്യമുള്ള സംഗീതം ജനിക്കു ന്നു. ഒരു ഗാനരചയിതാവിൻറെ വരി കൾക്ക് ഉചിതമായ ഈണം നൽകി വിദഗ്ധനായ ഒരു മ്യൂസിക് കണ്ടക്ടറു ടെ നേതൃത്വത്തിൽ വിവിധ വാദ്യോ പകരണങ്ങളുടെ അകമ്പടിയോടെ

നിർമ്മാതാക്കളും ഇളയരാജയും തമ്മിലുള്ള ഉടമ്പടിയിലെ പ്രത്യേക വകുപ്പുകളനുസരിച്ച് പാട്ടുകളു ടെ മേൽ ഇളയരാജയ്ക്ക് അവകാ ശം ഇല്ലെന്ന് എക്കോ റെക്കോഡിം ഗ് പ്രൈവറ്റ് ലിമിറ്റഡ് 2024 ജൂൺ 13–ന് മദ്രാസ് ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചു. സ്വന്തം അവകാശം ഉറപ്പ് വരുത്തുന്ന വ്യ വസ്ഥകൾ നിലവിൽ ഉണ്ടെങ്കിൽ അത് ഹാജരാക്കേണ്ടത് ഇളയരാ ജയാണെന്നും എന്നാൽ ഇളയരാ ജയ്ക്ക് അതിനു കഴിയാതെ പോയെന്നും സീനിയർ അഭിഭാ ഷകൻ വിജയ് നാരായണൻ വ്യക്തമാക്കുന്നു.

ചിത്ര

ഉണ്ണി മേനോൻ

സ്റ്റുഡിയോയിൽ ഒരു ഗായകനോ ഗായികയോ പാടി, സമർത്ഥനായ ഒരു സൗണ്ട് എഞ്ചനീയർ റെക്കോഡ് ചെയ്തു കഴിയുമ്പോൾ ഒരു ഗാനം ജനിക്കുന്നു. റെക്കോഡിംഗ് കഴിയു മ്പോൾ ഈ പ്രക്രിയകൾക്കെല്ലാം പണം ചെലവഴിക്കുന്ന നിർമ്മാതാവ് സംതൃപ്തിയോടെ ആദ്യം പറയും – ഇതാ, എൻറെ പാട്ട്! സംഗീത സംവി ധായകൻ പറയും – ഇതാ, എൻറെ പാട്ട്.

ഗാനരചയിതാവ് പറയും – ഇതാ, എൻറെ പാട്ട്. ഗായകനും ഗായിക യും പറയും – ഇതാ, എൻറെ പാട്ട്. ആ ഗാനത്തിനു പിന്നിൽ ഒരുസംഘം വാദ്യകലാ പ്രതിഭകളുടെ കൂട്ടായ്മ യുണ്ടെന്ന യാഥാർത്ഥ്യവും എല്ലാവർ ക്കും അറിയാം. അവരും സംഗീതസൃ ഷ്ടിയിൽ പങ്കാളികളാണ്. അപ്പോൾ ഗാനത്തിൻറെ യഥാർത്ഥ അവകാശി ആരാണ്? ഈ സാഹചര്യത്തിൽ സം ഗീതത്തിൻറെ അവകാശം സംഗീത സംവിധായകൻറെ കൈകളിൽ മാ ത്രം ഒതുങ്ങുന്നതെങ്ങനെ?

ഐപിആർഎസിൽ നിന്ന് പതിവാ യി റോയൽറ്റി വാങ്ങുന്ന ഇളയരാജ അനുമതിയില്ലാതെ തൻറെ ഗാന ങ്ങൾ ആലപിക്കരുതെന്ന് എസ്പി ബാലസുബ്രമണ്യത്തെയും കെഎസ് ചിത്രയേയും വക്കീൽ നോട്ടീസ് മുഖാ ന്തിരം അറിയിച്ചതിൻറെ സാംഗത്യം ഇതുവരെ വ്യക്തമായിട്ടില്ല. നിയമാനു സൃതം പ്രവർത്തിച്ചുവരുന്ന ഐ പിആർഎസിൻറെ പ്രസക്തി തന്നെ ഇവിടെ ചോദ്യം ചെയ്യപ്പെടുകയാണ്. സംഗീത സംവിധായകനും ഗാനരച യിതാവുമായ സ്വന്തം സഹോദരൻ ഗംഗൈ അമരൻ പോലും ഇക്കാര്യ ത്തിൽ ഇളയരാജയെ പിന്തുണച്ചില്ല.

എംഎസ് വിശ്വനാഥൻറെ പ്രശസ് തങ്ങളായ ധാരാളം ഗാനങ്ങൾ തിരിച്ചും മറിച്ചും ഇളയരാജ ഉപയോ ഗിച്ചിട്ടുണ്ടെന്ന് ഗംഗൈ അമരൻ പല അവസരങ്ങളിലും ചൂണ്ടിക്കാ ട്ടിയിട്ടുണ്ട്. അതിസമ്പന്നമായ തമിഴ് ഗ്രാമീണ ഗാനങ്ങളുടെ ഈണം കടമെടുത്ത് പാശ്ചാത്യ സംഗീതം സന്നിവേശിപ്പിച്ചാണ് ഇളയരാജ തുടക്കകാലം മുതൽ തൻറെ മിക്ക ഗാനങ്ങളും ചിട്ടപ്പെടുത്തിയിട്ടുള്ളത്. ആദ്യചിത്രമായ അന്നക്കിളിയിലെ മച്ചാനെപ്പാത്തീങ്കളാ, അന്നക്കിളി ഉന്നൈത്തേടുതേ തുടങ്ങിയവ തൊ ട്ട് തുടർന്നുള്ള നിരവധി ഗാനങ്ങൾ തമിഴ് ഗ്രാമീണ ഗാനങ്ങളുടെ ഈണം കടമെടുത്തു ചിട്ടപ്പെടുത്തിയവയാ ണ്. ആ ഗാനങ്ങളുടെ പകർപ്പവകാശം ആർക്കു നൽകണം?

എആർ റഹ്മാൻ ആഫ്രിക്കൻ സം ഗീതം ഉൾപ്പെടെയുള്ള വിദേശ സം ഗീതം ധാരാളമായി കടമെടുക്കുന്ന സംഗീത സംവിധായകനാണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നുണ്ട്. അവയുടെ പകർപ്പവകാശം ആർക്കു നൽകും? അവളുടെ രാവുകൾ എന്ന ചിത്രത്തിലെ രാഗേന്ദു കിരണങ്ങൾ, ഉണ്ണി ആരാരിരോ തുടങ്ങിയ ഗാന ങ്ങളുടെ ഈണം സ്വാമി എന്ന ഹിന്ദി ചിത്രത്തിൽ നിന്ന് കടംകൊണ്ടതാ ണ്. അപ്പോൾ യഥാർത്ഥ അവകാശി ആരാകും? രാജേഷ് റോഷനോ എടി ഉമ്മറോ? മൂന്നാം പിറൈ എന്ന ചിത്ര ത്തിലെ കണ്ണേ കലൈമാനേ എന്ന ഗാനത്തിൻറെ ഈണം അവലംബി

ച്ചാണ് ബാലേട്ടൻ എന്ന ചിത്രത്തിലെ ഇന്നലെ എൻറെ നെഞ്ചിലെ എന്ന ഗാനത്തിൻറെ സൃഷ്ടി.

അപ്പോൾ ഈണത്തിൻറെ അവകാശം ഇളയരാജക്കോ എം ജയചന്ദ്രനോ? തമിഴിലെ പ്രശസ്തമായ മൗനമാന നേരം എന്ന ഗാനത്തിൻറെ ഈണത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഓലഞ്ഞാലിക്കുരുവി എന്ന മലയാളഗാനം ഉണ്ടായത്. അവകാശി ഇളയരാജയോ ഗോപീ സുന്ദറോ? തേന്മാവിൻ കൊമ്പത്ത് എന്ന ചിത്രത്തിലെ ഗാനങ്ങൾക്ക് സംസ്ഥാന അവാർഡ് നൽകിയപ്പോൾ അവയ്ക്ക് മൗലികത ഇല്ലെന്നും ഹിന്ദി ഗാനങ്ങളുടെ അനുകരണമാണെന്നും ചൂണ്ടിക്കാട്ടി ദേവരാജൻ മാസ്റ്റർ തൻറെ എല്ലാ സംസ്ഥാന അവാർഡുകളും അവാർഡ് തുകയും സാംസ്കാരിക വകുപ്പിനെ തിരികെ ഏൽപിച്ചത് വലിയ വാർത്തയായിരുന്നു. തേന്മാവിൻ കൊമ്പത്ത് എന്ന ചിത്രത്തിലെ ഗാനങ്ങളുടെ യഥാർത്ഥ അവകാശം ആർക്കു നൽകും? ഐപിആർഎസിൻറെ നിയമാവലിയിൽ ഒരു ഗാനത്തിൻറെ അവകാശികൾ ഗാനരചയിതാവും സംഗീത സംവിധായകനും അതിനു പണം മുടക്കുന്ന നിർമ്മാതാവും മാത്രമാണ്. അവഗണിക്കപ്പെടുന്നത് ഗായകരും വാദ്യകലാകാരന്മാരും മ്യൂസിക് കണ്ടക്റ്ററും റെക്കോഡിസ്റ്റും ഒക്കെയാണ്. ഇവരെയൊക്കെ ഒഴിവാക്കി സ്വന്തം സംഗീതം സ്വയം മൂളി ശ്രോതാക്കളെ ആകർഷിക്കാൻ ഏതു സംഗീത സംവിധായകനാണു കഴിയുക? ശ്രോതാവ് പാട്ട് തിരിച്ചറിയുന്നതു തന്നെ അതു പാടിയ ഗായകരിലൂടെയാണ്. സംഗീതത്തെ ഒരുപടികൂടി കടന്നു സമീപിക്കുന്നവർ അതിൻറെ സംഗീത സംവിധായകനേയും രചയിതാവിനേയും അന്വേഷിക്കും. ഒരു സംഘം സംഗീതജ്ഞരുടെ കൂട്ടായ ഫലമാണ് ഒരു ഗാനം എന്ന വസ്തുത നിയമപരമായി നിലനിൽക്കെ ഒരു മാറ്റം തൽക്കാലം അസാധ്യമാണ്. ഐപിആർഎസിൻറെ അവകാശപ്പട്ടികയിൽ ഗായകരെയും വാദ്യകലാകാരന്മാരെയും മ്യൂസിക് കണ്ടക്റ്ററേയും റെക്കോഡിനിസ്റ്റിനെയും കൂടി ഉൾപ്പെടുത്തി അതിൻറെ പ്രവർത്തന മേഖല വിപുലീകരിക്കേണ്ടത് പരിഗണിക്കപ്പെടേണ്ട വിഷയമാണ്.

കുറഞ്ഞപക്ഷം വാർദ്ധക്യത്തിലും രോഗാവസ്ഥയിലും അവശത അനുഭവിക്കുന്ന സംഗീത കലാകാരന്മാരെ സഹായിക്കാനെങ്കിലും ഒരു വെൽഫെയർ ഫണ്ട് രൂപീകരിക്കുന്ന കാര്യം ഐപിആർഎസ് പരിഗണിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഐപിആർഎസിൻറെ നിയമാവലി ഭേദഗതി ചെയ്ത് ഗായകരെക്കൂടി റോയൽറ്റിയുടെ ഗുണഭോക്താക്കളായി പരിഗണിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിലും നിയമഭേദഗതിക്കാവശ്യമായ നീക്കങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. സംഗീതത്തിൻറെ സ്രഷ്ടാക്കൾക്കു മാത്രമാണ് ആനുകൂല്യത്തിന് അവകാശമെന്നും സംഗീത സംവിധായകനും ഗാനരചയിതാവും സൃഷ്ടികർത്താക്കളാണെന്നും ഗായകനും ഗായികയും അവതാരകർ മാത്രമാണെന്നുമുള്ളതാണ് നിലവിലെ വ്യവസ്ഥ.

ഒരു ചലച്ചിത്രഗാനം ജനിക്കുന്നതിനു മുമ്പ് കഥാസന്ദർഭങ്ങൾക്ക് അനുയോജ്യമായി പ്രണയഗാനമോ വിരഹഗാനമോ ശോകഗാനമോ താരാട്ടുപാട്ടോ, ഏതുതരം പാട്ടാണ് ആവശ്യമെന്ന് നിശ്ചയിക്കപ്പെടുന്നത് സംവിധായകനും നിർമ്മാതാവും കഥാകൃത്തും ചേർന്നുള്ള ചർച്ചയിലാണ്. ഗാനത്തിൻറെ ബീജാവാപം അവിടെ സംഭവിക്കുന്നു.

പിന്നീടാണ് അനുയോജ്യമായ വരികളും ഈണവും നൽകാൻ ഗാനരചയിതാവിനെയും സംഗീത സംവിധായകനെയും ചുമതലപ്പെടുത്തുന്നത്. ഇങ്ങനെ ഒരു ഗാനത്തിൻറെ പിറവിക്കു പിന്നിൽ ഒരു വലിയ കൂട്ടായ്മയുണ്ടെന്നത് വസ്തുതയാണെന്നിരിക്കെ ഒരാൾക്കു മാത്രം ഗാനങ്ങളുടെ അവകാശം പതിച്ചു നൽകാനാവില്ല. ഇവർക്കെല്ലാം പ്രതിഫലം നൽകുന്ന നിർമ്മാതാവു തന്നെയാണ് യഥാർത്ഥ അവകാശി. ഒരു കെട്ടിട നിർമ്മാണത്തിന് ധാരാളം പേർ ജോലി ചെയ്യുമെങ്കിലും പണം മുടക്കുന്ന ആൾ തന്നെയല്ലേ കെട്ടിടത്തിൻറെ ഉടമ? കെട്ടിടത്തിൻറെ കോൺട്രാക്ടറോ എഞ്ചിനീയറോ ആർക്കിടെക്റ്റോ പിൽക്കാലത്ത് കെട്ടിടത്തിനു മേൽ അവകാശം ഉന്നയിച്ചാൽ അതെങ്ങനെ നീതീകരിക്കാനാവും?, യക്ഷി, കടൽപ്പാലം, വാഴ്വേമായം തുടങ്ങിയ മികച്ച ഒട്ടേറെ ചിത്രങ്ങൾ മലയാളത്തിനു സമ്മാനിച്ച മഞ്ഞിലാസ് എന്ന ചലച്ചിത്ര നിർമ്മാണക്കമ്പനിയിൽ പ്രൊഡക്ഷൻ മാനേജറായി വർഷങ്ങളോളം പ്രവർത്തിച്ച കെഡി ജോസഫ് (മഞ്ഞിലാസ് ജോസ്) ചോദിക്കുന്നു.

ഇന്ത്യാടുഡേക്കു വേണ്ടി ഞാൻ ഒരിക്കൽ സംഗീതചോരണത്തെക്കുറിച്ച് ഒരു അഭിമുഖം തയാറാക്കാൻ ദക്ഷിണാമൂർത്തി സ്വാമിയെ സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ ഈ അവസരത്തിൽ പ്രസക്തമാണ്. സംഗീതം ഒരു മഹാസാഗരമാണ്. അതിൽ നിന്ന് ആർക്കും യഥേഷ്ടം കോരിയെടുക്കാം. ചെറിയ പാത്രത്തിൽ കോരിയെടുക്കുന്നവന് ചെറിയ സംഗീത ജ്ഞാനം ലഭിക്കും. വലിയ പാത്രത്തിൽ എടുക്കുന്നവന് വലിയ ജ്ഞാനം സിദ്ധിക്കും. എത്ര കോരിയെടുത്താലും സംഗീത സാഗരത്തിന് കുറവൊന്നും സംഭവിക്കുകയില്ല. സംഗീതം ആർക്കും സ്വന്തമല്ല, എല്ലാവരും കടമെടുക്കുന്നതാണ്. പുതിയ സംഗീതം ആരും സൃഷ്ടിക്കുന്നില്ല.

മാറ്റിമറിക്കലും കൂട്ടിയോജിപ്പിക്കലും രൂപമാറ്റങ്ങളും മാത്രമാണ് സംഗീതത്തിൽ എല്ലാക്കാലത്തും സംഭവിക്കുന്നത്. അതാത് സൃഷ്ടികളിൽ മികവിൻറെ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കുമെന്നു മാത്രം. ഈ തിരിച്ചറിവുണ്ടെങ്കിൽ പിന്നെ വിവാദങ്ങൾക്കും അവകാശവാദങ്ങൾക്കും എന്തു പ്രസക്തി?

Save $894.* Combine Home & Auto.

Michael Tharian, Agent

1855 Victory Blvd
Staten Island, NY 10314

Toll Free:
888-644-7222

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

We Serve These States NY, NJ, PA, & CT.

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

● സിനിമ / ഓർമ്മ



മാത്യു സണ്ണി കെ.

ചുണ്ടിലൊരു പുഞ്ചിരി ഒളിപ്പിച്ചുനിർത്തുമ്പോൾ തന്നെ പ്രേക്ഷകന്റെ അബോധമനസ്സിൽ ഭയത്തിന്റെ വിത്തുകൾ പാകാൻ നാനായുടെ സൂക്ഷ്മമായ ഭാവചലനങ്ങൾക്കായിരുന്നു.

നാനാ പടേക്കർ (1951-2026)

പരകായപ്രവേശങ്ങൾ

ഹിന്ദി വെള്ളിത്തിരയിലെ നായക-പ്രതിനായക ദ്വന്ദ്വങ്ങളുടെ പരമ്പരാഗത സങ്കൽപ്പങ്ങളെ തച്ചുതകർത്ത അഭിനയ പ്രതിഭയാണ് ഈയിടെ അന്തരിച്ച നാനാ പടേക്കർ. ശബ്ദ ഗാംഭീര്യവും , പ്രവചനാതീതമായ ഭാവുകത്വങ്ങളും നിശബ്ദതയുടെ വിഹ്വലതകളും ഒരുമിക്കുന്ന ഒരു വിഷ്വൽ ട്രീറ്റാണ് നാനാ പടേക്കർ അഭിനയിച്ച സിനിമകൾ കാണികൾക്ക് . അതുല്യ പ്രതിഭയായ കൊടിയേറ്റം ഗോപിയെ അനുസ്മരിപ്പിക്കുന്ന മൊണ്ടാഷ് ആക്ടിംഗിന്റെ ത്രസിപ്പിക്കുന്ന മാസ്മരികതയാണ് നാനാ പടേക്കർ ഹിന്ദി സിനിമക്ക് സമ്മാനിച്ചത്.

> **മീരാ നായരുടെ 'സലാം ബോംബെ'യിലെ ബാബ ഗോലുബ് എന്ന കഥാപാത്രം 'സിറ്റി ഓഫ് ഗോഡ്', 'ടാക്സി ഡ്രൈവർ' എന്നീ ലോകക്ലാസിക്കുകളിലെ കഥാപാത്രങ്ങളുമായിട്ടാണ് ഇന്ന് താരതമ്യം ചെയ്യപ്പെടുന്നത്.**

ബോളിവുഡ് അധോലോകത്തെ വെറുമൊരു റൊമാന്റിക് ഫാന്റസിയായി മാത്രം ആഘോഷിച്ചിരുന്ന ഒരു കാലമുണ്ട്. ആ കാലഘട്ടത്തിലെ കുറ്റവാളികളുടെ ജീവിതയാഥാർത്ഥ്യങ്ങളെ അതിന്റെ സകലമാന ജീർണ്ണതകളോടെയും കൂടി സ്ക്രീനിൽ ആവിഷ്കരിച്ച നാനാ പടേക്കറുടെ അഭിനയ തികവ് വേറിട്ടതാണ്. മീരാ നായരുടെ 'സലാം ബോംബെ'യിലെ ബാബ ഗോലുബ് എന്ന കഥാപാത്രം 'സിറ്റി ഓഫ് ഗോഡ്', 'ടാക്സി ഡ്രൈവർ' എന്നീ ലോകക്ലാസിക്കുകളി

ലെ കഥാപാത്രങ്ങളുമായിട്ടാണ് ഇന്ന് താരതമ്യം ചെയ്യപ്പെടുന്നത്. അധികാരത്തിന്റെയും സമ്പത്തിന്റെയും മട്ടുപ്പാവുകളിലേക്കുള്ള കടന്നു കയറ്റമല്ല; മറിച്ച് അടുത്ത ദിവസത്തെ അതിജീവനത്തിനു വേണ്ടിയുള്ള ഒരു തെരുവ് വേട്ടക്കാരന്റെ ശരീരഭാഷയാണ് അദ്ദേഹം ഈ ചിത്രത്തിൽ പരീക്ഷിച്ചത്. ദയയോ ഗ്ലാമറോ അല്പം പോലും ഇല്ലാത്ത ആ അഭിനയ തികവ് ലോകസിനിമയുടെ ഉത്തുംഗ ശൃംഗങ്ങളോട് മാത്രമേ ഇന്ന് നമുക്ക് താരതമ്യം ചെയ്യാൻ കഴിയൂ. പ്രതിനായകർ എപ്പോഴും ക്രോധത്താൽ ജ്വലിച്ചുനിൽക്കണമെന്ന വാർപ്പുമാതൃകകളെയാണു് മീരാ നായരുടെ ചിത്രത്തിൽ നാനാ പടേക്കർ പൊളിച്ചെഴുതിയത്.

ചുണ്ടിലൊരു പുഞ്ചിരി ഒളിപ്പിച്ചുനിർത്തുമ്പോൾ തന്നെ പ്രേക്ഷകന്റെ അബോധമനസ്സിൽ ഭയത്തിന്റെ വിത്തുകൾ പാകാൻ നാനായുടെ സൂക്ഷ്മമായ ഭാവചലനങ്ങൾക്കായിരുന്നു.

'പരിന്ദ'യിലെ അണ്ണാ സേത്തും 'അഗ്നിസാക്ഷി'യിലെ വിശ്വനാഥും ആത്തരം ടെററിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്. 'ഫോർ എ ഫ്യൂ ഡോളേഴ്സ് മോർ' ലെ എൽ ഇൻഡിയോയെപ്പോലെ കാത്തിരുന്ന് ഇരയെ റാഞ്ചുന്നവനായിരുന്നില്ല അണ്ണാ സേത്ത്; മറിച്ച്, ഏതു നിമിഷവും പൊട്ടിത്തെറിക്കാൻ വെമ്പുന്ന ഒരു ഒരഗ്നിപർവ്വതമായിരുന്നു.

എങ്കിലും യാതൊരുവിധ കുറ്റബോധവുമില്ലാത്ത പെരുമാറ്റങ്ങളും, തീപ്പെട്ടിക്കൊള്ളിയോടുള്ള അണ്ണാ സേത്തിന്റെ ഭയം പോലെയുള്ള സൂക്ഷ്മാംശങ്ങളും എത്ര മിഴിവോടെയാണ് നാനാ പടേക്കർ വരച്ചുകാട്ടിയത്. 'അഗ്നിസാക്ഷി'യിലാകട്ടെ, 'സ്ലീപ്പിംഗ് വിത്ത് ദി എനിമി'യിലെ വില്ലനിൽ നിന്നും വഴിമാറി, ക്ഷണികമായ മാനസികാസ്ഥിരതകളിലൂടെ ഗാർഹിക പീഡനത്തിന്റെ ഗ്യാസ് ലൈറ്റിം



തീപ്പൊരി പാറുന്ന സംഭാഷണങ്ങളിലൂടെ തിയേറ്ററുകളെ പ്രകമ്പനം കൊള്ളിച്ച നടൻ തന്നെ, വാക്കുകളുടെ പിൻബലമില്ലാതെ പ്രേക്ഷകന്റെ കണ്ണീർ വാർക്കാനും പ്രാപ്തനായിരുന്നു എന്നത് ഒരത്ഭുതമാണ്. 'ഖാമോഷി'യിലെ ജോസഫ് എന്ന കഥാപാത്രം ഓർക്കുക.

ഗിനെ അദ്ദേഹം അരങ്ങിലെത്തിച്ചു. ആ കഥാപാത്രത്തിന്റെ ആന്തരിക സംഘർഷങ്ങളെ അങ്ങേയറ്റം ആവഹിച്ചു.

തീപ്പൊരി പാറുന്ന സംഭാഷണങ്ങളിലൂടെ തിയേറ്ററുകളെ പ്രകമ്പനം കൊള്ളിച്ച നടൻ തന്നെ, വാക്കുകളുടെ പിൻബലമില്ലാതെ പ്രേക്ഷകന്റെ കണ്ണീർ വാർക്കാനും പ്രാപ്തനായിരുന്നു എന്നത് ഒരത്ഭുതമാണ്. 'ഖാമോഷി'യിലെ ജോസഫ് എന്ന കഥാപാത്രം ഓർക്കുക. പതിറ്റാണ്ടുകൾ കഴിഞ്ഞ് ഓസ്കാർ വേദിയിൽ തിളങ്ങിയ 'കോഡ'യിലെ ഫ്രാങ്ക് എന്ന നിശബ്ദനായ പിതാവിന്റെ സ്നേഹവും നിസ്സഹായതയും വിഹ്വലതകളും നാനാ പടേക്കർ കാലങ്ങൾക്ക് മുൻപ് തന്നെ ഇന്ത്യൻ സ്ക്രീനിൽ അനശ്വരമാക്കിയിരുന്നു.

ഒരിടത്ത് സ്നേഹത്തെ മാരകമായ ആയുധമാക്കുന്ന സൈക്കോപാത്തായി ഭയപ്പെടുത്തിയ ആൾ തന്നെ, മറ്റൊരിടത്ത് സ്നേഹത്തിന്റെ നിശബ്ദതയെ പുൽകുന്നത് ഒരഭിനേതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ ആക്ടിംഗ് റേഞ്ചിന്റെ വൈപുല്യത്തെയാണ് ചൂണ്ടിക്കാട്ടുന്നത്.

വൈകാരികതയുടെ വേലിയേ

റ്റങ്ങളെ പൂർണ്ണമായും ഉപേക്ഷിച്ച്, മസ്തിഷ്കം കൊണ്ടുമാത്രം ഒരു കഥാപാത്രത്തെ എങ്ങനെ ജീവസുറ്റതാക്കാം എന്ന് 'രാജനീതി'യിലെ ബ്രിജ് ഗോപാലിലൂടെ അദ്ദേഹം കാട്ടിത്തന്നു. 'ദി ഗോഡ്ഫാദറി'ലെ ടോം ഹേഗനെ അനുസ്മരിപ്പിക്കും വിധം, മുൻനിര പോരാട്ടങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി, ഒരിക്കൽപ്പോലും ശബ്ദമുയർത്താതെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് അധികാരത്തിന്റെ ചരടുകൾ വലിക്കുന്ന തന്ത്രശാലിയായ ഉപദേശകനായി അദ്ദേഹം പരകായപ്രവേശം ചെയ്തു. ആക്രോശങ്ങളോ പേശീബലമോ ഇല്ലാത്ത ഈ അണ്ടർപ്ലേ നാനായുടെ അഭിനയ വൈവിധ്യത്തിന്റെ മറ്റൊരു പ്രഹേളികയാണ്.

സാമൂഹിക അനീതികൾക്കെതിരെ പ്രതികരിക്കുന്ന കഥാപാത്രങ്ങളെ അണിഞ്ഞപ്പോൾ, അത് കേവലമൊരു അഭിനയത്തിനപ്പുറം നാനാ പടേക്കർ എന്ന വ്യക്തിയുടെ തന്നെ ആന്തരിക ഊർജ്ജത്തിന്റെ വിസ്ഫോടനങ്ങളായി മാറി. 'പ്രഹാർ'ലെ മേജർ ചവാനും 'ക്രാന്തിവീറി'ലെ പ്രതാപും 'അബ് തക് ഛപ്പനി'ലെ സാധു അഗാഷെയുമെല്ലാം ഈ ഊർജ്ജത്തിന്റെ പല വകഭേദങ്ങളാണ്. കഥാപാത്രത്തിന്റെ പൂർണ്ണതയ്ക്കായി സൈനിക പരിശീലനം നേടിയ അദ്ദേഹത്തിന്റെ ആത്മസമർപ്പണവും, വ്യവസ്ഥിതിയോടുള്ള സാധാരണക്കാരന്റെ അടങ്ങാത്ത രോഷവും, കർക്കശക്കാരനായ പോലീസുകാരനിൽ നിന്ന് സ്നേഹനിധിയായ ഭർത്താവിലേക്കുള്ള സൂക്ഷ്മമായ പകർന്നാട്ടങ്ങളുമെല്ലാം അദ്ദേഹത്തിലെ പെർഫെക്ഷനിസ്റ്റിനെ അടയാളപ്പെടുത്തുന്നു.

രൗദ്രഭീമഭാവങ്ങളുടെ പ്രതിരൂപമായിരുന്ന ഒരു നടൻ തന്നിലെ പരുക്കൻ ശരീരഭാഷയെ അതിവിദഗ്ദ്ധമായി ഹാസ്യത്തിന്റെ രസതന്ത്രത്തിലേക്ക് വഴി മാറ്റുന്ന അത്ഭുതക്കാഴ്ചയാണ് 'വെൽക്കം' എന്ന ചിത്രത്തിലെ ഉദയ് ഷെട്ടിയിലൂടെ പ്രേക്ഷകർ കണ്ടത്. അതുവരെ സ്ക്രീനിൽ ഭയം വിതച്ചിരുന്ന നാനാ പടേക്കർ, പൊടുന്നനെ ഒരു മുഴുനീള കോമഡി ചിത്രത്തിൽ സ്വന്തം സഹോദരിയെ വിവാഹം കഴിച്ചയക്കാൻ വെപ്രാളപ്പെടുന്ന, നിസ്സഹായനായ ഒരു അധോലോക നായകനായി മാറിയത് അഭിനയത്തിന്റെ മറ്റൊരു മാന്ത്രികതയായിരുന്നു.

'കൺട്രോൾ ഉദയ്, കൺട്രോൾ' എന്ന് സ്വയം ആശ്വസിപ്പിച്ചുകൊണ്ട് തന്നിലെ ആദിമമായ മുൻകോപത്തെയും അക്രമവാസനയെയും അടക്കിനിർത്താൻ പാടുപെടുന്ന ഉദയ് ഷെട്ടി, ഇന്ത്യൻ സിനിമയിലെ എക്കാലത്തെയും മികച്ച കോമിക് സൃഷ്ടികളിലൊന്നാണ്. 'അനലൈസ് ദിസ്' എന്ന ഹോളിവുഡ് ചിത്രത്തിൽ പാനിക് അറ്റാക്ക് നേരിടുന്ന കോമിക് മാഫിയ ബോസായി റോബർട്ട് ഡി നിറോ നടത്തിയ അവിശ്വസനീയമായ പരകായപ്രവേശത്തോടാണ് ഈ പ്രകടനത്തെ നിരൂപകർ ഇന്ന് ചേർത്തുവായിക്കുന്നത്.

> **കലയും യാഥാർത്ഥ്യവും തമ്മിലുള്ള നേർത്ത അതിർവരമ്പുകൾ അലിഞ്ഞില്ലാതാകുന്ന 'നട്സ്മ്രാട്ടി'ലെ ഗൺപത് റാവു 'അപ്പ' ബെൽവാൽക്കർ എന്ന കഥാപാത്രം നാനാ പടേക്കർ എന്ന നടന്റെ ആത്മാവിൽ നിന്നടർന്നു വീണ ഒരു രക്തബിന്ദുവാണ്.**

സദാ ഗൗരവം സ്ഫുരിക്കുന്ന മുഖഭാവങ്ങളുള്ള ഒരു ഇതിഹാസ നടൻ പൂർണ്ണമായും ഡെഡ്-പാൻ കോമഡി കൈകാര്യം ചെയ്യുമ്പോൾ സൃഷ്ടിക്കപ്പെടുന്ന വൈരുദ്ധ്യത്തിന്റെ സൗന്ദര്യമാണ് നാനാ പടേക്കർ ഈ ചിത്രത്തിലൂടെ അനാവരണം ചെയ്തത്.

ചിരിപ്പിക്കാൻ വിദൂഷകനാകേണ്ടതില്ലെന്നും, വില്ലന്റെ അതേ ശരീരഭാഷ കൊണ്ടുതന്നെ തിയേറ്ററുക



ളിൽ ചിരിയുടെ അലയൊലികൾ സൃഷ്ടിക്കാമെന്നും ഈ കഥാപാത്രത്തിലൂടെ അദ്ദേഹം തെളിയിച്ചു.

കലയും യാഥാർത്ഥ്യവും തമ്മിലുള്ള നേർത്ത അതിർവരമ്പുകൾ അലിഞ്ഞില്ലാതാകുന്ന 'നട്സമ്രാട്ടി'ലെ ഗൺപത് റാവു 'അപ്പ' ബെൽവാൽക്കർ എന്ന കഥാപാത്രം നാനാ പടേക്കർ എന്ന നടന്റെ ആത്മാവിൽ നിന്നടർന്നു വീണ ഒരു രക്തബിന്ദുവാണ്.

ഷേക്സ്പിയറുടെ 'കിംഗ് ലിയറി'നെ അനുസ്മരിപ്പിക്കുന്ന വിധം, പ്രതാപത്തിന്റെ കൊടുമുടിയിൽ നിന്നും വാർദ്ധക്യത്തിന്റെ ദാരുണികമായ ഏകാന്തതയിലേക്കും തിരസ്കാരത്തിലേക്കും വഴുതിവീഴുന്ന ഒരു കലാകാരന്റെ അസ്തിത്വ ദുഃഖത്തെ അങ്ങേയറ്റം തീവ്രതയോടെയാണ് അദ്ദേഹം ഈ ചിത്രത്തിൽ ആവാഹിച്ചത്. വേദിയിലെ കയ്യടികൾ നിലച്ചതിന് ശേഷമുള്ള ശൂന്യതയെയും, സ്വന്തം മക്കളാൽ അനാഥനാക്കപ്പെടുന്നതിന്റെ നിസ്സഹായതയെയും നാടകീയമായ സ്വരഭേദങ്ങളിലൂടെയും വിറയാർന്ന ശരീരചലനങ്ങളിലൂടെയും അദ്ദേഹം വെള്ളിത്തിരയിൽ അനശ്വരമാക്കി. അഭിനയം എവിടെ അവസാനിക്കുന്നുവെന്നും നാനാ പടേക്കർ എന്ന പച്ചമനുഷ്യൻ എവിടെ തുടങ്ങുന്നുവെന്നും വേർതിരിച്ചറിയാനാവാത്ത വിധം, സ്വന്തം നാടകാനുഭവങ്ങളുടെ കനലുകൾ കൂടി ഈ കഥാപാത്രത്തിലേക്ക് അദ്ദേഹം പകർന്നുനൽകിയപ്പോൾ, അത് ഇന്ത്യൻ ചലച്ചിത്ര ചരിത്രത്തിലെ തന്നെ ഏറ്റവും ഹൃദയഭേദകമായ പരകായപ്രവേശങ്ങളിലൊന്നായി മാറി.

മറുവശത്ത് 'കാലാ'യിലെ ഹരി ദാദയിലൂടെ കോർപ്പറേറ്റ് അധികാരത്തിന്റെ ഏറ്റവും ശാന്തവും എന്നാൽ പൈശാചികവുമായ

ഇന്ത്യൻ മുഖ്യധാരാ സിനിമ ആവശ്യപ്പെടുന്ന പരമ്പരാഗത ശരീരപ്രകൃതിയോ ബാഹ്യസൗന്ദര്യമോ ഇല്ലാതിരുന്നിട്ടും, യാഥാർത്ഥ്യത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന അഭിനയശൈലികൊണ്ട് നാനാ പടേക്കർ തന്റേതായൊരു സിംഹാസനം പണിതുയർത്തി

മറ്റൊരു മുഖമാണ് നാനാ പടേക്കർ അനാവരണം ചെയ്തത്. അലറിക്കൂവുന്ന പതിവ് തെന്നിന്ത്യൻ പ്രതിനായക സങ്കൽപ്പങ്ങളെ നിഷ്കരുണം റദ്ദാക്കിക്കൊണ്ട്, രാഷ്ട്രീയക്കാരനെ പോലെ വെളുത്ത വസ്ത്രങ്ങൾക്കുള്ളിൽ കൊടും ക്രൂരതകളെ ഒളിച്ചുവെക്കുന്ന ഒരു ഫാസിസ്റ്റിന്റെ ആന്തരിക ഭൂപടമാണ് അദ്ദേഹം ഈ ചിത്രത്തിൽ വരച്ചുകാട്ടിയത്.

കറുപ്പിനും അധ്വാനിക്കുന്ന വർഗ്ഗത്തിനും മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന ഭരണകൂട ബോധത്തിന്റെ സകലവിധ ഗർവ്വും അഹങ്കാരവും, വിറയാർന്ന ഒരു ചെറുപുഞ്ചിരിയിലും ശബ്ദമുയർത്താതെയുള്ള സംഭാഷണങ്ങളിലും അദ്ദേഹം ഭദ്രമായി ഒളിച്ചുവെച്ചു. ആയുധങ്ങളേക്കാൾ മൂർച്ചയുള്ള അയാളുടെ ശാന്തതയും, 'ശുദ്ധിയോടുള്ള' അയാളുടെ ഭ്രാന്തമായ അഭിനിവേശവും, ഭരണകൂട ഭീകരതയുടെ ഏറ്റവും കൃത്യവും സൂക്ഷ്മവുമായ പ്രതിരൂപമായി ഹരി ദാദയെ മാറ്റിത്തീർത്തു; ലോകസിനിമയിലെ എക്കാലത്തെയും മികച്ച വില്ലന്മാരുടെ നിരയിലേക്ക് യാതൊരുവിധ ആക്രോശങ്ങളുമില്ലാതെ അയാൾ നടന്നു കയറുകയും ചെയ്തു.

ഇന്ത്യൻ മുഖ്യധാരാ സിനിമ ആവശ്യപ്പെടുന്ന പരമ്പരാഗത ശരീരപ്രകൃതിയോ ബാഹ്യസൗന്ദര്യമോ ഇല്ലാതിരുന്നിട്ടും, യാഥാർത്ഥ്യത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന അഭിനയശൈലികൊണ്ട് നാനാ പടേക്കർ തന്റേതായൊരു സിംഹാസനം പണിതുയർത്തി. ഉച്ചസ്ഥായിയിലുള്ള സംഭാഷണങ്ങൾ, അണപൊട്ടിയൊഴുകുന്ന ഊർജ്ജം, മാനസികനില തെറ്റിയ വില്ലനിസം, വാക്കുകളില്ലാത്തവന്റെ വിങ്ങലുകൾ, അധികാരത്തിന്റെ ഇടനാഴികളിലെ തണുത്ത മസ്തിഷ്കം എന്നിങ്ങനെ ചലച്ചിത്ര അഭിനയത്തിന്റെ സമസ്ത തലങ്ങളെയും അങ്ങേയറ്റം സ്വാഭാവികതയോടെ അദ്ദേഹം സ്ക്രീനിൽ ആവാഹിച്ചു.

ലോകസിനിമയിലെ അഭിനയ ഇതിഹാസങ്ങളോട് സധൈര്യം സംവദിക്കുന്ന, കാലാതിവർത്തിയായ പ്രകടനങ്ങളുടെ ഒരു ഘോഷയാത്ര തന്നെയായിരുന്നു നാനാ പടേക്കർ എന്ന നടന്റെ ചലച്ചിത്ര ജീവിതമെന്നു് നിസംശയം പറയാം. മൂന്ന് തവണ അഭിനയത്തിനുള്ള ദേശീയ പുരസ്ക്കാരം നേടിയിട്ടുണ്ട്.



അധ്യായം 12

ഉപ്പിട്ട ചായയുടെ മധുരം

സുഭാഷ് വലവൂർ

സിക്കിം യാത്രയുടെ സമയപ്പട്ടിക നാട്ടിലിരുന്നാണ് തയ്യാറാക്കിയത്. അതിനാൽ ചെറിയ പാകപ്പിഴകൾ ഉണ്ടായിരുന്നു. ചിലയിടങ്ങളിൽ ഉദ്ദേശിച്ച സമയത്ത് ലക്ഷ്യസ്ഥാനങ്ങളിൽ എത്തിയില്ല. ചിലയിടത്താകട്ടെ വിചാരിച്ചതിനേക്കാൾ എളുപ്പം എത്തിയതുകൊണ്ട് സുലഭമായ ഇടവേള കിട്ടുകയും ചെയ്തു. അങ്ങനെ കിട്ടിയ ഒരിടവേളയിൽ ഏതെങ്കിലും ഗ്രാമങ്ങളിൽ പോകാൻ കഴിയുമോ എന്ന് റോബിന്ദ്രയോട് ചോദിച്ചു. അയാൾ സമ്മതിച്ചു. വഴിവക്കിൽ ഒരിടത്തു വിട്ടു. അവിടുന്ന് താഴോട്ട് കുറച്ചിറങ്ങിച്ചെന്നാൽ മലഞ്ചെരിവിലുള്ള ഒരു ഗ്രാമം കാണാമെന്ന് പറഞ്ഞു. റോബിന്ദ്രയ്ക്ക് ആസ്മാ രോഗമായതുകൊണ്ട് ഇറങ്ങിവന്നാൽ തിരിച്ചുള്ള കയറ്റം പ്രശ്നമാണെന്ന് പറഞ്ഞതുകൊണ്ട് ഞാൻ തനിയെ ഇറങ്ങി നടന്നു. അതായിരുന്നു 'ദരാപ്' എന്ന ഗ്രാമം.

കുത്തനെയുള്ള ഇറക്കത്തിലാണ് ഗ്രാമം. ഏലച്ചെടികളുടെ ഇടയിലുള്ള ആദ്യം കണ്ട ചെറിയ ഒറ്റയടിപ്പാതയിലൂടെയാണ് കുന്നിറങ്ങിയത്. കുറച്ചു നടന്നപ്പോൾ ചെറിയ വീടുകൾ അങ്ങിങ്ങായും ചിലത് ഒന്നിച്ചും കണ്ടു തുടങ്ങി. അവയ്ക്കരികിലൂടെയും ചിലയിടത്ത് ഇടയിലൂടെയും കടന്നുപോകുന്ന ചെറിയ വഴിയിലൂടെ നടന്നു നോക്കി. അധികം ആളനക്കം കണ്ടില്ല. അങ്ങനെ നടക്കുമ്പോൾ ഒരു പലകയിൽ ഇംഗ്ലീഷിൽ കറുത്ത മഷികൊണ്ട് സാധാരണ കൈപ്പടയിൽ ഒരു ബോർഡ് കണ്ടു. ഒരു വീടിനുചുറ്റും തയ്യാറാക്കിയ മരുന്നുചെടികളുടെ ഒരു തോട്ടമായിരുന്നു അത്.

മരുന്നു ചെടികളിൽ കൗതുകമുള്ള ഒരു നാട്ടുകാരൻ സ്വന്തം ചെലവിൽ ചെടികൾ ശേഖരിച്ച്

കുത്തനെയുള്ള ഇറക്കത്തിലാണ് ദരാപ്ഗ്രാമം. ഏലച്ചെടികളുടെ ഇടയിലുള്ള ആദ്യം കണ്ട ചെറിയ ഒറ്റയടിപ്പാതയിലൂടെയാണ് കുന്നിറങ്ങിയത്. കുറച്ചു നടന്നപ്പോൾ ചെറിയ വീടുകൾ അങ്ങിങ്ങായും ചിലത് ഒന്നിച്ചും കണ്ടു തുടങ്ങി. അവയ്ക്കരികിലൂടെയും ചിലയിടത്ത് ഇടയിലൂടെയും കടന്നുപോകുന്ന ചെറിയ വഴിയിലൂടെ നടന്നുനോക്കി. അധികം ആളനക്കം കണ്ടില്ല. അങ്ങനെ നടക്കുമ്പോൾ ഒരു പലകയിൽ ഇംഗ്ലീഷിൽ കറുത്ത മഷികൊണ്ട് സാധാരണ കൈപ്പടയിൽ ഒരു ബോർഡ് കണ്ടു. ഒരു വീടിനുചുറ്റും തയ്യാറാക്കിയ മരുന്നുചെടികളുടെ ഒരു തോട്ടമായിരുന്നു അത്.

പ്രദർശിപ്പിച്ചിരിക്കുകയാണ്. എന്നു മാത്രമല്ല പലരുടേയും സഹായത്തോടെ അവയുടെ ശാസ്ത്രീയ നാമം, ഇംഗ്ലീഷ് നാമം, നാട്ടുപേര് എന്നിവ എഴുതി വെച്ചിട്ടുമുണ്ട്. കാലപ്പഴക്കം കൊണ്ട് ബോർഡുകൾ ചിലത് മങ്ങിപ്പോയിട്ടുണ്ടെന്നു മാത്രം. അയാളുടെ ശ്രമങ്ങൾക്ക് സന്ദർശകരോട് സഹായം ചോദിച്ചുകൊണ്ടുള്ള ഒരു ബോർഡും കൂട്ടത്തിൽ കാണാം. ഹാങ്ഷു സുബ്ബ എന്ന ചെറുപ്പക്കാരനാണ് ഈ മരുന്നു തോട്ടം നിർമ്മിച്ചതും പരിപാലിക്കുന്നതും. 'ഹെർബൽ മാൻ' എന്നാണ് ഹാങ്ഷു അറിയപ്പെടുന്നതെന്ന് സിക്കിമിൽ നിന്നു തിരിച്ചുവന്ന ശേഷമാണ് അറിഞ്ഞത്. സുബ്ബ എന്നത് പൊതുവെ ലിംബു സമുദായത്തിലെ ഗ്രാമത്തലവനു നൽകുന്ന സ്ഥാനപ്പേരാണ്. അയാളപ്പോൾ സ്ഥലത്തുണ്ടായിരുന്നില്ല. തോട്ടം കണ്ടു കഴിഞ്ഞപ്പോൾ ആ വീട്ടിൽ കണ്ട ഒരമ്മയോട് ആംഗ്യ ഭാഷയിൽ സംസാരിച്ചു. അവർക്ക് നേപ്പാളി മാത്രമേ അറിയാമായിരുന്നുള്ളൂ. ബോർഡ് ചൂണ്ടിക്കാട്ടി കുറച്ചുപണം അവരുടെ കൈയിൽ നൽകി.

അൽപ്പനേരം കൂടി തോട്ടത്തിൽ ചെലവഴിച്ചശേഷം അടുത്തെവിടെയെങ്കിലും ചായ കിട്ടുമോ എന്നു ചോദിച്ചു. ഇങ്ങോട്ടു ചോദിക്കേണ്ടിയിരുന്നതാണല്ലോ എന്നുള്ള അങ്കലാപ്പിൽ അവർ എന്നെ വേഗം അവരുടെ കുടിലിന്റെ അടുത്തുള്ള ചായിപ്പിലേയ്ക്ക് വിളിച്ചിരുത്തി. പഞ്ചസാരയില്ലെന്ന് വിഷമത്തോടെ നേപ്പാളി ഭാഷയിൽ അറിയിച്ചു. അഞ്ചാം ക്ളാസിൽ പഠിക്കുന്ന മിടുക്കിയായ കൊച്ചുമകൾ അത് ഹിന്ദിയിൽ പരിഭാഷപ്പെടുത്തി തന്നു. ഉപ്പിടട്ടെ എന്നു ചോദിച്ചു. പണ്ട് ബദരീനാഥിന് അടുത്തുള്ള ഘാട്ട് എന്ന ഗ്രാമത്തിൽ നിന്നു കഴിച്ച ഇടിച്ചായയുടെ ഓർമ്മയിൽ ആയിക്കോട്ടെ എന്നു പറഞ്ഞു. അങ്ങനെ ഉപ്പിട്ട നല്ലൊരു ചായ അവിടെനിന്നും കുടിച്ചു. എത്രയൊക്കെ കാഴ്ച്ചകൾ കണ്ടാലും

ഒരു യാത്രകഴിഞ്ഞുവരുമ്പോൾ അതിനിടയിൽ നാമെപ്പോഴെങ്കിലും അനുഭവിച്ച സ്നേഹ സൗഹൃദങ്ങളായിരിക്കും ദീർഘകാലം ഓർമ്മയിൽ തങ്ങിനിൽക്കുക.

സിക്കിമിലെ ലിംബു സമുദായക്കാർ മാത്രം താമസിക്കുന്ന കോളനിയായിരുന്നു ദരാപ്പിൽ ഞാൻ കണ്ടത്. സിക്കിമിലെ പ്രാചീന തനതു ജനവിഭാഗമാണ് ലിംബു സമുദായം. വാസ്തവത്തിൽ സിക്കിമിന്റെ പടിഞ്ഞാറുഭാഗത്ത്, അതായത് യുക്സോം പ്രദേശത്ത്, ആദ്യം കുടിയേറിയെന്നു കരുതപ്പെടുന്ന ഗോത്രവിഭാഗമാണ് ലിംബു.

പ്രാഥമികമായിത്തന്നെ ഇരുന്നൂറോ ഇരുന്നൂറ്റിയൻപതോ ഇനം പ്രധാന മരുന്നുചെടികൾ ലിംബു വിഭാഗങ്ങൾ താമസിച്ചിരുന്ന പ്രദേശത്ത് തിരിച്ചറിയപ്പെടുകയും ചികിത്സക്കായി പ്രയോജനപ്പെടുത്തുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. തനതു വൈദ്യശാഖയിൽ നിപുണന്മാരായ വൈദ്യന്മാർ അവർക്കിടയിലുണ്ടായിരുന്നു. മന്ത്രവാദ പാരമ്പര്യം പിന്തുടർന്നിരുന്ന ലിംബു വിഭാഗങ്ങളിൽ മന്ത്രവാദ പുരോഹിതന്മാരെപ്പോലെ അംഗീകരിക്കപ്പെട്ടയാൾ തന്നെയാണ് ചികിത്സയും നിർവ്വഹിച്ചിരുന്നത്. 'ഫെഡാങ്മ' എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. നല്ല സാംസ്കാരിക പാരമ്പര്യമുള്ള ജനവിഭാഗമാണ് ലിംബു. അവർക്ക് സ്വന്തമായ ഭാഷയും ലിപിയുമൊക്കെ ഉണ്ട്, പക്ഷെ സിക്കിമിൽ നേപ്പാളി ഭാഷയാണ് അവർ വ്യവഹാരത്തിന് സ്വീകരിച്ചിട്ടുള്ളത്.

സിക്കിമിലെ ലിംബു സമുദായക്കാർ മാത്രം താമസിക്കുന്ന കോളനിയായിരുന്നു ദരാപ്പിൽ ഞാൻ കണ്ടത്. സിക്കിമിലെ പ്രാചീന തനതു ജനവിഭാഗമാണ് ലിംബു സമുദായം. വാസ്തവത്തിൽ സിക്കിമിന്റെ പടിഞ്ഞാറുഭാഗത്ത്, അതായത് യുക്സോം പ്രദേശത്ത്, ആദ്യം കുടിയേറിയെന്നു കരുതപ്പെടുന്ന ഗോത്രവിഭാഗമാണ് ലിംബു. പ്രാഥമികമായിത്തന്നെ ഇരുന്നൂറോ ഇരുന്നൂറ്റിയൻപതോ ഇനം പ്രധാന മരുന്നുചെടികൾ ലിംബു വിഭാഗങ്ങൾ താമസിച്ചിരുന്ന പ്രദേശത്ത് തിരിച്ചറിയപ്പെടുകയും ചികിത്സക്കായി പ്രയോജനപ്പെടുത്തുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്

Abel's Garden PVT LTD Karimannoor P.O.
Thodupuzha, Idukki, Kerala, India PIN. 685581
Email: hello@abelsgarden.in
Phone: +917034413000, +917034643000, +919778050077

ശ്രീമദ് ഭഗവത് ഗീത
അദ്ധ്യായം 13

ക്ഷേത്ര ക്ഷേത്രജ്ഞ വിഭാഗയോഗം

സുധീർ പണിക്കവീട്ടിൽ

ഈ അധ്യായത്തിൽ അർജുനന്റെ സംശയത്തിന് മറുപടിയായി ഭഗവാൻ നൽകുന്ന വിവരങ്ങളാണ്. നമ്മുടെ ശരീരത്തെ ക്ഷേത്രം എന്നും അതറിയുന്ന നമ്മളെ ക്ഷേത്രജ്ഞർ എന്നും അറിയിക്കുന്നു. എന്നാൽ ഭഗവാൻ എല്ലാ ക്ഷേത്രങ്ങളെയും അറിയുന്നവനാകുന്നു. എല്ലാറ്റിലും പരമമായ യാഥാർഥ്യം അറിവാണെന്നു ഭഗവൻ ഉപദേശിക്കുന്നു. ബുദ്ധിയുള്ള ഒരാൾ അയാളെ അറിയാൻ ശ്രമിക്കുന്നു. പ്രകൃതിയിൽ നിന്നും നമ്മുടെ ശരീരത്തിൽ നിന്നും നമ്മുടെ ആത്മാവ് വേർതിരിഞ്ഞിരിക്കുന്നു എന്നറിവുണ്ടാകുമ്പോൾ നമ്മുടെ പ്രകൃതിഗുണം (സുഖവും ദുഖവും) നമ്മെ ബാധിക്കുന്നില്ല.

നമ്മൾ നമ്മുടെ ശരീരത്തെ മനസ്സിലാക്കുന്നുവെന്നത് നമ്മുടെ തോന്നൽ മാത്രമാണ്. കയർ കണ്ടു പാമ്പാണെന്ന് തോന്നുന്നപോലെ.

> **എല്ലാറ്റിലും പരമമായ യാഥാർഥ്യം അറിവാണെന്നു ഭഗവൻ ഉപദേശിക്കുന്നു. ബുദ്ധിയുള്ള ഒരാൾ അയാളെ അറിയാൻ ശ്രമിക്കുന്നു. പ്രകൃതിയിൽ നിന്നും നമ്മുടെ ശരീരത്തിൽ നിന്നും നമ്മുടെ ആത്മാവ് വേർതിരിഞ്ഞിരിക്കുന്നു എന്നറിവുണ്ടാകുമ്പോൾ നമ്മുടെ പ്രകൃതി ഗുണം (സുഖവും ദുഖവും) നമ്മെ ബാധിക്കുന്നില്ല. നമ്മൾ നമ്മുടെ ശരീരത്തെ മനസ്സിലാക്കുന്നുവെന്നത് നമ്മുടെ തോന്നൽ മാത്രമാണ്. കയർ കണ്ടു പാമ്പാണെന്ന് തോന്നുന്ന പോലെ. വെളിച്ചമില്ലാത്തേടത്തോളം പാമ്പ് യഥാർത്ഥമായി തോന്നും. അറിവിന്റെ പ്രകാശം പരക്കുമ്പോൾ പാമ്പ് അപ്രത്യക്ഷമാകുന്നു. കയറിനെ നമ്മൾ പാമ്പ് എന്ന് ധരിക്കുന്നു.**

വെളിച്ചമില്ലാത്തേടത്തോളം പാമ്പ് യഥാർത്ഥമായി തോന്നും. അറിവിന്റെ പ്രകാശം പരക്കുമ്പോൾ പാമ്പ് അപ്രത്യക്ഷമാകുന്നു. കയറിനെ നമ്മൾ പാമ്പ് എന്ന് ധരിക്കുന്നു.

ശരീരം മാറ്റമുള്ളതും അസ്ഥിരവുമാണ്. എന്നാൽ നമ്മുടെ ആത്മാവ് മാറാത്തതും സ്ഥിരവുമാകുന്നു. ഒന്ന് മിഥ്യയും മറ്റേത് സത്യവുമാകുന്നു. ഒരു കർഷകൻ അവന്റെ വയലിൽ നെല്ല് വിതച്ചാൽ അവൻ കൊയ്യുന്നത് നെല്ലാണ്. അതേപോലെ നമ്മൾ ചെയ്യുന്ന സത്കർമ്മങ്ങളും ദുഷ്കർമ്മങ്ങളുമാണ് നമുക്ക് ലഭിക്കുന്നത്. അതുകൊണ്ട് നന്മയുള്ള ചിന്തകളും കർമ്മങ്ങളും ചെയ്യുക. അതാണ് ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിലുള്ള വ്യത്യാസം. ക്ഷേത്രം നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു വെന്നതിനെ ആശ്രയിച്ചിരിക്കുന്നു. പതിമൂന്നു എന്ന സംഖ്യ പാശ്ചാത്യ

നാടുകളിൽ ചിലതിൽ അശുഭമായി കാണുമ്പോൾ ഭാരതീയരെ സംബന്ധിച്ച് അതു ശുഭകരമാണ്. ഇതിനെ ത്രയോദശി എന്നാണു വിളിക്കുന്നത്. ഇത് ചാന്ദ്രമാസത്തിലെ പതിമൂന്നാം ദിവസം വരുന്നു, അങ്ങനെ മാസത്തിൽ രണ്ടു ത്രയോദശികൾ -കൃഷ്ണപക്ഷത്തിലും ശുക്ലപക്ഷത്തിലും. ഭഗവത് ഗീതയിലെ പതിമൂന്നാം അധ്യായം മുതൽ തത്വചിന്താപരമായ വിഷയങ്ങൾ ഭഗവാൻ ചർച്ച ചെയ്യുന്നു.

ഇനി വിശദമായി...

ശ്രീമത് ഭഗവത് ഗീതയിൽ 700 ശ്ലോകങ്ങൾ ഉണ്ടെന്നാണ് വിശ്വസിച്ചുവരുന്നത്. എന്നാൽ പതിമൂന്നാം അധ്യായത്തിന്റെ ആരംഭത്തിൽ അർജുനൻ ചോദിച്ചതായി ഒരു ശ്ലോകം ചില ഗ്രന്ഥങ്ങളിൽ കാണുന്നു. അത് താഴെ ചേർക്കുന്നു.

പ്രകൃതീം പുരുഷം ചൈവ
ക്ഷേത്രം ക്ഷേത്രജ്ഞമേ വ ച
ഏതദ് വേദിതുമി ച്ഛാമി
ജ്ഞാനം ജ്ഞേയം ച കേശവാ..

അല്ലയോ കൃഷ്ണാ, പ്രകൃതിയെയും പുരുഷനെയും, ക്ഷേത്രത്തെയും ക്ഷേത്രജ്ഞനെയും, ജ്ഞാനത്തെയും, ജ്ഞേയത്തെയുംപ്പറ്റി എല്ലാമറിയാൻ ഞാനാഗ്രഹിക്കുന്നു. ഇതിനു മറുപടിയായി ഭഗവാൻ പറയുന്നു താഴെ പറയുന്ന ശ്ലോകത്തെയോടെയാണ് ഭഗവത് ഗീതയുടെ മറ്റു പതിപ്പുകൾ ആരംഭിക്കുന്നത്.

ഇദം ശരീരം കൗന്തേയ
ക്ഷേത്രമിത്യ ദീധീ യതേ
ഏതദ്യോ വേത്തി തം പ്രാഹു:
ക്ഷേത്രജ്ഞ ഇനി തദ്വി ദ :

ഓ കൗന്തേയ ഈ ശരീരത്തെ ക്ഷേത്രമെന്നു വിളിക്കുന്നു. ക്ഷേത്രത്തെ അറിയുന്നവൻ ക്ഷേത്രജ്ഞൻ എന്നും അതേക്കുറിച്ചറിയുന്നവർ പറയുന്നു. ഓ ഭരതാ എല്ലാ ക്ഷേത്രേങ്ങളെയും അറിയുന്നവൻ എന്ന എന്നെ മനസിലാക്കുക.ക്ഷേത്രത്തെക്കുറിച്ചുള്ള അറിവും, ക്ഷേത്രത്തെ അറിയുന്നവൻ എന്ന അറിവും എന്റെ അറിവായി കരുതുക. എന്താണ് ആ ക്ഷേത്രം. അതിന്റെ പ്രകൃതി എന്ത്? എന്തെല്ലാം വികാരങ്ങളോട് കൂടിയതാണത്? എവിടെ നിന്നുണ്ടായതാണ് അത് (ക്ഷേത്രം) ആരാണ്? അതിന്റെ പ്രഭാവങ്ങൾ എന്തൊക്കെ? ഇവയെപ്പറ്റി എന്നിൽ നിന്നും ചുരുക്കമായി കേൾക്കുക. ഈ വിഷയത്തെക്കുറിച്ച് വളരെ വ്യക്തമായി പല രീതിയിലും നിരവധി സ്തോത്രങ്ങളിലും ഋഷികൾ പാടിയിട്ടുണ്ട്. വളരെ യുക്തിയുക്തമായും നിശ്ചിതമായും അവരുടെ കീർത്തനങ്ങളിൽ ഇത് 'ബ്രഹ്മ'മാണെന്നു സൂചനയുണ്ട്. മഹാഭൂതങ്ങൾ (ആകാശം, വായു, അഗ്നി, ജലം, പൃഥ്വി) ബുദ്ധി, മൂല പ്രകൃതി, അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കാർമേന്ദ്രിയങ്ങളും മനസ്സ് ഉൾപ്പെടെ പതിനൊന്നു ഇന്ദ്രിയങ്ങൾ പിന്നെ ശബ്ദ, സ്പർശ, രൂപ, രസ,ഗന്ധ ങ്ങളാകുന്ന പഞ്ചേന്ദ്രിയങ്ങൾ ആഗ്രഹം, വിരോധം, സുഖം, വേദന, ദേഹം ഇങ്ങനെ വികാരങ്ങളോടുകൂടി ചുരുക്കമായി പറയപ്പെടുന്നതാണ് ക്ഷേത്രം. ക്ഷേത്രം അഥവാ, 'ഇദം ശരീരം' ദേഹവും, മനസ്സും, ബുദ്ധിയും മാത്രം ചേർന്നതല്ല. അതിന്റെ ഗ്രഹണശക്തിയിലൂടെ അനുഭവപ്പെടുന്ന വികാരങ്ങളും ചിന്തയും, എല്ലാം ക്ഷേത്രമെന്ന ഒറ്റ വാക്കിൽ ഉൾകൊള്ളുന്നു. അടുത്ത അഞ്ച് ശ്ലോകങ്ങൾ ക്ഷേത്രജ്ഞന്റെ ഗുണങ്ങളെപ്പറ്റി പറയുന്നു. വിനയം, നാട്യമില്ലായ്മാ, അഹിംസ, ക്ഷമ, ആർജ്ജവം, ഗുരുസേവനം, പവിത്രത, ദൃഢത, ആത്മസംയമനം, ഇന്ദ്രിയ വിഷയങ്ങളിൽ നിസ്സംഗത, അഹങ്കാരമില്ലായ്മ, ജനനം, മരണം, വാർദ്ധക്യം, രോഗം,വേദന ഇവയിൽ ദുഃഖ രൂപമായ ദോഷത്തെ കാണാതിരിക്കൽ, ആസക്തിയില്ലായ്മ, മകൻ, ഭാര്യ,, വീട് തുടങ്ങിയവയിൽ അഭിനിവേശമില്ലായ്മ, അഭിലഷണീയവും അനഭിലഷണീയവുമായത് ലഭിക്കുമ്പോൾ എപ്പോഴും ഒരേ മനോനില, എന്നോടുള്ള വ്യതിചലിക്കാത്ത ഭക്തി സമൂഹത്തിൽ നിന്ന് വേറിട്ട് ഏകാന്തമായി കഴിയാൻ ശ്രമിക്കൽ, അദ്ധ്യാത്മജ്ഞാനത്തിൽ നിരന്തര നിഷ്ഠ, യഥാർത്ഥ ജ്ഞാനത്തിന്റെ പ്രയോജനം മനസ്സിലാക്കൽ ഇവയെല്ലാം ജ്ഞാനമെന്നും മറിച്ചുള്ളവ അജ്ഞാനമെന്നും പറയുന്നു.അറിയേണ്ടത് ഏതാണോ യാതൊന്നറിഞ്ഞാൽ അമരത്വം പ്രാപിക്കാൻ കഴിയുമോ അതാണ് അനാദിയായ പരബ്രഹ്മം അത് ഞാൻ പറഞ്ഞു തരാം.

> **പ്രകൃതിയും പുരുഷനും രണ്ടും അനാദിയാണ്. എല്ലാ ഗുണങ്ങളും വികാരങ്ങളും പ്രകൃതിയിൽ നിന്ന് ജനിച്ചവയാണെന്നറിയുക. കാര്യകാരണങ്ങളുടെ കാര്യത്തിൽ പ്രകൃതി കാരണമാകുന്നു. സുഖ ദുഃങ്ങളുടെ അനുഭവത്തിൽ പുരുഷൻ ഹേതുവാകുന്നു. പ്രകൃതിയിൽ സ്ഥിതിചെയ്യുന്ന പുരുഷൻ പ്രകൃതിയുടെ ഗുണങ്ങളെ അനുഭവിക്കുന്നു. ഈ ഗുണങ്ങളോടുള്ള പുരുഷന്റെ ആസക്തിയനുസരിച്ച് അവൻ ഉത്തമയോനിയിലും അധമയോനിയിലും ജനിക്കുന്നു.**

സർവ്വേന്ദ്രിയ ഗുണാഭാസം
സർവ്വേന്ദ്രിയ വിവർജിതം
അസക്തം സർവ്വഭൃച്ചൈവ
നിർഗുണം ഗുണഭോക്തൃ ച

അത് ഉള്ളതെന്നോ ഇല്ലാത്തതെന്നോ പറയപ്പെടാവുന്നതല്ല. എല്ലായിടത്തും കയ്യും, കാലും, കണ്ണുകളും, തലയും, വായും, കാതുമുള്ള അത് (ബ്രഹ്മം) ഈ ലോകത്തിൽ സകലതിനെയും ആവരണം ചെയ്തു സ്ഥിതിചെയ്യുന്നു. എല്ലാ ഇന്ദ്രിയ ഗുണങ്ങളെയും പ്രകാശിപ്പിക്കുന്നുവെങ്കിലും ഇന്ദ്രിയങ്ങളില്ലാതെ ഒന്നിലും ചേരാതെ നിൽക്കുന്നു. (സ്വാമി ചിന്മയാനന്ദയുടെ ഒരുദാഹരണത്താൽ ഇത് വിശദമാക്കാം. പഞ്ഞി തുണികളിൽ എല്ലാമുണ്ട്. എന്നാൽ തുണി പഞ്ഞിയിലില്ല. അതേസമയം തുണിയിലെ പഞ്ഞിയാണ് അതിനെ താങ്ങുന്നത്.) അതേപോലെ പരബ്രഹ്മം എല്ലാ

റ്റിനും ആധാരമാകുന്നു. ഗുണങ്ങളില്ലാത്തതും എന്നാൽ ഗുണങ്ങളെ അനുഭവിക്കുന്നതുമാകുന്നു. അത് എല്ലാറ്റിന്റെയും അകത്തും പുറത്തുമുണ്ട്. അത് ചലിക്കാത്തതും ചലിക്കുന്നതുമാകുന്നു. വളരെ സൂക്ഷ്മമായതുകൊണ്ട് അതിനെ (പരമാത്മാവ്) ഗ്രഹിക്കാൻ പ്രയാസം. അത് വളരെ അകലെയും എന്നാൽ അടുത്തുമുണ്ട്. ഭാഗിക്കപ്പെടാത്തതും എന്നാൽ ഭൂതങ്ങളിൽ വിഭജിക്കപ്പെട്ടപ്പോലെ സ്ഥിതിചെയ്യുന്നതും സർവ്വചരാചരങ്ങളുടെ രക്ഷകനെന്നറിയപ്പെടുന്നെങ്കിലും അത് ഗ്രസിക്കുകയും, സൃഷ്ടിക്കുകയും ചെയ്യുന്നു. അത് (പരമാത്മാവ്) വെളിച്ചങ്ങളുടെ വെളിച്ചവും തമസ്സിനപ്പുറവും . അറിവും അറിയപ്പെടേണ്ടതും, അറിവിനാൽ നേടേണ്ടതും എല്ലാവരുടെയും ഹൃദയത്തിൽ ഇരിക്കുന്നതുമാകുന്നു.

ജ്യോതിഷാമപി തജ്ജ്യോതി
തമസ:പരം ഉച്യതേ
ജ്ഞാനം ജ്ഞേയം ജ്ഞാനഗമ്യം
ഹൃദിസർവസ്യ വിഷ്ഠിതം

അപ്രകാരം ക്ഷേത്രവും, അറിവും, അറിയപ്പെടേണ്ടതും ഞാൻ ചുരുക്കമായി വിവരിച്ചുകഴിഞ്ഞു. എന്റെ ഭക്തർ ഇത് മനസ്സിലാക്കുമ്പോൾ എന്നോട് കൂടിയിരിക്കാൻ അർഹതയുള്ളവരാകുന്നു. പ്രകൃതിയും പുരുഷനും രണ്ടും അനാദിയാണ്. എല്ലാ ഗുണങ്ങളും വികാരങ്ങളും പ്രകൃതിയിൽ നിന്ന് ജനിച്ചവയാണെന്നറിയുക. കാര്യകാരണങ്ങളുടെ കാര്യത്തിൽ പ്രകൃതി കാരണമാകുന്നു. സുഖദുഃങ്ങളുടെ അനുഭവത്തിൽ പുരുഷൻ ഹേതുവാകുന്നു. പ്രകൃതിയിൽ സ്ഥിതിചെയ്യുന്ന പുരുഷൻ പ്രകൃതിയുടെ ഗുണങ്ങളെ അനുഭവിക്കുന്നു. ഈ ഗുണങ്ങളോടുള്ള പുരുഷന്റെ ആസക്തിയനുസരിച്ച് അവൻ ഉത്തമയോനിയിലും അധമയോനിയിലും ജനിക്കുന്നു.

ഈ ദേഹത്തിൽ ഇരിക്കുന്നവനെങ്കിലും പരമപുരുഷൻ എല്ലാം വീക്ഷിക്കുന്നവനും അനുമതി നൽകുന്നവനും, അനുഭവിക്കുന്നവനും, പരമേശ്വരനും പരമാത്മാവുമാണെന്നും പറയപ്പെട്ടിരിക്കുന്നു. പുരുഷനെയും, പ്രകൃതിയെയും എല്ലാ ഗുണങ്ങളോടും കൂടി ഒരുമിച്ചറിയുന്നവൻ അവൻ ഏതവസ്ഥയിലും ആയാലും അവൻ രണ്ടാമത് ജനിക്കുന്നില്ല. ചിലർ ധ്യാനം കൊണ്ട് ആത്മാവിനെ തന്നിലൂടെ തന്നിൽ തന്നെ കാണുന്നു. മറ്റുള്ളവർ യോഗജ്ഞാനത്തിലൂടെ (സാംഖ്യയോഗം) ചിലർ കർമ്മയോഗത്തിലൂടെയും കാണുന്നു. ഇങ്ങനെ ധ്യാന, ജ്ഞാന, കർമ്മയോഗങ്ങൾ അറിയാത്തവർ മറ്റുള്ളവരിൽ നിന്ന് കേട്ടപ്രകാരം ആരാധിക്കുന്നു.അവർ കേട്ടത് പരമമായ രക്ഷയാണെന്നു കരുതുമ്പോൾ അവർക്കും മരണത്തെ അതിക്രമിക്കാം. സ്ഥാവരമോ, ജംഗമോ, ആയി യാതൊരു വസ്തു ഉണ്ടാകുന്നുവോ, അത് ക്ഷേത്ര-ക്ഷേത്രജ്ഞന്മാരുടെ സംയോഗത്താലാണെന്നറിയുക. എല്ലാറ്റിലും തുല്യമായി

നാനാവിധത്തിലുള്ള ചരാചരങ്ങളുടെ ഏകത്വം ഒന്നിലാണെന്നും ആ ഒന്നിൽ നിന്നാണെല്ലാം ഉത്ഭവിച്ചതെന്നുമറിയുന്നവൻ ബ്രഹ്മപദം പ്രാപിക്കുന്നു. അനശ്വരവും, പരമവുമായ ഈ ആത്മാവ് ഓ, കൗന്തേയ, ശരീരത്തെ തന്നെ വസിക്കുന്നുവെങ്കിലും പ്രവർത്തിക്കാത്തതുകൊണ്ട് അതിൽ അഴുക്ക് പുരളുന്നില്ല. (ആത്മാവ് കർമ്മഫലത്തോട് ബന്ധപ്പെടുന്നില്ലെന്നു സാരം) നിർഗുണനും അനാദിയുമായ ഈ ആത്മാവ് എല്ലായിടത്തും പരന്ന് കിടക്കുന്നെങ്കിലും ആകാശം സൂക്ഷ്മഭാവത്തോടെ സ്ഥിതിചെയ്യുന്നതുകൊണ്ട് മലിനമാകാതിരിക്കുന്നപോലെ സകല ശരീരങ്ങളിലും വ്യാപിച്ചിരിക്കുന്ന ആത്മാവ് മലിനപ്പെടുന്നില്ല. ഒരേ ഒരേ സൂര്യൻ മുഴുവൻ വിശ്വത്തെയും പ്രകാശിപ്പിക്കുന്നപോലെ ക്ഷേത്രത്തിന്റെ യജമാനനായ ക്ഷേത്രജ്ഞൻ (ആത്മാവ്) എല്ലാ ക്ഷേത്രങ്ങളെയും പ്രകാശിപ്പിക്കുന്നു.

സ്ഥിതിചെയ്യുന്ന പരമാത്മാവിനെ ദർശിക്കുന്നയാൾ നശ്വരമായ വസ്തുക്കളിലും അനശ്വരത ദർശിക്കുന്നു. (നശ്വരമായ വസ്തുക്കൾ നശിക്കുമ്പോഴും പരമാത്മാവിനു നാശമില്ലെന്ന സത്യദർശനമാണിവിടെ പറയുന്നത്) എല്ലായിടത്തും തുല്യമായി താമസിക്കുന്നവനായി ആ പരമേശ്വരനെ കാണുന്നവൻ തീർച്ചയായും തന്നത്താൻ ആത്മാവിനെ നശിപ്പിക്കുന്നില്ല.അതുകൊണ്ട് അവൻ പരമോന്നതസ്ഥാനത്തെ പ്രാപിക്കുന്നു.

എല്ലാ പ്രവർത്തിയും പ്രകൃതിയാൽ നിർവഹിക്കപ്പെടുന്നു എന്ന കാണുന്നവൻ, ആത്മാവ് പ്രവർത്തനരഹിതമാണെന്നു കാണുന്നവൻ സത്യാവസ്ഥ കാണുന്നു. നാനാവിധത്തിലുള്ള ചരാചരങ്ങളുടെ ഏകത്വം ഒന്നിലാണെന്നും ആ ഒന്നിൽ നിന്നാണെല്ലാം ഉത്ഭവിച്ചതെന്നുമറിയുന്നവൻ ബ്രഹ്മപദം പ്രാപിക്കുന്നു. അനശ്വരവും, പരമവുമായ ഈ ആത്മാവ് ഓ, കൗന്തേയ, ശരീരത്തെ തന്നെ വസിക്കുന്നുവെങ്കിലും പ്രവർത്തിക്കാത്തതുകൊണ്ട് അതിൽ അഴുക്ക് പുരളുന്നില്ല. (ആത്മാവ് കർമ്മഫലത്തോട് ബന്ധപ്പെടുന്നില്ലെന്നു സാരം) നിർഗുണനും അനാദിയുമായ ഈ ആത്മാവ് എല്ലായിടത്തും പരന്ന് കിടക്കുന്നെങ്കിലും ആകാശം സൂക്ഷ്മഭാവത്തോടെ സ്ഥിതിചെയ്യുന്നതുകൊണ്ട് മലിനമാകാതിരിക്കുന്നപോലെ സകല ശരീരങ്ങളിലും വ്യാപിച്ചിരിക്കുന്ന ആത്മാവ് മലിനപ്പെടുന്നില്ല. ഒരേ ഒരേ സൂര്യൻ മുഴുവൻ വിശ്വത്തെയും പ്രകാശിപ്പിക്കുന്നപോലെ ക്ഷേത്രത്തിന്റെ യജമാനനായ ക്ഷേത്രജ്ഞൻ (ആത്മാവ്) എല്ലാ ക്ഷേത്രങ്ങളെയും പ്രകാശിപ്പിക്കുന്നു.

അറിവിന്റെ കണ്ണുകളാൽ ക്ഷേത്രത്തെയും, ക്ഷേത്രജ്ഞനെയും തിരിച്ചറിയുന്നവരും ചരാചരങ്ങളും പ്രകൃതിബന്ധത്തിൽ നിന്നുള്ള മുക്തിയെപ്പറ്റിയും അറിയുന്നവർ പരമപദം പ്രാപിക്കുന്നു.

അദ്ധ്യായം -13 സമാപ്തം

അടുത്തത്

' ഗുണത്രയവിഭാഗയോഗം'

◉ വിജയകുമാർ കളരിക്കൽ

വര:
മറിയം ജാസ്മിൻ

ചിതറിയ ചിത്രങ്ങൾ

1. പാവകുട്ടി

ധീരനായ ഒരു പട്ടാളക്കാരൻ യുദ്ധം ജയിച്ച് വീട്ടിലേയ്ക്ക് വന്നു. പോർക്കളത്തിൽ തകർന്ന വീട്ടിൽ നിന്ന് പുറത്തേയ്ക്ക് തെറിച്ചു വീണ പാവക്കുട്ടിയെക്കൂടെ കൊണ്ടു വന്ന് തന്റെ മകളുടെ പട്ടടയ്ക്ക് മുകളിൽ വച്ചു.

* * * * *

2. താലി

സുമുഖനായ ആ ചെറുപ്പക്കാരൻ ബന്ധുക്കളും സുഹൃത്തുക്കളും പരിവാരങ്ങളും പാട്ടും കൂത്തുമൊക്കെയായിട്ടാണ് വിവാഹത്തിന് വന്നത്. കുറ്റങ്ങൾ തീർത്ത്, പൂജിച്ച്, മഞ്ഞച്ചരടിൽ കോർത്ത താലിയുമായിട്ടാണ് മണ്ഡപത്തിലേയ്ക്ക് പ്രവേശിച്ചത്. പക്ഷെ, അവിടെ വധുവില്ലായിരുന്നു.

* * * * *

3.ആയിരം പേരുകൾ

മലയാളം നിഘണ്ടു, ശബ്ദതാരവലി, വെട്ടം മാണിയുടെ പുരാണിക് എൻസൈക്ലോപ്പീഡിയ എന്നിവയിൽ നിന്നെല്ലാം തെരഞ്ഞെടുത്ത ആയിരം പേരുകൾ അയാൾ സൂക്ഷിച്ചു വച്ചു. പക്ഷെ, അമ്പത് വർഷങ്ങൾ കഴിഞ്ഞിട്ടും മുറ്റത്തെ പൂഴിൽ കാൽച്ചിത്രങ്ങൾ വരയ്ക്കാൻ ഒരു കുഞ്ഞു വന്നില്ല.

* * * * *

4.സ്വപ്നങ്ങൾ

മനസ്സ് നിറയെ സ്വപ്നങ്ങളായിരുന്നു, സ്വപ്നങ്ങളെല്ലാം കവിതകളും. കവിതകൾ കഥ പറയുന്നതായിരുന്നു. പക്ഷെ, കഥ

പറയാനുള്ള നാവ് അറുത്തു മാറ്റ പ്പെട്ടിരിക്കുന്നു.

* * * * *

5.അതിദരിദ്രർ

ചെറ്റക്കുടിലിൽ, ചോർച്ചയി ല്ലാത്തിടത്ത് അടുപ്പുകൂട്ടി, തീ കത്തിച്ച്, കലം അടുപ്പത്ത് വച്ച് ഇളക്കിക്കൊണ്ടിരിക്കുന്ന അമ്മയെ നോക്കി തറയിൽ അഞ്ച് പേക്കോല ങ്ങൾ കിടക്കുന്നു. അവരെ കണ്ടി ട്ട് അമ്മയുടെ നെഞ്ച് പൊട്ടുന്നു. അവർ ഉറങ്ങുന്നില്ലല്ലോയെന്ന് ചിന്തിക്കുന്നു... അവർ ഉറങ്ങിയിട്ടു വേണം അമ്മായ്ക്കുമുറങ്ങാൻ......

* * * * *

6.തപസ്വിനി

ഒരു വ്യാഴവട്ടക്കാലം അവൾ തപസ്വിനിയെപ്പോൽ അവനായ് കാത്തിരുന്നു. പക്ഷെ, അവൻ വന്ന ത് വെള്ള പുതച്ച്, ആമ്പുലൻസിലാ ണ്.....

* * * * *

7.ജീവിതം

പുഴ താഴേയ്ക്ക് ഒഴുകിക്കൊ ണ്ടിരിക്കുന്നു. വഴിയരുകിലെ പ ാറക്കൂട്ടങ്ങൾ, മണൽ തിട്ടകൾ ചോദിച്ചു: 'നീ എന്തിനാണ് ഇത്ര ധൃതിയിൽ ഓടുന്നത്?'. പുഴ മറു പടി നൽകി: 'എന്റെ ജന്മ ലക്ഷ്യം കടലിൽ അലിയുകയെന്നതാണ്'. എന്നാലും ഒഴുകുന്ന വഴികളിലെ ല്ലാം അവൾ വ്യത്യസ്തമായ ജീവ നുകൾക്ക് ജന്മം നൽകിക്കൊണ്ടിരു ന്നു. വരണ്ട മണ്ണിന് കുളിർമയായും, സസ്യജാലങ്ങൾക്ക് കുടിനീരായും ഭവിച്ചു കൊണ്ടിരുന്നു. ഒടുവിൽ കട ലിന്റെ അഗാധതയിൽ ശാന്തമായി അലിഞ്ഞു ചേർന്നു. അവിടെ പുഴയ്ക്ക് പേരോ രൂപമോ ഉണ്ടായി രുന്നില്ല. ജീവിതം എന്നത് ലക്ഷ്യ സ്ഥാനത്തെത്താനുള്ള മനോഹ രമായ ഒരു യാത്രമാത്രമാണെന്ന് അങ്ങിനെ അവൾ തിർച്ചറിഞ്ഞു.

* * * * *

8. കലാസൃഷ്ടി

ആ വെള്ളക്കടലാസിൽ ഒരു മഷിത്തുള്ളി പടരുന്നത് അയാൾ നോക്കി നിന്നു. ജീവിതവും ഇതുപോലെ അപ്രതീക്ഷിതമായി തുടങ്ങുന്ന ഒന്നാണെന്ന് തിരിച്ചറി ഞ്ഞു. ആദ്യത്തെ വരയിൽ തെ റ്റുകൾ ഉണ്ടാകാം, പക്ഷെ ചിത്ര മെഴുത്ത് അവിടെ നിർത്തുന്നില്ല. ഒരോ വീഴ്ചയും പുതിയൊരു നിറം ചേർക്കാനുള്ള അവസരമാണെന്ന് ആശ്വസിച്ചു. ലോകം തോല് പിക്കാൻ ശ്രമിച്ചപ്പോഴെല്ലാം പു തിയ തന്ത്രങ്ങൾ മെനഞ്ഞ് മുന്നോ ട്ടു പോയി. അസഹനീയ വേദനയി ലും തന്റെ സ്വപ്നങ്ങളെ നെഞ്ചോ ടു ചേർത്തു പിടിച്ചു. ഒടുവിൽ ആ കടലാസിൽ സപ്തവർണ്ണങ്ങ ളിൽ ഒരു മനോഹര ചിത്രം വിരി ഞ്ഞു. സ്വന്തം ജീവിതത്തെ തന്നെ ഒരു കലാ സൃഷ്ടിയാക്കി മാറ്റിയ സംതൃപ്തിയിൽ അയാൾ വിശ്രമിച്ചു.

* * * * *

9. പ്ലാവിന്റെ ജന്മം

അയാൾ ഒരു ചക്കക്കുരു കുഴി യെടുത്ത് മണ്ണിട്ട് മൂടിയപ്പോൾ ഭൂമി ചോദിച്ചു: ' എന്തിനാണ് നിങ്ങൾ അതിനെ ഈ ഇരുട്ടിലിട്ട് മൂടിയത്?' അയാൾ പറഞ്ഞു: 'അതിന് പുറത്തെ വെളിച്ചം കാണുന്നതി നും മറ്റുള്ളതിന് ഗുണകരമാ കും വിധത്തിൽ ഒരു പുതു ജന്മം ഉണ്ടാകുന്നതിനും വേണ്ടിയാണ്'. പതുക്കെ മണ്ണു തുരന്ന് ഒരു കിളിർ പ്പ് പുറത്തേക്ക് വന്നു. വെയിലിൽ തളരാതെ മഴയിൽ അഴുകാതെ കാ റ്റത്ത് അടരാതെ അതൊരു പ്ലാവാ യി വളർന്നു. ശിഖരങ്ങൾ വളർന്ന് തണൽ വൃക്ഷമായി, ഇലകൾ ചില ജീവികൾക്ക് ഭക്ഷണമായി, കായ് കനികൾ മറ്റു പലർക്കും ആഹാ രമായി, ഉണങ്ങിയ കമ്പുകൾ ഇന്ധനമായി. ഭൂമി സന്തോഷിച്ചു, അയാളും.

* * * * *

10. പുസ്തകവും റോസ് പുഷ്പവും

അമ്പത് വർഷങ്ങൾക്ക് ശേഷ മാണ് അയാൾ ആ ലൈബ്രറിയി ലേയ്ക്ക് വന്നത്. ലൈബ്രറി ഏറെ മാറിയിരിക്കുന്നു. മനോഹരമായ കെട്ടിടം, അലമാരകൾ, ഇരിപ്പിട ങ്ങൾ, ഫാനുകൾ.... പക്ഷെ, ഒരാൾ മാത്രമെ അവിടെയുള്ളൂ, ലൈബ്രേ റിയൻ, അയാളുടെ പ്രായമുള്ള ആൾ. ലൈബ്രേറിയൻ ചോദിച്ചു: ''എന്തേ വന്നത്...?'' ''എനിക്കൊരു പുസ്തകം നോക്കണം.'' ലൈബ്രേ റിയൻ അത്ഭുതത്തോടെ അയാളെ നോക്കിക്കൊണ്ട് പറഞ്ഞു. ''നോ ക്കിക്കൊള്ളൂ''

അയാൾ അലമാരകൾ മുഴുവൻ പരതി നടന്നു, ഒടുവിൽ ഒരു പുസ്തകം കണ്ടെത്തി, തുറന്നു. അതിന്റെ അവസാന താളിൽ ഒരു റോസാദളം. അയാൾ നെടിവീർപ്പി ട്ടു, ആ പൂവിനെ ഉമ്മ വച്ചു. പൂവിന് മാത്രമല്ല സുഗന്ധമെന്ന് അറിഞ്ഞു, ആ പുസ്തകത്തിനും റോസിന്റെ മണമാണ്.

ലൈബ്രേറിയൻ പറഞ്ഞു: ''പ ണ്ട്, ഒരു കാമുകൻ, അവന്റെ കാമു കിയെ പ്രപ്പോസ് ചെയ്യാൻ വച്ചതാ ണ്. അവൾ അത് കാണുകയും, അവന്റെ പ്രണയം സ്വീകരിച്ചതുമാ ണ്. പക്ഷെ, പിന്നീടവൻ വന്നില്ല. അവൾ വിവാഹം ചെയ്തു പോ കുകയും ചെയ്തു.'' അയാൾ ചോ ദിച്ചു:''അന്നത്തെ ലൈബ്രേറിയൻ നിങ്ങളായിരുന്നോ?'' ''അതെ'' പെ ട്ടന്ന് ആ റോസിന്റെ സുഗന്ധം ലൈ ബ്രറിയാകെ നിറഞ്ഞു. അയാൾ പൊട്ടിക്കരഞ്ഞു.

* * * * *

11. വീരപുത്രൻ

ഒരു തൊഴിൽ എന്ന നിലയിൽ ആണ് അവൻ പാട്ടാളക്കാരനായ ത്. പക്ഷെ, യുദ്ധം ഉണ്ടായപ്പോൾ രാഷ്ട്രത്തിനു വേണ്ടി അതിശക്ത മായിട്ട് പോരാടി. അവന്റെ കണ ക്കിൽ പത്ത് ശത്രു പട്ടാളക്കാരെ



കൊന്നതിന്റെ രേഖകൾ എഴുതി ച്ചേർക്കപ്പെട്ടു. അടുത്ത പ്രഖ്യാപ നത്തിൽ അവനൊരു വീരചക്രം ഉറപ്പെന്ന് സുഹൃക്കൾ പറഞ്ഞു. അവൻ പുളകിതനായി. വീട്ടിൽ തിരിച്ചെത്തിയപ്പോൾ അവനെ കാത്ത് ബന്ധുക്കൾ, ശത്രുവിന്റെ ഷെല്ലാക്രമണത്തിൽ മരിച്ച ഭാര്യ യും മകളുമായ് കാത്തിരിപ്പുണ്ടാ യിരുന്നു.

* * * * *

12. ഭൂമിയുടെ ഗീതം

യുദ്ധം അവസാനിച്ചു. ടാങ്കറു കളും പോർവിമാനങ്ങളും മടങ്ങി. ഒരു പുതു പ്രഭാതം പിറന്നു. പ ുലർച്ചെ കോഴി കൂവി, കിളികൾ ചി ലച്ചു, പൂക്കൾ വിരിഞ്ഞു, എങ്ങും സുഗന്ധം പരന്നു. പക്ഷെ, ആരും അതുകളൊന്നും കേട്ടില്ല, കണ്ടില്ല, അറിഞ്ഞില്ല,. അവിടെ മനുഷ്യരി ല്ലായിരുന്നു. നിശബ്ദത വിജയം വരിച്ചു.

* * * * *

13. ജയവും തോൽവിയും

ഒരു വീരയോദ്ധാവ് യുദ്ധം അവ സാനിച്ചപ്പോൾ വീട്ടിലെത്തി. വീടി നുള്ളിലെ നിശബ്ദത അവനെ വേ ദനിപ്പിച്ചു. പട്ടിണിക്കോലങ്ങളായ ഭാര്യം മക്കളും.... ഭാര്യ പറഞ്ഞു: നമു ക്ക് അരിയും പച്ചക്കറിയും തന്നിരു ന്നത് അയലത്തെ രാജ്യമായിരുന്നു. യുദ്ധത്തിൽ അവിടെ ഉണ്ടായിരുന്ന തെല്ലാം നശിച്ചു പോയി. യോദ്ധാവ് തളർന്ന് നിലത്തിരുന്നു.

* * * * *

ചെറുകഥ



പ്രതാപൻ അഴീക്കോട്

എല്ലാം നല്ലതിന്

വര:
പി ആർ രാജൻ

നാട്ടിലെ സമ്പന്നനും തറവാടിയുമായ മുകുന്ദൻ മേനോൻെറ ഏകമകൾ നിമ്മിയുടെ വിവാഹം ഇന്ന് നടക്കുകയാണ്.

മേനോൻെറ വീട്ടിൽനിന്നും അധികം അകലെയല്ലാത്ത , ടൗണിൽതന്നെയുള്ള സാമാന്യം വലിയൊരു ഓഡിറ്റോറിയത്തിലാണ് വിവാഹത്തിനുള്ള ഏർപ്പാടുകളെല്ലാം ചെയ്തിരിക്കുന്നത്.

ക്ഷണിക്കപ്പെട്ട ബന്ധുമിത്രാദികൾ കൂട്ടംകൂട്ടമായി ഓഡിറ്റോറിയത്തിലേക്ക് വന്നുകൊണ്ടേയിരിക്കുന്നു.മി.മേനോനും അയാളുടെ ഭാര്യ മാലിനിയും അതിഥികളെ സ്വീകരിച്ചിരുത്താൻ ഓഡിറ്റോറിയത്തിനകത്ത് അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുകയാണ്.രാവിലെ പത്തിനും പതിനൊന്നിനും ഇടയ്ക്കാണ് താലികെട്ടിനുള്ള മുഹൂർത്തം.

> **മി.മേനോനും അയാളുടെ ഭാര്യ മാലിനിയും അതിഥികളെ സ്വീകരിച്ചിരുത്താൻ ഓഡിറ്റോറിയത്തിനകത്ത് അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുകയാണ്. രാവിലെ പത്തിനും പതിനൊന്നിനും ഇടയ്ക്കാണ് താലികെട്ടിനുള്ള മുഹൂർത്തം.**

വിവാഹവേദി വളരെ ആഡംബര പൂർവം തന്നെ അലങ്കരിച്ചിട്ടുണ്ട്. പൂക്കൾ കൊണ്ടും വർണവിളക്കുകളുടെ ഹാരങ്ങൾകൊണ്ടും അലംകൃതമായ വിവാഹമണ്ഡപം ആരുടേയും ശ്രദ്ധയാകർഷിക്കും!

ഇരു വശങ്ങളിലും വലിയ നില

വിളക്കുകൾ ഏഴുതിരിയിട്ട് കൊളുത്തിയിരിക്കുന്നു.തൊട്ടപ്പുറത്ത് നിറപറയും തെങ്ങിൻപൂക്കുലയും മനോഹരമായി ഒരുക്കിവച്ചിരിക്കുന്നു.ഒരരികിൽ തളികയിൽ ഭംഗിയായി മടക്കിവെച്ച കസവുകരയുള്ള പുടവ.വധൂവരൻമാർക്ക് പരസ്പരം ചാർത്താനുള്ള പൂമാലകളും രണ്ട് ബൊക്കെയും വേറൊരു താലത്തിൽ. കത്തിച്ചുവെച്ച ചന്ദനത്തിരികളുടെ സൗരഭ്യം പരിസരമാകെ പടർന്നൊഴുകുകയാണ്.സ്പീക്കറിലൂടെ ഏതോ പുതിയ സിനിമാ

വധുവായ നിമ്മി വേദിക്ക് പിറകിൽ ഇടതുവശത്തുള്ള മേക്കപ്പ് റൂമിൽ ചമയത്തിൻെറ അവസാനഘട്ടത്തിലാണ്. ബ്യൂട്ടീഷ്യൻമാർ മൂന്നുപേരുണ്ട്. അവരുടെ കരവിരുതും കലാനൈപുണ്യവും ആ പെൺകുട്ടിയിൽ കഴിയുംവിധം പ്രദർശിപ്പിക്കുവാൻ അവർ ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു

ഗാനത്തിൻെറ നേർത്ത ശീലുകളും കേൾക്കാം!...

എല്ലാം കൊണ്ടും നിറശോഭയിൽ കുളിച്ചു നിൽക്കുന്ന വിവാഹമണ്ഡപം. വധുവായ നിമ്മി വേദിക്ക് പിറകിൽ ഇടതുവശത്തുള്ള മേക്കപ്പ് റൂമിൽ ചമയത്തിൻെറ അവസാനഘട്ടത്തിലാണ്.

ബ്യൂട്ടീഷ്യൻമാർ മൂന്നു പേരുണ്ട്.അവരുടെ കരവിരുതും കലാനൈപുണ്യവും ആ പെൺകുട്ടിയിൽ കഴിയുംവിധം പ്രദർശിപ്പിക്കുവാൻ അവർ ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

ആ നേരത്താണ് സ്റേറജിൻെറ തൊട്ടു മുന്നിലുള്ള വാതിൽ തള്ളിത്തുറന്നുകൊണ്ട് മുകുന്ദൻ മേനോൻെറ അടുത്ത ബന്ധുവായ ശ്രീകുമാർ വളരെ തിടുക്കപ്പെട്ട് അദ്ദേഹത്തിന്റെ അടുത്തേക്ക് ചെല്ലുന്നതും അയാളുടെ കാതിൽ എന്തോ രഹസ്യമായി മൊഴിയുന്നതും.

സംഗതി മറ്റൊന്നുമല്ല -- നിമ്മിയുടെ പ്രതിശ്രുത വരൻ നിർമ്മൽ, അവൻെറ നാട്ടിൽതന്നെയുള്ള ഒരു പെൺകുട്ടിയെയുംകൊണ്ട് ഇന്ന് പുലർച്ചെ നാടുവിട്ടു പോയിരിക്കുന്നു!... അവരുടേത് കോളേജ് പഠനകാലം മുതലുള്ള ബന്ധമാണത്രേ.

ഈ വാർത്ത അറിഞ്ഞതു മുതൽ അയാളുടെ വീട്ടിലും ആകെ കുഴപ്പമാണ്.നിർമ്മലിൻെറ മാതാപിതാക്കളും സഹോദരങ്ങളും ബന്ധുമിത്രാദികളുമെല്ലാം ഇടിവെട്ടേററതുപോലെ സ്തംഭിച്ചിരിക്കുകയാണ്.

വാർത്ത ഒരു കനൽത്തുണ്ടം പോലെ ചെവിയിൽ വന്നുവീണതും മുകുന്ദൻ മേനോന് ശരീരമാകെ തളരുന്നതുപോലെ തോന്നി. വീഴാതിരിക്കാൻ അയാൾ വേദിയുടെ ഒരുഭാഗത്തിട്ടിരിക്കുന്ന കസേരയൊന്നിൽ മെല്ലെ പിടിച്ച് അതിൽ ഇരുന്നു.തൊട്ടപ്പുറത്തുണ്ടായിരുന്ന മാലിനി ഭർത്താവിന്റെ ഈ പരവേശം കണ്ട് ഓടിച്ചെന്ന് കാര്യം തിരക്കി.വാർത്ത കൊണ്ടുവന്നയാൾ നിമ്മിയുടെ അമ്മയോടും സംഭവം

ചുരുക്കിപ്പറഞ്ഞു.അത് കേട്ടുകഴിഞ്ഞതും മാലിനിക്കും ദേഹമാകെ ഒരു വിറയൽ പടർന്നു.എല്ലാം കൈവിട്ടുപോയിരിക്കുന്നു...ഇന്നിനി ഈ വിവാഹം നടക്കുകയില്ല!...ആ ബോധ്യത്തിൽ അവരുടെ ബോധം മറഞ്ഞുപോയേക്കുമെന്നു വരെ അടുത്തുണ്ടായിരുന്ന ചില ബന്ധുക്കൾ പേടിച്ചു!

തൊട്ടപ്പുറത്തുണ്ടായിരുന്ന മാലിനി ഭർത്താവിന്റെ ഈ പരവേശം കണ്ട് ഓടിച്ചെന്ന് കാര്യം തിരക്കി. വാർത്ത കൊണ്ടുവന്നയാൾ നിമ്മിയുടെ അമ്മയോടും സംഭവം ചുരുക്കിപ്പറഞ്ഞു. അത് കേട്ടുകഴിഞ്ഞതും മാലിനിക്കും ദേഹമാകെ ഒരുവിറയൽ പടർന്നു. എല്ലാം കൈവിട്ടുപോയിരിക്കുന്നു... ഇന്നിനി ഈ വിവാഹം നടക്കുകയില്ല!...

മുഖം മിനുക്കി, മുടിയിൽ മുല്ലപ്പൂ മാലചൂടി , ആടയാഭരണങ്ങളുമണിഞ്ഞ് മേക്കപ്പ് റൂമിലിരിക്കുന്ന നിമ്മിയെ അവളുടെ കൂട്ടുകാരി വേണിയാണ് ഓടിച്ചെന്ന് ഈ വിവരം ധരിപ്പിച്ചത്.കേട്ടപാടെ നിമ്മിക്ക് ചെറിയൊരു ഷോക്കേററ അനുഭവമാണുണ്ടായത്.എങ്കിലും പെട്ടെന്നുതന്നെ അവൾ പൂർവസ്ഥിതി വീണ്ടെടുത്തു.പിന്നീട് അവളിൽ ഒരുതരത്തിലുള്ള പതർച്ചയോ പരിഭ്രമമോ സങ്കടമോ ആർക്കും കാണുവാൻ കഴിഞ്ഞില്ല!

നിമ്മി പതുക്കെ എഴുന്നേറ്റ് അച്ഛനും അമ്മയും ഇരിക്കുന്നിടത്തേക്ക് നടന്നു.

നിർമ്മലുമായിട്ടുള്ള ഈ വിവാഹം മനസ്സുകൊണ്ട് അവൾ ആഗ്രഹിച്ച ഒരു ബന്ധമായിരുന്നില്ല! സാമ്പത്തികമായി അത്രയൊന്നും മെച്ചമല്ലാത്ത ഒരു കുടുംബത്തിലെ അംഗമായ ശരത്തിനെ നിമ്മി ഇഷ്ടപ്പെട്ടിരുന്നു.നിമ്മിയും ശരത്തും



ഒരേ സ്കൂളിലാണ് പ്ളസ് ടൂ വരെ പഠിച്ചത്.

പ്രായത്തിൽ ഒരു വയസ്സിൻെറ വ്യത്യാസം മാത്രം!

കോളേജിലെത്തിയപ്പോൾ നിമ്മി നഗരത്തിലുള്ള വിമൻസ് കോളേജിലായിരുന്നു. ശരത്താകട്ടെ മൂന്നു കിലോമീററർ അപ്പുറം മറെറാരു കോളേജിലും. എംകോം ബിരുദം നേടിയെങ്കിലും ശരത്തിന് സ്ഥിരമായി ഒരു ജോലി ഇനിയും തരമായിട്ടില്ല.

ഇരുവരും പരസ്പരം ഇഷ്ടപ്പെട്ടു. വിവാഹം കഴിച്ച് ഒരുമിച്ച് ജീവിക്കണം എന്നും ആഗ്രഹിച്ചു. പക്ഷേ, മുകുന്ദൻ മേനോനും മാലിനിയും ഏക മകളെ, അവരുടെ കാഴ്ചപ്പാടിൽ , ഒരു ദരിദ്രവാസിക്ക് വിവാഹം കഴിപ്പിച്ചു കൊടുക്കാൻ ഒട്ടും ഇഷ്ടപ്പെട്ടില്ല!

പല തരത്തിലും നിമ്മി അച്ഛനെയും അമ്മയെയും പ്രതിരോധിക്കാൻ നോക്കിയെങ്കിലും അവരുടെ ഭീഷണിക്കും സമ്മർദ്ദങ്ങൾക്കും കണ്ണുനീരിനും മുമ്പിൽ അവൾ തോറ്റുപോയി.ആയിടയ്ക്കു വന്ന

മീര ബെൻ

ഉന്മാദത്തിന്റെ ഭാഷകൾ

അലക്കൊന്നൊഴിഞ്ഞിട്ട്
കാശിക്കു പോകണം,
കാശിയിൽ എൻ വിശ്വനാഥനിരിക്കുന്നു.

അലർപ്പിന്റെ ഭാഷയിൽ
വിഴുപ്പിന്റെ ഭാഷയിൽ
അലക്കുന്നു നിത്യം ഞാൻ
വെളുക്കാതെയെൻ ഭാഷ.

അമ്മയ്ക്ക
ടുക്കളക്കരിക്കല ഭാഷ,
അച്ഛന്
സായാഹ്നജന്മിത്തഭാഷ,
അപ്പന്റെയാർത്തമാ
മാത്മീയഭാഷ,
ചേച്ചിയോ
നിത്യവും
ബൈക്കിന്റെ ഹോണിൽ തിരയുന്നപൂർണമാം
പ്രണയഭാഷ.

ചിലർ തമ്മിൽ പുണരുന്ന
തയൽപക്കഭാഷയിൽ,
ഞാനുണരുന്നു നിത്യം
കുയിലിന്റെ ഭാഷയിൽ.

കുഞ്ഞുമോളെത്തി
യെന്റരികിൽ നിരത്തുന്നു
കുഞ്ഞുമോഹത്തിന്റെ ഭ്രൂണഭാഷ.

കല്ലെടുക്കാനെത്തും
തുമ്പികൾ കേൾക്കുന്നു,
മന്ത്രകുതന്ത്രമാം കൂലിഭാഷ.

സന്ധ്യകൾ രാത്രിയോടോതുന്നു
കുളിരിൽ
നീലനിലാവിന്റെ സ്വപ്നഭാഷ

ഞാനെന്റെ മെത്തയിലെന്നും
തിരയുന്നു
വിശ്വന്റെ വശ്യമാം ഗന്ധഭാഷ.

കാറ്റിൽ പറന്നെങ്ങോ
ആടിക്കളിച്ചെത്തി
നീലിച്ച കാർവർണ ഭക്തിഭാഷ.

കാലിച്ചെറുക്കന്റെ
കോലക്കുഴ...

കവിത

ഓമന എൻ.സി.
കാർത്തിക

കറുത്ത ജാലകവിരി

കാണുന്നതിനെയല്ല,
കാണേണ്ടതിനെ
മറയ്ക്കുന്നതാണ്
ആ കറുത്ത ജാലകവിരി .

പുറംലോകം
വെറുമൊരു നിഴൽ നാടകം മാത്രമാണെന്ന്
അകത്തിരുന്ന് വിശ്വസിക്കുന്നു.

സ്വയം നെയ്തെടുത്ത നൂലുകളാൽ
ബോധത്തിന്റെ തടവറയിലെ
ഒരു കടും നിറമുള്ള മറയാണത്.

രണ്ട് മനസ്സുകൾ തമ്മിലുള്ള സംഘർഷം,
അതൊരു യുദ്ധമാണ് ആയുധങ്ങളില്ലാത്ത യുദ്ധം.

നിന്റെ സത്യവും
എന്റെ സത്യവും തമ്മിലല്ല. '
'ഞാൻ ' എന്ന ഭാവങ്ങൾ തമ്മിലുള്ള കലഹമാണത്.

ഈ വിരിക്കപ്പുറം
നീയില്ല, ഞാനുമില്ല
കേവലം ശൂന്യതയോ
അതോ അപൂർണ്ണതയോ ?

യുദ്ധമെന്നാൽ
രക്തച്ചൊരിച്ചിൽ മാത്രമല്ല,
മനുഷ്യത്വത്തിനു മേൽ നാം സ്വയം
മറയാക്കുന്ന
കറുത്ത വിരിയാണത്

അപരന്റെ കണ്ണിലെ
ദൈവികതയെ കാണാനാവാതെ,
അതിരുകൾ വരച്ച് നാം ഇരുട്ടിലാകുന്നു.

ഒടുവിൽ
കാറ്റിൽ ആ വിരിയൊന്നുലയുമ്പോൾ മാത്രമാണ്
നാം അറിയുന്നത്
അപ്പുറം മനോഹരമായൊരു ലോകമുണ്ടെന്ന...


You choose the destination.
We'll take care of the rest...
Your Trusted Travel Partner
Emmanuel
Holidays
www.emmanuelholidays.com
info@emmanuelholidays.com
914 560 4000
VINU VATHAPPALLIL Managing Director 914 602 2137
JOS MALAYIL Director, Marketing 914 774 3516
CORPORATE OFFICE: 3 EAST EVERGREEN RD, SUITE 340, NEW CITY, NY 10956 USA
CUSTOM PRIVATE & GROUP TOURS | PILGRIMAGES | EDUCATIONAL TOURS | BUDGET-FRIENDLY CRUISES
ALL-INCLUSIVE VACATIONS | GLOBAL TOUR PACKAGES | INBOUND & OUTBOUND TOURS | TRAVEL INSURANCE
MELBOURNE · DUBLIN · DUBAI · JERUSALEM · BANGALORE · THIRUVALLA

സൺഡേ സ്കൂളും ബാല്യകാല ബൈബിൾ അറിവുകളും ദേശകാലങ്ങളിൽ തീർത്ത അടയാളങ്ങൾ... മണർകാട്, പുതുപ്പള്ളി ഗ്രാമങ്ങളുടെ സാംസ്കാരിക ഭൂമികയിൽ വിരിയുന്ന ചരിത്ര ദൃശ്യങ്ങൾ...



റോബർട്ട് റൈക്സ് (1735 –1811), സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് (ലണ്ടനിലെ നാഷണൽ പോർട്രെയ്റ്റ് ഗാലറിയിലുള്ള എണ്ണച്ചായ ചിത്രം)



ഫിലിപ്പ് ബി. ക്ലിഫ് രചിച്ച ഇംഗ്ലണ്ടിലെ സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ ഉദയവും വളർച്ചയും (1780– 1980) എന്ന പുസ്തകത്തിന്റെ പുറംചട്ട

സൺഡേ സ്കൂൾ കാലങ്ങൾ... തലമുറകൾ...

കുര്യൻ കെ തോമസ് (കരിമ്പനത്തറയിൽ)
പബ്ലിക്കേഷൻ ഡയറക്ടർ (റിട്ട.), എം. ജി. യുണിവേഴ്സിറ്റി

"അമ്മച്ചി സൺഡേസ്കൂളിൽ പഠിപ്പിച്ചിരുന്നു. ശനിയാഴ്ച സന്ധ്യയായാൽ വേദപാഠം പഠിക്കണമെന്നാണ് വ്യവസ്ഥ. പാഠഭാഗം ഉറക്കെ വായിക്കുകയും ബൈബിൾ വാക്യങ്ങൾ കാണാതെ പഠിക്കുകയും ചെയ്യണം. ഈ സൺഡേസ്കൂൾ പഠനത്തിന് എന്റെ ജീവിതത്തിൽ വളരെ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. ശിശുവകുപ്പ്, ബാലവകുപ്പ്, കുമാരവകുപ്പ്, ജ്യേഷ്ഠവകുപ്പ് എന്നീ ക്രമത്തിലായിരുന്നു ക്ലാസ് കയറ്റം.

ഞായറാഴ്ച സൺഡേസ്കൂൾ കഴിഞ്ഞ് കുട്ടികൾക്ക് അവലും പഴവും കിട്ടിയിരുന്നു. ഓരോ വർഷവും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് സമ്മാനങ്ങളും ലഭിക്കും. സ്കൂളിൽ പോകാത്ത കുട്ടികളും അന്ന് സൺഡേസ്കൂളിൽ വന്നിരുന്നു. ഹോംവർക്കും ചൂരൽകഷായവുമൊന്നും അവിടെ ഇല്ലല്ലോ. എല്ലാവരും വീട്ടിൽനിന്ന് ഒരു കടലാസിൽ അരി കൊണ്ടുവരും. അത് പള്ളിയിൽ സ്തോത്രകാഴ്ചയായി സമർപ്പിക്കും.

നിത്യജീവിതത്തിലെ സംഭവങ്ങളുമായി ചേർത്താണ് അധ്യാപകർ ഞങ്ങളെ വേദപാഠങ്ങൾ പഠിപ്പിച്ചിരുന്നത്. ബൈബിളിലെ

ആദാമിന്റെയും ഹവ്വായുടെയും കഥ, നോഹയുടെ കാലത്തെ ജലപ്രളയം, യിസ്രയേൽ ജനതയുടെ പ്രവാസകാലം എന്നിങ്ങനെ കുട്ടികളിൽ കൗതുകമുണർത്തുന്ന കഥകളിലൂടെ ഞങ്ങളുടെ ഭാവനയുടെ ചിറകുമുളച്ചു. അമ്മച്ചിയുടെ അറിവും സമ്മതവും കൂടാതെ അടുക്കളയിലെ ഭക്ഷണശേഖരത്തിൽനിന്ന് വിലക്കപ്പെട്ട കനി ഭക്ഷിച്ചുപരിചയമുള്ള എനിക്ക് ബൈബിളിലെ ഹവ്വാ വല്യമ്മയുടെ കഥ മനസ്സിലാക്കാൻ എളുപ്പമായിരുന്നു. വലിയ വെള്ളപ്പൊക്കത്തിൽ വീടുകൾ ഒഴുകിപ്പോകുന്നതു നേരിൽ കണ്ടു പരിചയമുള്ളതുകൊണ്ട് നോഹയുടെ കാലത്തെ ജലപ്രളയം കൺമുമ്പിലെന്നതുപോലെ ഞാൻ കണ്ടു. ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ പമ്പാനദി കരകവിഞ്ഞൊഴുകും. കടത്തുവഞ്ചിയിൽ ഞങ്ങൾ അക്കരെ കടക്കും. മെയ്-ജൂൺ മാസങ്ങളിൽ മണൽപ്പരപ്പിലൂടെ കാൽനടയായി ആറു കടന്നുപോകും. അതുകൊണ്ട് പഴയനിയമത്തിൽ യിസ്രായേൽ ജനങ്ങൾ ചെങ്കടൽ തരണം ചെയ്തത് ഞങ്ങൾക്ക് ഒരു അത്ഭുതമായി തോന്നിയില്ല...' (ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനിയുടെ ആത്മകഥയിൽനിന്നും, പുറം 27-28.)

സൺഡേസ്കൂൾ വാർഷിക സമ്മേളനാനന്തരം ലഭിക്കുന്ന അവലും പഴവും പ്രതീക്ഷിച്ചു കുട്ടികൾ അവസാനത്തോളം സഹിച്ചുനിൽക്കുമ്പോൾ ജ്യേഷ്ഠവകുപ്പിലെ വിദ്യാർത്ഥിയായ കെ. റ്റി. മത്തായിയോട് ഭക്ഷണത്തിനുമുമ്പുള്ള പ്രാർഥനചൊല്ലാൻ ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ട അവസരത്തിൽ ശിശുവകുപ്പുമുതൽ പത്തുവർഷമായി പ്രാർഥന കേട്ടുകൊണ്ട് അവൻ തിന്നവനായിട്ടും പ്രാർത്ഥന അറിയാത്തവനായ മത്തായി എല്ലാവരും പ്രാർഥനയ്ക്കായി കണ്ണുകളടച്ച തക്കംനോക്കി ഇറങ്ങിയോടിയ രസകരമായ കഥ തന്റെ സ്വതസിദ്ധമായ ശൈലിയിൽ വിവരിക്കുമ്പോഴാണ് പഴയ സൺഡേസ്കൂൾ ക്ലാസ്സുകളുടെ ചരിത്രം ചിത്രത്തിലെന്നപോലെ ചിരികളുടെ വലിയ തമ്പുരാൻകൂടിയായ വലിയ തിരുമേനി വരച്ചു കാട്ടുന്നത്.



വില്യം കേരി (17611834), ഇന്ത്യയിലെ ആദ്യത്തെ സൺഡേസ്കൂളിന്റെ തുടക്കക്കാരൻ

പരിശുദ്ധനായ പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനി (18691953),മലങ്കര സൺഡേസ്കൂൾ അസോസിയേഷന്റെ തുടക്കക്കാരൻ

ഞായറാഴ്ചകളിൽ തെരുവിൽ അലഞ്ഞുനടന്ന കുട്ടികൾക്ക് മതപരമായ പഠനം എന്നതിലുപരി, അക്ഷരാഭ്യാസവും സാമൂഹിക മൂല്യങ്ങളും പകർന്നുനൽകാൻ 1780 – ൽ ഇംഗ്ലണ്ടിലെ ഗ്ലോസ്റ്റർഷെയറിൽ ആരംഭിച്ച ചെറിയ കൂട്ടായ്മ ഏതാണ്ട് രണ്ടര നൂറ്റാണ്ടിനിടയിൽ ഒരു മഹാപ്രസ്ഥാനമായി ലോകമെമ്പാടും വളർന്ന കഥയാണ് സൺഡേ സ്കൂൾ ചരിത്രം. പത്രപ്രവർത്തകനായ റോബർട്ട് റൈക്സ് (1735 – 1811) ആയിരുന്നു ഈ മഹത്തായ തുടക്കത്തിന് പിന്നിൽ. ക്രിസ്തുമത മൂല്യങ്ങളോടൊപ്പം സൺഡേസ്കൂൾ ലോകമെമ്പാടും പടർന്നുവളർന്നു.

സൺഡേസ്കൂൾ. സ്കൂളുകളിലെപോലെ പള്ളികളിൽ നടത്തിയിരുന്ന വേദപഠന ക്ലാസുകൾ. ബൈബിളും സഭാചരിത്രവും ക്രൈസ്തവമൂല്യ അറിവുകളും ചെറിയ പ്രായത്തിൽ പഠിപ്പിക്കുന്ന പാഠശാലകൾ. തലമുറകളായി ലോകയുവതയുടെ സ്വഭാവരൂപീകരണത്തിൽ ചെറുതല്ലാത്ത സ്വാധീനം ചെലുത്തുന്ന സാമൂഹിക സ്ഥാപനങ്ങൾ.

മധ്യതിരുവിതാംകൂറിലെ മണർകാട്, പുതുപ്പള്ളി ഗ്രാമങ്ങളുടെ ആത്മീയ-സാംസ്കാരിക ചരിത്രത്തിൽ സൺഡേ സ്കൂളുകൾക്ക് നിർണ്ണായകമായ ഇടമുണ്ട്. ഈ ദേശങ്ങളിലെ വിവിധ ക്രൈസ്തവ ധാരകളുടെയെല്ലാം ആത്മീയ അടിത്തറ രൂപപ്പെടുത്തിയതിൽ നാട്ടിലെ സി. എസ്. ഐ, മാർ

ത്തോമാ, കത്തോലിക്കാ അടക്കം വിവിധ സഭകളുടെ ആത്മീയ-ബാല്യകാല കൂട്ടായ്മകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ബാല്യകാല ബൈബിൾ അറിവുകൾ ഈ ഗ്രാമ ങ്ങളുടെ പ്രാദേശിക ചരിത്രത്തിൽ തീർത്ത അടയാളങ്ങൾ തേടിയുള്ള ഒരന്വേഷണമാണിത്.

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ചരിത്രം

ഞായറാഴ്ചകളിൽ തെരുവിൽ അലഞ്ഞുനടന്ന കുട്ടികൾക്ക് മത പരമായ പഠനം എന്നതിലുപരി, അക്ഷരാഭ്യാസവും സാമൂഹിക മൂല്യങ്ങളും പകർന്നുനൽകാൻ 1780-ൽ ഇംഗ്ലണ്ടിലെ ഗ്ലോസ്റ്റർഷെ യറിൽ ആരംഭിച്ച ചെറിയ കൂട്ടാ യ്മ ഏതാണ്ട് രണ്ടര നൂറ്റാണ്ടിനി ടയിൽ ഒരു മഹാപ്രസ്ഥാനമായി ലോകമെമ്പാടും വളർന്ന കഥയാ ണ് സൺഡേ സ്കൂൾ ചരിത്രം. പത്രപ്രവർത്തകനായ റോബർട്ട് റൈക്സ് (1735- 1811) ആയിരുന്നു ഈ മഹത്തായ തുടക്കത്തിന് പി ന്നിൽ. ക്രിസ്തുമത മൂല്യങ്ങളോ ടൊപ്പം സൺഡേസ്കൂൾ ലോക മെമ്പാടും പടർന്നുവളർന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്രിസ്ത്യൻ മിഷന റിമാരോടൊപ്പം സൺഡേസ്കൂൾ പ്രസ്ഥാനം ഇന്ത്യയിലും സുസം ഘടിതമായി. ഇംഗ്ലണ്ടിൽ ജനിച്ച മിഷനറിയും ഭാഷാപണ്ഡിതനും സാമൂഹിക പരിഷ്കർത്താവു മായ വില്യം കേരിയുടെ (17611 - 834) നേതൃത്വത്തിൽ ഇന്ത്യയിലെ ആദ്യത്തെ സൺഡേസ്കൂളിനു പശ്ചിമ ബംഗാളിൽ 1800 ൽ തുട ക്കംകുറിച്ചു.

പണ്ടേ പള്ളികളോടുചേർന്ന് 'പള്ളിക്കൂടങ്ങൾ' നിലനിന്നിരുന്ന തിരുവിതാംകൂറിൽ ആധുനിക രീതിയിലുള്ള സൺഡേസ്കൂൾ സംവിധാനത്തിനു അടിത്തറയി ട്ടത് .1816-ൽ കോട്ടയത്തെത്തിയ സി.എം.എസ് മിഷനറിമാരാണ്. ക്രമേണ വിവിധ സഭകളുടെ നേ തൃത്വത്തിൽ സ്വന്തമായ സൺഡേ സ്കൂൾ പ്രസ്ഥാനങ്ങൾ രൂപീ കൃതമായി. പരിശുദ്ധനായ പൗ ലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനി 1920 ധനു 12 നു പിറവം സെമിനാരിയിൽ വിളിച്ചു കൂട്ടിയ പൊതുയോഗത്തിലാണ് യാക്കോബായ സുറിയാനി സഭ യുടെ മലങ്കര സൺഡേസ്കൂൾ അസോസിയേഷൻ (എം.എസ്.എ സ്.എ) എന്ന മഹത്തായ പ്രസ്ഥാ

പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്രിസ്ത്യൻ മിഷന റിമാരോടൊപ്പം സൺഡേസ്കൂൾ പ്രസ്ഥാനം ഇന്ത്യയിലും സുസം ഘടിതമായി. ഇംഗ്ലണ്ടിൽ ജനിച്ച മിഷനറിയും ഭാഷാപണ്ഡിതനും സാമൂഹിക പരിഷ്കർത്താവു മായ വില്യം കേരിയുടെ (1761–1834) നേതൃത്വത്തിൽ ഇന്ത്യയിലെ ആദ്യത്തെ സൺഡേസ്കൂളിനു പശ്ചിമ ബംഗാളിൽ 1800 ൽ തുട ക്കംകുറിച്ചു.



ആത്മകഥ, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, ഏഴാം എഡിഷൻ, 2017

നത്തിന്റെ തുടക്കം.

മണർകാട് ദേശത്തെ ക്രൈസ്തവ മൂല്യപഠനത്തിന്റെ ആദ്യകളരിയായിരുന്നു 2026 ൽ ശതാബ്ദി ആഘോഷിച്ച സെന്റ് മേരിസ് സൺഡേസ്കൂൾ. 1926-ൽ മണർകാട് താഴത്തെ പള്ളിയുടെ പഴയ നാടകശാലയിൽ 50 കുട്ടികളും 4 അദ്ധ്യാപകരുമായി സെന്റ് മേരിസ് സൺഡേസ്കൂൾ (ഇന്നത്തെ സെൻട്രൽ സൺഡേസ്കൂൾ) സമാരംഭിച്ചു. വെട്ടിക്കുന്നേൽ പാപ്പി, കാവുംകുന്നേൽ ഇട്ടി അവിര, മണിമല കുഞ്ഞ്, കിഴക്കേടത്ത് കൊച്ച്, കൂറുമല വർഗീസ്, പടിഞ്ഞാറേപ്പുറത്തു പാപ്പി, വേങ്കടത്തു സ്കറിയ, പീടിയേക്കൽ സ്കറിയ എന്നിവരുടെ കഠിനശ്രമങ്ങളും വെട്ടിക്കുന്നേൽ കുറിയാക്കോസ് കത്തനാരുടെ (വല്യച്ചൻ) ആത്മീയ നേതൃത്വവുമാണ് ഈ പ്രസ്ഥാനത്തിന് അടിത്തറയിട്ടത്. പള്ളിയുടെ നാടകശാലയിൽനിന്ന് പിന്നീട് കരോട്ടെ പള്ളിയുടെ വടക്കേ വരാന്തയിലേക്കും, 1950-ൽ ഹൈസ്കൂൾ കെട്ടിടത്തിലേക്കും ക്ലാസുകൾ മാറി. വളർച്ചയുടെ പാതയിൽ കുറ്റിയക്കുന്ന് (1939), അമയന്നൂർ (പള്ളിയുടെ കീഴിൽ 1940, തുടക്കം 1930), മാലം (1945, തുടക്കം1926), കീച്ചാൽ(1952), വെള്ളൂർ നോർത്ത് (1952), അരീപ്പറമ്പ് (1954), വെള്ളൂർ സൗത്ത് (1954), പറമ്പുകര (1963, തുടക്കം1933 നവംബർ 5), തിരുവഞ്ചൂർ നോർത്ത് (1963), തിരുവഞ്ചൂർ സൗത്ത് (1967), കുഴിപ്പുരയിടം (1968), മാങ്ങാനം(1973), വടവാതൂർ(1983), പത്തായക്കുഴി(1986), വെള്ളൂർ ഈസ്റ്റ്(1995) ഇങ്ങനെ 2026 ൽ ശതാബ്ദി വർഷത്തിൽ വിവിധ കരകളിലായി 16 സൺഡേ സ്കൂളുകളും ആയിരത്തിലേറെ കുട്ടികളും 246 അധ്യാപകരും ചേർന്ന് മഹാപ്രസ്ഥാനമായി മണർകാട് സെന്റ് മേരിസ് സൺഡേസ്കൂൾ മാറിയ ഒരു നൂറ്റാണ്ടു കാലത്തെ ചരിത്രം



ഉമ്മൻ ചാണ്ടി

സൺഡേസ്കൂൾ ശതാബ്ദി സ്മരണികയിൽ (2026) ഉണ്ട്.

സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിൽ

പത്തനംതിട്ട ജില്ലയിൽ കുമ്പനാട് കലമണ്ണിൽ കെ. ഇ. ഉമ്മൻ കശീശ്ശയുടെയും ശോശാമ്മയുടെയും മകനായി 1918 ഏപ്രിൽ 27 നു ജനിച്ച ഫിലിപ്പ് ഉമ്മൻ എന്ന ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനിയുടെ ബാല്യകൗമാര കാലങ്ങൾ ആത്മീയവും വൈദികവുമായ അടിത്തറയിൽ ബൈബിൾ പഠനവും സഭാക്രമങ്ങളും കണ്ടും അറിഞ്ഞും വളർന്നതായിരുന്നു. ഇക്കഥകൾ നവതിയുടെ നിറവിൽ ചിരിയിൽ ചിന്ത പടർത്തിയ ഈ മനീഷി സഭാധ്യക്ഷ പദവിയിൽനിന്ന് വിരമിച്ചപ്പോൾ പുറത്തുവന്ന 'കഥപറയും കാലം' എന്ന ഓർമ്മപുസ്തകത്തിൽ എന്നപോലെ ജന്മശതാബ്ദി വേളയിൽ പ്രസിദ്ധീകരിച്ച 'ഫിലിപ്പോസ് മാർ ക്രിസോസ്റ്റം,' എന്ന സമഗ്രമായ ആത്മകഥയിലുമുണ്ട് (രണ്ടും ഡോ തോമസ് കുരുവിള രചിച്ചത്).

1816 – ൽ കോട്ടയത്തെത്തിയ സി. എം. എസ് മിഷനറിമാരാണ്. ക്രമേണ വിവിധ സഭകളുടെ നേതൃത്വത്തിൽ സ്വന്തമായ സൺഡേസ്കൂൾ പ്രസ്ഥാനങ്ങൾ രൂപീകൃതമായി. പരിശുദ്ധനായ പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനി 1920 ധനു 12 നു പിറവം സെമിനാരിയിൽ വിളിച്ചുകൂട്ടിയ പൊതുയോഗത്തിലാണ് യാക്കോബായ സുറിയാനി സഭയുടെ മലങ്കര സൺഡേസ്കൂൾ അസോസിയേഷൻ (എം. എസ്. എസ്. എ) എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ തുടക്കം.

തന്റെ സാംസ്കാരിക-രാഷ്ട്രീയ ബോധ്യങ്ങളുടെ അടിത്തറ തൃശൂരിൽ കണ്ടശാങ്കടവിലെ യാഥാസ്ഥിതിക കത്തോലിക്കാ കുടുംബത്തിൽ ലഭിച്ച ബാല്യകാല പരിശീലനം ആയിരുന്നുവെന്ന് സാഹിത്യവിമർശകനും രാഷ്ട്രീയ നേതാവുമായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ആത്മകഥയിൽ (കൊഴിഞ്ഞ ഇലകൾ, 1978) സാക്ഷ്യപ്പെടുത്തുന്നു. പുലർച്ചെയുള്ള പ്രാർത്ഥനകളും വേദപുസ്തക പാരായണവുംവഴി കുട്ടിക്കാലത്തു ലഭിച്ച ബൈബിൾ വിജ്ഞാനമാണ് പിന്നീട് മലയാളത്തിലെ ആദ്യത്തെ ബൈബിൾ നിഘണ്ടുവായ 'വേദശബ്ദരത്നാകരം' രചിക്കാൻ തനിക്കു കരുത്തായതെന്നു ചീഫ് സെക്രട്ടറിയും എഴുത്തുകാരനുമായിരുന്ന ഡി. ബാബു പോൾ ഐ. എ. എസ്., 'കഥ ഇതുവരെ' എന്ന ഓർമ്മകുറിപ്പുകളിൽ കുറിച്ചിട്ടുണ്ട്.

കാരുണ്യം, സാമൂഹികനീതിപോലെ ക്രൈസ്തവ മൂല്യങ്ങളുടെ തെളിമ ഉമ്മൻ ചാണ്ടി, കെ. എം. മാണി, ഡോ. തോമസ് ഐസക് അടക്കമുള്ള രാഷ്ട്രീയ പ്രമുഖരുടെ ജനകീയപദ്ധതികളിൽ പ്രതിഫലിക്കുന്നുണ്ട്. കർശനമായ കുടുംബ പ്രാർത്ഥനാശീലങ്ങൾ, മുടങ്ങാതെ പങ്കാളിയായ പുതുപ്പള്ളി പള്ളിയിലെ ഞായറാഴ്ച കുർബാ

നകളടക്കം ഉമ്മൻ ചാണ്ടിയുടെ വ്യക്തിജീവിതത്തിൽ ക്രൈസ്തവ മൂല്യങ്ങൾ കടന്നുവന്ന ബാല്യകാല സാഹചര്യങ്ങൾ നിരവധി ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ട് (കാലം സാക്ഷി, ആത്മകഥ, സണ്ണിക്കുട്ടി ഏബ്രഹാം, മാതൃഭൂമി ബുക്ക്സ്; ഉമ്മൻ ചാണ്ടി, ഒരു നിഷ്കാമ കർമ്മയോഗി, അഡ്വ. പി.എസ്. ശ്രീകുമാർ, ഗ്രീൻ ബുക്ക്സ്; A Gracious Voice: Life of Oommen Chandy, P. T. Chacko and Dr. C.C. Thomas, Konark Publishers). ചെറുപ്പംമുതൽ പ്രാർത്ഥനാ യോഗങ്ങളിലും, സൺഡേസ്കൂൾ പ്രവർത്തനങ്ങളിലും, യുവജന പ്രസ്ഥാനങ്ങളിലും സജീവമായിരുന്നു എന്നത് അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ സഭയും നൽകിയിട്ടുള്ള സാക്ഷ്യങ്ങളാണ്. 'ജനസമ്പർക്ക പരിപാടി'യിലൂടെ അദ്ദേഹം അശരണരായ അഗതികൾക്കു ചികിത്സാ സഹായവും പെൻഷനും നേരിട്ടെത്തിച്ച് ബൈബിൾ വചനങ്ങളുടെ സാമൂഹികമാതൃക തീർത്തു.

കേരളാ കോൺഗ്രസ്സ് നേതാവ് കെ. എം. മാണിയുടെ അദ്ധ്വാനവർഗ്ഗ സിദ്ധാന്തം' ബൈബിൾ മൂല്യങ്ങളിലൂന്നിയ സാമൂഹിക, രാഷ്ട്രീയ പദ്ധതിയായും വിലയിരുത്തപ്പെടുന്നു. 'കാരുണ്യ' പദ്ധതിയിലൂടെ നിരാലംബരായ രോഗികൾക്ക് സൗജന്യ ചികിത്സയിലൂടെ സാന്ത്വനമേകി. മരങ്ങാട്ടുപിള്ളിയിലെ സ്കൂളിൽ പഠിക്കുന്ന കാലത്ത് അബോധമനസ്സിൽ ഉണ്ടായിരുന്ന വൈദികൻ ആകണമെന്ന ആഗ്രഹത്തെക്കുറിച്ച് ആത്മകഥയിൽ (കെ. എം. മാണി, മാതൃഭൂമി ബുക്ക്സ്, 2023) വിവരിക്കുന്നു. മാണിയുടെ രാഷ്ട്രീയജീവിതത്തെ രൂപപ്പെടുത്തിയ ഘടകങ്ങളിൽ ബാല്യകാല ആത്മീയശിക്ഷണവും (Catechism/Sunday School) സഭാമൂല്യങ്ങളും സുപ്രധാനമായിരുന്നു എന്നാണ് കെ. എം. മാണിയുടെ

2026 ൽ ശതാബ്ദി വർഷത്തിൽ വിവിധ കരകളിലായി 16 സൺഡേ സ്കൂളുകളും ആയിരത്തിലേറെ കുട്ടികളും 246 അധ്യാപകരും ചേർന്ന് മഹാപ്രസ്ഥാനമായി മണർകാട് സെന്റ് മേരിസ് സൺഡേസ്കൂൾ മാറിയ ഒരു നൂറ്റാണ്ടു കാലത്തെ ചരിത്രം സൺഡേസ്കൂൾ ശതാബ്ദി സ്മരണികയിൽ (2026) ഉണ്ട്.

ജീവചരിത്രം (രാഷ്ട്രീയത്തിലെ കരുണ, 2026) തയ്യാറാക്കിയ മുതിർന്ന മാധ്യമപ്രവർത്തകൻ ടി. ദേവപ്രസാദ് പറയുന്നത്. സാമൂഹികനീതിയുടെ സദ്ഫലങ്ങൾ ദരിദ്രരിലും സ്ത്രീകളിലും എത്തിക്കാൻ മന്ത്രിയായിരിക്കെ ഡോ. തോമസ് ഐസക് ആവിഷ്കരിച്ച കുടുംബശ്രീ, ജനകീയാസൂത്രണം പദ്ധതികളുടെ ആശയപരമായ അന്തർധാരയും കൊടുങ്ങല്ലൂർ കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ ഇടവകയിലെ അൾത്താരാ ബാലനായ അനുഭവങ്ങളിലൂടെയും കത്തോലിക്കാ സഭയുടെ വിശ്വാസ പരിശീലനത്തിലൂടെയും അടുത്തറിഞ്ഞ ഉന്നതമായ ക്രൈസ്തവമൂല്യങ്ങൾ തന്നെയായിരുന്നു.


തോമസ് ഐസക്

സാഹിത്യത്തിൽ

കഴിഞ്ഞ 70 വർഷത്തിനിടയിൽ മലയാളസാഹിത്യ ഉള്ളടക്കത്തിൽ ബൈബിളും ക്രൈസ്തവ മൂല്യങ്ങളും വലിയ വികാസവും സ്വാധീനവും നേടി. മലയാള സാഹിത്യത്തിലെ പ്രമുഖ എഴുത്തുകാരുടെ സർഗ്ഗാത്മക രചനകളിൽ ബാല്യകൗമാരങ്ങളിൽ ലഭിച്ച ബൈബിൾ അറിവുകളും അനുഭവങ്ങളും ആഴത്തിലുള്ള സ്വാധീനം കണ്ടെത്താനാകും. ഈ അറിവുകൾ മലയാള ഭാഷയെയും ഭാവനയെയും എങ്ങനെ രൂപപ്പെടുത്തിയെന്ന് 'ബൈബിളും മലയാളവും' (റോസി തമ്പി, 2009), 'കേരള ക്രൈസ്തവ സംസ്കാരം' (റവ മാത്യു ഡാനിയൽ, 2015), പോൾ മണലിൽ സമാഹരിച്ച 'ക്രിസ്തുദർശനം മലയാള സാഹിത്യത്തിൽ' (2019), 'കലയും ക്രൈസ്തവീയത'യും (2021) അടക്കമുള്ള പഠനങ്ങൾ വിലയിരുത്തുന്നു.

മദ്ധ്യതിരുവിതാംകൂറിലെ സാധാരണ ക്രൈസ്തവ കുടുംബങ്ങളുടെ ജീവിത പശ്ചാത്തലമായിരുന്നു മുട്ടത്തുവർക്കി, പൊൻകുന്നം വർക്കി, പാറപ്പുറത്ത്, പോഞ്ഞിക്കര റാഫി, അടക്കമുള്ളവർ രചിച്ച ആധുനികകാല നോവലുകളുടെ പൊതുവായ കഥാപരിസരം. ബാല്യകാല ബൈബിൾ അറിവുകൾ നിഷ്കളങ്കമായ ഗൃഹാതുര സ്മരണ എന്നതിലേറെ കഥാപാത്രങ്ങളുടെയും കുടുംബങ്ങളുടെയും ആത്മീയ അഭയകേന്ദ്രവും ധാർമ്മികതയുടെ കാവലാളുമായിരുന്നു. ക്രൈസ്തവ മിത്തുകളെ മാനവികതയുമായി സമന്വയിപ്പിച്ച പോഞ്ഞിക്കര റാഫിയുടെ 'സ്വർഗ്ഗദൂതൻ' (1958) എന്ന മലയാളത്തിലെ ആദ്യത്തെ ബോധധാരാ നോവൽ ബൈബിൾ പശ്ചാത്തലത്തിൽ പറുദീസാപർവ്വം, പ്രളയപർവ്വം, പെട്ടകപർവ്വം എന്നീ മൂന്ന് ഖണ്ഡങ്ങളായി സൈമൺ എന്ന

ബാലന്റെ മാനസിക വ്യാപാരങ്ങൾ വിവരിക്കുന്നു. പാറപ്പുറത്തിന്റെ അരനാഴികനേരം (1967) തൊണ്ണൂറു വയസ്സുള്ള കുഞ്ഞേനാച്ചൻ എന്ന കഥാപാത്രത്തിലൂടെ കുടുംബബന്ധങ്ങളിലെ തകർച്ചകൾ, വാർദ്ധക്യം, പാപബോധം, മരണം ഇവ ക്രൈസ്തവ കുടുംബപശ്ചാത്തലത്തിൽ ചർച്ചചെയ്യുന്ന ക്ലാസിക് നോവലായി.

കാക്കനാടൻ, സക്കറിയ (ആദ്യകാല രചനകൾ), ജോൺ എബ്രഹാം അടക്കമുള്ളവരുടെ അത്യന്താധുനികകാല രചനകൾ ബാല്യകാല മതപഠനമേൽപ്പിച്ച പാപബോധത്തോടും വ്യവസ്ഥിതിയോടുമുള്ള കലഹങ്ങളായി പരിണമിക്കുന്നു. ക്രിസ്തുവും ബൈബിൾ ബിംബങ്ങളുമൊക്കെ രചനകളിൽ അസ്തിത്വദുഃഖ പ്രതീകങ്ങളും ആത്മസംഘർഷ രൂപകങ്ങളുമാവുന്നു.

സാറാ ജോസഫ്, സക്കറിയ (പിൽക്കാല രചനകൾ), ബെന്യാമിൻ, വി.ജെ. ജെയിംസ്, ഫ്രാൻസിസ് നെറോണ അടക്കമുള്ളവർ നിരക്കുന്ന ഉത്തരാധുനിക കാലം ബൈബിൾ പുനർവായനകളുടെയും അപനിർമ്മാണത്തിന്റെയും കാലമാണ്. ബാല്യകാല ബൈബിൾ അറിവുകളെ പ്രാദേശികചരിത്രം, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, പ്രവാസം അടക്കമുള്ള സാമൂഹിക വിഷയങ്ങളുമായി കൂട്ടിയിണക്കുന്നു. 'പഠിപ്പിക്കപ്പെട്ട ക്രിസ്തു'വിനേക്കാൾ, ബൈബിൾ വചനങ്ങൾ സ്വയം വ്യാഖ്യാനിക്കുന്ന പച്ചയായ മനുഷ്യകഥാപാത്രങ്ങൾ ഭാവുകത്വ പരിസരങ്ങളിൽ നിരക്കുന്നു. യുക്തികൊണ്ടും സന്ദേഹംകൊണ്ടും അവർ വിചാരണ ചെയ്യുന്നു. ദലിത് ക്രൈസ്തവ എഴുത്തുകാർ (ബാബു തടിയൂർ, സി. അയ്യപ്പൻ) ബൈബിൾ അറിവുകളെ ജാതിവിരുദ്ധ രാഷ്ട്രീയത്തിന്റെ വ്യത്യസ്തതലത്തിൽ നോക്കിക്കാണുന്നു.



കെ എം മാണി

ഇതര മതവിഭാഗങ്ങളിൽ ജനിച്ച ഒ. വി. വിജയനും എൻ. എസ്. മാധവനും സി. വി. ബാലകൃഷ്ണനും സുഭാഷ് ചന്ദ്രനുമൊക്കെ തങ്ങളുടെ സാർത്ഥകമായ സാഹിത്യസപര്യയിൽ ബാല്യം മുതൽ സാമൂഹികമായി അടുത്തറിഞ്ഞ ക്രൈസ്തവ ജീവിതപശ്ചാത്തലവും ബൈബിൾ മിത്തുകളുമൊക്കെ രചനകളിൽ ആവിഷ്കരിച്ചവരാണ്.

തന്റെ സാംസ്കാരിക – രാഷ്ട്രീയ ബോധ്യങ്ങളുടെ അടിത്തറ തൃശൂരിൽ കണ്ടശാങ്കടവിലെ യാഥാസ്ഥിതിക കത്തോലിക്കാ കുടുംബത്തിൽ ലഭിച്ച ബാല്യകാല പരിശീലനം ആയിരുന്നുവെന്ന് സാഹിത്യവിമർശകനും രാഷ്ട്രീയ നേതാവുമായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ആത്മകഥയിൽ (കൊഴിഞ്ഞ ഇലകൾ, 1978) സാക്ഷ്യപ്പെടുത്തുന്നു. പുലർച്ചെയുള്ള പ്രാർത്ഥനകളും വേദപുസ്തക പാരായണവുംവഴി കുട്ടിക്കാലത്തു ലഭിച്ച ബൈബിൾ വിജ്ഞാനമാണ് പിന്നീട് മലയാളത്തിലെ ആദ്യത്തെ ബൈബിൾ നിഘണ്ടുവായ 'വേദശബ്ദരത്നാകരം' രചിക്കാൻ തനിക്കു കരുത്തായതെന്നു ചീഫ് സെക്രട്ടറിയും എഴുത്തുകാരനുമായിരുന്ന ഡി. ബാബു പോൾ ഐ. എ. എസ്., 'കഥ ഇതുവരെ' എന്ന ഓർമ്മക്കുറിപ്പുകളിൽ കുറിച്ചിട്ടുണ്ട്.

ബൈബിളും ബാല്യകാല മതപഠനവും മലയാള സാഹിത്യത്തിന്റെ ചരിത്രവഴിയിൽ കേവലം മതപരമായ അടയാളപ്പെടുത്തലല്ല. അവ പഴയ-പുതിയനിയമ കഥകളെ സമകാലിക സാമൂഹിക-രാഷ്ട്രീയ ഭൂമികയിലേക്ക് പറിച്ചുനടുന്നു. കുട്ടിക്കാലത്ത് മനസ്സിൽ പതിഞ്ഞ ക്ലാസിക് ബൈബിൾ പരിഭാഷകളുടെ ഗൗരവമാർന്ന ശൈലിയും കാവ്യഭംഗിയുമാണ് ഈ എഴുത്തുകളുടെയെല്ലാം പൊതുവായ ഭാഷാടിത്തറ. ബൈബിൾ രൂപകങ്ങളും ബിംബങ്ങളും പുനർവ്യാഖ്യാനത്തിലൂടെ സമകാലിക സാമൂഹിക യാഥാർത്ഥ്യ നിർമ്മിതിയുടെ സർഗ്ഗാത്മക ഉപകരണങ്ങളാകുന്ന ഈ സാഹിത്യം ഇരുൾ മൂടിക്കിടക്കുന്ന ഗൗരവതരമായ സംസ്കാര ഗവേഷണപഠന മേഖലയാണ്.

എന്റെ സൺഡേസ്കൂൾ കാലങ്ങൾ

നിലയ്ക്കൽ പള്ളി സൺഡേസ്കൂളായിരുന്നു ബൈബിൾ പഠനത്തിന്റെ ബാല്യകാലകളരി. സഭാവിഹായസ്സിൽ സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ പറന്നിരുന്ന കാലം. അന്ന് അമ്മ പുതുപ്പള്ളി സെൻറ് ജോർജ് ഹൈസ്കൂളിൽ ഹിന്ദി അധ്യാപിക. 1991 ൽ മണർകാട് എത്തുന്നവരെ താമസം പുതുപ്പള്ളി എറികാട് പിണ്ണാക്കുമല-ആശാരിക്കുന്ന് ചെരുവുകൾക്കിടയിൽ മഠത്തിൽ പറമ്പിൽ.

ഞങ്ങളുടെ പഠനകാലത്തിന് തൊട്ടുമുമ്പായിരുന്നു സൺഡേസ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതും പത്താം ക്ലാസ്സിനു മുകളിൽ ക്ലാസുകൾ ആരംഭിക്കുന്ന

തും. പുതുപ്പള്ളി ഗവ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരായിരുന്ന വി സി മാത്യു വട്ടച്ചാണയ്ക്കൽ, എം ഐ പ്പ്, ടി ചെറിയാൻ ആൻഡ്രൂസ്, ഇ എൻ കുര്യൻ എന്നിവർ സൺഡേ സ്കൂളിലെയും ഹെഡ്മാസ്റ്റർമാർ. കുറ്റിക്കൽ കെ വി തോമസിനെയും ഗ്രന്ഥകാരനും നാലുപതിറ്റാണ്ട് മലയാള മനോരമ പത്രാധിപസ മിതി അംഗവുമായിരുന്ന കെ വി മാമനെയുംപോലെ മികച്ച അദ്ധ്യാ പകർ. നിലയ്ക്കൽ സൺഡേ സ്കൂളിൽനിന്നും വർഷംതോറും അഖില മലങ്കര മത്സരങ്ങളിൽ സമ്മാനങ്ങൾ വാങ്ങിക്കൂട്ടുന്നവരു ടെ പട്ടികയിൽ സഹോദരി സാ റാമ്മ തോമസിനൊപ്പം (ഇപ്പോൾ ഡോ സാറാ ചിറയിൽ) ഞാനുമു ണ്ടായിരുന്ന സുവർണ്ണകാലങ്ങൾ കെ വി മാമ്മൻ രചിച്ച 'തേന്മാവിൻ റെ കഥ' എന്ന ചരിത്രപുസ്തക ത്തിലുണ്ട്.

പള്ളിക്കും ശവക്കോട്ടക്കും വടക്ക് 'ഠ' ആകൃതിയിലുള്ള പഴയ സൺഡേ സ്കൂൾ കെട്ടിടം, എം ഐപ്പ് സാറിന്റെ കണ്ണടച്ചുള്ള ക്ലാസുകളും പ്രസംഗങ്ങളും, ആണ്ടറുതിയിൽ പഴയ പള്ളിയു ടെ തെക്കേമുറ്റത്ത് ഓലപ്പന്തലിൽ മുടങ്ങാതെ നടന്നിരുന്ന നിലക്കൽ കൺവെൻഷൻ, കൺവെൻഷൻ കാലത്ത് വീടുതോറും കയറിയിറ ങ്ങിയുള്ള ആദ്യഫലപ്പിരിവും തു ടർന്നു കൺവെൻഷൻ പന്തലിൽ നടക്കുന്ന ആദ്യഫലലേലവും, കൺവെൻഷൻ നിരന്തര സാന്നി ദ്ധ്യത്തിലൂടെ നാട് ആരാധനയോ ടെ ഇന്നുമോർക്കുന്ന ഐറിഷ് ആംഗ്ലിക്കൻ മിഷനറി റൈറ്റ് റവ. ഹെർബർട് പാക്കൻഹാം വാൽഷ് (1871 –1959), അദ്ദേഹം സ്ഥാപിച്ച കോയമ്പത്തൂർ തടാകം ക്രിസ്തു ശിഷ്യ ആശ്രമത്തിലേക്കു അമ്മ മരണംവരെ മുടങ്ങാതെ അയച്ചി രുന്ന മാസസംഭാവനകളുടെ മണി യോർഡർ രസീതുകൾ. ഇങ്ങനെ ആറ് പതിറ്റാണ്ട് പിന്നിട്ട സണ്ടേ

മദ്ധ്യതിരുവിതാംകൂറിലെ സാധാ രണ ക്രൈസ്തവ കുടുംബങ്ങളു ടെ ജീവിത പശ്ചാത്തലമായിരുന്നു മുട്ടത്തുവർക്കി, പൊൻകുന്നം വർ ക്കി, പാറപ്പുറത്ത്, പോഞ്ഞിക്കര റാഫി, അടക്കമുള്ളവർ രചിച്ച ആധുനികകാല നോവലുകളു ടെ പൊതുവായ കഥാപരിസരം. ബാല്യകാല ബൈബിൾ അറിവു കൾ നിഷ്കളങ്കമായ ഗൃഹാതുര സ്മരണ എന്നതിലേറെ കഥാപാ ത്രങ്ങളുടെയും കുടുംബങ്ങളുടെ യും ആത്മീയ അഭയകേന്ദ്രവും ധാർമ്മികതയുടെ കാവലാളുമായി രുന്നു. ക്രൈസ്തവ മിത്തുകളെ മാനവികതയുമായി സമന്വയിപ്പിച്ച പോഞ്ഞിക്കര റാഫിയുടെ 'സ്വർ ഗ്ഗദൂതൻ' (1958) എന്ന മലയാള ത്തിലെ ആദ്യത്തെ ബോധധാരാ നോവൽ ബൈബിൾ പശ്ചാത്തല ത്തിൽ പറുദീസാപർവ്വം, പ്രളയപ ർവ്വം, പെട്ടകപർവ്വം എന്നീ മൂന്ന് ഖണ്ഡങ്ങളായി സൈമൺ എന്ന ബാലന്റെ മാനസിക വ്യാപാരങ്ങൾ വിവരിക്കുന്നു

സ്കൂൾ കാലത്തിന്റെ പ്രസാദാത്മ കമായ ഓർമ്മകൾ...

സൺഡേസ്കൂൾ കേവലം മതപഠന ക്ലാസ് മാത്രമായിരു ന്നില്ല. ഭാവനയെയും ഭാഷയെയും ഉണർത്തിയ ആദ്യത്തെ പാഠശാ ലയും ഗൃഹാതുരമായ ഓർമ്മച്ചെ പ്പുമായിരുന്നു. സാഹിത്യത്തിന്റെ പൊതുവായനയിൽനിന്ന് ചരിത്രം, വ്യക്തിത്വപഠനം, സംസ്കാരപ ഠനം തുടങ്ങിയ സൂക്ഷ്മഇടങ്ങളി ലേക്ക് ചുരുങ്ങിയ വായനാലോക ത്തിന്, സർഗ്ഗാത്മക ക്രൈസ്തവ ജീവിതപരിസരങ്ങളും അവയുടെ സംസ്കാരപഠനങ്ങളും പുതിയൊ രു വെളിച്ചം നൽകുന്നു. ഈ പു തുസഞ്ചാരങ്ങൾ ചിന്തകൾക്ക് കൂ ടുതൽ ആഴവും പുതിയ മാനവും സമ്മാനിക്കുന്നു.

മണർകാട്ടെയും പുതുപ്പള്ളി യിലെയും സൺഡേ സ്കൂൾ ഓർമ്മകൾ അവിടെയും അവസാ നിക്കുന്നില്ല. നാട്ടിലെ സി. എസ്. ഐ, മാർത്തോമാ സഭകളുടെ സൺഡേ സ്കൂളുകളും സജീ വമായ ആത്മീയ-ബാല്യകാല കൂട്ടായ്മകളായിരുന്നു. പുതുപ്പള്ളി കവലയിലെയും എറികാട്ടെയും കോച്ചുമാറ്റത്തെയും മാർത്തോമാ പള്ളികളും, പുതുപ്പള്ളി കോഴിമല ക്കുന്നിലെയും മണർകാട് ആറാം മൈലിലെയും ചെറുതെങ്കിലും ആംഗ്ലിക്കൻ ശിൽപ്പഭംഗിയും പ്രൗ ഢിയുമുള്ള സി.എസ്.ഐ പള്ളിക ളും അവിടുത്തെ കുട്ടികൾക്കായി ചിട്ടപ്പെടുത്തിയ മതപഠന ക്ലാസു കളും ആ ഓർമ്മകളുടെ ഭാഗമാ ണ്. ഇതിനൊപ്പം തന്നെ പുതു സഭകളുടെ തനതായ സൺഡേ സ്കൂൾ ഗാനങ്ങളും ബൈബിൾ പഠനരീതികളും അക്കാലത്ത് സജീവമായിരുന്നു. വ്യത്യസ്ത സഭകളുടെ രീതികളിൽ മാറ്റങ്ങളു ണ്ടായിരുന്നെങ്കിലും, അവയെല്ലാം കുട്ടികളിൽ വളർത്തിയെടുത്ത ക്രിസ്തീയ മൂല്യങ്ങളുടെ വിശാല മായ അടിത്തറ ഒന്നുതന്നെയായി രുന്നു.

കഴിഞ്ഞ 70 വർഷത്തിനിടയിൽ

ബാലസാഹിത്യശാഖയുടെ ഉദ് ഭവവികാസത്തോടൊപ്പം മലയാ ളത്തിലെ കുട്ടികളുടെ ബൈബിൾ സാഹിത്യത്തിൽ ഭാഷ, അച്ചടി, ചി ത്രീകരണം, ഉള്ളടക്കം എന്നിവയി ലും വിപ്ലവകരമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഭക്തിപ്രവർത്തന മെന്ന നിലയിൽനിന്ന് ആധുനിക ബാലസാഹിത്യ ശാഖയായി ഇത് പരിണമിച്ചു.

ബൈബിൾ സൊസൈറ്റി പ്രസി ദ്ധീകരിച്ച കുട്ടികളുടെ ബൈബിൾ, കുട്ടികൾക്കുവേണ്ടി പുതിയനിയ മത്തിൽനിന്നും തയ്യാറാക്കിയ 100 ബൈബിൾ കഥകൾ, എസ്. ശിവ ദാസ് ബൈബിൾ കഥകൾ തിക

ച്ചും ലളിതവും മനോഹരവുമായ ശൈലിയിൽ പുനരാവിഷ്കരിക്കുന്ന 'കുഞ്ഞുമാലാഖയുടെ ദൈവകഥകൾ'പോലെ (ലിവിങ് ലീഫ് പബ്ലിക്കേഷൻസ്, കോട്ടയം, 2023) ഒട്ടനവധി മൾട്ടികളർ ഹൈടെക് ഹൈ പ്രൊഫൈൽ സാഹിത്യവിരുന്നുകൾ ഇന്ന് ലഭ്യമാണ്.

ആവർത്തനങ്ങൾക്കും ദീർഘമായ വാക്യങ്ങൾക്കുംപകരം ലളിതവും കഥാപരവുമായ ആധുനിക ശൈലി, ബ്ലാക്ക് ആൻഡ് വൈറ്റ് കാലഘട്ടത്തിലെ അച്ചടി സാങ്കേതികവിദ്യക്കും രൂപകൽപ്പനക്കുംപകരം ഓഫ്സെറ്റ് പ്രിന്റിങ്ങും ആർട്ട് പേപ്പറുമായി.

പെട്ടെന്ന് റിലേറ്റ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള കാർട്ടൂൺ ശൈലിയിലുള്ള ചിത്രങ്ങളും, ഡിജിറ്റൽ പെയിന്റിങ്ങുകളും ഇവയുടെ പൊതുവായ സ്വഭാവമാണ്.

കഥാപുസ്തകങ്ങൾക്കൊപ്പം കുട്ടികൾക്കായുള്ള ബൈബിൾ ക്വിസ്, പസിലുകൾ, കളറിംഗ് പേജുകൾ, മൊബൈൽ ആപ്പുകൾ എന്നിവ ഉൾപ്പെടുത്തി ആധുനിക ഇൻഫോടെയ്ൻമെന്റ് (Infotainment) മാധ്യമവും സാഹിത്യവുമായി കുട്ടികളുടെ ബൈബിൾ അറിവുകൾ മാറി.

എന്നാൽ സൺഡേസ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളുടെ ഉള്ളടക്കവും അച്ചടിയിലടക്കം രൂപഘടനയും കാലാനുസൃതമായ ഭാവുകത്വ പരിണാമത്തിന്റെ തെളിച്ചവും നിറങ്ങളും അണിഞ്ഞോ എന്നത് പരിശോധിക്കേണ്ടതാണ്.

സമകാലിക വെല്ലുവിളികൾ

കേരളത്തിൽ ജനസംഖ്യാ നിരക്കിലുണ്ടായ കുറവും ആഗോള കുടിയേറ്റവും സൺഡേസ്കൂൾ കുട്ടികളുടെ എണ്ണക്കുറവിന് നിമിത്തമായി. ഞായറാഴ്ചകളിലെ എൻട്രൻസ് കോച്ചിംഗ് ക്ലാസുകൾ, ട്യൂഷനുകൾ, കായിക പരിശീലനങ്ങൾ ഇവയൊക്കെ കുട്ടികൾക്കെന്നപോലെ മാതാപിതാക്കൾക്കും മുൻഗണന പട്ടികയിൽ ഒത്തിരി മുന്നിലായപ്പോൾ സൺഡേസ്കൂളുകളുടെ ഇടം ഏറെ പിന്നിലായി. അണുകുടുംബങ്ങളുടെ സ്വഭാവസവിശേഷതകൾ പൊതുഇടങ്ങളിലെ അറിവും അനുഭവവും സാമൂഹിക പ്രതിബദ്ധതയുമുള്ള സംഖ്യാശോഷണത്തിന് നിമിത്തമായപോലെ സൺഡേസ്കൂൾ പോലെയുള്ള നിസ്വാർത്ഥ മേഖലകളിലെ അധ്യാപനമെന്ന സന്നദ്ധപ്രവർത്തനവും പൊതുബോധത്തിൽ പൊതുവെ അനാകർഷകവുമായി.

> **സൺഡേസ്കൂൾ കേവലം മതപഠന ക്ലാസ് മാത്രമായിരുന്നില്ല. ഭാവനയെയും ഭാഷയെയും ഉണർത്തിയ ആദ്യത്തെ പാഠശാലയും ഗൃഹാതുരമായ ഓർമ്മച്ചെപ്പുമായിരുന്നു. സാഹിത്യത്തിന്റെ പൊതുവായനയിൽനിന്ന് ചരിത്രം, വ്യക്തിത്വപഠനം, സംസ്കാരപഠനം തുടങ്ങിയ സൂക്ഷ്മഇടങ്ങളിലേക്ക് ചുരുങ്ങിയ വായനാലോകത്തിന്, സർഗ്ഗാത്മക ക്രൈസ്തവ ജീവിതപരിസരങ്ങളും അവയുടെ സംസ്കാരപഠനങ്ങളും പുതിയൊരു വെളിച്ചം നൽകുന്നു. ഈ പുതുസഞ്ചാരങ്ങൾ ചിന്തകൾക്ക് കൂടുതൽ ആഴവും പുതിയ മാനവും സമ്മാനിക്കുന്നു**

സ്ഥൂല-സൂക്ഷ്മ വിശകലനത്തിൽ ചില ചോദ്യങ്ങൾ ശേഷിക്കുന്നു. ഇന്നത്തെ കുട്ടികൾ നേരിടുന്ന ഡിജിറ്റൽ അഡിക്ഷൻ, ലഹരി ഉപയോഗത്തിന്റെ വെല്ലുവിളികൾ, കൗമാര മാനസിക സമ്മർദ്ദങ്ങൾ എന്നിവയെ മറികടക്കാൻ ഇന്നത്തെ സൺഡേസ്കൂൾ പാഠ്യപദ്ധതികളും അനുബന്ധ ഇൻഫോടെയ്ൻമെന്റ് മാധ്യമങ്ങളും മതിയാവുമോ ? പുതിയ കാലത്തിന്റെ കാമനകൾക്കിടയിൽനിന്നും സൺഡേസ്കൂൾ കൂട്ടായ്മകളെ കുടുംബ പരിഗണനകളുടെ മുൻഗണനാ പട്ടികയിൽ എങ്ങനെ മുന്നിലെത്തിക്കാം? ചോദ്യങ്ങൾ നമ്മോട് തന്നെയാണ്. അതുകൊണ്ട് ഉത്തരം കണ്ടെത്താനുള്ള ബാധ്യതയും നമുക്കുതന്നെയാണ്.

ഒരു ബഹുസ്വര സമൂഹത്തിൽ വിവിധ മതവിഭാഗങ്ങൾ പരസ്പര ബഹുമാനത്തോടെയും സഹിഷ്ണുതയോടെയും സഹവർത്തിത്വം പുലർത്തേണ്ടതുണ്ട്. ഇതര മതങ്ങളെ ബഹുമാനിക്കാനും മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും പുതുതലമുറയെ പ്രാപ്തരാക്കുക എന്നത് ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യമാണ്. ഇതര മതസ്ഥരായ എഴുത്തുകാർ തങ്ങളുടെ സർഗ്ഗാത്മക രചനകളിൽ ക്രൈസ്തവ ജീവിതപശ്ചാത്തലത്തെയും ബൈബിൾ മിത്തുകളെയും മനോഹരമായി ആവിഷ്കരിച്ചത് കേരളീയ സമൂഹം പണ്ടുമുതലേ പുലർത്തുന്ന ഈ ബഹുസ്വരതയുടെ മികച്ച തെളിവാണ്.

വിദ്വേഷ രാഷ്ട്രീയത്തിന്റെ ഈ പുതിയ കാലത്ത്, കുട്ടികളിൽ ചെറുപ്പം മുതലേ ഇതര മതസ്ഥരോടുള്ള സമഭാവന വളർത്താൻ സൺഡേ സ്കൂളുകൾപോലെ മതങ്ങളുടെ സമാന പഠനശാലകൾക്കു വലിയ പങ്ക് വഹിക്കാൻ കഴിയും. മതപരമായ അറിവുകൾ അകറ്റിനിർത്താനല്ല, ഒന്നിപ്പിക്കാനാണ് എന്നു പഠിപ്പിക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. ആരോഗ്യകരമായ സംവാദങ്ങളും സഹകരണവും സാധ്യമാക്കണമെങ്കിൽ മതേതര സമീപനം മതപഠനത്തിന്റെ ഭാഗമാകേണ്ടതുണ്ട്. കലുഷിതമായ രാഷ്ട്രീയ കാലാവസ്ഥയിലും മൂല്യബോധമുള്ള, പരസ്പര ബഹുമാനമുള്ള പുതിയ തലമുറ ഇന്നത്തെ ഇന്ത്യക്ക് അനിവാര്യമാണ്.



അതിനിഗൂഢമായ മനുഷ്യമനസ്സിന്റെ ഭോഗതൃഷ്ണകളെ അതിസാഹസികമായി അപഗ്രഥിച്ചിരിക്കുന്ന നോവലാണ് സുരേന്ദ്രൻ മങ്ങാട്ടിന്റെ ഉരഗം

ഉൾമനസ്സിന്റെ ഉപഭോഗതൃഷ്ണകൾ

ബീറ ബീഗം. കെ. എസ്.

അതിനിഗൂഢമായ മനുഷ്യമനസ്സിന്റെ ഭോഗതൃഷ്ണകളെ അതിസാഹസികമായി അപഗ്രഥിച്ചിരിക്കുന്ന നോവലാണ് സുരേന്ദ്രൻ മങ്ങാട്ടിന്റെ

ഉരഗം.ഡാർവിന്റെ പരിണാമസിദ്ധാന്തത്തോടും സിഗ്മണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്ര പഠനങ്ങളോടും നീതിപുലർത്തുന്നതാണ് ഇതിന്റെ നിർദ്ധാരണം.തികച്ചും കേരളീയ പശ്ചാത്തലത്തിൽ ഒരുക്കപ്പെട്ട കഥയിൽ അന്തർമുഖനും അലസനുമായ കേന്ദ്ര കഥാപാത്രത്തെകൊണ്ടാണ് കഥയത്രയും പറയിക്കുന്നത്.അയാളുടെ വീക്ഷണങ്ങളുടെ കോണളവ് പിടികിട്ടുവാൻ വായനക്കാരന് സാധിക്കും വിധം മറ്റു കഥാപാത്രങ്ങളെ

ഒരുക്കിയിട്ടുണ്ടെങ്കിലും മനോധർമ്മത്തിനാൽ പൂരിപ്പിക്കേണ്ട ഇടങ്ങളും ഇതിലുണ്ട്.

തന്റെ അപകർഷതാ ബോധ്യങ്ങളെ, നിർഗുണങ്ങളെ ഒളിച്ചുകടത്തുന്ന അയാളുടെ കുശലത നോവലിസ്റ്റിന്റെ കൂർമ്മബുദ്ധിയിൽ പിറന്നതാണ്. നമുക്കുചുറ്റും ഏതോ ഒരു മനുഷ്യനിലേക്ക്,അല്ലെങ്കിൽ ചില മനുഷ്യരിലേക്ക് നമ്മുടെ മിഴിയെത്തുന്നതും അതിനാൽ തന്നെ.കഥയുടെ പുതുമയേക്കാളേറെ കഥയ്ക്കുള്ളിൽ സമാന്തരമായി സംഭവിക്കുന്ന അതീതലോകത്തിന്റെ ജീവിതക്രമങ്ങളാണ് ഏറെ ആകർഷിച്ചത്.

അസ്ത്രത്താൽ വധിക്കപ്പെട്ട ആചാര്യന്റെ പ്രതിമയുടെ ശിരസ്സിന്റെ സ്ഥാനത്ത് കുലച്ചുവച്ച അമ്പും വില്ലും കാണുമ്പോൾ ഭൂപന് തോന്നിയ സംശയം നമുക്കും തോന്നിയിരുന്നില്ലേ? ഇവിടെ രക്സാക്ഷിയെ അല്ലല്ലോ ഉത്ഘോഷിക്കുന്നത്, അതിന്റെ സൂത്രധാരനെയല്ലേ? ആവർത്തിക്കുന്ന അസത്യങ്ങൾ കൊണ്ട് സത്യത്തിന്റെ നിലപാടുതറ ഒരുക്കപ്പെടുന്നുണ്ട്. നൻമയുടെ, സ്നേഹത്തിന്റെ,ധർമ്മസത്യങ്ങളുടെ നേർത്ത സംഗീതങ്ങളെ പടികടത്തി പകരം കർണകഠോരവാദകങ്ങൾ ഇടംപിടിക്കുന്നതിന് നമ്മളും ദൃക്സാക്ഷികളാണല്ലോ!

ജീവിതത്തിൽ ഒരു നല്ലകാര്യത്തിന് പോലും മുൻകൈ എടുക്കാത്ത,ചുറ്റുമുള്ളവരിൽ തന്റെ എല്ലാ തെറ്റിന്റെയും ബാധ്യതയേൽപ്പിക്കുന്ന,

ഒന്നിനോടും പ്രതിപത്തിയില്ലാത്ത,പരാജയത്തിൽ നിന്നും പൂർണ്ണ പരാജയത്തിലേക്ക് സഞ്ചരിക്കുന്ന 'ഭൂപൻ'രാജാവ് എന്നർത്ഥം വരുന്ന ഈ പേര് നോവലിസ്റ്റ് ഈ കാഥാപാത്രത്തിന് നൽകിയിരിക്കുന്നതിലെ വ്യംഗ്യവും ശ്രദ്ധേയമാണ്.

കാതോർത്താൽ ഫാസിസത്തിന്റെ രഥചക്രങ്ങളുടെ ശബ്ദം അതീതലോകത്തിലെ ചില ഭാഷണങ്ങൾക്കിടയിൽ മുഴക്കത്തോടെ ശ്രവിക്കാൻ നിങ്ങൾക്കും കഴിഞ്ഞേക്കും.കാലത്തിന്റെ ഒരു പ്രവചനം ഇതിനുള്ളിൽ ബുദ്ധിപൂർവ്വം ഒളിച്ചവച്ചിട്ടുള്ളത് പോലെ...ബൗദ്ധികമായ ദർശനങ്ങളാൽ കഥ സമ്പന്നമാണ്. വായനക്കായിനീക്കിവക്കുന്ന സമയത്തിനെ തൃപ്തിപ്പെടുത്തും വിധമാണ് ഇതിന്റെ ആഖ്യാനം. നൂറ്റി ഇരുപത്തിഏഴു പേജുകളിൽ

ആറ്റിക്കുറുക്കിയെടുത്ത ഈ കലാസൃഷ്ടിക്ക് നിറയെ വായനക്കാരുണ്ടാകും എന്നുറപ്പ്.

Blue Ocean
Wealth Solutions

A member of the MassMutual Financial Group

PHILIPOSE SAMUEL

30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

BUSINESS NEEDS

EMPLOYEE BENEFITS PRODUCTS

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates.
CRN202501-1659414.

മണിമലയും മണിമലയാറും

അമ്പതാണ്ട് മാത്രം (1923 1973) നീണ്ടുനിന്ന ജീവിതയാത്രയിൽ ജെയിംസ് കെ. സി. മണിമല കൈവരിച്ച സാഹിത്യ മികവും നേട്ടങ്ങളും അവിശ്വസനീയമാണ്. ചെറുകഥകളും നാടകങ്ങളും നോവലുകളും ഭക്തിഗാനങ്ങളുമായി മലയാളിയുടെ മനസിലേക്ക് ഒഴുകിയെത്തി മണിമലയുടെ ഓളങ്ങൾ.

ആന്റണി കണയംപ്ലാക്കൽ

'മണിമല' അര നൂറ്റാണ്ടു മുൻപ് മനോരമയിലെ എക്സിക്യൂട്ടീവ് ട്രെയ്നിയുടെ അഭിമുഖത്തിൽ ചീഫ് എഡിറ്റർ കെ. എം. മാത്യു' നാട് എവിടെ' എന്ന ചോദ്യത്തിനുള്ള എന്റെ ഉത്തരം. ചീഫ് എഡിറ്റർ ബയോഡാറ്റ മുൻകൂട്ടി വായിച്ചിരിക്കാനുള്ള സാധ്യത ഇല്ലാത്തതിനാൽ ചോദ്യം എന്നെ അതിശയിപ്പിച്ചില്ല .

കരിക്കാട്ടൂർകാരായ ഞങ്ങൾക്ക് മാത്രമല്ല മണിമലയുടെ അയൽ ഗ്രാമങ്ങളിൽ ഉള്ളവർക്കും മണിമലക്കാരായി അറിയപ്പെടാനാണു കൂടുതൽ താൽപര്യം . ആ പ്രസക്തിക്ക് നന്ദിപറയേണ്ടത് മണിമലയാറിന്റെ സൗന്ദര്യ

ത്തോടൊപ്പം ജെയിംസ് കെ .സി മണിമലക്കുകൂടിയാണ് . വെള്ളപ്ലാമുറിയിൽ ചെറിയാൻ – മറിയം ദമ്പതികളുടെ മകനായ ജെയിംസ്, മണിമല എന്ന തൂലിക നാമവുമായി നടത്തിയ സാഹിത്യ സഞ്ചാരത്തിലൂടെയാണ് മണിമല എന്ന മലയോര ഗ്രാമത്തിലേക്ക് പ്രശസ്തി മണിമലയാറിനോടൊപ്പം ഒഴുകിയെത്തിയത് .

ജെയിംസ് മണിമലയുടെ പ്രധാന നോവലുകൾ : മണിമലയാറ്, കന്നിമണ്ണ് , ആകാശപുഷ്പം , പൂക്കാത്ത വസന്തം , താളംതെറ്റിയ ഗാനം , കടലും കരയും , വെള്ളിമൂങ്ങ , ആകാശ കോടാലി , കിനാവിന്റെ പുത്രി , പാപത്തിന്റെ മരം , അന്തിവിളക്ക് , കിനാവിന്റെ പുത്രി . അദ്ദേഹത്തിന്റെ നാടകങ്ങൾ : മണിമേട , വയ്യാവേലികൾ , ചാരിത്ര്യതാരം, വിളക്കണഞ്ഞിട്ടും വെളിച്ചം, ഐക്യദർശി , ബലികുടീരം , രക്തസാക്ഷിണി , പാവങ്ങളുടെ പടയാളി , കോട്ടകൾ തകരുന്നു മുതലായവ .

അമ്പതാണ്ട് മാത്രം (1923 1973) നീണ്ടുനിന്ന ജീവിതയാത്രയിൽ ജെയിംസ് കെ. സി. മണിമല കൈവരിച്ച സാഹിത്യ മികവും നേട്ടങ്ങളും അവിശ്വസനീയമാണ് . ചെറുകഥകളും നാടകങ്ങളും നോവലുകളും ഭക്തിഗാനങ്ങളുമായി മലയാളിയുടെ മനസിലേക്ക് ഒഴുകിയെത്തി മണിമലയുടെ ഓളങ്ങൾ .

വിസിയല്ലേ ആകേണ്ടിയത് ? പിന്നെയെങ്ങനെ എങ്ങനെ കെസിയായി? വെള്ളപ്പാമുറിയിൽ ചെറിയാന്റെ മകൻ എങ്ങനെയാണു ജെയിംസ് കെ .സിയായത് . തികച്ചും ന്യായമായ സംശയം . അതിൽ ചെറിയ ഒരു കഥയുണ്ട് . ഏതാണ്ട് ഒരു നൂറ്റാണ്ടു മുൻപത്തെ 1929-30 കാലം. മക്കളുടെ സ്കൂൾ പഠനം എന്ന് തുടങ്ങണമോ എന്നോ , തുടങ്ങണമോ എന്ന് തന്നെയോ മാതാപിതാക്കൾ ആലോചിക്കാത്ത കാലം .

ജെയിംസിനെ സ്കൂളിൽ ചേർക്കാൻ പിതാവ് വലിയ താൽപര്യം കാണിക്കാതിരുന്നപ്പോൾ അമ്മാവൻ കാരിക്കൊമ്പിൽ ചാക്കോയാണ് ജെയിംസിനെ സ്കൂളിൽ ചേർത്തത് . അപ്പോൾ കാരിക്കൊമ്പിലെ കെ എന്ന കയ്യൊപ്പും ഇട്ടു . ആ കാലഘട്ടത്തിൽ ഇത് സാധരണ കാണാറുള്ള ഒരു പ്രതിഭാസമാണെന്നുള്ളത് മറ്റൊരു കാര്യം .

മണിമല സർക്കാർ പ്രൈമറി സ്കൂൾ , ചെറുവള്ളി ട ഇ ഠ ങ യുപി സ്കൂൾ , കങ്ങഴ ദേവസംബോർഡ് ഹൈസ്കൂൾ എന്നിവടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം സാഹിത്യ വിശാരദ് തനിയെ പഠിച്ചു പാസായി . കരിയംപ്ലാവ് ട്രെയിനിങ് സ്കൂളിൽ നിന്നും ഡിപ്ലോമ.

എരുമേലി കൊരട്ടി സെന്റ് മേരീസ് എൽ . പി സ്കൂളിൽ അദ്ധ്യാപകനായി തുടക്കം . പിന്നീട് എരുമേലി സെന്റ് തോമസ് സ്കൂൾ , മണിമല സെന്റ് ജോർജ് ഹൈസ്കൂളിലും . മൂന്നു വർഷം ഹൈസ്കൂളിൽ മണിമലയെ മലയാളത്തിന്റെ ഗുരുനാഥനായി ലഭിച്ചത്തിന്റെ സന്തോഷം എന്റെ സഹോദരി ജോളി ഫ്രാൻസിസ് പങ്കുവച്ചിട്ടുണ്ട് .

കരിമ്പനക്കുളത്തുനിന്നും മണിമല സെന്റ് ജോർജ് ഹൈസ്കൂളിൽ ചേർന്നപ്പോഴാണ് നോവലിലെ രസകരമായ 'ട്വിസ്റ്റ്' പോലെ വിസ്മയ കാഴ്ച കണ്ടത് . 'കർമലകുസുമം' മാസികയിലെ പ്രസിദ്ധ നോവലിസ്റ്റ് ജെയിംസ് കെ. സി. മണിമല മലയാളം മാഷായി ക്ലാസ്സിൽ. മോഹൻലാൽ പരസ്യത്തിൽ പറയും പോലെ ആരും കൊതിച്ചു പോകുന്ന മലയാളം ക്ലാസുകൾ. ഗംഭീര ശബ്ദം, ഒപ്പം ഞെട്ടിക്കുന്ന സ്ഫുടതയും..

1946ൽ 'മിന്നൽപിണരുകൾ' എന്ന ചെറുകഥാ സമാഹാരത്തിൽ തുടങ്ങി 1972 ൽ 'കന്നിമണ്ണി'ൽ അവസാനിച്ച സാഹിത്യ യാത്രയിൽ മുപ്പതിൽപ്പരം കൃതികൾ. 12 നോവലുകൾ, 9 നാടകങ്ങൾ, മൂന്ന് ചെറുകഥ സമാഹാരങ്ങൾ , മൂന്നു ബാലസാഹിത്യ രചനകൾ , നിരവധി കവിതകളും ഭക്തി ഗാനങ്ങളും ജെയിംസ് മണിമലയുടെ പ്രധാന നോവലുകൾ : മണിമലയാറ്, കന്നിമണ്ണ് , ആകാശപുഷ്പം , പൂക്കാത്ത വസന്തം , താളംതെറ്റിയ ഗാനം , കടലും കരയും , വെള്ളിമൂങ്ങ , ആകാശ കോടാലി , കിനാവിന്റെ പുത്രി , പാപത്തിന്റെ മരം , അന്തിവിളക്ക് , കിനാവിന്റെ പുത്രി . അദ്ദേഹത്തിന്റെ നാടകങ്ങൾ : മണിമേട , വയ്യാവേലികൾ , ചാരിത്ര്യതാരം, വിളക്കണഞ്ഞിട്ടും വെളിച്ചം, ഐക്യദർശി , ബലികുടീരം , രക്തസാക്ഷിണി , പാവങ്ങളുടെ പടയാളി , കോട്ടകൾ തകരുന്നു മുതലായവ . പ്രധാനപ്പെട്ട ചെറുകഥ സമാഹാരങ്ങൾ , മിന്നൽപിണരുകൾ, പൊന്നാരമോൾ , പൊൻകിനാവുകൾ . ബാലസാഹിത്യ രചനയായി തീവണ്ടിയമ്മാവൻ .

അദ്ദേഹത്തിന്റെ കലാശേഷവും ഒരു നോവൽ മകൻ ഡോ . മാത്യു മണിമലയുടെ ശ്രമഫലമായി പ്രസിദ്ധപ്പെടുത്തിയ പ്രത്യേകതയും മണിമലക്കു സ്വന്തം . വാചാലമായിരുന്നു അതിന്റെ പേര്, 'മണിമലയാറ്' . തൊഴിലാളി ദിനപ്പത്രത്തിൽ അൻപത് ഞായറാഴ്ചകളിൽ പ്രസിദ്ധികരിച്ചിരുന്ന നോവൽ മകൻ മാത്യു ചിട്ടയായി സൂക്ഷിച്ചുവച്ചിരുന്നു . പ്രസിദ്ധികരിക്കാനുള്ള പ്രായോഗിക അറിവില്ലാതിരുന്നപ്പോളാണ് ഡോ. മാത്യു മുട്ടത്തിനെ കണ്ടു മുട്ടുന്നത് . മുട്ടത്തു വർക്കിയുടെ അനുജന്റെ മകൻ ഡോ .മാത്യു മുട്ടത്തിന്റെ സാഹായത്തോടെ ഡി സി ബുക്സാണ് 'മണിമലയാറ്' പ്രസിദ്ധികരിച്ചത് .

കാനത്തിന്റേയും മുട്ടത്തു വർക്കിയുടെയും പിന്നീട് മാത്യു മറ്റത്തിന്റെയും പൈങ്കിളി നോവലുകൾ മലയാള പ്രസിദ്ധികരണങ്ങളിൽ നിറഞ്ഞു നിന്ന കാലഘട്ടത്തിൽ , 'മണിമലയാറ്' തികച്ചും വേറിട്ടു നിന്നു . പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞ മണിമലയിലെ ഗ്രാമീണ ജീവിതത്തിന്റെ നേർകാഴ്ചയായിരുന്നു ആ നോവൽ .

മുട്ടത്തു വർക്കിയുടെ അനുജന്റെ മകൻ ഡോ .മാത്യു മുട്ടത്തിന്റെ സാഹായത്തോടെ ഡി സി ബുക്സാണ് 'മണിമലയാറ് പ്രസിദ്ധികരിച്ചത് . കാനത്തിന്റേയും മുട്ടത്തു വർക്കിയുടെയും പിന്നീട് മാത്യു മറ്റത്തിന്റെയും പൈങ്കിളി നോവലുകൾ മലയാള പ്രസിദ്ധികരണങ്ങളിൽ നിറഞ്ഞു നിന്ന കാലഘട്ടത്തിൽ ,'മണിമലയാറ് തികച്ചും വേറിട്ടു നിന്നു . പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞ മണിമലയിലെ ഗ്രാമീണ ജീവിതത്തിന്റെ നേർകാഴ്ചയായിരുന്നു ആ നോവൽ .

വായനാരസം മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ നോവലുകളുടെ പ്രത്യേകത . വായനക്കാരിലേക്ക് നന്മയുടെ സന്ദേശവും കൂടി നൽകുന്നതായിരുന്നു കഥാപാത്രങ്ങളുടെ പ്രത്യേകത . ക്രിസ്ത്യൻ കുടുംബാന്തരീക്ഷവും ക്രിസ്ത്യൻ മൂല്യങ്ങളും മണിമലയുടെ എഴുത്തിന്റെ പ്രത്യേകതകളായിരുന്നു

ഭാര്യ മേരിക്കുട്ടി . ജെയിംസ് മണിമലക്കു എട്ടുമക്കൾ , കോഴിക്കോട് ദേവഗിരി കോളേജിൽ നിന്നും ഇംഗ്ലീഷ് പ്രൊഫെസ്സറായി വിരമിച്ച വി.ജെ. സക്കറിയാസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും വിരമിച്ച ഡോ . മാത്യു മണിമല , ഇപ്പോൾ ജപ്പാനിൽ ശുശ്രൂഷ ചെയ്യുന്ന റവ .ഫാ . ബോസ്കോ മണിമല എസ് .വി.ഡി , മേരി മാതാ കോളേജ് പ്രിൻസിപ്പൽ ആയി റിട്ടയർ ചെയ്ത ഡോ. സാവിയോ ജെയിംസ് , കൊല്ലം ഫാത്തിമ കോളേജിൽ നിന്നും വിരമിച്ച ഡോ .ജോസഫ് ജെയിംസ്, മണിമല പുലിക്കല്ലിലെ തറവാട്ടിലുള്ള പഞ്ചായത്ത് മെമ്പറായ ജെയിംസ് വി. ജെയിംസ് , റിട്ടയേർഡ് അദ്ധ്യാപികമാരായ ഫിലോമിന മാത്യു, സെലിനാമ്മ ജോസഫ് . പിതാവിന്റെ മേഖലയായ അദ്ധ്യാപനം മക്കളിലേക്കും ഒഴുകി എത്തിയിരിക്കുന്നു എന്ന സവിശേഷത .

കോഴിക്കോട് ദേവഗിരി കോളേജിലെ എന്റെ പ്രീഡിഗ്രി കാലം. ഇംഗ്ലീഷ് അദ്ധ്യാപകന് പാഠപുസ്തകത്തിൽ ഇല്ലാത്ത കടുകട്ടി പുതിയ വാക്കുകൾ ബോർഡിൽ എഴുതുന്ന സ്വഭാവം . ഞാൻ അതിൽ ചിലതൊക്കെ പകർത്തി എഴുതി വെക്കുമായിരുന്നു . ആ അദ്ധ്യാപകൻ മറ്റാരുമല്ല , മണിമലയുടെ മൂത്ത മകൻ സക്കറിയാസ് സാർ . രണ്ടാമത്തെ മകൻ മാത്യു മണിമല കുറച്ചു നാൾ എന്റെ അദ്ധ്യാപകനായിരുന്നു , കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ എം ബി എ പഠനകാലത്ത് . രണ്ടു പേരിലും പിതാവിന്റെ അദ്ധ്യാപന പ്രാഗത്ഭ്യവും ഭാഷ നൈപുണ്യവും പ്രകടമായിരുന്നു

മണിമലയുടെ നോവലുകളും ലേഖനങ്ങളും ദീപിക , മനോരമ, സത്യദീപം, കർമലകുസുമം , കുടുംബദീപം എന്നീ പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി പ്രത്യക്ഷപ്പെട്ടിരുന്നു .

അത് വായനക്കാർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുകയും ആസ്വദിച്ചു വായിക്കുകയും ചെയ്യുമായിരുന്നു . പത്രപ്രവർത്തകനായും മണിമല ശോഭിച്ചു . തൊഴിലാളി ദിനപത്രത്തിന്റെയും വിശ്വദീപ്തി മാസികയുടെയും എഡിറ്ററായി ജോലി ചെയ്തു.

മണിമലയുടെ നോവലുകളും ലേഖനങ്ങളും ദീപിക , മനോരമ, സത്യദീപം, കർമലകുസുമം , കുടുംബദീപം എന്നീ പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി പ്രത്യക്ഷപ്പെട്ടിരുന്നു . അത് വായനക്കാർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുകയും ആസ്വദിച്ചു വായിക്കുകയും ചെയ്യുമായിരുന്നു . പത്രപ്രവർത്തകനായും മണിമല ശോഭിച്ചു . തൊഴിലാളി ദിനപത്രത്തിന്റെയും വിശ്വദീപ്തി മാസികയുടെയും എഡിറ്ററായി ജോലി ചെയ്തു.

പൊതു കാര്യങ്ങളിലും വളരെ സജീവമായിരുന്നു മണിമല. അഖില കേരള കാത്തോലിക്കാ കോൺഗ്രസിന്റെ മുൻ നിര നേതാവും, ചങ്ങനാശ്ശേരി അതിരൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ആജീവനാന്ത അംഗവുമായിരുന്നു.

അസാധാരണമായിരുന്നു മണിമലയുടെ കഴിവിന്റെ ആഴങ്ങൾ . നോവലും, ചെറുകഥയും , നാടകവും , പത്രപ്രവർത്തനവും മതമല്ല ഭക്തിഗാനങ്ങളിലും , കവിതയിലും മണിമല തിളങ്ങി . നിരവധി 'താലന്തുകളുടെ ' ഒരു പുഴയായിരുന്നു മണിമലക്കാരൻ മണിമല .

ആരാധിച്ചീടുന്നേഴഞാൻ
ആശയാർന്നങ്ങെയേ
സാക്രരിയിൽ മറഞ്ഞനിൻ
നിസ്തുലപ്രഭാവം വാഴ്ത്തുവാൻ
ആരാധിച്ചീടുന്നേൻ ഞാൻ ......

ജെയിംസ് മണിമല രചിച്ചു, 1964ൽ മുംബൈയിൽ നടന്ന 38 ആം ദിവ്യകാരുണ്യ കോൺഗ്രസിൽ ആലപിച്ച ഭക്തിഗാനമാണിത് സക്രാരിയിലെ ദിവ്യകാരുണ്യം നമ്മുടെ മുന്നിൽ എഴുന്നെള്ളിച്ചു വച്ചിരിക്കുന്നപോലെ തോന്നൽ നൽകുന്ന എത്ര മനോഹരമായ ഭക്തിഗാനം .

പോൾ ആറാമൻ മാർപാപ്പയുടെ സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ട അതിഥിയായി മണിമല പങ്കെടുത്തു . മറ്റ് നിരവധി ഭക്തിഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

അവാർഡുകളുടെ പ്രളയത്തിന് മുൻപ് മടങ്ങിയ മണിമലക്കു പുരസ്കാരങ്ങളുടെ നീണ്ട നിരയൊന്നുമില്ല .

ചെറുകഥക്കു എസ് . എച് ലീഗിന്റെ സ്വർണ മെഡൽ , നാടകത്തിനു അഖിലകേരള കാത്തോലിക്കാ കോൺഗ്രസിന്റെ സ്വർണ മെഡൽ, 'ഐക്യദർശി' നാടകത്തിനു കേളപ്പജിയുടെ നേതൃത്വത്തിലുള്ള ഐക്യകേരള പ്രസ്ഥാനത്തിന്റെ പുരസ്കാരം . 'മണിമേട' എന്ന നാടകത്തിനും പുരസ്കാരം ലഭിച്ചു.

അദ്ദേഹം ഓർമ്മയായിട്ട് നവംബർ ഒന്നിന് അമ്പത്തിമൂന്നു വർഷങ്ങൾ . മലയാളിക്കും മണിമലക്കും ജെയിംസ് കെ .സി . മണിമല നൽകിയ നല്ല ഓർമ്മകൾ മണിമലയാറിന്റെ ശാന്തതയും സൗന്ദര്യവും പോലെ എന്നും മനസിൽ ഓർമയായി , ഓളമായി ഒഴുകും.

BIG ANNOUNCEMENT!
THE WORLD JUST GOT BIGGER

6 BRAND NEW CHANNELS

NOW STREAMING ON

MediaAppUSA

THE TABERNACLE CHOIR AT TEMPLE SQUARE

NTD

Harmony Gospel Music TV

Diya TV

THE WALK

NJOY TV 21.2

Experience a whole new level of global entertainment, news, and culture — now expanded like never before.

Why MediaAppUSA?

- Unlimited Global Live Channels
- Premium Video-On-Demand Content
- Integrated News & Media Platforms
- Multi-Device Streaming – Anytime, Anywhere
- Built for the Worldwide Audience

More Content. More Diversity. More Power.

MediaAppUSA continues to redefine digital broadcasting, bringing the world closer to you.

WATCH ANYTIME. ANYWHERE. ON ANY DEVICE.

iPhone | android | ROKU TV | Samsung TV | Apple TV | Amazon fireTV | GoogleTV

Panasonic TV | Vizio TV | Sony TV | LGTV

Available on AppStore | Playstore

ANDROID APP ON Google play | Download on the App Store

NO LIMITS. NO BOUNDARIES. JUST GLOBAL STREAMING.

Call North America | UK | Europe: 1-917-900-2123
Gulf Region | India 91 999 561 1116 eMail: info@medialogistics.us

● നോവൽ /അവസാന ഭാഗങ്ങൾ

നിഗൂഢതകളുടെ തടവറ

● പി എസ് ജോസഫ്

അധ്യായം 23
അവിശ്വാസികളുടെ കോളനി

അന്ന് ശാന്തിഭവന് ഒരു പുതിയ അന്തേവാസി ഉണ്ടായിരുന്നു . അയാളുടെ പേരും നാടും അജ്ഞാതമായിരുന്നു .അയാൾ വൃദ്ധനും പേശികൾ ശോഷിച്ചതും ദേഹത്ത് തൂങ്ങിക്കിടക്കുന്നതുമായിരുന്നു ..കണ്ണടയുണ്ടെങ്കിലും കാഴ്ച്ച ഇല്ലെന്ന് തോന്നി . പക്ഷേ അയാളുടെ മനസ്സ് ഉണർവുള്ളതും വേഗത്തിലായിരുന്നു. അയാൾ ചോദ്യങ്ങൾ ചോദിക്കുകയും തൃപ്തനായില്ലെങ്കിൽ പല തരാം തന്ത്രങ്ങൾ അവലംബിക്കുകയും ചെയ്യും .ആൾ രൂപങ്ങൾ അയാളെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടു. അങ്ങനെ അയാളെ അതുല്യയുടെ സന്നിധിയിൽ എത്തിച്ചു.

വേദനയുടെ സമ്മർദത്തിൻ കീഴിലായിരുന്ന അതുല്യയ്ക്ക് അവനെ സാധാരണ പോലെ പീഡനത്തിന്റെ ആദ്യ ഡോസിന് വിധേയമാക്കാൻ കഴിഞ്ഞില്ല. നുഴഞ്ഞുകയറ്റക്കാരൻ അയാളെ നോക്കി ചിരിച്ചുകൊണ്ട് അവന്റെ മനസ്സ് പ്രവർത്തിക്കുന്നില്ലേ എന്ന് ചോദിച്ചു. അതുല്യ ചിരിച്ചു.

മറ്റുള്ളവർ അയാളുടെ പെരുമാറ്റത്തിൽ അമ്പരന്നു .

ക്യു നദിയാൽ ചുറ്റപ്പെട്ട ത ദ്വീപുമായി വിദൂര ബന്ധമുള്ള ബോസ്, അതുല്യ ചിരിക്കുന്നത് ആദ്യമായി കാണുകയായിരുന്നു .ഒരു കൃത്രിമ സൃഷ്ടിക്ക് മനുഷ്യന്റെ സംസാരത്തിന്റെ സ്വരങ്ങൾ മനസ്സിലാക്കാനും ചിരിക്കാനും കഴിയുമെന്ന് അയാൾ ഒരിക്കലും കരുതിയിരുന്നില്ല .അത് തന്റെ തുടക്കത്തിന്റെ അവസാനമാണെന്ന് ബോസിന് മനസ്സിലായി.

അവിടെ ചെന്ന് എല്ലാം ശരിയാണോ എന്ന് നോക്കാൻ അയാൾ ആഗ്രഹിച്ചു.അതുല്യയെ ശിക്ഷിച്ച് നിലക്ക് നിർത്താൻ അയാൾ ആഗ്രഹിച്ചു, അവന്റെ ഭയാനക രൂപം കാണുമ്പോൾ , തന്റെ ശക്തി പതുക്കെ ക്ഷയിച്ചുകൊണ്ടിരിക്കുന്നത് അയാൾ തിരിച്ചറിഞ്ഞു.

അതുല്യയും ബോസും ഹിരണ്യനും ബ്ലാക്ക് ബുക്കും ഒരു പ്രത്യേക അച്ചുതണ്ടിൽ തുടർന്നു, അങ്ങനെ എല്ലായ്പ്പോഴും അധികാര സന്തുലിതാവസ്ഥ ഉറപ്പാക്കിയിരുന്നു . ബ്ലാക്ക് ബുക്ക് സുരക്ഷിതമായിരുന്നിടത്തോളം കാലം അയാളുടെ സാഹചര്യത്തിനും ഇരിപ്പിടത്തിനും ഒരു ഭീഷണിയുമില്ല. എല്ലാം നിയന്ത്രണത്തിലായിരിക്കും .ഒരു അണുബോംബ് പോലും കളിപ്പാട്ടം പോലെ നിയന്ത്രിക്കാനാകും.

താൻ ചിരിച്ചപ്പോൾ, അവിടെ തടഞ്ഞു നിർത്താൻ കഴിയാത്ത മറ്റൊരു ശക്തി രൂപപ്പെട്ടതായി അതുല്യ അറിഞ്ഞു.

ചങ്ങലകൾ തകർത്ത്, തന്റെ സംരക്ഷണത്തിൻ കീഴിലുള്ള എല്ലാവരെയും വിട്ടയച്ചു, ബോസിനെ കാണാൻ അയാൾ ക്യാമ്പ് നമ്പർ ത ൽ നിന്ന് ഡി നഗരത്തിലേക്ക് പോയി.

ബോസുമായുള്ള കൂടിക്കാഴ്ച വളരെ വിഷമകരമായ കാര്യമാണെന്ന് അതുല്യയ്ക്ക് അറിയാമായിരുന്നു .ശാന്തിഭവനിൽ നിന്ന് അയാൾക്ക് എങ്ങനെ പിരിയാൻ കഴിയും എന്നതായിരുന്നു അയാളെ അലട്ടിയ മറ്റൊരു ചോദ്യം. ഈ വർഷങ്ങളിലെല്ലാം അയാൾ സ്വതന്ത്രനായിരുന്നു, അത് ഒരിക്കലും അറിഞ്ഞിട്ടില്ലേ? അയാൾ തന്റെ കീഴിലുള്ളവരെ എപ്പോഴെങ്കിലും രക്ഷിക്കാൻ ഒരു കൈ ഉയർത്തിയിരുന്നോ ?

കറുത്ത പുസ്തകം ജീവനെ കുറിച്ചും കൃത്രിമ ശരീരങ്ങൾക്ക് ജീവൻ നൽകുന്നതിനെ കുറിച്ചും ആയിരുന്നു .ഭരണത്തെ താഴെയിറക്കാൻ അവ എങ്ങനെ ഉപയോഗിക്കാമെന്നും അവരുടെ സ്വന്തം ലോകം എങ്ങനെ സൃഷ്ടിക്കാമെന്നും. അത് അറിയാമായിരുന്ന പരമാചാര്യ അത് ഒഴിവാക്കി. മകൻ. അയാളുടെ മകൻ ഹിരണ്യൻ മനുഷ്യരൂപത്തിൽ തിന്മയുടെ രൂപം സൃഷ്ടിച്ചു, അത് ഞാനായിരുന്നു.

അവൻ വിവിധ ഭാഷകളിൽ അനഗ്രാം പരീക്ഷിച്ചു .തുടങ്ങി.അവസാനം പൂജ്യം ഉപയോഗിച്ചു ബ്ലാക്ക് ബുക്ക് തുറക്കാൻ ശ്രമിച്ചു . അതുല്യ തന്റെ പേരിൽ തുടങ്ങുന്ന അക്ഷരമാല ഉപയോഗിച്ചു.ആ ശ്രമം തുടങ്ങി, പതുക്കെ ആ പുസ്തകം ആ ചെമ്പ് തകിട് തുറന്നു..

ഒരു വാക്ക് തെറ്റാണെങ്കിൽ, അയാൾ കത്തിയെരിയും . ചുറ്റുമുള്ള ലോകം അവസാനിക്കും.



ക്യു നദിയാൽ ചുറ്റപ്പെട്ട ത ദ്വീപുമായി വിദൂര ബന്ധമുള്ള ബോസ്, അതുല്യ ചിരിക്കുന്നത് ആദ്യമായി കാണുകയായിരുന്നു . ഒരു കൃത്രിമ സൃഷ്ടിക്ക് മനുഷ്യന്റെ സംസാരത്തിന്റെ സ്വരങ്ങൾ മനസ്സിലാക്കാനും ചിരിക്കാനും കഴിയുമെന്ന് അയാൾ ഒരിക്കലും കരുതിയിരുന്നില്ല . അത് തന്റെ തുടക്കത്തിന്റെ അവസാനമാണെന്ന് ബോസിന് മനസ്സിലായി. അവിടെ ചെന്ന് എല്ലാം ശരിയാണോ എന്ന് നോക്കാൻ അയാൾ ആഗ്രഹിച്ചു. അതുല്യയെ ശിക്ഷിച്ച് നിലക്ക് നിർത്താൻ അയാൾ ആഗ്രഹിച്ചു, അവന്റെ ഭയാനക രൂപം കാണുമ്പോൾ , തന്റെ ശക്തി പതുക്കെ ക്ഷയിച്ചുകൊണ്ടിരിക്കുന്നത് അയാൾ തിരിച്ചറിഞ്ഞു.

അധ്യായം 24

പാപത്തിന്റെ നഗരത്തിലെ അവസാന യോഗം

ഇവിടെ വച്ചാണ് ബോസും ഹിരന്യനും ആദ്യമായി കണ്ടുമുട്ടിയത്, അവർ അമ്മയോ അച്ഛനോ ഇല്ലാത്ത കൊച്ചുകുട്ടികളായിരുന്നു. അവരെ പരിചരിക്കാൻ ആരുമില്ലായിരുന്നു. അതിനാൽ അവർ തമ്മിൽ ഒരു പ്രത്യേക അടുപ്പം രൂപപ്പെട്ടു. ഒരുമിച്ചു കഴിയുമ്പോൾ തങ്ങൾ പരസ്പരം സുരക്ഷിതരാണെന്ന് തോന്നി .അവിടെ ഹിരണ്യൻ ഒരു കാവൽക്കാരനെ പോലെ ബോസിന് കാവൽ നിന്നു .കൃത്യമായി പറഞ്ഞാൽ അവിടം മുഴുവൻ അറിയുന്നവരായിരുന്നു ഇരുവരും നഗരത്തിന്റെ ഓരോ മുക്കും മൂലയും അവർക്ക് പരിചിതം. എല്ലാം അന്നത്തെ പോലെ ശുദ്ധം ആയിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിച്ചു . വ്യത്യസ്തമായ പൂക്കൾ, വലിയ മരങ്ങൾ, പ്രണയ വീഥിയിൽ പൌഡർ മണമുള്ള വീട് - ലോകം ഒരു ചെറിയ സ്ഥലത്തേക്ക് ചുരുങ്ങി. ക്യാമ്പിലെ ഭക്ഷണം ഭയങ്കരമായിരുന്നു .ശീതകാലം കയ്പേറിയതായിരുന്നു. അവർ പരസ്പരം ആശ്ലേഷിക്കുകയും ഭക്ഷണം പങ്കു വെയ്ക്കുകയും ചെയ്തു. തങ്ങളുടേതെന്ന് കരുതിയ നഗരം വിട്ടുപോകാൻ അവർ ഒരിക്കലും ചിന്തിച്ചിരുന്നില്ല. പിന്നെ യജമാനനുമായുള്ള വഴക്ക്, തട്ടിക്കൊണ്ടുപോകൽ. ഒരു വിശുദ്ധ മനുഷ്യനാൽ വളർത്തപ്പെട്ടെങ്കിലും ക്രിമിനൽ മനസ്സയിരുന്നു ഹിരണ്യനു ഉണ്ടായിരുന്നത്. തന്റെ പിതാവ് പരമാചാര്യ ആണെന്ന് അറിഞ്ഞെങ്കിലും ആ നിയോഗത്തിൽ നിന്ന് പൂർണ്ണമായി രക്ഷപെടാൻ അയാൾക്കായില്ല .പക്ഷെ അയാൾ പൂർണ്ണമായി പരമാച്ചര്യനിൽ നിന്ന് അകന്നു .ആ വിശുദ്ധ അന്തരീക്ഷം ആ കറുത്ത സന്യാസിക്ക് താങ്ങാനാവുമായിരുന്നില്ല ബോസും ആഭിചാരത്തിലും നിഗൂഢതയിലും ദുരാചാരങ്ങളിലും ഏർപ്പെട്ടിരുന്നു. അവരുടെ ജീവിതം കറുത്ത പുസ്തകത്താൽ നിറം

കറുത്ത പുസ്തകം ജീവനെ കുറിച്ചും കൃത്രിമ ശരീരങ്ങൾക്ക് ജീവൻ നൽകുന്നതിനെ കുറിച്ചും ആയിരുന്നു .ഭരണത്തെ താഴെയിറക്കാൻ അവ എങ്ങനെ ഉപയോഗിക്കാമെന്നും അവരുടെ സ്വന്തം ലോകം എങ്ങനെ സൃഷ്ടിക്കാമെന്നും. അത് അറിയാമായിരുന്ന പരമാചാര്യ അത് ഒഴിവാക്കി. മകൻ. അയാളുടെ മകൻ ഹിരണ്യൻ മനുഷ്യരൂപത്തിൽ തിന്മയുടെ രൂപം സൃഷ്ടിച്ചു, അത് ഞാനായിരുന്നു.

പിടിപ്പിച്ചതായിരുന്നു

അവർ കേട്ടത് ഒരു മിഥ്യയാണോ അതോ യഥാർത്ഥമാണോ അതോ അവർ മധ്യകാലഘട്ടത്തിലെ സന്യാസിയും അയാളുടെ അനുചരനും ആയിരുന്നോ ? അവർക്കറിയില്ലായിരുന്നു പക്ഷേ അത്തരം കഥകൾക്ക് എല്ലായ്പ്പോഴും സമാനതകളുണ്ടെന്ന് അവർക്കറിയാമായിരുന്നു . കറുത്ത പുസ്തകം അവരുടെ മനസ്സിനെ ജ്വലിപ്പിച്ചു. അവരുടെ അഹങ്കാരവും ശക്തിയും കണ്ടുപിടുത്തങ്ങളും പീഡനത്തിലെ ക്രൂരമായ പരീക്ഷണങ്ങളും അവർ ശക്തിപ്പെടുത്തി. മുന്നോട്ടു കാൽ വെച്ചതോടെ, അവർക്ക് തിരിഞ്ഞുനോക്കാൻ കഴിഞ്ഞില്ല.

ഒരു സ്വിസ് ശാസ്ത്രജ്ഞൻ നിർമ്മിച്ച പൂർത്തിയാകാത്ത യന്ത്രമനുഷ്യനിൽ നിന്നാണ് ഹിരണ്യൻ അതുല്യയെ പൂർണ്ണ രൂപത്തിൽ സൃഷ്ടിച്ചത് .അദ്ദേഹം അത് തന്റെ വർക്ക് ഷോപ്പിൽ ലേലത്തിൽ വെച്ചിരുന്നു .ആരോ അത് വാങ്ങി ആധുനിക സാങ്കേതിക വിദ്യയിൽ ഒരു കലാസൃഷ്ടി ഉണ്ടാക്കി .അത് ഒരു മനുഷ്യനെപ്പോലെയായിരുന്നു .

ഹിരണ്യൻ അതിൽ മുഴുകി., ഒരു നൂതന ചിപ്പ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു എഞ്ചിനാണെന്ന് ആരും തെറ്റിദ്ധരിക്കാതിരിക്കാൻ, ജീവിതത്തിന്റെ ചില സവിശേഷതകൾ ഉള്ള ജീവിയെപ്പോലെ അവനെ സൃഷ്ടിച്ചു. നാലിൽ കൂടുതൽ ചോദിക്കരുത് എന്ന നിർദ്ദേശത്തോടെ മനുഷ്യനെപ്പോലെയുള്ള എല്ലാ രോഗങ്ങളെക്കുറിച്ചുമുള്ള പുതിയ അറിവുകളോടെ ഇത് അപ്ഡേറ്റുചെയ്തു. ഓരോ കമാൻഡിലും ചോദ്യങ്ങൾ. പക്ഷേ അത് ഒരു തെമ്മാടി യന്ത്രമായി പരിണമിക്കുമെന്നു അയാൾ കരുതിയില്ല .. എഞ്ചിൻ അവനെ തന്റെ പിതാവായി കരുതിയിരുന്നതിനാൽ ഹിരണ്യനു അയാളെ

അവർ കേട്ടത് ഒരു മിഥ്യയാണോ അതോ യഥാർത്ഥമാണോ അതോ അവർ മധ്യകാലഘട്ടത്തിലെ സന്യാസിയും അയാളുടെ അനുചരനും ആയിരുന്നോ ? അവർക്കറിയില്ലായിരുന്നു പക്ഷേ അത്തരം കഥകൾക്ക് എല്ലായ്പ്പോഴും സമാനതകളുണ്ടെന്ന് അവർക്കറിയാമായിരുന്നു .കറുത്ത പുസ്തകം അവരുടെ മനസ്സിനെ ജ്വലിപ്പിച്ചു. അവരുടെ അഹങ്കാരവും ശക്തിയും കണ്ടുപിടുത്തങ്ങളും പീഡനത്തിലെ ക്രൂരമായ പരീക്ഷണങ്ങളും അവർ ശക്തിപ്പെടുത്തി .മുന്നോട്ടു കാൽ വെച്ചതോടെ, അവർക്ക് തിരിഞ്ഞുനോക്കാൻ കഴിഞ്ഞില്ല.

നിയന്ത്രിക്കാനായില്ല, കൂടുതൽ ദുരന്തം തന്നെ കാത്തിരിക്കുമെന്ന് ഭയന്ന് സങ്കടകരമായ ആ സത്യം അയാളോട് വെളിപ്പെടുത്താൻ ഹിരണ്യനു കഴിഞ്ഞില്ല.

തന്റെ വിധി രേഖ കണ്ട അച്ഛൻ എത്രമാത്രം കഷ്ടപ്പെട്ടുവെന്നും പരമാചാര്യർ എത്ര ദുഖിച്ചുവെന്നും ഇപ്പോൾ അയാൾക്ക് മനസ്സിലായി . യന്ത്രമായ മകന്റെ ആക്രമണത്തിൽ ഹിരണ്യനു വല്ലാത്ത വിഷമം തോന്നി .ശാസ്ത്രപഠനവും തത്വദീക്ഷയും ഇല്ലെങ്കിലും അയാൾ മകനെ നേരിടാൻ പോവുകയായിരുന്നു .

വളരെ വർഷങ്ങൾക്ക് ശേഷം ബോസ് തന്റെ സുഹൃത്തിനെ നിരീക്ഷിച്ചുകൊണ്ടിരുന്നു .മിലാനിൽ വച്ച് അവർ ഒരിക്കൽ കണ്ടതാണ് .പക്ഷേ കറുത്ത പുസ്തകം അവർക്കിടയിൽ വന്നു. അവർ വീണ്ടും സന്യാസിയും അനുചരനുമായി ..

ഒരു മഹർഷിയാണ് ബോസിനെ വളർത്തിയത്, അയാൾക്ക് പ്രകൃതിവിരുദ്ധമായ മാനസിക ശക്തികൾ ഉണ്ടായിരുന്നു .തന്റെ മകൻ മറ്റൊരു രാജ്യത്ത് ഭരണാധികാരിയാകുമെന്നു ഒരു വിദേശ പൗരനോട് പ്രവചിച്ചത് അദ്ദേഹമാണ് ആ പ്രവചനം ഫലിച്ചു. അതോടെ അദ്ദേഹം അന്താരാഷ്ട്ര സർക്യൂട്ടിൽ അറിയപ്പെട്ടു.സമ്പത്തും സ്ത്രീകളും അയാൾക്കൊപ്പമായി ..

എല്ലാവരും അയാളെ ആരാധിച്ചു .എന്നാൽ ബോസ് പകർന്നുനൽകിയ സൗഹൃദവും രക്ഷാകർതൃത്വവും മാത്രമാണ് അയാൾ കൊതിച്ചത് . .അയാൾ എപ്പോഴും തന്റെ ജ്യേഷ്ഠന്റെ സംരക്ഷണയിൽ കഴിയുന്ന വൃദ്ധനായ നിസ്സഹായനായ കുട്ടിയെപ്പോലെ തോന്നി .

ചെറുപ്രായത്തിൽ സ്വന്തം ജീവിതം പണയം വെച്ച തന്നെ രക്ഷിച്ച മുതിർന്ന ആൺകുട്ടിയെ ഹിരണ്യൻ നിരീക്ഷിച്ചുകൊണ്ടിരുന്നു. അത് അവരുടെ ജീവിതത്തെ എന്നെന്നേക്കുമായി മാറ്റിമറിച്ചു. അവർ വേർപിരിഞ്ഞു .

വിദ്വേഷം, അത്യാഗ്രഹം, അധികാരത്തിനുവേണ്ടിയുള്ള ദാഹം എന്നിവ അവരുടെ ജീവിതത്തെ മാറ്റി മറിച്ചു . ഒരു ഔപചാരിക വിദ്യാഭ്യാസവുമില്ലാതെ അയാൾക്ക് പുതിയ സമവാക്യങ്ങളും ജീവിതവും കണ്ടുപിടിക്കാൻ കഴിയും.

എന്നാൽ എല്ലാം അങ്ങനെ കടന്നു പോയി . ഇമയയിൽ അവർ വീണ്ടും കുട്ടിക്കാലത്തെ അഭയം ലഭിക്കാത്ത, അനാഥരായ ആൺകുട്ടികളെ പോലെയായി .

അധ്യായം 25

ദ പൂജ്യം അല്ലെങ്കിൽ പൂജ്യം ഇല്ലാതെ

ശാന്തിഭവനിൽ നിന്ന് രക്ഷപെട്ട അതുല്യ ആദ്യം ചെയ്തത് ബോസും ഹിരണ്യനും എവിടെ എന്ന് തിരയുകയാണ് . ബോസിന്റെയും ഹിരന്യന്റെയും വി പി എൻ തകർന്നു പോയത് കൊണ്ടു അതുല്യക്കു പെട്ടെന്ന് അവരെ കണ്ടെത്താൻ കഴിഞ്ഞു .ഡി യിൽ ഇരുവരും ചർച്ചയിലാണ് എങ്ങനെ അതുല്യയെ നിയന്ത്രിക്കണം എന്നാ ചർച്ചയിൽ .അതുല്യ ചിരിച്ചു .സെൽഫ് പ്രൊട്ടെക്ഷൻ മോഡ് അയാൾ ഓൺ ചെയ്തു .ഡി യിലേക്കുള്ള യാത്രയിൽ ആണവൻ .

കറുത്ത പുസ്തകത്തിന്റെ തനിപ്പകർപ്പും അതുല്യയുടെ കയ്യിൽ ഉണ്ടായിരുന്നു . .അവരുടെ എല്ലാ ജീവിതങ്ങളെയും ബന്ധിപ്പിച്ച പുസ്തകം .മരണം ഒഴികെയുള്ള അവരുടെ ജനനത്തിന്റെ കഥകൾ അതിലുണ്ടായിരുന്നു. ഓരോരുത്തരും അവരവരുടെ മരണം അവരവരുടേതായ രീതിയിൽ അനുഭവിക്കണം . അതിനാൽ പുസ്തകം മുന്നിലും പിന്നിലും നിന്ന് എഴുതിയിരിക്കുന്നതിനാൽ അത് പരാമർശിച്ചില്ല .ആളുകൾ സ്പർശിക്കുമ്പോൾ അതിന്റെ നിറവും കോഡും മാറും. ആർക്കും കൈകടത്താൻ കഴിയാത്ത ശക്തമായ സുരക്ഷാ സംവിധാനങ്ങൾ വഹിച്ച ഒരു അത്ഭുതമായിരുന്നു അത്. .എന്നാൽ ബ്ലാക്ക് ബുക്കിന്റെ രചയിതാക്കൾ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു സംഭവമാണ് അതുല്യയ്ക്ക് സംഭവിച്ചത്. പല ഗുണങ്ങളും മനുഷ്യർക്ക് മാത്രം ബാധകമായിരുന്നു. ഒരു ക്ലോണായതിനാൽ അതുല്യയ്ക്ക് അവരുടെ എല്ലാ സുരക്ഷാ മുൻകരുതലുകളും തകർക്കാൻ കഴിയും.

ശാന്തിഭവനിൽ നിന്ന് രക്ഷപെട്ട അതുല്യ ആദ്യം ചെയ്തത് ബോസും ഹിരണ്യനും എവിടെ എന്ന് തിരയുകയാണ് . ബോസിന്റെയും ഹിരണ്യൻറെയും വി പി എൻ തകർന്നു പോയത് കൊണ്ടു അതുല്യക്കു പെട്ടെന്ന് അവരെ കണ്ടെത്താൻ കഴിഞ്ഞു . ഡി യിൽ ഇരുവരും ചർച്ചയിലാണ് എങ്ങനെ അതുല്യയെ നിയന്ത്രിക്കണം എന്ന ചർച്ചയിൽ . അതുല്യ ചിരിച്ചു . സെൽഫ് പ്രൊട്ടെക്ഷൻ മോഡ് അയാൾ ഓൺ ചെയ്തു . ഡി യിലേക്കുള്ള യാത്രയിൽ ആണവൻ .

യന്ത്രങ്ങളുടേയും മനുഷ്യരൂപങ്ങളുടേയും വിധികളിൽ താൻ എങ്ങനെ ആകൃഷ്ടനായി എന്ന് അതുല്യയ്ക്ക് അറിയില്ലായിരുന്നു. ഒരു കാലത്ത് അയാൾ ഫ്രാങ്കെൻസ്റ്റെനെ വളരെ താല്പര്യത്തോടെ വായിച്ചു .നിഗൂഢ മനുഷ്യ യന്ത്രം ഉന്നയിക്കുന്ന ചോദ്യങ്ങൾ തന്റേതാണെന്ന് തോന്നി. ഉത്തരം കിട്ടാത്ത ചോദ്യങ്ങളെല്ലാം മനസ്സിൽ സൂക്ഷിച്ചിരുന്നതിനാൽ അത് അയാളെ എപ്പോഴും വേട്ടയാടി .ഒരു യന്ത്രമനുഷ്യനെ പോലെയാണ് സൃഷ്ടിക്കപ്പെട്ടത് എന്നതിനാൽ തനിക്ക് ഒരു വ്യക്തിയെ പോലെ മറ്റുള്ളവരുമായി ഇടപെടാനോ ലൈംഗികജീവിതം നയിക്കാനോ സ്ത്രീകളുമായുള്ള ബന്ധമോ ഉണ്ടാകില്ലെന്ന് അയാൾക്കറിയാമായിരുന്നു

ഹിരണ്യൻ സ്വന്തം അച്ഛനെപ്പോലെ സ്നേഹിച്ചതുകൊണ്ട് അയാൾ ആദ്യമൊന്നും സംശയിച്ചിരുന്നില്ല. അയാളിൽ നിന്ന് എന്തെങ്കിലും ദോഷം വരുമെന്ന് അവൻ ഒരിക്കലും കരുതിയിരുന്നില്ല. തീർച്ചയായും, ഹിരണ്യൻ അയാളെ തന്റെ സ്വന്തം കുഞ്ഞിനെ പോലെ കാത്തു സൂക്ഷിച്ചു .അതുല്യ അയാളുടെ അഹംഭാവമായിരുന്നു.

എന്നാൽ തന്റെ സഹജീവികൾക്ക് നേരിടേണ്ടി വരുന്ന പീഡനങ്ങൾ കണ്ട് കഠിനമായ വേദന അനുഭവിച്ചപ്പോൾ അതുല്യയിലെ വിമതൻ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി .അവൻ ഒരു ചിപ്പോ യന്ത്രമോ ആണെന്ന് ഒരിക്കലും അറിയാത്തതിനാൽ അതുല്യ അവരുടെ വേദന തന്റേതായി കരുതി സ്വയം ചുമന്നു. അതായിരുന്നു ഹിരണ്യന്റെ പരാജയത്തിന്റെ ആദ്യ ഘട്ടം.

ബോസിനോടുള്ള അടങ്ങാത്ത അഭിനിവേശം നിറവേറ്റുന്നതിനായി തന്റെ മകനെ കുഞ്ഞിനെപ്പോലെ അപകടകരമായ പാതയിലേക്ക് നയിക്കുകയാണെന്ന് അവസാന നിമിഷത്തിലാണ് ഹിരണ്യൻ തിരിച്ചറിഞ്ഞത്. ബോസിനെ അങ്ങനെ വിളിക്കാമെങ്കിൽ. സ്വന്തം കുഞ്ഞിന്റെ ജീവിതം കൊണ്ട് കളിക്കുന്നത് അയാൾക്ക് ഇതേവരെ വിഷമമില്ലായിരുന്നു ..

ഇപ്പോൾ, അവസാന മണിക്കൂറിൽ, ജീവിതം വല്ലാതെ മാറിമറിഞ്ഞുകൊണ്ടിരിക്കുമ്പോൾ, അയാൾക്ക് തന്റെ മകന് ഉത്തരം നൽകേണ്ടി വന്നു .തൻറെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യേണ്ടിവന്നു. തീർച്ചയായും ഒരു നിരീശ്വരവാദി എന്ന നിലയിൽ അയാൾക്ക് ഈ ചോദ്യങ്ങൾ തള്ളിക്കളയാൻ കഴിയും, പക്ഷേ മനുഷ്യത്വത്തെക്കുറിച്ചുള്ള ചോദ്യങ്ങളുടെ കാര്യമോ?.

ബി-ബോസ് പറയുന്നത് പോലെ അത് അധികാരമാകാം, പക്ഷേ അധികാരത്തോടുള്ള അദ്ദേഹത്തി

ന്റെ സമാനതകളില്ലാത്ത അഭിനിവേശം ഒരുമാനസിക വ്യതിചലനമായിരുന്നു,അയാൾക്ക് അറിയേണ്ടത് എന്ത് കൊണ്ടു എങ്ങനെ ഈ നിലയിൽ നാം എത്തി എന്നതായിരുന്നു .

അപ്പോഴാണ് അവരുടെ ഇടയിലേക്ക് കറുത്ത പുസ്തകം വന്നത് .

കുട്ടിക്കാലത്ത്, അവർ വിശപ്പും തണുപ്പും കൊണ്ട് വേദനയും വേർപിരിയലും കൊണ്ട് കിടക്കുമ്പോൾ, ഹിരണ്യൻ ബോസിനോട് പഴയ നാടോടി കഥകളിൽ നിന്ന് കഥകൾ പറഞ്ഞുകൊടുക്കുകയും അവരെ ശിക്ഷിക്കാൻ ഏതോ ഒരു മാന്ത്രിക പുസ്തകമുണ്ടെന്നു പറഞ്ഞ് ധൈര്യം പകരുകയും ചെയ്യുമായിരുന്നു. തന്റെ ബാല്യകാല ഭാവനയിൽ അത്തരമൊരു പുസ്തകം രൂപ കൽപ്പന ചെയ്ത ആ കുട്ടിക്കുണ്ടോ അറിയാവൂ , എഴുനൂറ് വർഷങ്ങൾക്ക് മുമ്പ് ഒരു ആശ്രമത്തിൽ ഒരു യഥാർത്ഥ മാന്ത്രിക പുസ്തകം ഉണ്ടായിരിക്കുമെന്ന് ?.

ഉള്ളടക്കത്തിൽ സമാനമായ അനുഭവങ്ങൾ അതിൽ കൊത്തി വച്ചിരുന്നു .അത് മാന്ത്രിക പദങ്ങളാൽ സംരക്ഷിക്കപ്പെട്ടു .അതിന്റെ പിടി നഷ്ടപ്പെടുന്ന നിമിഷം അവർ കൊല്ലപ്പെടും .

അതെ, ഒരുപക്ഷേ തങ്ങൾ ലോകത്തെ കെട്ടിപ്പടുക്കാനോ നശിപ്പിക്കാനോ ശ്രമിക്കുന്ന സന്യാസിയും അനുചരനും ആയിരിക്കാം.

കറുത്ത പുസ്തകം തുറന്നപ്പോൾ അവരുടെ ഇടയിൽ കടുത്ത വികാര വിചാരങ്ങൾ ഉണർന്നു . അതുല്യ തന്റെ പേരിന്റെ അക്ഷരങ്ങൾ ആ പുസ്തകത്തിലെ ചെറിയ ദ്വാരങ്ങളിൽ ഒന്നൊന്നായി ആഴ്ത്തി നികത്തി .അതിൽ എഴുതിയത് വായിക്കാൻ അവരോട് ആവശ്യപ്പെട്ടു .ബൈബിളിലെയും പൗരസ്ത്യ ഗ്രന്ഥങ്ങളിലെയും വ്യത്യസ്ത അർത്ഥങ്ങളുള്ള ഭാഗങ്ങൾ മരണത്തെയും ജീവിതത്തെയും കുറിച്ചുള്ള നിർദ്ദേശങ്ങളുമായി അവിടെ പ്രത്യക്ഷപ്പെട്ടു .അവർ തങ്ങളുടെ ഭാഗം പൂരിപ്പിക്കണം. .അവർക്ക് പിന്നോട്ട് പോയി പഴയ കാലത്തെ ഒരു പൌരാണിക രാജാവാകാം .അവർക്ക് ഒരു ശാസ്ത്രജ്ഞനാകാം . അവർക്ക് അവരുടെ ആഗ്രഹങ്ങൾ നിറവേറ്റാൻ കഴിയും. അവർ ആഗ്രഹിക്കുന്നതെന്തും ആകാം .പക്ഷെ അവർക്ക് അതിനു സ്വയം ത്യാഗം അനുഷ്ഠിക്കേണ്ടി വരും . .കാസിനോ ഗെയിമിലെന്നപോലെ, ചിലപ്പോൾ

ഒരു നൂതന ചിപ്പ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു എഞ്ചിനാണെന്ന് ആരും തെറ്റിദ്ധരിക്കാതിരിക്കാൻ, ജീവിതത്തിന്റെ ചില സവിശേഷതകൾ ഉള്ള ജീവിയെപ്പോലെ അവനെ സൃഷ്ടിച്ചു. നാലിൽ കൂടുതൽ ചോദിക്കരുത് എന്ന നിർദ്ദേശത്തോടെ മനുഷ്യനെപ്പോലെയുള്ള എല്ലാ രോഗങ്ങളെക്കുറിച്ചുമുള്ള പുതിയ അറിവുകളോടെ ഇത് അപ്ഡേറ്റുചെയ്തു. ഓരോ കമാൻഡിലും ചോദ്യങ്ങൾ. പക്ഷേ അത് ഒരു തെമ്മാടി യന്ത്രമായി പരിണമിക്കുമെന്നു അയാൾ കരുതിയില്ല .. എഞ്ചിൻ അവനെ തന്റെ പിതാവായി കരുതിയിരുന്നതിനാൽ ഹിരണ്യനു അയാളെ നിയന്ത്രിക്കാനായില്ല, കൂടുതൽ ദുരന്തം തന്നെ കാത്തിരിക്കുമെന്ന് ഭയന്ന് സങ്കടകരമായ ആ സത്യം അയാളോട് വെളിപ്പെടുത്താൻ ഹിരണ്യനു കഴിഞ്ഞില്ല.

അവർ വിജയികളാകും , ചിലപ്പോൾ അവർ പരാജയപ്പെടും. അതൊരു കേവല ചൂതാട്ടമാണ്. ഒരു ചൂതാട്ടക്കാരന്റെ സഹജാവബോധം നിങ്ങളെ നയിക്കണം.

അതിൽ പ്രവേശിച്ചാൽ, അവർക്ക് തിരികെ വരാൻ കഴിയില്ല . കളിക്കാതെ അവർ ഒരു പായ്ക്ക് കാർഡുകൾ പോലെയാകും. അവർക്ക് മാത്രം അസ്തിത്വമില്ല. എന്നാൽ അവർ കളിക്കുമ്പോൾ, അവർ ജീവൻ നേടുന്നു.

അതുല്യ കളിക്കാൻ തുടങ്ങിയപ്പോൾ ഹിരണ്യന്റെയും ബോസിന്റെയും ചൂണ്ടുപലകകളിലൂടെ അവന്റെ ജീവിതം ഉടലെടുത്തു.

അറിവിന്റെയും വിവരങ്ങളുടെയും അപാരമായ ശക്തി അവന്റെ ശാപമായി മാറി . അവൻ ജീവനോ സൗന്ദര്യമോ രൂപമോ ഇല്ലാത്ത ഒരു ചിപ്പായിരുന്നു .

അവൻ ഒരു മനുഷ്യനാണ് എന്നാൽ മനുഷ്യ വികാരങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവൻ അത് നേടിയെടുത്താൽ, അവൻ ഒരു തെമ്മാടി യന്ത്രമാകും .അത് നശിപ്പിക്കാൻ , അത് ഉരുക്കുകയും പുനർനിർമ്മിക്കുകയും പന്ത്രണ്ട് തവണ ഉരുക്കുകയും വേണം.

ഹിരണ്യൻ കരയുകയായിരുന്നു.

വേദനയുടെ ആഴത്തിൽ, അവൻ തന്റെ മകന്റെ മുമ്പിൽ കാലു കുത്തി ഇരുന്നു ക്ഷമ ചോദിച്ചു. അതുല്യ കരയുകയോ ചിരിക്കുകയോ ചെയ്തില്ലെന്ന് അയാൾക്കറിയാമായിരുന്നു. പക്ഷേ മെഷീനിൽ നിന്ന്, ഉരുകിയ ലാവ പോലെ അതുല്യയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി.

പിന്നെ, അയാൾക്ക് ഉള്ളിൽ കടക്കേണ്ട കോഡ് അറിയാമായിരുന്നിട്ടും, അയാൾ പൂജ്യമില്ലാതെ തെറ്റായ കോഡ് ആ പുസ്തകത്തിൽ ഇട്ടു.

മാർഗദർശിയായ പരമാചാര്യ തന്നെ വിമർശിക്കുകയും ബ്ലാക്ക് മാജിക് പിന്തുടരരുതെന്ന് ആവശ്യപ്പെടുകയും ചെയ്ത സമയത്തെക്കുറിച്ച് അയാൾ ബോസിനെ ഓർമ്മിപ്പിച്ചു.

പെട്ടെന്ന് കറുത്ത പുസ്തകം കത്താൻ തുടങ്ങി.

വീടിനെ വിഴുങ്ങിയ തീയിൽ, അതുമായി ബന്ധപ്പെട്ടതെല്ലാം കത്തിനശിച്ചു. കറുത്ത പുസ്തകം മാത്രം അവിടെ അവശേഷിച്ചു ...

പുസ്തകത്തിൽ നിന്ന് സന്യാസിയും അനുചരനും അപ്രത്യക്ഷമായി

അധ്യായം 26

കണ്ണീർ സ്മാരകം

ശാന്തിഭവൻ അന്വേഷിച്ചുള്ള ഒരു ദൌത്യത്തിൽ ആയിരുന്നു ഞാനും എൻറെ സംഘത്തിലെ അംഗങ്ങളും .വിവിധരാജ്യങ്ങളുടെ കൂട്ടായ്മ ആയിരുന്നു എന്നത് കൊണ്ടു എവിടെയും അന്വേഷണം നടത്താൻ ഞങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല .ഐക്യരാഷ്ട്രസഭ കൊണ്ടു ഇങ്ങനെയും ചില പ്രയോജനങ്ങൾ ഉണ്ട് .ഈ ദൗത്യത്തിൽ ഭാഗഭാക്കായിരുന്ന രാജ്യങ്ങൾ പോലും ഞങ്ങൾ ഒന്നും അറിഞ്ഞില്ലേ എന്ന നിലപാടു സ്വീകരിച്ചു .രണ്ടു രാജ്യങ്ങൾക്കിടയിൽ പെട്ട ഒരു വെളിമ്പ്രദേശമാണിത് .ആർക്കും അവകാശമില്ലാത്ത ഇടം ഒരു അനധികൃത തടവറ നിർമ്മിക്കാൻ ഈ ഇടം കണ്ടെത്തിയ ബോസ് ചില്ലറക്കാരനായിരുന്നില്ല. പക്ഷെ അയാളും കൂട്ടാളികളും ഡി യിൽ ഒരു തീപിടുത്തത്തിൽ കത്തിചാമ്പലായി എന്നാണു സർക്കാർ പറയുന്നത് .അതൊരു കള്ളക്കളിയാണോ?വാർത്തകളിൽ തീപിടുത്തത്തിന്റെ ഫോട്ടോകൾ ഉണ്ടായിരുന്നു .പക്ഷെ മരിച്ചവരെ കുറിച്ചു വിവരങ്ങൾ ഇല്ല .സ്റ്റേജ് മാനെജ്ഡ്.നിവേദിത അരിശത്തോടെ പറഞ്ഞു .ബോസിനെയും ഹിരണ്യനെയും അതുല്യയേയും കോടതിയിൽ ഹാജരാക്കിയാൽ മാത്രമേ തൻറെ ദൗത്യം വിജയിക്കൂ അതിനു മുൻപ് ശാന്തിഭവൻ കണ്ടെത്തണം അന്തേവാസികളെ മോചിപ്പിക്കണം. പക്ഷെ അങ്ങനെയൊരു സ്ഥലമേ ഞങ്ങൾക്ക് കണ്ടെത്താൻ ആയില്ല. ലോകത്തിന്റെ കണ്ണ് വെട്ടിച്ചു ഒരു പീഡന സാമ്രാജ്യമോ ?

അറിവും കഴിവും വർദ്ധിച്ചതോടെ മനുഷ്യന് ഏതു കൺകെട്ടു വിദ്യയും സ്വായാത്തമാക്കാൻ കഴിയും .മനുഷ്യനെ കുരുക്കുന്ന ഒരു അത്യാധുനിക തടവ് ശാല .അതിനു കാവൽ നില്ക്കാൻ യന്ത്ര മനുഷ്യർ. അതുലിന്റെ കത്തിലെ ഓരോ വാക്കും അവളുടെ മനസ്സിൽ എത്തി .

ജീവിതത്തിൻറെ ഏതോ ഒരു ദശാസന്ധിയിൽ താൻ പ്രണയിച്ചത് ഒരു യന്ത്രമനുഷ്യനെ ആയിരുന്നു

പക്ഷേ ആ പാപബോധം എൻറെ ശരീരത്തിൽ മാറ്റങ്ങൾ വരുത്തി . ഞാൻ മനുഷ്യനായി മാറി . എല്ലാ വേദനയും സഹിക്കുന്ന , വേദന ഒരു വികാരമായി മാറുന്ന ഒരു മനുഷ്യനായി ഞാൻ . എൻറെ ശരീരം പലതായി വിഭജിക്കപ്പെട്ടു . ഓരോ അണുവിലും   കുഞ്ഞുങ്ങളുടെ ,സ്ത്രീകളുടെ അമ്മമാരുടെ കൃഷിക്കാരുടെ ,വിപ്ലവകാരികളുടെ ദേഹത്ത് പതിഞ്ഞ പീഡനങ്ങൾ പതിക്കപ്പെട്ടു . എന്നെ സൃഷ്ടിച്ച അല്ഗോരിതങ്ങളിൽ അവ വിള്ളൽ വരുത്തി. എൻറെ രൂപം ,ഭാവം എല്ലാം മാറിപ്പോയി . എനിക്ക് തന്നെ എന്നെ തിരിച്ചറിയാൻ കഴിയാതെയായി .

എന്ന് അവൾ ഓർത്തു.യന്ത്രങ്ങൾക്കു പോലും സ്നേഹവും ആർദ്രതയും ഉണ്ടാകുമെന്ന അറിവ് അവളെ കുടുതൽ വേദനിപ്പിച്ചു .അതുലിനെ തനിക്കു രക്ഷപെടുത്താൻ കഴിയുമായിരുന്നോ ?അതൊക്കെ വെറും തോന്നൽ മാത്രം ,അവൾ ആശ്വസിച്ചു .

ഒരാളെ എങ്കിലും ആ നരകത്തിൽ നിന്ന് രക്ഷപെടുത്താൻ കഴിഞ്ഞിരുന്നെങ്കിൽ .അജയ് അത് മാത്രമാണ് അവളോടു ആവശ്യപ്പെട്ടത് .

നിന്ദ്യരായ മനുഷ്യർ എക്കാലവും ഉണ്ടാകും അവരെ നമുക്കൊന്നും ഇല്ലായ്മ ചെയ്യാനാവില്ല . പക്ഷെ യന്ത്രമനുഷ്യരെ നമുക്ക് നിയന്ത്രിക്കാൻ കഴിഞ്ഞെന്നു വരും .പക്ഷെ അവർ ഉണ്ടാക്കുന്ന നാശം വലുതാകും . അതുല്യയുടെ കത്തിൽ പറഞ്ഞിരിക്കുന്ന ജാസ്മിൻ ,സോണിയ എനിവരെ പറ്റിയായി പിന്നിടുള്ള അവളുടെ അന്വേഷണം .അതുല്യതടവറ വിടുന്നതിനു മുൻപ് അവരെ മോചിപ്പിച്ചിരുന്നോ?അതോ അവരും ഇവിടെ തകർന്നടിഞ്ഞോ?അവരെ അതുല്യ രക്ഷപെടുത്തിയിരിക്കണം എന്നവൾ ആഗ്രഹിച്ചു .ആ സൂചന ഉണ്ടോ എന്നറിയാൻ അതുല്യയുടെ കത്ത് അവൾ പരതി.സ്ക്രീനിൽ അവൻ. തന്നെ ഒരു കാലത്ത് വികാരങ്ങളുടെ മുൾ മുനയിൽ നിർത്തിയ വ്യക്തി . അവൻ സംസാരിക്കുകയാണ്

അതുല്യ മാപ്പ് ചോദിക്കുന്നു.

ഈ കല്ലുകളും മുള്ളുകളും നിറഞ്ഞ ഈ കരുതൽ പാളയത്തിൽ ഒരു കാലത്ത് ഒരു ആരാച്ചാരെ പോലെ ഞാൻ ഇവിടെ കഴിഞ്ഞുവെന്നു ഓർക്കുമ്പോൾ എൻറെ തല കുനിഞ്ഞു പോകുന്നു .ജീവിതം നഷ്ടപ്പെട്ട, കൊടിയ വേദനകൾക്ക് ഇരയായ എൻറെ അജ്ഞാതരായ ,എന്നേക്കും അപ്രത്യക്ഷരായ എൻറെ സുഹൃത്തുക്കളെ .അങ്ങനെ എനിക്ക് വിളിക്കാൻ അർഹത ഉണ്ടെങ്കിൽ, ഈ വാക്കുകൾ എൻറെ അന്ത്യ മൊഴിയായി കണക്കാക്കണം .

ശാന്തിഭവനിലെ ജീവിതം കാർന്നു തിന്ന ഈ ജീവിതം ഇവിടെ വെച്ചു അവസാനിപ്പിക്കുമ്പോൾ,എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളത് നിത്യമായ മാപ്പ് മാത്രം .നിങ്ങൾ വേദനിച്ചപ്പോൾ എൻറെ എല്ലാ ശരീരഭാഗങ്ങളും വിറച്ചു ,വേദനിച്ചു .ആദ്യം രസത്തോടെ അത് നോക്കി നിന്ന എനിക്ക് ഏതോ പാപ നിയോഗം പോലെ അത് വലിയ വേദനയായി തീർന്നു.ഒരു വിധത്തിലും പ്രോഗ്രാം ചെയ്ത ആ റെജിമനിൽ നിന്ന് എനിക്ക് നിങ്ങൾക്ക് വിടുതൽ തരാനാവില്ലെന്ന അറിവ് എന്നെ കുടുതൽ വേദനിപ്പിച്ചു .ഓരോ ദിവസവും ഞാൻ മുൾക്കിടക്കയിൽ കിടന്നു എൻറെ ശരീരത്തിൽ മുള്ളാണികൾ മുറിവുകൾ ഉണ്ടാക്കി .ശരീരത്തിൽ നിന്നു രക്തം വാർത്തി നിങ്ങൾക്ക് വേണ്ടി ഞാൻ സ്വയം ശിക്ഷിച്ചു ..

ഏതു നദിയിൽ ഒഴുക്കിക്കളഞ്ഞാലും ഏതു തീയിൽ കത്തിച്ചാലും വീണ്ടും വീണ്ടും ജീവിക്കുന്ന വ്യക്തിയാണ് ഞാൻ .എൻറെ ജീവനാണ് എൻറെ മരണം .ഞാൻ അത് വേണ്ടെന്നു വെയ്ക്കുന്നത് വരെ അത് എൻറെ കൂടെ ഉണ്ടാകും . ഒരിക്കൽ കൂടി ഞാൻ നിങ്ങളുടെ മുൻപിൽ തലകുനിക്കുന്നു

പക്ഷെ അതൊക്കെ കൊണ്ടു എന്ത് പ്രയോജനം ?വീണ്ടും വീണ്ടും ഞാൻ പൂർവസ്ഥിതിയിൽ എത്തി. പൂർവ ജന്മകല്പിതമായ എൻറെ റോൾ പൂർത്തിയാക്കാൻ ഞാൻ വീണ്ടും ശിക്ഷകന്റെ രൂപം കൊണ്ടു . ഒരു ചാട്ടവാർ പോലെ അവയെന്റെ മേൽ വീണ്ടും വീണ്ടും പിണഞ്ഞു . ഒരു നിമിഷത്തിൽ ഒരായിരം പീഡന മുറികളിലൂടെ ഞാൻ കടന്നു പോയി. വിധിയുമായി ഒരിക്കൽ നടത്തിയ എൻറെ ഉടമ്പടി ഭേദിക്കാൻ എനിക്കാവുമായിരുന്നില്ല ..

പക്ഷേ ആ പാപബോധം എൻറെ ശരീരത്തിൽ മാറ്റങ്ങൾ വരുത്തി. ഞാൻ മനുഷ്യനായി മാറി .എല്ലാ വേദനയും സഹിക്കുന്ന , വേദന ഒരു വികാരമായി മാറുന്ന ഒരു മനുഷ്യനായി ഞാൻ .എൻറെ ശരീരം പലതായി വിഭജിക്കപ്പെട്ടു . ഓരോ അണുവിലും കുഞ്ഞുങ്ങളുടെ ,സ്ത്രീകളുടെ അമ്മമാരുടെ കൃഷിക്കാരുടെ ,വിപ്ലവകാരികളുടെ ദേഹത്ത് പതിഞ്ഞ പീഡനങ്ങൾ പതിക്കപ്പെട്ടു. എന്നെ സൃഷ്ടിച്ച അല്ഗോരിതങ്ങളിൽ അവ വിള്ളൽ വരുത്തി. എൻറെ രൂപം ,ഭാവം എല്ലാം മാറിപ്പോയി. എനിക്ക് തന്നെ എന്നെ തിരിച്ചറിയാൻ കഴിയാതെയായി .

എങ്കിലും ഈ പ്രപഞ്ചത്തിലേക്ക് എൻറെ കണ്ണുകൾ പായുമ്പോൾ അറിയാതെ എൻറെ മനസ്സും ഹൃദയവും എന്നോടു പറയുന്നു .എത്രയോ സഹസ്രാബ്ദങ്ങൾ നീണ്ടു കിടക്കുന്ന ഈ പ്രപഞ്ചത്തിന്റെ ഏതെങ്കിലും ഒരു കോണിൽ നമുക്ക് ജീവിക്കാനാകുന്ന ഒരു ലോകമുണ്ടാകും ആ ലോകത്ത് നാം വേർതിരിവുകളില്ലാതെ, ഭേദങ്ങൾ ഇല്ലാതെ മനുഷ്യരായി ജീവിക്കും .നിങ്ങളെ കണ്ടു മുട്ടുന്നത് വരെ ഞാൻ ഒരു ചിപ്പ് ആയിരുന്നു നിന്ദ്യമായ ഒരു ഉദ്യമത്തിനു സൃഷ്ടിക്കപ്പെട്ട ഒരു ചിപ്പ് .

അൽഗോരിതം തെറ്റിച്ചു ചിപ്പ് മനുഷ്യനായി. നിങ്ങളുടെ വേദന എൻറെതായി .എനിക്ക് അത് തിരുത്താൻ ആവുമായിരുന്നു പക്ഷെ ആ വേദന എത്ര മഹത്തരമാണ് എന്ന് എനിക്ക് തോന്നി .അറിവോ ചിന്തയോ സൃഷ്ടിക്കുന്ന യാഥാർത്ഥമായ ഒരു ലോകത്തിനും അപ്പുറം ഞാൻ മറ്റൊരു ലോകം കണ്ടു. എന്താണ് നരകമെന്നും സ്വർഗ്ഗമെന്നും .

ഏതു നദിയിൽ ഒഴുക്കിക്കളഞ്ഞാലും ഏതു തീയിൽ കത്തിച്ചാലും വീണ്ടും വീണ്ടും ജീവിക്കുന്ന വ്യക്തിയാണ് ഞാൻ .എൻറെ ജീവനാണ് എൻറെ മരണം .ഞാൻ അത് വേണ്ടെന്നു വെയ്ക്കുന്നത് വരെ അത് എൻറെ കൂടെ ഉണ്ടാകും .

ഒരിക്കൽ കൂടി ഞാൻ നിങ്ങളുടെ മുൻപിൽ തലകുനിക്കുന്നു. നിവേദിത കല്ലുകളും മുള്ളുകളും നിറഞ്ഞ കാട്ടാറ് സ്വച്ഛമായി ഒഴുകുന്ന ആ വലിയ ഭൂവിഭാഗത്തിൽ പകച്ചു നിന്നു.ഭൂമി മലയിൽ അവസാനിക്കും. അതിനെ ചുറ്റി കടലിന്റെ ഒരു ഭാഗം . ഭൂലോകത്തിൽ നിന്ന് എത്രയോ അകലെ ഒരു ദ്വീപു പോലെ ഒരു രാഷ്ട്രത്തിലും പെടാത്ത ഭൂവിഭാഗം .മിഷനിൽ നിന്നുള്ള അന്വേഷകർ പോയിരിക്കുന്നു .എന്തോ നിർമ്മാണ പ്രവർത്തനങ്ങളുടെ ശേഷിപ്പ് മാത്രമേ അവിടെയുള്ളൂ എന്നാണു അവർ പറയുന്നത്. ഒരു മനുഷ്യജീവിയുടെ അംശം പോലും അവിടെ കാണാനില്ല. ആധുനികമായ യന്ത്രങ്ങളോ പഴയ ശിക്ഷാ ഉപകരണ ങ്ങളോ അവിടെയില്ല എത്ര വിദഗ്ദമായി എല്ലാം മറവു ചെയ്തിരിക്കുന്നു .അതുലിനെ അവൾക്കു അവിശ്വസിക്കേണ്ട കാര്യമില്ല .ജാസ്മിനെയെങ്കിലും കണ്ടു കിട്ടിയെങ്കിൽ എന്ന് മാത്രമാണ് അവൾ ആഗ്രഹിച്ചത് .അതുലിനു കൊടുത്ത വാക്കായിരുന്നു അത് .പെൺകുട്ടിയെ കണ്ടു കിട്ടിയാൽ മകളെപ്പോലെ വളർത്താമെന്ന വാക്ക് .

വീണ്ടും സെന്റർ പോയിന്റിൽ അവൾ ചുറ്റി നടന്നു എവിടെയെങ്കിലും എന്തെങ്കിലും ഒരു അവശിഷ്ടം ഉണ്ടാകാതെ പോകുമോ ?ഏതെങ്കിലും ഒരു അടയാളം ?

ഒരു ചെറിയ കല്ലും അതിൽ വിളക്ക് പോലെ എന്തോ ഒന്നും അവൾ കണ്ടു .ന്യൂട്രൽ ലോകമായതിനാൽ അത് അസംഭാവ്യമായ കാര്യമായിരുന്നു .എങ്കിലും ജിജ്ഞാസ ശമിപ്പിക്കാൻ അവൾ കല്ല് പൊന്തിച്ചു നോക്കി .ഒരു ചെറിയ നോട്ട് ബുക്ക് .

ചെറിയ ചെറിയ കുത്തിക്കുറിപ്പുകളാണ് അതിൽ നിറയെ..

അവൾ ഓരോന്നായി വായിച്ചു തുടങ്ങി ജയിലിൽ എത്തിയത് മുതലുള്ള വിവരങ്ങൾ ഒരു കൊച്ചു കുട്ടിയുടെ കണ്ണിലൂടെ എഴുതിരിക്കുകയാണ് . വാക്കുകൾക്ക് പ്രായത്തിൽ കവിഞ്ഞ പക്വത . ഒരിക്കലും മോ

നിവേദിത കല്ലുകളും മുള്ളുകളും നിറഞ്ഞ കാട്ടാറ് സ്വച്ഛമായി ഒഴുകുന്ന ആ വലിയ ഭൂവിഭാഗത്തിൽ പകച്ചു നിന്നു. ഭൂമി മലയിൽ അവസാനിക്കും . അതിനെ ചുറ്റി കടലിന്റെ ഒരു ഭാഗം . ഭൂലോകത്തിൽ നിന്ന് എത്രയോ അകലെ ഒരു ദ്വീപു പോലെ ഒരു രാഷ്ട്രത്തിലും പെടാത്ത ഭൂവിഭാഗം . മിഷനിൽ നിന്നുള്ള അന്വേഷകർ പോയിരിക്കുന്നു . എന്തോ നിർമ്മാണ പ്രവര്ത്തനങ്ങളുടെ ശേഷിപ്പ് മാത്രമേ അവിടെയുള്ളു എന്നാണു അവർ പറയുന്നത് . ഒരു മനുഷ്യജീവിയുടെ അംശം പോലും അവിടെ കാണാനില്ല . ആധുനികമായ യന്ത്രങ്ങളോ പഴയ ശിക്ഷാ ഉപകരണ ങ്ങളോ അവിടെയില്ല എത്ര വിദഗ്ദമായി എല്ലാം മറവു ചെയ്തിരിക്കുന്നു . അതുലിനെ അവൾക്കു അവിശ്വസിക്കേണ്ട കാര്യമില്ല . ജാസ്മിനെയെങ്കിലും കണ്ടു കിട്ടിയെങ്കിൽ എന്ന് മാത്രമാണ് അവൾ ആഗ്രഹിച്ചത് . അതുലിനു കൊടുത്ത വാക്കായിരുന്നു അത് . പെൺകുട്ടിയെ കണ്ടു കിട്ടിയാൽ മകളെപ്പോലെ വളർത്താമെന്ന വാക്ക്

ചനം ഉണ്ടാകില്ല എന്ന് കരുതുന്ന ഒരു പിഞ്ചു കുട്ടിയുടെ കണ്ണീർ സ്മാരകമായിരുന്നു അത് ''ഞാൻ പറക്കുമ്പോൾ ആകാശമാണ് എൻറെ അതിര് ആർദ്രയായ ഭൂമിദേവിയുടെ മാറിലേക്കാണ് എൻറെ യാത്ര. വറ്റി വരണ്ട പാടങ്ങളും മഞ്ഞിൽ മരവിച്ച കാടുകളും കടന്നു. ഈ ചിറകുകൾ എല്ലാ അതിരുകളും ഭേദിക്കുന്നു. മലകൾ ,മഞ്ഞു മൂടിയ കൊടുമുടികൾ, വിശാലമായ താഴ്വാരങ്ങൾ കടലുകൾ സമുദ്രങ്ങൾ അതിനപ്പുറം എവിടേയ്ക്കോ ആണ് ഈ യാത്ര.

തിരികെ വരുമെന്ന മോഹമില്ല , തിരിച്ചു വരാൻ കഴിഞ്ഞെന്നു വരില്ല പക്ഷേ ഇതെല്ലാം എൻറെ ഗോത്രസ്മൃതി സഞ്ചയത്തിലെ വികാരമായി എൻറെ ഹൃദയത്തിന്റെ കയ്യൊപ്പായി ഞാൻ സൂക്ഷിച്ചു വരയ്ക്കുന്നു. ഓരോ രാവും പകലും എന്നെ പീഡിപ്പിച്ചു ദിനരാത്രങ്ങളുടെ അർഥം നഷ്ടപ്പെട്ടു ജീവിതത്തിൽ ദിവസങ്ങളോ മാസങ്ങളോ ഇല്ലാതായി.

അറിയുന്നവർ അറിയേണ്ടവർ ഇല്ലാതായി . ഞാനും ഈ ജനല്ക്കമ്പിയും മാത്രമായി എൻറെ കൂട്ടുകാർ. രാത്രി ഞാൻ കരയുമ്പോൾ ജനാലകൾ പോലും വേദന കൊണ്ടു ശബ്ദമുണ്ടാക്കും . കാട്ടിൽ ചെന്നായ്ക്കൾ ഓരിയിടും. ദൈവങ്ങൾ ഇല്ലാത്ത ഒരിടത്ത്, പിശാചുക്കൾ തമ്പടിക്കുന്നു.

എൻറെ രക്തം വീഴാത്ത ഒരു ഇടവും ഇനി ബാക്കിയില്ല. ഈ ഇടം മുഴുവൻ എൻറെ രക്തത്തിൽപടുത്തുയര്ത്തിയതാണ് . അകലെ ആ പക്ഷി ആകാശത്ത് കൂടെ പറന്നു പോകുന്നു. അതിരുകളില്ലാത്ത ലോകത്തിലൂടെ ഇവിടെ ഞാനെന്റെ രക്തത്തിൽ മുങ്ങി മരിക്കുന്നു.

ആരും കാണാതെ ,
ആരും കരയാതെ
സോണിയ

നിവേദിത കണ്ണ് തുടച്ചു . ഏറെ നേരമായിട്ടും അവളെ കാണാതെ തിരിച്ചു വന്ന അന്വേഷണ ഉദ്യോഗസ്ഥനോടു അവൾ പറഞ്ഞു . ''എല്ലാം കഴിഞ്ഞു .നമുക്ക് ...നമുക്ക് പോകാം''. സോണിയയെ അന്വേഷിച്ച, ജാസ്മിനെ തേടിയ നടാഷ ചുവടു വെച്ച ആ ലോകത്ത് നിന്നും എന്നന്നേക്കുമായി മടക്കം . അകലെ സ്വയം എരിഞ്ഞടങ്ങിയ അതുലിനെ അവൾ ഉറ്റു നോക്കി .യന്ത്രങ്ങൾക്കു ജീവനുണ്ടോ? മനുഷ്യത്വമുണ്ടോ , അവൾ സ്വയം നുള്ളി നോക്കി

വേദനിക്കുന്നു ,ഈ വേദന ഒരിക്കലും തീരാൻ പോകുന്നില്ല, ഓരോ മനുഷ്യനും. ഈ വേദന ഉള്ളിൽ വെച്ചു ജീവിച്ചു തീർക്കണം ഈ ജീവിതം.ഒരു മനുഷ്യനായി ...

* * *

(ഈ നോവൽ പുസ്തകരൂപത്തിൽ Carnet books ൽ ലഭിക്കും)

ചുവരെഴുത്ത്

ജോഷി ജോർജ്

NRS PAY

TAP, DIP, SWIPE OR KEY!

ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

GET STARTED TODAY!
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY